
Latin never lies, so does the soil.
Both were unmastered, so man couldn't spoil.
Jus soli is a phrase untold.
Here we lay it bare ...




# EDITORIAL BOARD




**Staff Editor** : Dr. Jose Joseph
**Student Editor** : Vivek M. C.
**Sub Editor** : Sibin K.
**Magazine Committee** : Hubaib Hussan C. A.
Nidhin Raj
Shinu Thomas
Mehanaz C.
Hiba T.
Sugina P.
Reshma S. Nair
Fathima V. H.
Oormila T. P.
Athira Venugopal
Anirudh K. C.
Athira G. R.
Anasooya Sebastian
Ashish V. V.
Harigovind P.
Shilpa R.
Reshma Ravi P.
Haris M. S.
Sreethu M. J.
Akshay Kumar

**Cover Design** : Rajesh Chalode
**Lay out & Printing** : Lumiere Printing Works, Thrissur
**Periodicity of Publication** : Annual
**Printer & Publisher** : Dr. Jose Joseph, Professor and Head
Dept. of Agrl. Extension
College of Horticulture
Vellanikkara,Thrissur

Published under the authority of the Magazine Committee 2016-17

**Declaration**

I Vivek M. C., hereby declare that the particulars given above are true to the best of my knowledge and belief.

Sd/-
Vivek M. C.

***Special Thanks to***: Dr. D. Girija, Dr. Asha Shanker, Dr. A.T. Francis, Dr. Swapna Benny, Alan C. Antony, Jincy, Rifa Ashin P., Megha L. M., Harya Krishna, Aishwarya K., Nishida C. T., Asif Ali P., Asif Ali V. K., Sameer Muhammed, Anil Sebastian, Dilja K. M., Pooja A., Muhammed Murthala C. N., Aravind K. S., Awha Nainu, Abinsha Asharaf, Vishnudas T.N., Jishnu K., Riya Antony

പൊരിവെയിലിൽ പൊന്ന് വിളയിച്ച ഉശിരിന്...

തൂവിയർപ്പാൽ അമൃതേകിയ ഉയിരിന്...

809457
IR|KAU|COH|CM-2017
KERALA AGRICULTURAL UNIVERSITY

# Message

കേരള സർക്കാർ



**അഡ്വ. വി.എസ്. സുനിൽകുമാർ**
കൃഷിവകുപ്പ് മന്ത്രി

കേരള കാർഷിക സർവകലാശാല ഹോർട്ടികൾച്ചർ കോളേജ് വിദ്യാർത്ഥി യൂണിയന്റെ നേതൃത്വത്തിൽ 2016 - 17 വർഷത്തെ കോളേജ് മാഗസിൻ വളരെ മനോഹരമായ രീതിയിൽ തയ്യാറാക്കുന്ന വിവരം അറിഞ്ഞതിൽ അതിയായ സന്തോഷമുണ്ട്.

ഇന്ത്യയിലെ തന്നെ ഏറ്റവും മഹത്തായ കാർഷിക സർവ്വകലാശാലയാണ് നമ്മുടേത്. ഇവിടെ നടക്കുന്ന ഗവേഷണങ്ങളുടെ ഗുണഫലങ്ങൾ നാട്ടിലെ കർഷകരിലേക്ക് എത്തേണ്ടതുണ്ട്. കേരള കാർഷിക സർവ്വകലാശാലയിലെ വിവിധ കോളേജുകൾ സ്തുത്യർഹമായ രീതിയിലാണ് പ്രവർത്തിച്ചുവരുന്നത്. ഇനിയും കൂടുതൽ ഉയരങ്ങളിലേക്കെത്താൻ നമുക്ക് കഴിയേണ്ടതുണ്ട്. ഹോർട്ടികൾച്ചർ കോളേജ് വിദ്യാർത്ഥി യൂണിയന്റെ പ്രവർത്തനങ്ങളെ അഭിനന്ദിക്കുന്നതിനോടൊപ്പം മാഗസിനും ഇതിന്റെ അണിയറ ശിൽപികൾക്കും എല്ലാവിധ ഭാവുകങ്ങളും നേരുന്നു.

സ്നേഹപൂർവ്വം

**അഡ്വ. വി.എസ്. സുനിൽകുമാർ**

# Message



**Dr. R. Chandra Babu**
Vice-Chancellor

I am glad to know that the Students' Union of College of Horticulture is publishing its annual College magazine *'Jus soli'*. The annual magazine is a testimony of the by-gone year and an arena for students to articulate their thoughts, ethos and imageries. At a time when dissent and dissonance face the axe, literature should rediscover itself to come up with renewed fervor and focus.

The endeavor taken by the students to showcase their artistic and literary talents amidst their professional studies is indeed praiseworthy. I appreciate the entire team behind this aesthetically pleasing literary and artistic venture.

With best wishes,

**Dr. R. Chandra Babu**

# Message



**Dr. C. George Thomas**
Associate Dean

A college magazine is born with the collective efforts of students, teachers, and other staff members. Apart from showcasing the literary and artistic talents of youngsters, undoubtedly, it acts as a proud memento of campus life showcasing their hopes and accomplishments.

I have noted the earnest zeal and enthusiasm of the Students' Union (2016-17) in channelizing the youth into various student centric activities in the college. In College of Horticulture, the Students' Union play a proactive role in curricular, co-curricular, and extra-curricular activities.The students of our college have brought many laurels by winning in both academic and non-academic fields, and I congratulate all of them.

I am happy that the College magazine is now ready overcoming many hurdles. I appreciate the efforts put in by the editorial team comprising of the staff editor, Dr. Jose Joseph, student editor, Mr. M. C. Vivek and the members of the magazine committee.

I congratulate the team work behind this literary endeavor and wish all the budding professionals a bright future.

**Dr. C. George Thomas**

# *Message*



**ഡോ. ഡി. ഗിരിജ**
അസോസ്സിയേറ്റ് പാട്രൺ

ഏറെ പുതുമകളോടെ 2016-17ലെ ഹോർട്ടികൾച്ചർ കോളേജ് മാഗസിൻ ഇറങ്ങുകയാണ്. ആകാശത്തിന് കീഴിലുള്ള എല്ലാ വിഷയങ്ങളെക്കുറിച്ചും ചർച്ചകൾ നടക്കുന്നിടമാണ് കലാലയങ്ങൾ. യുവഹൃദയങ്ങളുടെ ആശയങ്ങൾക്കും അനുഭവങ്ങൾക്കും നിറം നൽകികൊണ്ട് അവയെ അനശ്വരമാക്കുകയാണ് ഓരോ കോളേജ് മാഗസിനും. ജീവിതത്തിലെ ഓട്ടപ്പാച്ചിലുകൾക്കിടയിലും എഴുത്തിന്റെ മാധുര്യം ഇന്നും സൂക്ഷിക്കുന്ന ഒരു സമൂഹത്തിന്റെ സൃഷ്ടികളാണ് വരും താളുകളിൽ.

ഇതിനു പിന്നിൽ പ്രവർത്തിച്ച സ്റ്റുഡന്റ് എഡിറ്റർ വിവേക് എം.സി., സ്റ്റാഫ് എഡിറ്റർ, ഡോ. ജോസ് ജോസഫ്, മറ്റു എഡിറ്റോറിയൽ ബോർഡ് അംഗങ്ങൾക്കും അഭിനന്ദനത്തിന്റെ പൂച്ചെണ്ടുകൾ...

**ഡോ. ഡി. ഗിരിജ**

# Message



**Dr. Jose Joseph**
Staff Editor

"Life is simply a collection of memories, but memories are like star light. They live on forever." When we walk down the memory lane, the fun, timeless stories, loads of memories, numerous emotions, hang out places and everlasting friendships associated with the campus life will make us smile any time. Campus life is the best period of one's life.

The College Magazine '*Jus soli*' is a perfect amalgamation and beautiful chronicle of the framed scenes of bewitching memories, ethos, inspired imaginations, aspirations and frustrations of the young minds of College of Horticulture. An attempt has been made in the magazine to unearth the talents concealed within the student community and uncover their unique voices. It is a true mirror of the creativity and innovations of the budding agri professionals of the College.

A great deal of effort has been gone into the designing, editing and making of this excellent visual fest. I do appreciate and applaud the hard work and dedication of student editor Shri. M.C. Vivek and members of his editorial team in bringing out this edition of the College Magazine of College of Horticulture.

**Dr. Jose Joseph**

അവകാശങ്ങൾ പൊരുതി നേടിയാണത്രെ
മനുഷ്യൻ ഈ ലോകം കെട്ടിപ്പടുത്തത്...
കാലം നിസ്സംഗതയോടെ നോക്കിനിന്ന
നാളുകളിൽ സ്വന്തം ജീവനും ജീവിതവും
മറന്ന് പോരാടിയ അനേകം മുഖങ്ങൾ...
അവരേറ്റുവാങ്ങിയ മുറിപ്പാടുകൾ...
ശേഷിക്കുന്ന മുറുപ്പാടുകളുമായി ഇന്നും
പോരാടുന്ന ചിലർ...
തനിക്കു ചുറ്റും സ്വാർത്ഥതയുടെ
മതിലുകൾ പണിയുന്ന തിരക്കിൽ
മറ്റൊരു കൂട്ടരും...
ഇതിനിടയിൽ കാണാതെ പോകുന്ന ചില
മുഖങ്ങളും നേർക്കാഴ്ചകളും
തേടിയിറങ്ങിയതാണ് ഞാൻ...

ഓരോ സംഭവവികാസങ്ങളും ചില്ലുകൂട്ടിലെ
പൊടിപിടിച്ച അക്ഷരശകലങ്ങളായി
മാറുന്ന ഈ ലോകത്ത്,
ചിതലരിക്കാതെ കാലത്തെ
അതിജീവിക്കുവാൻ ഈ മാഗസിനു
കഴിയുമെന്നുള്ള
വ്യാമോഹമൊന്നുമെനിക്കില്ല.
എങ്കിലുമൊരു പ്രത്യാശ,
ഇതിലെ ഏതെങ്കിലും ഒരു ആശയം
നിങ്ങളുടെ മനസ്സിൽ പിന്നീടെപ്പോഴെങ്കിലും
മുളപൊട്ടുമെന്ന്...

എഡിറ്റർ






PELICAN EQUIPMENTS
(ISO 9001 : 2015 CERTIFIED & CE CERTIFIED NSIC (GOI) REGISTERED ORGANIZATION)
CE
Equipments for Agricultural Research
(For Soil & Fertilizer Application)
Automatic Nitrogen Analyser
WATER COOLING SYSTEM
KEL PLUS
Auto Lift Series
Adding Value Through Innovation
SCRUBBER
KELPLUS - KES 20L VA (DLS - TS)
Dual Distillation System
Introducing New Triple Distillation System
Rapid Analysis by Doubling Capacity
Rapid Analysis by Tripling Capacity
OTHER PRODUCTS
SOCS PLUS
» SOCS PLUS Expression of Creative Genius
FIBRA PLUS
» FIBRA PLUS World Class Standards with Power for Lasting Performance
SOCS PLUS - SCS 06AS DLS TS
Automatic Solvent Extraction System (Fat & Oil Estimation)
Automatic Fibre Estimation System
PELICAN EQUIPMENTS
Why PELICAN ?
› Zeal For Quality & Perfection
› Technical & Application Expertise
› Dedicated Team of Engineers and Analytical Chemists
› Quest for Continuous In-House Training & Skill Development
› Excellence In After Sales Service
› On Going R & D to Keep Pace with Technology
› Untiring Support to Valued Customers
# 2nd Floor, No. 38, II Floor, Burkit Road, T-Nagar, Chennai - 600 017

ഓർമിപ്പിക്കുന്നു...
കാൽക്കീഴിൽ ഞെരിച്ച
ഇടങ്ങളിലൊക്കെ
പ്രതിഷേധത്തിന്റെ കനലെരിഞ്ഞ്
തുടങ്ങിയിട്ടുണ്ടെന്ന്...



മക്കളെത്തന്നിൽനിന്നു
പെറ്റകറ്റുവോളമ്മ

# അമ്മത്തൊട്ടിൽ



അമ്മയ്ക്കു നാളില്ലാ നേരം പിറന്നവൻ
ഉണ്ണി ചോദിച്ചു "ഞാനാരാണ്?"
അശ്രുകണങ്ങളാലർഘ്യമർപ്പിച്ചുകൊ-
ണ്ടുണ്ണി ചോദിച്ചു "ഞാനാരാണ്?"

പത്തുമാസം ചുമന്നമ്മയെന്തേ-
യെന്നോടൊട്ടു ചോദിച്ചോ ചുമട്ടുകൂലി?
സുഖമുള്ള നോവെന്ന പേറ്റുനോവും സഹി-
ച്ചെന്തിനേ,യന്നെനിയ്ക്കുയിരുതന്നു?

ഒരു കുഞ്ഞുമാംസ പിണ്ഡത്തിനെ
കൈതൊട്ടു, കാൽതട്ടി, കവിളിണ തലോടിയും
വളരുന്നതോരോ നിമിഷവും നോക്കി നി-
ന്നമ്മ ചോദിച്ചുവോ നോക്കുകൂലി?

അമ്മിഞ്ഞപ്പാലിനു വിലയിട്ടില്ല-
യെന്റെയമ്മയ്ക്കു ഞാനെന്നുമുണ്ണിയല്ലോ
പൊക്കിൾക്കൊടി,യന്ന,റുത്തുമാറ്റുമ്പൊഴും
പൊക്കിൾക്കൊടി ബന്ധമറ്റതില്ല.

ഒരു തഴപ്പായയിൽ, മല, മൂത്ര, ചർദ്ദിലിൽ
ഇഴയുന്നയെന്നെ നീയുടനെടുത്തു
പിന്നെ, യടിമുടി കുളിപ്പിച്ചഴുക്കുമാറ്റി-
യെന്റെയുടലാകെ ചന്ദനത്തൈലമിട്ടു.
വളരെന്റെയുണ്ണീടെ കാലെന്നു കൈയെന്ന്
മടിയിൽ കിടത്തിയിട്ടീണമിട്ടു.
നെറ്റിയിൽ ചന്ദനക്കുറിവരച്ചു
യെന്റെ കവിളത്തു കരിമഷിപ്പൊട്ടുതൊട്ടു.
കഥകളിൽ ഗുണപാഠമേമ്പൊടിയി-
ട്ടതിലല്പമെൻ ചുണ്ടിലിറ്റുവീഴ്ത്തി.
അകവും പുറവും മിനുങ്ങത്തുടച്ചൊരു
സ്ഫടികമായുടയാതെ കാത്തുവച്ചു.



ഡോ. പി. സുരേഷ് കുമാർ
പ്രൊഫ. & ഹെഡ്, ആർ.ടി.എൽ.

മണ്ണുതിന്നപ്പഴേ തല്ലുതന്നു
വായിൽ മുപ്പാരു കാണാതെ ഞാൻ കരഞ്ഞു
പൂക്കുല തല്ലിയും തല്ലുകൊണ്ടു
എന്റെ വാശിക്കുറുമ്പിനും നുള്ളുകിട്ടി
കരയുന്നതാണിതിനു ബദലെന്നു ചിന്തിച്ചു
കരയുകയാണു ഞാ "നമ്മേ" യെന്ന്!
അമ്മതൻ കണ്ണിലോ സ്നേഹമന്ത്രം
എന്റെ-
-യമ്മ തൻ വാത്സല്യമധുരമന്ത്രം

അക്ഷര'മിക്ഷ'പിടിയ്ക്കുമാറാക്കിയും
നാളിരുപത്തേഴു ചൊല്ലിപ്പഠിപ്പിച്ചും
'പ്രഥമ'തൊട്ടാൽ 'വാവു' കെട്ടുന്ന പക്കവും
പന്ത്രണ്ടുമാസവുമെണ്ണിപ്പഠിക്കുവാ-
നൊന്നു തൊട്ടൊന്നാകെ-
യി'ക്കണക്കാ'ക്കിയും
ആദിമദ്ധ്യാന്തങ്ങളെല്ലാമുറപ്പിച്ചും
അറിവിന്റെയക്ഷരം അരമായി മാറുന്ന-
ന്നതിൻ മുമ്പു ചൊല്ലിയൊരറിവായ
വാക്കെന്റെ "അമ്മ"മാത്രം
എന്നിട്ടും
ഉണ്ണി ചോദിച്ചു "ഞാനാരാണ്?".

ഉയിർ തന്നു, നീർ തന്നു, മുരുളതന്നും
തൊട്ടിലിടയാതെയാട്ടി,യുറക്കിതന്നും
അമ്മിഞ്ഞതന്നു, മകക്കണ്ണു തന്നു-
മീയിരു കാലിൽ നിൽക്കും ശിരസ്സുതന്നും
തലയിൽ
ഇരുകൈയാലാശിസ്സു, മാശ തന്നും
തന്റെ
അശ്രുവിലലിഞ്ഞ നേർ നന്മതന്നും
എന്നെ
ഉടയാതെ, യുലയാതെ കൊണ്ടുവന്നും
പിന്നെ
തന്നോളമായപ്പോൾ മാറിനിന്നും
എന്നെ
ഉയരത്തിലേക്കുപറത്തിവിട്ടു
അപ്പോൾ
വാനോളമുയരത്തിലമ്മ നിന്നു.
എന്നിട്ടുമെന്തേ മുഖം മറച്ചു-
ഉണ്ണി
ഇന്നും ചോദിക്കുന്നു "ഞാനാരാണ്?".

നഗര നരകങ്ങളിൽ രാപ്പാർക്കവെ-
യുണ്ണി, സ്വന്തമമ്മയ്ക്കൊരു തൊട്ടിൽ കെട്ടി
പുത്തനകമുള്ള തടവിന്റെ തൊട്ടിൽ കെട്ടി.
എങ്ങാണ്ടുനിന്നു വന്നാരാണ്ടു തീർത്തതാം
തൊട്ടിലിൽ നിറമുള്ള കൂടുകൂട്ടിയെ-
ന്നിട്ടമ്മയെ തൊട്ടിലിൽ കൂട്ടിലാക്കി
സ്വന്തമമ്മയെ തൊട്ടിലിൽ കൂട്ടിലാക്കി.
കൂലിക്കു വച്ചവർ തൊട്ടിലാട്ടി
പാവം പേടിച്ചരണ്ടു ചുരുണ്ടുകൂടി.
സുഖവും സുഖത്തിന്റെയസുഖവും പേറി-
യൊരു സുഖമില്ലാ നിദ്രയിലുണ്ണിയാഴ്കെ
ഒരു കുളിർതെന്നലായമ്മ വന്നു
തന്റെ,
വിറയാർന്ന കൈകൾ തലയിൽ വച്ചു
അപ്പോളറിയുന്നു ഉണ്ണിയിതിത്രമാത്രം
തന്റെ-
യമ്മയ്ക്കു നൽകുവാൻ
രണ്ടിറ്റു കണ്ണീരുമൊരുവരിക്കവിതയും
നരവന്ന തലയും, ഇപ്പഴിത്രമാത്രം.
"നല്ല മക്കളെപ്പെറ്റ വയറേ തണുക്കുള്ളൂ"
"നല്ല, മക്കളെപ്പെറ്റ വയറേ തണുക്കുള്ളൂ".

# A new beginning



Roshna George
Aagneya '13

The silent woods lost its serene charm as I walked through the winding path. The crackling of twigs under my foot sounded like gunshots, echoing throughout the woods. It was an unusual feeling for me. This silence and purity was something I had never experienced before. How could life be so peaceful and quiet? The towering trees casting shadows on the ground and the streams of sunlight filtering through the canopy, all these were sights I had never seen before. The air itself was different. Each breath was like letting in a cool breeze inside my body, making me feel refreshed. I walked through the path softened by grassy matt wondering in awe at the beauty of the place. The stream with crystal clear water was sparkling as if it was made of thousands of diamonds. A single sip of the water made me realize the sanctity of water.

I continued my walk through the woods, enjoying the cool breeze brushing my face. I stopped on my tracks and closed my eyes, to enjoy the wonderful feeling of tranquility and peacefulness that surrounded me. Then I heard sounds coming from my path and as I moved forward, it became louder. I wondered what it was. My curiousness overcame my fears and I decided to see the source of this noise. As I moved towards the sound, I reached a small clearing. I hid behind the bushes and peeped through it. There was a lake and on its bank was a group of people chatting and moving things around. As I looked on, I saw some people putting up small tents and while doing so they even cleared some grasses and bushes out of their way. Some even started a bonfire. The whole ambience of the place was lost and I felt furious. Why do these people do such things? Why can't they leave the nature alone?

Seeing them brought back unpleasant memories. My whole life flashed through my mind. I saw how people ogled at me and commented on me. How I used to get dirty and stale food and unclean water to drink. My life before coming here was different. It was terrible and I will never want to go back to that life again. The mere thought of my earlier life made me shiver. As I continued to watch this group of people, I saw a small boy playing with a ball. His ball suddenly rolled over towards the bushes where I was hiding. I panicked and tried to move away from my hiding place. I was scared that the boy would see me. But the fear made me rooted to the spot where I was, making it difficult for me to move. Suddenly the boy came towards the bushes and took the ball. His black eyes met the orangish brown eyes of mine. His eyes widened with awe first and then it reflected fear. The scream of the child filled the woods. I ran away from him as fast as I could but I could still hear his voice saying " Lion!!!! There is a lion behind the bushes!!!! Dad....I saw it....Lion....A real big Lion.....!!!!!". As I was running way, with fear and desperation, all I could remember was the fearful eyes of the child.

I wondered why people were afraid of me. I was always kept in cages made of double thick bars in the zoo. People never came near me. They were always seeing me from far with scared faces and children were always afraid of me. My life began in the zoo as far as I could remember. But this new freedom was amazing. I wondered how people could do this to us. How would they feel if they were put in cages being gawked at?

My new found freedom was something I had never experienced. As I ran through the woods, my mind was filled with the scared face of the child, reminding me that I was something frightening. But as I looked back, the sun was setting and darkness was spreading fast casting eerie shadows all around. I felt light hearted and satisfied and let out a huge roar, that reverberated through the silent night. I walked deep into the woods, into my Kingdom, the place where I truly belong.

# ഞാൻ സ്വാതന്ത്ര്യം പ്രഖ്യാപിക്കുന്നു

എനിക്കു പലരേയും പ്രണയിക്കണം
മേഘങ്ങൾ ഇണചേരും പോലെ
മറയില്ലാതെ മറവില്ലാതെ
മദിച്ച് പൊട്ടിയൊഴുകി
ഏതെങ്കിലും പാറക്കെട്ടിൽ തലയെറിഞ്ഞ്
ആർക്കണം
എനിക്ക് നിങ്ങൾ തന്ന
ഈ കിരീടം വേണ്ട
ഇവിടെ ഈ ചവിട്ടടിയിൽ
ഞാൻ വലിച്ചെറിയുന്നു
ഞാൻ നിങ്ങളുടെ കോപ്പയിൽ
ഒതുങ്ങുന്ന വീഞ്ഞല്ല
ഞാൻ നിങ്ങളുടെ മുടിത്തുമ്പിൽ
തൊട്ടുരുമ്മുന്ന കാറ്റുമല്ല
ഒരിക്കൽ മാത്രം വീശുന്ന
കടപുഴകി
തകർത്തെറിഞ്ഞു പോകുന്ന
ഒടുക്കത്തെ കൊടുങ്കാറ്റാണ്
ഒതുക്കി നിർത്താൻ കെട്ടിയ
വേലികൾ
എന്റെ അരഞ്ഞാണത്തിലൂടക്കി
വഴി പിഴച്ചില്ലേ!
ഞാൻ മുതിർന്നിരിക്കുന്നു
സ്ത്രീയായിരിക്കുന്നു
ഇന്ന്
ഞാൻ സ്വാതന്ത്ര്യം പ്രഖ്യാപിക്കുന്നു.



Sopanam





# യെല്ലമ്മയുടെ പെൺമക്കൾ

അവളും മകളായിരുന്നു.... യെല്ലമ്മയുടെ മകൾ.... ഭ്രഷ്ടുകൽപ്പിക്കപ്പെടാത്ത അവളുടെ പണത്തെ മാത്രം വീട്ടിലേക്കു പറഞ്ഞയച്ചവൾ.... പകൽ വെളിച്ചത്തിൽ കാർക്കിച്ചു തുപ്പുകയും, ഇരുട്ടിന്റെ മറവിൽ ചൂടുപറ്റാനെത്തുകയും ചെയ്യുന്ന മാന്യന്മാരെ സൽക്കരിച്ചവൾ... തേവിടിശ്ശിയെന്നും, വേശ്യയെന്നും വിളിപ്പേരു ചാർത്തപ്പെട്ടവൾ... ഒടുവിൽ, യൗവ്വനം നഷ്ടപ്പെട്ട് വികൃതരൂപിയായി യെല്ലമ്മയെ പോലെ മക്കൾക്കുപോലും വേണ്ടാത്തവളായി തെരുവുവീഥികളിൽ നരകിച്ചവൾ.

'ചുവന്ന തെരുവ്' എന്നു കേൾക്കുമ്പോൾ തന്നെ ചിലരുടെയെങ്കിലും മനസ്സിൽ ഓടിയെത്തുക പല സിനിമകളിലും കണ്ടു പരിചയിച്ച വീതി കുറഞ്ഞ റോഡുകളും അതിന്റെ ഇരുവശത്തും ബാൽക്കണിയിൽ നിന്ന് ഇടപാടുകാരെ ക്ഷണിക്കുന്ന ഇറക്കം കുറഞ്ഞ വസ്ത്രങ്ങൾ ധരിച്ച പെൺകുട്ടികളും, വേശ്യാലയത്തിലെ ഇടുങ്ങിയ ഇടനാഴികളും, കുടുസുമുറികളുമൊക്കെയായിരിക്കും. എന്നാൽ ആ കുടുസുമുറിക്കുള്ളിൽ യന്ത്രത്തെപ്പോലെ പ്രവർത്തിക്കുന്ന പെണ്ണുടലിനുള്ളിലെ ഹൃദയത്തെപറ്റി ആരും ചിന്തിക്കാറില്ല. അതിനുള്ളിൽ എരിഞ്ഞുതീർന്ന ജീവിതങ്ങളെ ആരും അറിയാറുമില്ല. പത്താമത്തെ വയസ്സിൽ സോനാഗച്ചിയിലെ വേശ്യാലയത്തിലേക്കു വിൽക്കപ്പെട്ട്, പതിനഞ്ചാം വയസിൽ അഭയം പ്രാപിച്ച പോലീസുകാരാൽ തന്നെ ബലാത്സംഗം ചെയ്യപ്പെട്ട്, സമൂഹത്തേക്കാൾ സുരക്ഷിതം വേശ്യാലയമാണെന്ന് തിരിച്ചറിഞ്ഞ് മടങ്ങിപ്പോയ മുന്നിയും, മാതാപിതാക്കളാൽ ദേവദാസിയായി നേർച്ച ചെയ്യപ്പെട്ട് സമ്പാദിച്ച പണം മുഴുവൻ കുടുംബത്തിനു നൽകി ഒടുവിൽ എച്ച്.ഐ.വി. ബാധിതയായിത്തീരുകയും ചെയ്ത സൗന്ദത്തിയിലെ റാണിഭായിയുമെല്ലാം കുടുസുമുറിയിലെ എരിഞ്ഞുതീർന്ന ജീവിതങ്ങളിൽ ചിലതാണ്.

ഇന്ന് വേശ്യാവൃത്തിയെന്നും, ദണ്ഡയെന്നും മറ്റും അറിയപ്പെടുന്ന ലൈംഗിക തൊഴിലിന്റെ പ്രാചീന രൂപമായിരുന്നു ദേവദാസി സമ്പ്രദായം. ഭക്തിയുടെ ഭാഗമായി ക്ഷേത്രത്തിലേക്ക് നേർച്ച കഴിക്കപ്പെട്ട ഇവർക്ക് ലൈംഗിക തൊഴിൽ ധർമ്മമായിരുന്നു. ഇവരെ സമീപിക്കുന്ന പ്രമാണിമാരെപറ്റി ദോഷം പറയില്ലാത്രെ! സ്വാർത്ഥ താല്പര്യങ്ങൾക്ക് വേണ്ടി ഭക്തിയെ എത്രമാത്രം ചൂഷണം ചെയ്യാമെന്നതിന് ഏറ്റവും നല്ല ഉദാഹരണമാണ് ദേവദാസി സമ്പ്രദായം. പേരുദോഷം കേൾപ്പിക്കാതെ പരസ്ത്രീ ഗമനം സാധ്യമാക്കാൻ ഭക്തിയുടെ ലേബലിൽ ഒരു വിഭാഗത്തെ സൃഷ്ടിക്കുക.... അതൊരു പുണ്യപ്രവൃത്തിയായി ആഘോഷിക്കപ്പെടുക... അന്നാണെങ്കിലും ഇന്നാണെങ്കിലും ഭക്തി ഒരുപോലെ ചൂഷണം ചെയ്യപ്പെട്ട വികാരമായിരുന്നു.

അന്ന് ദേവദാസികൾക്ക് സമൂഹത്തിൽ പ്രത്യേക സ്ഥാനം നൽകുമായിരുന്നു. പെൺകുട്ടികൾ വയസറിയിച്ചാൽ അനുഗ്രഹിക്കേണ്ടത് ഇവരായിരുന്നു. വീട്ടിൽ പശുക്കുട്ടിയുണ്ടായാൽ ആദ്യം കറന്നെടുത്ത പാൽ ഇവർക്കവകാശപ്പെട്ടതാണ്. ദുർഗ്ഗാപൂജയ്ക്ക് ദേവദാസികൾക്ക് പട്ടും വളയും സമ്മാനിക്കപ്പെടും. ദേവദാസി സമ്പ്രദായം പ്രബ

Jus sali

ലമായിരുന്ന കർണ്ണാടക, ഒറീസ ഭാഗങ്ങളിൽ കുടുംബത്തിൽ നിന്നും ഒരു പെൺകുട്ടിയെ നേരുന്നത് സാധാരണമായിരുന്നു. മിക്കവരും കുടുംബത്തെ ദാരിദ്ര്യത്തിൽനിന്നും കരകയറ്റാനുള്ള വഴിയായിട്ടാണ് ഇതിനെ കണ്ടത്. ബ്രിട്ടീഷുകാരുടെ വരവോടെ ദേവദാസി സമ്പ്രദായം നിരോധിക്കപ്പെട്ടപ്പോൾ ഇവർ ഭക്തിയുടെ പിൻബലം നഷ്ടപ്പെട്ട് ലൈംഗിക തൊഴിലാളികൾ മാത്രമായി ചുരുങ്ങി. കർണാടകയിലെ സൗന്ദത്തിയിലും മറ്റും ഇന്നും പെൺകുട്ടികളെ നേരാറുണ്ട്, പഴയ പ്രൗഢിയില്ല എന്നു മാത്രം.

ശരീരം വിറ്റ് ജീവിക്കാൻ ഏതു പെണ്ണാണ് ആഗ്രഹിക്കുക. കേന്ദ്ര സ്ത്രീ - ശിശു സംരക്ഷണ മന്ത്രാലയത്തിന്റെ കണക്കനുസരിച്ച് ഇന്ത്യയിൽ മൂന്നുകോടിയിലധികം ലൈംഗിക തൊഴിലാളികളുണ്ട്. അതിൽ തന്നെ, 35-47% പേരും 18 വയസിനു മുൻപു തന്നെ ഈ ബിസിനസിൽ എത്തപ്പെട്ടവരാണ്. ഏഷ്യയിലെ തന്നെ വലിയ വേശ്യാതെരുവുകളായ സോനാഗച്ചിയും, കാമാത്തിപുരയും ഇന്ത്യയിലാണ്. ഇത്തരം ചുവന്ന തെരുവുകളിൽ മാനം വിറ്റ് ജീവിക്കുന്നത് ലൈംഗിക തൊഴിലാളികൾ മാത്രമല്ല, അവരെ ചുറ്റിപ്പറ്റിയുള്ള പൊതുവായി 'ബാബു' എന്നു വിളിക്കപ്പെടുന്ന പിമ്പുകളും, 'ഘർവാലി', 'മാ' തുടങ്ങിയ പേരുകളിൽ അറിയപ്പെടുന്ന പെൺകുട്ടികളെ ഉടമസ്ഥതയിലാക്കി വച്ചിരിക്കുന്ന പെൺപിമ്പുകളുമാണ്. വേശ്യാതെരുവുകളിൽ എത്തിപ്പെടുന്ന 80% സ്ത്രീകളെയും സ്വന്തം ഭർത്താവോ, അച്ഛനോ, സഹോദരനോ ഒക്കെ തന്നെയാണ് അവിടെ എത്തിക്കുന്നത്. അവരെ വില കൊടുത്തു വാങ്ങുന്ന ഘർവാലികൾ മുടക്കുമുതൽ പലിശ സഹിതം ആ പെൺകുട്ടികളെ കൊണ്ടുതന്നെ ഉണ്ടാക്കും. വേശ്യാലയത്തിന് പുറത്തുവരാനോ, പുറംലോകവുമായി സംവദിക്കാനോ ഇവർക്ക് അനുവാദമുണ്ടായിരിക്കില്ല. ലൈംഗിക തൊഴിലാളികളെ പുനരധിവസിപ്പിക്കാനുള്ള സർക്കാരിന്റെ പ്രവർത്തനങ്ങൾ 100% ഫലപ്രദമായി എല്ലാവരിലുമെത്താത്തതും ഇതേ കാരണം കൊണ്ടുതന്നെയാണ്.

ഈ തൊഴിൽ മേഖലയിലുള്ള മിക്കവരും എയ്ഡ്സ് പോലുള്ള മാരകരോഗങ്ങൾ വന്നാണ് മരിക്കുന്നത്. 2007 ൽ സോനാഗച്ചിയിലേയും മുംബൈയിലേയും എയ്ഡ്സ് ബാധിതരായ ലൈംഗിക തൊഴിലാളികളുടെ എണ്ണം വളരെ കൂടുതലായിരുന്നു. എന്നാൽ ലൈംഗിക രോഗങ്ങളെക്കുറിച്ചും കോണ്ടം ഉപയോഗിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചും ബോധവൽക്കരിച്ചുകൊണ്ട് ഗവൺമെന്റിന്റെയും സാൻഗ്രാം, സത്യാർത്തി തുടങ്ങിയ ഗവൺമെന്റ് ഇതര സംഘടനകളുടെയും പ്രവർത്തന ഫലമായി എയ്ഡ്സ് രോഗികളുടെ എണ്ണം വളരെയധികം കുറക്കാൻ സാധിച്ചു. ലൈംഗിക തൊഴിലാളികളുടെ മക്കൾക്ക് വിദ്യാഭ്യാസം നൽകുന്നതിനും, സെക്സ് മാഫിയകളുടെ കൈയിലകപ്പെടുന്ന പെൺകുട്ടികളുടെ പുനരധിവാസത്തിനും വേണ്ടി പ്രവർത്തിക്കുന്ന 'ക്രാന്തി' പോലുള്ള നിരവധി സംഘടനകൾ ഇന്നുണ്ട്. എന്നിട്ടുപോലും ചുവന്ന തെരുവിൽ ജീവിക്കുന്ന ഒരു കുടുംബത്തിൽ നിന്നുള്ള കുട്ടി എന്ന ലേബലുള്ളതുകൊണ്ട് സ്കൂളിലും വിദ്യാർത്ഥികൾക്കിടയിലും അവഗണനകളനുഭവിക്കേണ്ടി വരികയും, സമൂഹത്തിന്റെ മുൻധാരയിലേക്ക് എത്തിപ്പെടാൻ സാധിക്കാതെ പോവുകയും ചെയ്യുന്ന ഒരുപാട് കുട്ടികളുണ്ട്. തങ്ങളെപ്പോലെ തങ്ങളുടെ കുട്ടികൾ ആ തൊഴിൽ സ്വീകരിച്ചുകൂടാ എന്നാഗ്രഹിക്കുന്ന അമ്മമാർ അവരുടെ വിദ്യാഭ്യാസത്തിനുവേണ്ടി തന്നെയാണ് ആ തൊഴിലിൽ തുടരുന്നത്. സ്വപ്നം കാണാൻ സമൂഹം വിലക്കേർപ്പെടുത്തുമ്പോൾ അവരും ആ തൊഴിലിൽ പെട്ടുപോവുമെന്നല്ലാതെ എന്തു മാറ്റമാണുണ്ടാവുക?

ഒരു പെണ്ണും ഇഷ്ടപ്പെട്ട് ലൈംഗിക തൊഴിൽ സ്വീകരിക്കില്ല. അവരെ കുറ്റപ്പെടുത്തുകയും, കാർക്കിച്ചു തുപ്പുകയും ചെയ്യുന്ന നമ്മൾ ഒരു തവണയെങ്കിലും ആ കൈപിടിച്ചെഴുന്നേൽപ്പിക്കാൻ ശ്രമിച്ചാൽ അവർ ഒരു പക്ഷെ, ആ തൊഴിലിൽ തുടരില്ല. അരക്ഷിതാവസ്ഥയിൽ കഴിയുന്ന പെൺകുട്ടികൾ വളരെ എളുപ്പത്തിൽ വേശ്യാതെരുവുകളിൽ വിൽക്കപ്പെടുന്നുണ്ട്. അവരെ സംരക്ഷിക്കാൻ സാധിക്കാത്തിടത്തോളം കാലം അവരെ കുറ്റപ്പെടുത്താൻ ഒരാൾക്കും അവകാശമില്ല.

ഒരു തരത്തിലുള്ള സുരക്ഷിതത്വവും ലഭിക്കാത്ത അവർ ഇടപാടുകാരുടെ പല വിധത്തിലുള്ള ചൂഷണങ്ങൾക്ക് വിധേയരാണ്. ഒരുപക്ഷെ, യോനിയിൽ കുത്തിക്കയറ്റുന്ന കല്ലുകളുടെ മൂർച്ചയും, സിഗരറ്റുകുറ്റിയുടെ അറ്റത്തെ ചൂടും പരിചിതമായതിനാലാവാം അവർ അലറിക്കരയാത്തത്. അരക്ഷിതാവസ്ഥയിലുള്ള പെൺകുട്ടിയെ എത്രമാത്രം ചൂഷണം ചെയ്യുമെന്ന് ഓർമ്മപ്പെടുത്തിയ 'മഹാനദി' യിലെ (1) കാവേരിയും, 'സ്ലം ഡോഗ് മില്യനയറി'ലെ (2) ലതികയും, കണ്ണുകളെ ഈറനണിയിക്കുമായിരുന്നു. വേറെയുമുണ്ട് കഥാപാത്രങ്ങൾ ... ഒരിക്കലും മറക്കാൻ സാധിക്കാത്തവർ. ഒരു ആങ്ങളയുണ്ടായിരുന്നെങ്കിൽ എന്നാശിക്കുന്ന 'കോതമ്പു നിറമുള്ള' (3) പെൺകുട്ടി. എട്ടാം ക്ലാസിൽ പഠിക്കുമ്പോൾ ഗീതടീച്ചറായിരുന്നു അവളെ പരിചയപ്പെടുത്തിയത്. നാളെ ചുവന്ന തെരുവിലേക്കോ, മേലാളന്മാരുടെ കിടപ്പറകളിലേക്കോ വലിച്ചെറിയപ്പെടേണ്ട അവളുടെ കണ്ണുനീർ ഒരു കനലായി ഇന്നും മനസ്സിൽ നീറിക്കൊണ്ടേയിരിക്കുന്നു.

1. മഹാനദി - സംവിധാനം : സന്താന ഭാരതി
2. സ്ലം ഡോഗ് മില്യനയർ - സംവിധാനം : ഡാനി ബോയൽ
3. കോതമ്പുമണികൾ - ഒ.എൻ.വി. കുറുപ്പ്



റിഫ ആഷിൻ പി.

ടോറസ് '14

# നമ്മുടെ വീട്ടിലേക്ക് ഒരു കുഞ്ഞു പൂമ്പാറ്റയെ കൊണ്ടുവന്നാലോ?



ഈ വല്ലിയിൽ നിന്നും ചെമ്മേ പൂക്കൾ
പോവുന്നിതാ പറന്നമ്മേ
തെറ്റി നിനക്കുണ്ണി ചൊല്ലാം-
നൽപൂമ്പാറ്റകളല്ലയിതെല്ലാം.

-കുട്ടിയും തള്ളയും
പുഷ്പവാടി, മഹാകവി കുമാരനാശാൻ

ആർക്കാണ് പൂമ്പാറ്റകളെ ഇഷ്ടമല്ലാത്തത്. കുട്ടിക്കാലത്ത് കഴിച്ച ഓരോ ചോറുരുളയിലും വർണ്ണശബളമായ ആ ചിറകടികൾ ഇഴചേർന്ന് കിടക്കുന്നില്ലേ?

അമ്മേ, എങ്ങനെയാ പൂമ്പാറ്റ ഉണ്ടായെ? എന്താ പൂമ്പാറ്റ എന്റെ കൂടെ കളിക്കാത്തത്? എങ്ങോട്ടാണത് പറന്നു പോകുന്നത്? എന്തൊക്കെയായിരുന്നു! അപ്പോൾ അമ്മ കഥകളുടെ ആ കൂട് തുറന്നുവിടും. 'മോൾക്കറിയോ, ഈ പൂമ്പാറ്റ ആദ്യമൊരു പാവം പുഴുവായിരുന്നു. അപ്പോൾ പൂമ്പാറ്റ ദൈവത്തോട് പ്രാർത്ഥിച്ചു. പ്രാർത്ഥന കേട്ട് അലിവ് തോന്നിയ ദൈവം പൂമ്പാറ്റയെ അനുഗ്രഹിച്ചു. ലോകത്തിലെ ഏറ്റവും മനോഹരമായ സൃഷ്ടികളിലൊന്നായി നീ മാറട്ടെ. കാണുന്നവരിലെല്ലാം സന്തോഷം നിറക്കാൻ നിനക്ക് സാധിക്കട്ടെ. മോളെ, ലോകം മുഴുവൻ സന്തോഷം നിറക്കാനാ പൂമ്പാറ്റ പോകുന്നത്. മോളൊരു പൂമ്പാറ്റയെ പോലാവണം കേട്ടോ!.. അന്ന് പൂമ്പാറ്റയോട് തോന്നിയൊരു ബഹുമാനം!!

പൂമ്പാറ്റയെക്കുറിച്ച് പഠിക്കുന്നവരല്ലേ നമ്മൾ? പുഴു, പ്യൂപ്പ, പൂമ്പാറ്റ. ജീവന്റെ അതിസുന്ദരമായ പ്രതിഭാസത്തിന് എത്ര തവണ നമ്മൾ സാക്ഷികളായിട്ടുണ്ട്. കാത്തിരുന്ന്, തീറ്റ കൊടുത്ത് എത്രയെത്ര പൂമ്പാറ്റകളെ നമ്മൾ വിരിയിച്ചെടുത്തിട്ടുണ്ട്. 'Insect box' ലേക്കായി അവരെ വളർത്തുമ്പോഴും, ശാസ്ത്രീയമായ പഠനത്തിന്, വിരിഞ്ഞ ഉടനെ തന്നെ അവയെ കൊന്ന് 'spread' ചെയ്ത് സൂക്ഷ്മമായി 'pin' ചെയ്യണമെന്നറിഞ്ഞിട്ടും ഉള്ളിലെവിടെയോ ഒരു വിങ്ങലുണ്ടായിരുന്നു. ഇതിനെയിനിയിപ്പൊ കൊല്ലണ്ടെ? പലപ്പോഴും അതിനു കഴിയാതെ 'plastic cover' ൽ വിരിഞ്ഞ എത്ര പൂമ്പാറ്റകളെ നമ്മൾ ജീവിതത്തിലേക്കു പറത്തിവിട്ടിട്ടുണ്ട്. തോറ്റാലും വേണ്ടില്ല പൂമ്പാറ്റയെ കൊന്നിട്ട് കിട്ടുന്ന മാർക്ക് എനിക്ക് വേണ്ടെന്ന് ശപഥം എടുത്തവരും കൂട്ടത്തിലുണ്ടായിരുന്നു. എന്തൊക്കെയായാലും ഒരു കാര്യം ഉറപ്പാണ്. Insect box നും, Morphology ക്കും, Taxonomy ക്കും വേണ്ടിയല്ലാതെ ആരും ഒരു പൂമ്പാറ്റയെ കൊന്നിട്ടുണ്ടാവില്ല. കാരണം, അവർ ദൈവത്തിന്റെ ദൂതന്മാരാണ്. ലോകത്ത് സന്തോഷം പടർത്താൻ ദൈവമയച്ച ദൂതന്മാർ.

ലോകത്തിൽ ഏറ്റവും മനോഹരമായതെന്താണ്? 'സ്നേഹം'. സ്നേഹിക്കുന്നതും, സ്നേഹിക്കപ്പെടുന്നതും. ഇന്ന് നമുക്കു ചുറ്റുമുള്ള എല്ലാ പ്രശ്നങ്ങൾക്കുമുള്ള ഒരൊറ്റ പ്രതിവിധി സ്നേഹമാണ്. മണ്ണിനോടും ഭൂമിയോടും സഹജീവികളോടുമുള്ള സ്നേഹം തുടങ്ങുന്നിടത്ത് അവസാനിക്കുന്നു അസഹിഷ്ണുതയും, ജാതിയും, മതവും, വർഗീയതയുമെല്ലാം. ലോകം ഇന്ന് ഒരു ചോരക്കളമായി മാറുന്നുവെന്നും ജീവിതം ദുസ്സഹമാണെന്നും നിങ്ങൾ വിശ്വസിക്കുന്നെങ്കിൽ സ്നേഹത്തിന്റെ ആ ഉറവ നമ്മളെവിടെയോ വെച്ച് മൂടിക്കളഞ്ഞെന്നർത്ഥം. അത് നമുക്കൊന്ന് തുറക്കാം. നമുക്കായ്, നമ്മുടെ കുഞ്ഞുങ്ങൾക്കായ്, നമ്മുടെ തന്നെ ഭാവി തലമുറക്കായ്... 'Let's foster our future'. പക്ഷേ എങ്ങനെ?

കുടുംബമാണ് സമൂഹത്തിന്റെ അടിസ്ഥാന ഘടകം. ഈ കുടുംബം തരുന്ന സുരക്ഷിതത്വമാണ് ഒരു വ്യക്തിയെ രൂപപ്പെടുത്തിയെടുക്കുന്നത്. നമ്മൾ ആദ്യം സ്നേഹിച്ചതും, നമ്മളെ ആദ്യം സ്നേഹിച്ചതും ഈ കുടുംബമാണ്. അമ്മയും, അച്ഛനും, ചേട്ടനും, ചേച്ചിയും, അനിയന്മാരും, മുത്തച്ഛനും, മുത്തശ്ശിയും. അതേ, കുടുംബമൊരുക്കുന്ന സ്നേഹത്തണൽ അത്രയങ്ങ് വലുതാണ്. അത് നമ്മുടെ ഓരോ ചലനങ്ങളെയും ചിന്തകളെയും ജീവിതത്തിലുടനീളം സ്വാധീനിക്കുന്നു. ഈ സ്നേഹവും സുരക്ഷിതത്വവും അനുഭവിച്ച് നാം വളർന്നപ്പോൾ നമുക്കിടയിൽ മറ്റു ചിലരുമുണ്ടായിരുന്നു. എവിടെയോ വെച്ച് ആരൊക്കെയോ മറന്നുപോയ, കണ്ടി




ല്ലെന്ന് നടിച്ച ചില മുഖങ്ങൾ. ദൈവത്തോട് പ്രാർത്ഥിച്ച് ഒതുങ്ങിക്കൂടുന്ന കുഞ്ഞുപൂമ്പാറ്റകൾ. ഈ ലോകം അവരുടേതുകൂടിയാണ്. അവരും നാളെയുടെ വാഗ്ദാനങ്ങളാണ്. നമുക്ക് അവരെയും കൂടെ കൂട്ടിക്കൂടേ, ഈ സുന്ദരലോകത്തേക്ക് പറന്നുയരാൻ?

Fostercare - വിദേശരാജ്യങ്ങളിൽ പ്രസിദ്ധിയാകർഷിച്ചിട്ടുള്ള ഈ ചെറു ആശയം നമ്മുടെ നാട്ടിലും പ്രചാരത്തിലാകുന്നു എന്നത് ഒരു വലിയ പ്രത്യാശക്ക് തുടക്കമിടുന്നു. Children home കളിൽ ഒറ്റപ്പെട്ട് പോകുന്ന ബാല്യങ്ങൾക്ക് മനോഹരമായൊരു വേനലവധി ഒരുക്കിക്കൊടുക്കുക. ഈ രണ്ട് മാസക്കാലം നമുക്കവരെ നമ്മുടെ കുടുംബങ്ങളോട് ചേർത്ത് വെക്കാം. മലപ്പുറം, കോഴിക്കോട്, കൊല്ലം തുടങ്ങിയ ജില്ലകളിൽ വലിയ രീതിയിലുള്ള സ്വീകാര്യതയാണ് ഈയൊരു ഉദ്യമത്തിന് ലഭിച്ചിരിക്കുന്നത്. ഓരോ വർഷവും രജിസ്റ്റർ ചെയ്യുന്നവരുടെ എണ്ണം കൂടുന്നു എന്നതും ആശാവഹമാണ്. രജിസ്റ്റർ ചെയ്യുന്നവരിൽനിന്നും വിശദമായ അന്വേഷണത്തിന് ശേഷം സാമൂഹ്യനീതിവകുപ്പ് തിരഞ്ഞെടുക്കുന്ന കുടുംബങ്ങളിലേക്കാണ് കുഞ്ഞുങ്ങളെ വിടുന്നത്. വേനലവധി അവസാനിക്കുന്നതിന് മുമ്പായി കുഞ്ഞുങ്ങളെ തിരിച്ചേൽപിക്കുകയും വേണം. ഈ കുടുംബങ്ങളെല്ലാം തന്നെ നമുക്കിടയിലെ സഹാനുഭൂതിയുടെയും സ്നേഹത്തിന്റെയും പ്രതീകങ്ങളാണ്. ഇവരെപ്പോലുള്ളവരാണ് ഈ ഭൂമിയെ മനോഹരമാക്കുന്നത്, ജീവിതം അർത്ഥവത്താക്കുന്നത്.

അനാഥാലയങ്ങളുടെ അച്ചടക്കത്തിൽനിന്ന്, ആപ്പൂപ്പക്കൂടുകളിൽനിന്ന് ഒരു കുടുംബത്തിന്റെ സ്വകാര്യതയിലേക്ക്, സ്നേഹത്തിന്റെ മലർവാടിയിലേക്ക് അവരെ കൊണ്ടുവരുമ്പോൾ, ഒരു അമ്മയുടെ വാത്സല്യവും, അച്ഛന്റെ കരുതലും, സഹോദരങ്ങളുടെ കുസൃതിയും അവരുമായി പങ്കുവെക്കുമ്പോൾ മനുഷ്യന്റെ മറ്റൊരു തലത്തിലേക്ക് നമ്മളുയരുന്നു. ദത്തെടുക്കൽപോലെ ഭൂതകാലമെല്ലാം വിച്ഛേദിച്ചൊരു സ്വന്തമാക്കലല്ല ഇത്. ജീവിതത്തിന്റെ ഓരോ അപചയങ്ങളും സത്യങ്ങളും അറിഞ്ഞും, അംഗീകരിച്ചുമുള്ളൊരു പങ്കുചേരലാണ്. മറ്റാരുടെയൊക്കെയോ പാപത്തിന്റെ പഴിയും പേറി ഒറ്റപ്പെട്ടുപോയ ചില കുഞ്ഞുകൈകളെ ജീവിതത്തിലേക്ക് പിടിച്ച് കയറ്റാം. നല്ല പൂമ്പാറ്റകളായ് വിഹായസ്സിലേക്ക് അവർ പറന്നുയരട്ടെ.

കുടുംബം സമൂഹത്തിന്റെ അടിസ്ഥാന ഘടകമാവുമ്പോൾ, കുടുംബം നമ്മെ സ്നേഹിക്കാൻ പഠിപ്പിക്കുമ്പോൾ, നമ്മെ വാർത്തെടുക്കുമ്പോൾ അവരും, ആ കുഞ്ഞുപൂമ്പാറ്റകളും അറിയട്ടെ, അനുഭവിക്കട്ടെ, കുടുംബമെന്ന മലർവാടിയെ. നമ്മുടെ നാളെകളെ നയിക്കേണ്ടത് അവരാണ്. അസഹിഷ്ണുതയ്ക്കും വർഗീയതക്കും മുകളിൽ അവരെ സ്നേഹമെന്ന ശക്തി ഭരിക്കണം. ഓരോ ജീവന്റെ തുടുപ്പിലും അവർ തങ്ങളെത്തന്നെ കാണട്ടെ. നാളെ അവരും പടുത്തുയർത്തണം, ശക്തമായ കുടുംബ ബന്ധങ്ങൾ. അവരും അവരുടെ തലമുറകളുമാണ് നന്മയുള്ള നല്ല ലോകത്തിന്റെ ഭാവി ഭാഗധേയം. ഒരു വേനലവധി അവസാനിക്കുന്നിടത്ത് ലോകത്ത് സന്തോഷം വിതക്കാൻ, ദൈവത്തിന്റെ ദൂതന്മാരെ, നമ്മുടെ പൂമ്പാറ്റകളെ നമുക്ക് പറത്താം. ഒപ്പം നമുക്കും പഠിക്കാം. നന്മയുടെ ചില നല്ല പാഠങ്ങൾ.



പൗർണമി ശ്രീകുമാർ
ആഗ്നേയ '13

Concept inspired from Poombatta: Let's #bringhomeabutterfly a public awareness initiative by Chungath jwellery.

# ബംഗാളി ഭയ്യാ



അമൃത ഹരി
ടോറസ് 14'

28°N ബാക്ക്പാക്കേഴ്സ് ഡയറി .... ഞങ്ങൾ 2014 ബാച്ചിന്റെ ആൾ ഇൻഡ്യാ ടൂർ. ചെന്നൈയിൽ നിന്ന് NJP യിലേക്കുള്ള ഗുവാഹട്ടി എക്സ്പ്രസിലാണ് കഥയ്ക്കടിസ്ഥാനമായ സംഭവം അരങ്ങേറിയത്.

കേരളത്തിൽ പണിയെടുക്കുന്ന അന്യസംസ്ഥാന തൊഴിലാളികൾ, അത് ആസാമിയായാലും, മണിപ്പൂരിയായാലും, ബീഹാറിയായാലും, ബംഗാളി എന്ന ചെല്ലപ്പേരിലാണല്ലോ നമ്മൾ വിളിക്കാറ്. ഈ ബംഗാളികളുടെ തള്ളികയറ്റം കാരണമാണ് ഞങ്ങൾക്ക് തൃശ്ശൂർ നിന്ന് NJP യിലേക്ക് നേരിട്ടുള്ള ടിക്കറ്റ് ലഭിക്കാതിരുന്നത്. പിന്നീട് ഞങ്ങൾക്കുള്ള ഏക ആശ്രയമായിരുന്നു ഗുവാഹട്ടി എക്സ്പ്രസ്. ആ ട്രെയിൻ നിറയെ ബംഗാളികളായിരിക്കുമെന്ന് കുശാഗ്രബുദ്ധിക്കാരനായ ഞങ്ങളുടെ CRP അബിൻഷാ അഷറഫ് നേരത്തേ തന്നെ മുന്നറിയിപ്പ് നൽകിയിരുന്നു. ഈയൊരു അവലോകനമുൾകൊണ്ട് അവരെ നേരിടുവാൻ പഠിച്ച പണി പതിനെട്ടും കൊണ്ടാണ് ഞങ്ങൾ ഇറങ്ങിത്തിരിച്ചത്. ട്രെയിനിൽ കയറിയ പാടെ ബാഗുകളെല്ലാം ചങ്ങലകളുപയോഗിച്ച് പൂട്ടി വെച്ചു. അബിൻഷായുടെ കണക്കുകൂട്ടൽ തെല്ലും തെറ്റിയില്ല. "ട്രെയിൻ നിറഞ്ഞ് കവിഞ്ഞ് ബംഗാളികൾ". ഭാഗ്യമെന്നു പറയട്ടെ എട്ടു പേരിരിക്കുന്ന കൂപ്പയിൽ ഞാൻ, റിയാ മേരി, നിബിൻ, സരിൻ, പിന്നെ നിറയെ ബംഗാളികൾ.



**ബംഗാളി ഭയ്യമാരെക്കുറിച്ച് കാര്യമായി ആലോചിച്ച് ആലോചിച്ച് എപ്പോഴാണ് ഞാനെന്റെ ചിന്താമണ്ഡലത്തിൽ കിടന്ന് ഉറങ്ങിപ്പോയതെന്നറിയില്ല, ആരോ തട്ടി വിളിച്ചപ്പോഴാണ് ഞാൻ ഉണർന്നത്. നോക്കിയപ്പോഴോ ആ ബംഗാളി ...**

നിയമമനുസരിച്ച് ബാക്കി നാലു പേരേ അവിടെ വരാൻ പാടുള്ളൂ. പക്ഷേ, സ്നേഹനിധിയായ എന്റെ കൂപ്പയിലെ ബംഗാളി അവന്റെയും അവന്റെ കൂട്ടുകാരന്റെയുമൊക്കെ സീറ്റിൽ ആ വഴിയിലൂടെ പോയവന്മാരെയെല്ലാം പിടിച്ചിരുത്തി. എന്നിട്ട് ഒരാൾ കിടക്കുന്നിടത്ത് രണ്ടും മൂന്നും പേരൊക്കെ ഞെങ്ങിഞെരുങ്ങി കിടക്കുകയാണ്. ഞങ്ങൾക്കാണെങ്കിൽ അവന്മാരുടെ കളി കണ്ടിട്ട് നല്ല ദേഷ്യം വരുന്നുണ്ട്. ഹിന്ദിയിൽ വലിയ പ്രാവീണ്യം ഇല്ലാഞ്ഞിട്ടുപോലും ശംഭിയെന്ന നിബിൻ "ക്യാ ഹേ ഭായ്? ക്യാ ഹേ ഭായ്?" എന്നിടയ്ക്കിടയ്ക്ക് ചോദിക്കുന്നുണ്ടായിരുന്നു. ഇതൊന്നും പോരാഞ്ഞിട്ട് ഒരു വിരുതൻ ഉറങ്ങിക്കൊണ്ടിരുന്ന ശംഭിയുടെ കൂടെ കേറി കിടന്നു. ശംഭി സമ്മതിക്കുമോ ... അവനെ ഇറക്കി വിട്ടു. അവർക്ക് മലയാളം അറിയില്ല എന്നതിനാൽ ഞങ്ങൾ പച്ച മലയാളത്തിൽ നല്ല ചീത്ത പറയുന്നുമുണ്ട്. അവരും ഞങ്ങൾക്ക് അറിയാൻ വയ്യാത്ത ഭാഷയിൽ എന്തൊക്കെയോ പറയുന്നുണ്ട്. അത് ചീത്ത തന്നെയായിരിക്കുമെന്നാണെന്റെ നിഗമനം. അല്ലാണ്ടെന്തു പറയാനാണ്.

അപ്പോഴാണ് ഞങ്ങളുടെ കൂപ്പയിലേക്ക് TTR കടന്നുവരുന്നത്. ഇപ്പം അവന്മാർക്ക് പണി കിട്ടും എന്ന് ഞങ്ങളുറപ്പാക്കി. അനധികൃതമായി അവിടെ കയറിക്കൂടിയവന്മാരെ ഇറക്കി വിടുന്ന രംഗം കാണാൻ വേണ്ടി കണ്ണും കാതും കൂർപ്പിച്ചിരിക്കുകയായിരുന്നു ഞങ്ങൾ. പക്ഷെ, ഞങ്ങളെയും നീതിദേവതയേയുമൊക്കെ നോക്കുകുത്തികളാക്കിക്കൊണ്ട് ആ TTR അവരുടെ കൈമടക്കും വാങ്ങി സ്ഥലം വിട്ടു. അതോടുകൂടി അവന്മാരെ NJP വരെ സഹിക്കുകയല്ലാതെ വേറൊരു വഴിയുമില്ലെന്ന് ഞങ്ങൾക്ക് മനസ്സിലായി.

ഞാനും മേരിയും ഞങ്ങളുടെ ജീവനും സ്വത്തിനും കാവൽക്കാരായി മുകളിൽതന്നെ കഴിഞ്ഞുകൂടി. ഞങ്ങളുടെ ഒരു സാധനത്തിലും അവരെ തൊടീക്കില്ല എന്ന വാശിയായിരുന്നു ഞങ്ങൾക്ക്. അതിലൊരുത്തന്റെ നോട്ടം എന്റെ ബാഗിലേക്ക് തന്നെയല്ലേ എന്നെനിക്കൊരു ശങ്ക! എന്താണെങ്കിലും എന്റെ ഈ ശങ്കയും മറ്റു പലരുടെ ആശങ്കകളുമൊക്കെയായി ഗുവാഹട്ടി എക്സ്പ്രസ് കുതിച്ച് പാഞ്ഞു.

ബംഗാളി ഭയ്യമാരെക്കുറിച്ച് കാര്യമായി ആലോചിച്ച് ആലോചിച്ച് എപ്പോഴാണ് ഞാനെന്റെ ചിന്താമണ്ഡലത്തിൽ കിടന്ന് ഉറങ്ങിപ്പോയതെന്നറിയില്ല, ആരോ തട്ടി വിളിച്ചപ്പോഴാണ് ഞാൻ ഉണർന്നത്. നോക്കിയപ്പോഴോ ആ ബംഗാളി ... ഞാൻ പകച്ച് പണ്ടാരമടങ്ങിപ്പോയി. അപ്പോൾ അയാൾ ആ ബാഗ് എന്റെ കൈയ്യിൽ തന്നിട്ട് പറയുകയാണ് "ആപ്കീ ബാഗ് ... നീചെ ഗിരാ ഥാ ...". ഞാൻ ബോധം വീണ്ടെടുത്ത് ഉടനെ എന്റെ ബാഗിൽ നിന്ന് എന്തെങ്കിലും നഷ്ടപ്പെട്ടിട്ടുണ്ടോ എന്ന് പരിശോധിച്ചു. അപ്പോൾ അയാളെന്നെ പരമപുച്ഛത്തോടെ ഒരു നോട്ടം. ഇല്ല... ഒന്നും നഷ്ടമായിട്ടില്ല. എനിക്ക് എന്തെന്നില്ലാത്ത നാണക്കേട് തോന്നി.



അയാൾ ഒരു മോഷ്ടാവോ, കൊലയാളിയോ ഒന്നുമല്ല. അന്യനാട്ടിൽ കിടന്ന് എല്ലുമുറിയെ പണിയെടുത്ത് തന്റെ നാട്ടിലേക്ക്, തന്റെ കുടുംബത്തെ കാണാൻ ആശയോടെ തിരിച്ചു പോകുന്ന ഒരു പച്ച മനുഷ്യനാണ്. മുൻധാരണകൾ വച്ച് ഒരു മനുഷ്യനെയും വിലയിരുത്തരുതെന്ന് പണ്ടാരാണ്ടൊക്കെയോ പറഞ്ഞത് എത്ര ശരിയാണെന്നെനിക്ക് തോന്നി. നിഷ്കളങ്കനായ ആ ബംഗാളി ഭായിനെ തെറ്റിദ്ധരിച്ചതിൽ എനിക്ക് നല്ല പശ്ചാത്താപം തോന്നി. ഞങ്ങളെയും ആ ബംഗാളി ഭയ്യമാരെയും എന്റെ പശ്ചാത്താപഭാരവുമൊക്കെ പേറി ഗുവാഹട്ടി എക്സ്പ്രസ് സഞ്ചരിച്ചുകൊണ്ടിരിക്കുകയാണ് ...

Jus soli

# ചുവപ്പ്

ഷവറിൽ നിന്നും ശരവേഗത്തിൽ താഴോട്ടു വീണ വെള്ളത്തിലെ തണുപ്പ്, ശരീരത്തിലേക്ക് മാത്രമല്ല മനസ്സിന്റെ അകത്തളങ്ങളിലേക്കും ഒഴുകിയെത്തി.

വെള്ളത്തിന്റെ തണുപ്പ് ... തണുത്ത സുഖങ്ങൾ ...

ചുട്ടുപഴുത്ത കരിപിടിച്ച ഏതോ കറുത്ത പാത്രത്തിൽ ആരോ തളിച്ച തുള്ളികൾ. കരിപാത്രത്തിൽ നിന്നുയരുന്ന വികലമായ ഞടക്കംപറച്ചിലുകൾ. പുകഞ്ഞ ശീൽക്കാരങ്ങൾ വായുവിലേയ്ക്ക് ചുഴന്നിറങ്ങുന്നു.

ശ്ശ് ... ശ്ശ് ... പുകഞ്ഞു മൃതിയടങ്ങാറായിട്ടും ഒടുങ്ങാത്ത വേവുന്ന ഓർമ്മകളുടെ നീറ്റൽ. വേദനയുടെ ശീൽക്കാരങ്ങൾ.

ഉൾച്ചൂടു വലിച്ചെടുത്ത് പുറത്തേക്കിറങ്ങിപോകുന്ന ജലത്തെ അവൾ കാലുകൾകൊണ്ട് ചിറ കെട്ടി തടഞ്ഞുനിർത്തുവാൻ ഒരു പാഴ്ശ്രമം നടത്തി.

പൊള്ളുന്നുണ്ടോ? ഉള്ളിലെ ചൂട് കൂടിയതാണ്.

ഒഴിവു ദിവസമാണ്. ആവോളം സമയമുള്ള ദിവസം. ഒരുപാട് നേരം ഇങ്ങനെ നിൽക്കണം.

"ഒന്നു പോയി കുളിക്ക് പൊട്ടി ..." ടുട്ടുച്ചൻ പണ്ട് പറയാറുള്ളത് ഓർത്തുപോയി. ഓർമ്മകൾ വീണ്ടും മനസ്സിന്റെ ചൂടുകൂടുകയാണ്.

തന്നെ പ്രാണനായിരുന്നു അദ്ദേഹത്തിന്. തനിക്കും ജീവവായു ...

"You are the butter to my bread, and the breath to my life".

'ജൂലി ആന്റ് ജൂലിയാ'യിൽ ജൂലിയ പോളിനോട് പറയുന്ന ഈ ഡയലോഗ് താൻ ഇടയ്ക്ക് കളിയായി പറയുമായിരുന്നു.

കണ്ണിൽ പെട്ടെന്ന് ഉരുണ്ടുകൂടിയ നീരൊഴുക്ക് ചാലുകളായി കവിളുകളെ നനച്ചു. ഇളംചൂടുള്ള കണ്ണുനീര് ....

ഷവറിലെ വെള്ളത്തിന്റെ തണുപ്പിനപ്പുറത്ത് ചൂടു കണ്ണീരിന്റെ ചെറിയ ഉറവ.

ഇടയ്ക്കിടയ്ക്ക് ഇങ്ങനെയുള്ള നീരുറവകളിൽ മുങ്ങുന്നത് നല്ലതാണ്. കൈക്കുമ്പിളിൽ കോരിയെടുത്ത് ശിരസിലേയ്ക്കും. പിന്നെ [illegible]

"മറക്കുക നീ! മറക്കൂ എല്ലാം ...".

"കരഞ്ഞുകൊണ്ട് തന്നെ മുങ്ങിനിവരുക ...."

സ്വയം പറഞ്ഞുകൊണ്ടിരുന്നു.

കരയുക ! ഓർത്തോർത്ത് കരയുക.

ജലത്താൽ മുറിവുകൾ ഉയിർത്തെഴുന്നേൽക്കുകയാണോ?

അകത്തെയും പുറത്തെയും മുറിവുകൾ. കൂടുതലും മനസിനേറ്റവയാണ്. ശരീരത്തിലെ, ഉണങ്ങിയ മുറിവുകൾ പോലും വെള്ളത്തോട് ചേർന്ന് നീറ്റലിന്റെ പുതിയൊരു പ്രളയം തീർക്കുകയാണ്.

വേദനയുടെ പടലങ്ങൾ ... അവ തീർക്കുന്ന ശൃംഖലകൾ ... ചുണ്ടിലെ മരവിപ്പ് ... തൊണ്ടക്കുഴിയിലെ ഒരിക്കലും പുറത്ത് വരാത്ത അലറിക്കരച്ചിലുകൾ. വിരലുകൾ, അവ അറിയാത്ത ചുണ്ടിലൊന്നു തടഞ്ഞു. ഇല്ല, ജീവനില്ല. എന്നേ ചത്തുപോയവ. മരണത്തിന്റെ ചാരനീല നിറം പുതച്ചുകഴിഞ്ഞ തന്റെ ചുണ്ടുകൾ.

"പെണ്ണേ, നിന്റെ ചുണ്ടിലെ ചുവപ്പുതന്നെയാണ്
എന്റെ വിപ്ലവത്തിന്റെയും ചുവപ്പ്
മണ്ണിലും തൊട്ടാൽ ചിന്തുന്നത്
ചോര ... ഊറിക്കൂടുന്ന
ചെമ്പരത്തിചുവപ്പുള്ള
ചുടുചോര."



രൻ. ഇഞ്ചിഞ്ചായി കൊല്ലുകയാണ് അയാൾ. [illegible] വഴുതിപ്പോകാതിരിക്കാൻ മുദ്രവച്ച ചങ്ങല കഴു[illegible] മുറുക്കിയിട്ടിരിക്കുകയാണ് ... താലിച്ചരടിന്റെ മു[illegible]ക്കത്തിൽ എന്നോ [illegible] തന്റെ കഴുത്തിലെ ഞരമ്പുകളുടെ തുടിപ്പ്.

മതത്തിന്റെ കശാപ്പുശാലയിൽ കഴുത്തിലെ ചങ്ങലയിൽ മഞ്ഞൾക്കുറിതൊട്ട് ജാതിക്കോമരങ്ങളെ സാക്ഷിയാക്കി തന്റെ ശവദാഹം-അയാൾ നടത്തിയിട്ട് വർഷമേറെയായി.

ശവമായിപ്പോയി താൻ! സ്വപ്നം നശിച്ച്, സ്വപ്നങ്ങളിൽ വിഹരിച്ചവനെ പിരിഞ്ഞ്, വീട്ടുകാരുടെ ജാതി പൂജയ്ക്ക് ബലിയായി കൊടുത്തതാണ് തന്നെ....

കതകിൽ ആരോ തട്ടിയതുപോലെ. കതകിടനിടയിലൂടെ സിഗരറ്റിന്റെ നാറുന്ന പുകച്ചുരുളുകൾ പൊന്തിവരികയാണ്. ശരീരത്തിനുചുറ്റും ഒരു ചൂടുള്ള ഒരാവരണം തീർത്തുകൊണ്ട് അത് മേലോട്ടുയരുന്നു.

അപ്പോഴും പാടുകൾ ശരീരത്തിൽ ശേഷിക്കുന്നു. നീലിച്ച ശരീരം, മങ്ങിയ കണ്ണുകളിൽ, മൃതിയടഞ്ഞ സ്വപ്നങ്ങൾ. കാഴ്ച [illegible]ദുന്നു. സിഗരറ്റു കുറ്റികൾ നീറ്റലിന്റെ ആഴങ്ങളി[illegible]യ്ക്ക് ശരീരത്തിനെ ചുഴറ്റിയെറിഞ്ഞു. വാപൊ[illegible]പ്പിടിച്ചുള്ള കരച്ചിൽ.

എല്ലാറ്റിനുമൊടുവ[illegible] കട്ടിലിന്റെ അറ്റത്ത് മുഖം കൊണ്ട് മുറിഞ്ഞപ്പോ[illegible]തം ഉള്ളുണർന്നു. താനുണർന്നു! അറിയുക[illegible]ന്നു. നരച്ച തറയിൽ തളംകെട്ടിതുടങ്ങിയ ച[illegible]. ചത്ത കണ്ണുകൾക്കുമേലെ [illegible] ഒലിച്ചിറങ്ങി[illegible]പ്പോൾ തന്റെ സ്വപ്നങ്ങളുണർന്നു. തറയിലെ ചു[illegible] തന്നിലെ ചുവപ്പ് - തണുത്തു തുടങ്ങിയിരിക്കുന്നു. [illegible]ച്ചോട്ടിൽ തണുപ്പ് വിരിച്ചപോലെ.

കഴുത്തിലെ ഞരമ്പുകളിൽ തണുക്കാൻ തുടങ്ങിയ ചുവപ്പ് അവസാനമായൊന്നു പിടച്ചു. തണുപ്പിന്റെ സുഖം തണുത്തുറയുന്ന ചുവപ്പിന്റെ സുഖം.



ആര്യ കൃഷ്ണൻ
M.Sc. Dept. of Agrl. Extension

ചെമ്പമരത്തിന്റെ ഇലത്തണലിലെ സംഭാഷണങ്ങൾ. വിപ്ലവവും പ്രണയവും ലയിച്ച എത്രയോ വൈകുന്നേരങ്ങൾ. അതൊക്കെ കണ്ടും കേട്ടും മാനം ചുവന്ന് തുടുത്ത എത്രയോ സന്ധ്യകൾ.

മാഞ്ഞുപോയവ ... മരിച്ചവ!

പൂർവ്വകാലത്തിന്റെ അവശിഷ്ടങ്ങളൊന്നും ശരീരത്തിൽ ശേഷിക്കുന്നില്ല. ചുവന്ന ചുണ്ടുകളോ തുടുത്ത കവിളുകളോ ഒന്നും [illegible]യില്ല. അവശിഷ്ടങ്ങളായി ചെറിയ ചില [illegible]കൾ ഉള്ളിന്റെ ഉള്ളിൽ ഏതോ ഇരുട്ടുമ[illegible]ൽ ഇപ്പോഴും ചാരംമൂടാതെ കിടക്കുന്നു.

ഓർമ്മകളുടെ തണുപ്പുള്ള ഇരുട്ട്.

അതെ! ഇരുട്ടിന്റെ സുഖങ്ങൾ. തണുത്ത സുഖങ്ങൾ. തണുത്ത മനസ്സ്.

അയ്യോ പുകയുന്നു! വേദന പ്രസവിച്ച [illegible] ശരീരം. ശീൽക്കാരങ്ങൾ! നീറിപ്പുകയുന്ന മുറിവുകൾ.

എരിഞ്ഞടങ്ങുന്ന സിഗരറ്റുകുറ്റികൾ ... അവയുടെ ദുഷിച്ച മണം തീർത്ത തന്റെ ശരീരത്തിലെ മുറിവുകൾ. നീറ്റലുകൾ. സിഗരറ്റ് കുറ്റികൾ സദാനേരവും ചുണ്ടിൽ തിരുകിയ അയാളുടെ മുഖം! തന്റെ ഭർത്താവിന്റെ!

ചെന്നായയുടെ മുഖമുള്ള മനുഷ്യൻ. ക[illegible]

മുറിയിൽ അയാളുടെ കാൽപ്പെരുമാറ്റം. കനത്ത ഷൂസുകൾ തറയിലെ ചവിട്ടിയിൽ ഉറച്ചു[illegible]ിപ്പിക്കുന്ന ധാർഷ്ട്യം. കശാപ്പുകാരന്റെ അലർച്ച! അത് പേടിപ്പെടുത്തുന്നു. ഇരയെക്കാത്ത് കത്തി [illegible]കി മിനുക്കി മൂർച്ചകൂട്ടി കാത്തിരിക്കുന്നവന്റെ വ[illegible]ായ അലർച്ച.

വെള്ളത്തിന്റെ തണുപ്പുമാറി ചൂ[illegible]കുന്നു. ഉച്ച പരന്നിരിക്കുന്നു. ധൃതിയിൽ കുളി[illegible]. കതക് തുറന്നപ്പോൾ മുറിയിൽ നിന്നും [illegible]ടിച്ചുകയറിയ ചുടുകാറ്റ് തന്നെ അങ്ങനെ[illegible] [illegible]ക്കുമെന്ന് ഭയന്നു.

കശാപ്പുകാരന്റെ വര[illegible]മുറുക്കൽ.

ശേഷിച്ച തണുപ്പും [illegible] വിട്ടൊഴിയുകയാണ്. മൂക്കിനുള്ളിലേയ്ക്ക് പി[illegible]ഴുകിയ ജീവവായുവിലും അയാളുടെ നിശ[illegible]ത്തിന്റെ അഴുക്കുപൊടികൾ.

താൻ സ്വയമൊരു അഴുക്കുചാലിൽ മൂടപ്പെടുകയാണ്. ജീർണ്ണിക്കുന്ന ശരീരം. തണുപ്പ് കൊതിക്കുന്ന തന്റെ മനസ്സ്.

ചെമ്പകച്ചോട്ടിലെ ഇലകളുടെ തണുപ്പ് ഇന്നും അവിടെയുണ്ടായിരുന്നെങ്കിൽ! അഴുകിയ ശരീരത്തിലെ അഴുക്ക് പുരണ്ട താലിച്ചരട് കഴുത്ത് മുറുക്കിയപ്പോൾ താനത് പൊട്ടിച്ചുമാറ്റാൻ നോക്കി.

# നിറം

എനിക്കണിയാനൊരു നിറം
വേണം
ജാതിയോ മതമോ ഇല്ലാത്ത
നിറം
പച്ച പറ്റില്ല, മഞ്ഞയിലും
ജാതിയുണ്ട്
ചുവപ്പിൽ രക്തക്കറയുടെ
കളങ്കമുണ്ട്
കാവി ഇഷ്ടമായിരുന്നു
പക്ഷെ, കൊമ്പും കുളമ്പുമുണ്ട്.
നിറങ്ങളങ്ങനെ പലരും
കൊണ്ടുപോയി
അതുകൊണ്ടിപ്പോൾ
ഞാനടക്കം ഇച്ചിരിപ്പേർ
നിറം കെട്ടിങ്ങനെ......



ഹിബ ടി.
ടോറസ് '14





# കൊക്കൊ

(തിയോബ്രോമ കക്കാവോ)
"ദൈവത്തിന്റെ ഭക്ഷണം"

## തെങ്ങ്, കമുക്
## തോട്ടങ്ങൾക്ക് ഒരു ഉത്തമ ഇടവിള

**കൊക്കൊ നടൂ**
**മണ്ണിലെ ജൈവാംശം വർദ്ധിപ്പിക്കൂ**
**കൂടുതൽ ആദായം നേടൂ**

ഭാരത സർക്കാർ

**കശുമാവ്, കൊക്കൊ വികസന ഡയറക്ടറേറ്റ്**
കൃഷി, കർഷക ക്ഷേമ മന്ത്രാലയം
കൃഷി, സഹകരണ കർഷക ക്ഷേമ വകുപ്പ്
കേരഭവൻ, കൊച്ചി - 11

# *The Wedding Present*



Mitra had always hated arranged marriage. She was that type of person who loved romantic films and when 'La la land' couldn't win an Oscar, she was the first one to rant her fury on Facebook. Sometimes she cried herself to sleep thinking about the plot where the lover met with death or when they couldn't marry due to fierce family opposition. But now, things had taken a turn and her father had fixed her marriage. Not that she was in a serious relationship. But she loathed the idea of starting a life with a stranger. "A STRANGER", she grimaced at the thought.

It was just one week before the marriage. As it happens in any Indian middle class family, the celebrations had already begun. Mitra's house was already abuzz with phone calls, visits, relatives and friends. Often, she found herself forcing a smile to each and everyone passing by.

"Mitra, aren't you going to town today?" her father reminded her.

"I nearly forgot Dad", Mitra replied with a smug face, slightly embarrassed at her forgetfulness.

She kissed her dad goodbye, and phoned her best friend and cousin Athira to be in town by 5.00pm.

As she drove her car scuttling through the traffic, she thought about her "future husband". One Mr.Ardrav. A police officer. The very last day, he came with his family to visit them. For ten minutes they spoke alone. Of course, he was a good looking well clad gentleman, but Mitra felt that he was too old fashioned for her taste. He came in an executive outfit as if it was an interrogation room and spoke only when required. He had a serious tone and an air of a man who meant business. What could one expect more from a person whose clients were gangsters and scoundrels?

"Oh God!! how could I live with this man Ardrav", Mitra thought to herself.

A woman passing in front of her car jolted Mitra out of her thought. She pulled



Hubaib Hassan C.A.
Taurus '14

her brake suddenly and the tyres made a screeching noise. She huddled low into the driving seat to avoid despising gazes. The choking traffic was all messed up. And finally as she managed her car in a parking lot, she was already late.

"Where the hell have you were been?" her cousin Athira came rushing , "I have been waiting for you here for the past half an hour. "

"You are afraid to be alone?", Mitra teased her and gave a small punch on her shoulder cueing her that she didn't mean it.

As it always happened in any wedding shopping , time was passing swiftly and both Mitra and Athira couldn't settle on anything to buy. Whenever she selected something, she would remember her mother or father and change her mind. After a rigorous hour of shopping and still not impressed by the selection, she decided to try another shop.

"You stay here and get me one when I return" Mitra said to Athira. Athira nodded lazily, obviously not liking her cousin's bossy attitude.

"Don't be too late Didi, its already late" Athira shouted at the top of her voice. Mitra was already on the doorstep. She clenched her two fists and punched playfully into the air as if to prove to her cousin that she was afraid of no one.

It was already dark in the downtown and there were only few shops in the alley. The rest were closed. Mitra moved forward towards the end of alley, there seemed to be well lit shop there. An old woman was cutting vegetables nearby and she stared at her. Mitra reached at the alley end only to realise that it was just a lightened bill board.

Then suddenly, out of nowhere, two men strangled her to the ground. Mitra cried for help but her shouts fell on deaf ears. The alley was deserted. The maniacs smelled of dirt and drugs. With all her strength she tried to fight them. As she wriggled in the ground to escape their grip, she touched something pointed. A mirror shard. Instinctively she slashed it on the face of her molester. It struck his eye and he backed away in agony. The second one went crazy on seeing this and he tore her dress apart. He was too powerful for Mitra and she realised she was being violated. Suddenly as if God heard her prayers, the old woman who was cutting vegetables nearby, struck the molestor down, a sharp knife in her hand. The hop-heads had fled and thanks to the old woman, Mitra was saved. Mitra was too tired and exhausted to the point that the old woman had to carry her into her home. She then gave her clothes to change and as soon as she was in bed, her mind slipped to oblivion.

When she woke up, she was in hospital. Except for some nurses, she was alone in the ward. And with no sort of any hint, she broke out crying. One of the nurses, feeling sympathy, tried to comfort her. But it was no use. She was



not out of the trauma and pills had done nothing to ease it.

It was then Ardrav, with whom her marriage was fixed, came to see her. The thought of her marriage made her numb. Because she knew that Ardrav would leave her for his own good. There was no question of marrying a girl who had disgraced the family. To cancel a wedding after making all the arrangements was suicidal both financially and emotionally. Her family wouldn't stand it. She would be made a laughing stock in the neighbourhood and who knows, who would want her as a spouse after this?A girl's life is like a fortress. Make one mis-step, it's a house of cards. Her eyes were rot with tears and for the first time in life she was ready to do anything to marry Ardrav. The man whom she called a 'stranger'!!

Her family was nowhere to be seen. She realised it why. Ardrav had come to the hospital to bid good bye to her. So it's all done. This would be their last rendezvous. When Ardrav sat beside the bed, she sobbed again. She was distraught with grief. But quite unexpectedly, as if in a dream, Ardrav took Mitra's hand in his and gave it a kiss. She almost jerked with surprise.

"Ardrav", Mitra mumbled through her teeth, a mixture of surprise and confusion shaking her voice.

"I have brought you something", Ardrav opened a small box and inside it was a small wedding ring. Tears rolled down her cheek but now it was different. It was the tears of joy. The man she thought as an uninteresting and boring person has transformed into her saviour. There was an instant desire in her to give this man a tight hug, but thought otherwise. They were still in hospital!!

One week later, their marriage took place in the most grandiloquent manner. A pompous feast was served and the guests were all pleased. And when they started to live together, Mitra realised how much she loved him. She didn't think highly of him when the first time she met him, but now he proved to be a good heart. Mitra forgot her trauma through the care and support of her beloved husband. She realised love was the most efficient therapy of all. And years later, when their four year old daughter asked her what was love?, she replied with a smile,

"That was the day when your father made me cry.."


Akshay Kumar

# Cow & Communalism

Once upon a time, there was an animal which was revered by a whole country for the benefits it provided and its significance in the epics. All of a sudden, a group of 'protectors' sprang up to protect it and through their activities, the 'revered' animal turned into a country wide 'menace'. This transformation was quick owing to certain laws put forth to protect it. And yes, the character here is the cow and the venue is India.

In India, livestock has been one of the important source of income for over 20 million people. In 2012-13, the livestock sector contributed 4.11% of the total national GDP and 25.6% of the total agricultural GDP. An increasing demand for milk and meat products due to increasing population and urbanisation made it profitable and popular, especially among the rural population. When the cattle turned unproductive, usually slaughtering was done and the meat was used for various purposes including export. The livestock business was flourishing well, when all of a sudden a ban on slaughtering came countrywide and the perils started. The 'Holy cow' policy of the government has led to large number of unproductive cattle being abandoned by their owners, creating economic, social and ecological crisis in many states, especially in Northern India. The cow vigilante groups took law into their hands and framed their own laws which banned even the transportation of cattle. Many people were killed in the northern states for reasons such as transporting cattle and consuming its meat. Neither the police nor the public raised any voice against these cold blooded murders. At present, an unproductive cow has become a threat to life as far as the owner is concerned whereas for a farmer it is detrimental for his crops and income. Large herds of stray cows are destroying huge areas of crops in Northern states such as U.P leading to an agrarian crisis. The government run 'Gaushalas' have become full and cannot accommodate any more cattle. Cattle also causes roadblocks and accidents. Ecologically speaking, continuous grazing by cattle can turn a grassland into a barren land over time. Cattle invasion of wild ecosystem



is another area of concern resulting in biodiversity losses. This affects many other species of plants and animals. Health hazard arise by the spread of many zoonotic diseases such as foot and mouth disease. The list of threats caused by a 'cow' is endless...

The world's largest democracy was not born in a single day. 'The divide and rule' policy of Britisher's led to complete chaos in India. The story of India's independence is an illustrious journey of unparalleled struggle against tyranny and injustice. From the ashes of its colonial ruins, a new India was born thanks to the relentless efforts of our leaders and visionaries. Our growth was in the right direction as was evident from the figures of GDP. Also, our foreign reserves and exports surged over the years after the liberalisation regime. But recently, the figures have shown a steep decline especially in the agrarian sector. The GDP growth drop from 7.1 to 6.5 makes this evident. The recovery remains a big question mark. One can undoubtedly point their fingers on the government policies that led to such a crisis all over the country.

In a survey made by the NSSO, it showed that the patterns of cattle ownership in India are region specific and has got nothing to do with religion. But in our country, majority of the people engaged in meat business happens to be Muslims. This is where communalism showed its nasty colour by making it a religious issue. Communalism is the gravest threat that our country is facing. We know that India is the land of diversity and so far Hindus and Muslims have co-existed for many millennia. But in a country, if the government decides what people should and should not eat based on religious lines, how secular can such a country be?

Before communalism can take us all down, the country should step out of its menace. Religious minorities, when they feel insecure and deprived, they get played into the hands of terrorist groups. This will ultimately destroy India. The need of the hour is the age old slogan "Unity in Diversity", the very fabric India is built upon. Each citizen should be aware of his own rights. Let us fight communalism with secularism. Let us fight demagoguery with democracy. Let us fight post truth with absolute truth. Let us; me, you and everyone join hands for a secular, prosperous and communal free India. Jai Hind!



Nidhin Raj
Taurus '14



बचपन में बार बार पुछा गया
बडे होकर क्या करना है?
अब मिला जवाब
फिर से बच्चा बनना

दोस्तों से बिछडकर ये एहसास
कमीने थे बेशक, पर रौनक उ
भरी जेब से दुनिया की पहचा
और खाली जेब से अपनों क

हँसने का दिल न हो, फिर
अगर कोई पूछे कैसे हो?
'मज़े में हुं' कहना पडता है
ये जिन्दगी का नाटक है
यहाँ हर एक को नाटक क

आग की जरूरत यहाँ न
यहाँ 'आदमी' आदमी से
सुबह होती है, शाम हो
कोई रोकर दिल बहला
कोई हँसकर दर्द छुपाता
कण्डक्टर से हो गई जि
सफर भी रोज़ का है
और जाना भी कहीं न
अपने सवालों का जव
छत ने कहा, ऊँची स
पंखे ने कहा, ठंडा र
ने कहा, हर प

ലോകമേ...
നിന്റെ മുഖംമൂടി
തിരിച്ചറിയാനാവാതെ പോയ
ചില പച്ചജീവിതങ്ങളുണ്ടിവിടെ
മാറ്റി നിർത്തപ്പെട്ടവർ...
മറക്കാതിരിക്കുക...
അവർക്കും ഇവിടെ
അവകാശങ്ങൾ ഉണ്ടെന്ന്...



# റോഹിങ്ക്യ
# നവഫാസിസത്തിന്റെ തുടർച്ച

> **പുരുഷന്മാരെയും കുട്ടികളെയും കൊന്നൊടുക്കി, സ്ത്രീകളെ കൂട്ട ബലാത്സംഗത്തിനിരയാക്കി. ഗവൺമെന്റിന്റെ അറിവോടുകൂടി പട്ടാളവും ബുദ്ധതീവ്രവാദികളും നടത്തുന്ന കൂട്ടകൊലകളും ബലാത്സംഗങ്ങളും തുടർക്കഥയായപ്പോഴാണ് സ്വന്തം ജന്മഭൂമിയിൽ നിന്ന് അവർക്ക് പലായനം ചെയ്യേണ്ടിവന്നത്**

വംശീയതയുടെയും അടിച്ചമർത്തലിന്റെയും കഥകൾ ലോകത്തിനു പുതിയതല്ല. ഫാസിസത്തിന്റെയും വംശവെറിയുടെയും വിത്തുകൾ ഭൂമുഖത്ത് അങ്ങിങ്ങോളം വിതക്കപ്പെട്ടിട്ടുണ്ടെന്ന് ചരിത്രം പരിശോധിച്ചാൽ മനസ്സിലാവും. ഇരുപതാം നൂറ്റാണ്ടിന്റെ തുടക്കത്തിലെ ഇറ്റലിയും, ജർമ്മനിയും, മുപ്പതുകളിലെ ജപ്പാനുമെല്ലാം ഈ കനലിൽ എരിയപ്പെട്ടതാണ്.

ഇന്ന് ലോകരാജ്യങ്ങളും മനുഷ്യാവകാശ സംഘടനകളും ഉറ്റുനോക്കിക്കൊണ്ടിരിക്കുന്ന പ്രശ്നമാണ് മ്യാൻമറിലെ റോഹിങ്ക്യ ജനവിഭാഗത്തിനെതിരെയുള്ള അതിക്രമങ്ങൾ. 'ഭൂമുഖത്തെ ഏറ്റവും പീഡിപ്പിക്കപ്പെടുന്ന ന്യൂനപക്ഷം' എന്ന് ഐക്യരാഷ്ട്ര സഭ വിശേഷിപ്പിച്ച റോഹിങ്ക്യകൾ യഥാർത്ഥത്തിൽ ആരാണ്? തോണി മനുഷ്യർ എന്നർത്ഥം വരുന്ന റോഹിങ്ക്യകൾ മ്യാൻമറിന്റെ പടിഞ്ഞാറൻ തീരത്തെ അറാഖാൻ പ്രവിശ്യയിലുള്ളവരാണ്. കൂടുതലും ഇസ്‌ലാം മതം പിന്തുടരുന്ന ഈ ഇന്തോ-ആര്യൻ വിഭാഗക്കാരെ അരാക്കനീസ് ഇന്ത്യൻസ് എന്നും വിളിക്കപ്പെടുന്നു. നൂറ്റാണ്ടുകൾക്ക് മുൻപ് ബംഗ്ലാദേശിന്റെയും ബർമയുടെയും ഇടയിൽ സ്ഥിതി ചെയ്തിരുന്ന സ്വതന്ത്ര ഭരണപ്രദേശമായിരുന്നു അറാഖാൻ.

1430 ൽ ഇന്നത്തെ മ്യാൻമറിനകത്തു സ്ഥാപിക്കപ്പെട്ട മറോക്കു രാജവംശത്തിന്റെ ഭാഗമാണ് റോഹിങ്ക്യയെന്നത് ചരിത്രവസ്തുതയാണെങ്കിലും ബ്രിട്ടീഷ് കാലഘട്ടത്തിന്റെ തുടർച്ച മാത്രമാണ് ഇവരെന്നാണ് ബുദ്ധിസ്റ്റുകളുടെ നിലപാട്. 17-ാം നൂറ്റാണ്ടു വരെ നിലകൊണ്ട മറോക്കു രാജവംശം അറാഖാൻ ആക്രമണത്തിൽ നിലംപൊത്തി. പിന്നീട് 1784 ൽ ബർമ അറാഖാൻ ആക്രമിച്ച് തങ്ങളോട് ചേർക്കുന്നതോടെയാണ് റോഹിങ്ക്യകൾക്കെതിരെയുള്ള ആക്രമണം പ്രബലമാകുന്നത്. 1824 ൽ ബ്രിട്ടീഷ് അധിനിവേശത്തെ തുടർന്ന് ബുദ്ധന്മാർക്ക് ആധിപത്യം നഷ്ടപ്പെടുകയും അറാഖാൻ പ്രവിശ്യയിൽ റോഹിങ്ക്യകൾ തിരിച്ചെത്തുകയും ചെയ്തു. ഈ മേഖലയിലെ കാർഷിക ആവശ്യങ്ങൾക്കുവേണ്ടി ബ്രിട്ടീഷ് ഗവൺമെന്റ് ഇവരെ പുനരധിവസിപ്പിക്കുകയായിരുന്നു. 1942 ലെ ആഭ്യന്തര യുദ്ധത്തിൽ നിരവധി റോഹിങ്ക്യകളും ബുദ്ധന്മാരും കൊല്ലപ്പെടുകയുണ്ടായി. 1948 ൽ സ്വയം ഭരണാവകാശം ലഭിച്ചപ്പോൾ അധികാരത്തിലേറിയ ബുദ്ധ അനുകൂല ഗവൺമെന്റ് റോഹിങ്ക്യകളെ കൂടുതൽ ഒറ്റപ്പെടുത്തി.

1982 ലാണ് കുപ്രസിദ്ധനായ മ്യാൻമർ പട്ടാള ഏകാധിപതി നെവിൻ അധികാരത്തിലെത്തുന്നത്. കടുത്ത വംശീയവാദി

യായ നെവിൻ പുതിയ പൗരത്വ നിയമത്തിനു രൂപം നൽകുകയും, അതുവഴി റോഹിങ്ക്യകൾക്ക് പൗരത്വം നിഷേധിക്കപ്പെടുകയും ചെയ്തു. ഇതനുസരിച്ച് 1824 ലെ ബ്രിട്ടീഷ് അധിനിവേശത്തിന് മുൻപ് ബർമയിൽ താമസക്കാരാക്കി എന്നതിനു തെളിവുള്ളവർക്ക് മാത്രമേ പൗരത്വത്തിന് അവകാശമുള്ളൂ. വിരലിലെണ്ണാവുന്നവർക്കൊഴികെ ഇത്തരം വംശാവലിയെക്കുറിച്ചുള്ള രേഖകൾ കാണിക്കുക എന്നത് ദുഷ്കരമായിരുന്നു. അങ്ങനെ റോഹിങ്ക്യകൾ സ്വന്തം രാജ്യത്തിനകത്തെ വിദേശികളായി. ഇതോടെ പട്ടാളത്തിന്റെ പിന്തുണയോടെ തന്നെ അശിൻ വിരാതു പോലുള്ള ബുദ്ധതീവ്രവാദികളുടെ സംഘടനകൾ അക്രമം അഴിച്ചുവിട്ടു. സ്വത്തവകാശം, ജോലി, വിദ്യാഭ്യാസം, സംഘടനാസ്വാതന്ത്ര്യം തുടങ്ങിയവയിൽ നിന്നെല്ലാം റോഹിങ്ക്യകൾ മാറ്റിനിർത്തപ്പെട്ടു.

റോഹിങ്ക്യൻ പ്രവിശ്യയിൽ ഭൂരിഭാഗം വരുന്ന റാഖൈൻ ബുദ്ധവിഭാഗത്തിൽ പെട്ട ഒരു യുവതിയെ ബലാത്സംഗം ചെയ്ത് കൊലപ്പെടുത്തി എന്ന് ആരോപിച്ചാണ് 2012 ലെ വംശഹത്യക്ക് തുടക്കം കുറിക്കുന്നത്. പുരുഷന്മാരെയും കുട്ടികളെയും കൊന്നൊടുക്കി, സ്ത്രീകളെ കൂട്ട ബലാത്സംഗത്തിനിരയാക്കി. ഗവൺമെന്റിന്റെ അറിവോടുകൂടി പട്ടാളവും ബുദ്ധതീവ്രവാദികളും നടത്തുന്ന കൂട്ടകൊലകളും ബലാത്സംഗങ്ങളും തുടർക്കഥയായപ്പോഴാണ് സ്വന്തം ജന്മഭൂമിയിൽ നിന്ന് അവർക്ക് പലായനം ചെയ്യേണ്ടിവന്നത്.

റോഹിങ്ക്യകൾക്കെതിരെയുള്ള ആക്രമണങ്ങളെക്കാളും പലായനങ്ങളെക്കാളും ഭീകരം മനുഷ്യാവകാശ-ജനാധിപത്യ മൂല്യങ്ങളുടെ പ്രതിരൂപമായ ആങ് സാങ് സ്യൂചിയുടെയും അവരുടെ നേതൃത്വത്തിലുള്ള ഗവൺമെന്റിന്റെയും സമീപനമാണ്. പണ്ട് തീവ്രവാദ സംഘടനകൾ നടത്തിയ കൂട്ടക്കുരുതി, ഇന്ന് 2012 ൽ സമാധാന നോബേൽ ലഭിച്ച വനിതയുടെ ഭരണകൂടത്തിന്റെ മേൽനോട്ടത്തിലാണ് നടത്തുന്നത്. മനുഷ്യാവകാശത്തിനുവേണ്ടി ഗർജിച്ചതിന് പട്ടാള ഭരണകൂടം 15 വർഷം തടവിലാക്കിയിട്ടും തളരാതെ നിന്ന് നെവിന്റെ ഏകാധിപത്യത്തിനെതിരെ അഹിംസയുടെ മാർഗത്തിലൂടെ സമരം ചെയ്ത് വിജയിച്ച ധീരവനിത എന്തേ ഈ മനുഷ്യാവകാശ ധ്വംസനത്തിനു നേരെ കണ്ണടയ്ക്കുന്നു? 2015 ൽ പ്രതിപക്ഷ നേതാവായിരുന്ന സ്യൂചി, ബുദ്ധമത തീവ്രവാദികൾ സർക്കാറിന്റെ ഒത്താശയോടെ നടത്തിയ കൂട്ടക്കുരുതിക്കെതിരെ ഒരു ചെറുവിരൽപോലും അനക്കാതെ മൗനം പാലിക്കുകയായിരുന്നു. അധികാരത്തിലേക്കുള്ള പാതയിൽ പട്ടാള ഭരണകൂടത്തെ പിണക്കുന്നത് ഗുണകരമല്ല എന്ന് സ്യൂചിക്കറിയാമായിരുന്നു. സ്യൂചിയുടെ നാഷണൽ ലീഗ് ഫോർ ഡെമോക്രസി പാർട്ടി (NLD) വൻഭൂരിപക്ഷത്തോടെ വിജയിക്കുകയും ചെയ്തു. എന്നാൽ നിയമതടസങ്ങൾ മൂലം തന്റെ ഉപദേഷ്ടാവിനെ പ്രസിഡന്റാക്കി സ്റ്റേറ്റ് കൗൺസിലർ എന്ന പദവിയിലിരുന്ന് ഭരണത്തെ നിയന്ത്രിക്കുന്നത് സ്യൂചിയാണ്. മ്യാൻമറിന്റെ രാഷ്ട്രപിതാവും ബർമീസ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ സ്ഥാപകനുമായ ആങ് സാങിന്റെ മകളാണ് സ്യൂചി.

വളരെയേറെ സമ്മർദ്ദങ്ങൾക്ക് ശേഷം റോഹിങ്ക്യ പ്രശ്നത്തെ കുറിച്ച് സംസാരിച്ച സ്യൂചി, പട്ടാളത്തിന്റെ അതിക്രമങ്ങളെ നിർത്തലാക്കാനോ, കൂട്ടക്കുരുതിയിൽ അപലപിക്കാനോ പോലും തയാറായില്ല. സർക്കാർ അധികാരത്തിൽ വന്ന ചുരുങ്ങിയ കാലയളവിനെകുറിച്ചും മറ്റും മുട്ടുന്യായങ്ങൾ നിരത്തുകയാണ് അവർ ചെയ്തത്. റോഹിങ്ക്യകൾക്കെതിരെയുള്ള മനുഷ്യാവകാശ ധ്വംസനത്തെക്കുറിച്ചുള്ള ചോദ്യത്തിന് 'മനുഷ്യാവകാശലംഘനങ്ങൾ നടക്കാത്ത ഏതെങ്കിലും രാജ്യമുണ്ടോ?' എന്നാണ് അവർ പ്രതികരിച്ചത്. സമാനതകളില്ലാത്ത വംശീയ-മത അധിക്ഷേപത്തിനും അടിച്ചമർത്തലിനും വിധേയരായിക്കൊണ്ടിരിക്കുന്ന ജനതയുടെ രക്തം വീണ കൈകൾ ഏറ്റുവാങ്ങിയ ആ നോബേൽ പുരസ്കാരത്തിന്റെ മഹത്വം കളങ്കിതമാക്കിയില്ലേ എന്ന് ഏതൊരു മനുഷ്യസ്നേഹിയും ചിന്തിക്കാം.

ഡാനിയൽ ഹിയർസ്റ്റിന്റെ 'Genocide & Social Practice' എന്ന പുസ്തകത്തിൽ പ്രതിപാദിക്കുന്ന പ്രകാരം ഏതൊരു വംശീയ ഉന്മൂലനത്തിനും 6 ഘട്ടങ്ങളുണ്ട്. അതിൽ അവസാനത്തെ ഘട്ടത്തിലൂടെയാണ് റോഹിങ്ക്യകൾ കടന്നുപൊയ്ക്കൊണ്ടിരിക്കുന്നത്. റോഹിങ്ക്യകളെ സ്വീകരിക്കുന്ന വിഷയത്തിൽ ഇന്ത്യയടക്കമുള്ള രാജ്യങ്ങൾ കാണിക്കുന്ന വിമുഖതയും മൗനവും തികച്ചും മനുഷ്യത്വരഹിതമാണെന്ന് പറയാതെ വയ്യ. അവർ അസ്ഥിത്വം നഷ്ടപ്പെട്ടവരാണ്, ദേശമില്ലാത്തവർ ... നമുക്കവരെ ആട്ടിയോടിക്കാം ... പക്ഷെ ഒന്നോർക്കുന്നത് നന്നായിരിക്കും. തീവ്രദേശീയതയുടെ ഇരകളായ ഇവരിൽ നിന്നും ഭാരതത്തിലേക്ക് അധികം ദൂരമൊന്നുമില്ല എന്നതാണ് സത്യം.



ഹാര്യ കൃഷ്ണ
ടോറസ് '14



# A Tryst With Terror; America's Affair with the Shooting Iron



Karishma P.H.
Gagnants '15

The text from her son woke Mina Justice from her sleep. "Mommy, I love you". Eddie Justice types as an unhinged gunman rained terror on an Orlando night club where he was partying. That was the last time Mina Justice heard from her son and by early morning, Eddie was among the 50 odd people shot and killed in the Orlando firing spree.

This is not a lone incident in America. The number of mass shootings between 2000 and 2014 in USA is 133. And there is a question everyone asks after a mass shooting – How did this happen again? Unfortunately, we all know the answer. There are no sufficient gun control laws in America and thanks NRA for that. National Rifle Association of USA has the stated mission to defeat any legislation that might restrict gun ownership because according to NRA, "the only thing that stops a bad guy with a gun is a good guy with a gun".

The NRA play their cards well. 90% of NRA endorsed candidates win the elections. In the 2014 elections alone, NRA shelled out 28 million dollars. But the scary thing is that NRA doesn't just focus on political spending. It's grip on the Congress is too tight. It spends millions of dollars on gun safety programs, issues credentials and train fire arm instructors and so on. It really is an all-encompassing program.

Another thing is that USA is known for it's love for guns. With more guns per resident than any other country on earth, the United States also suffers from highest number of gun deaths per capita. So why does America love guns so much?

The founding fathers of America understood that in most conflicts, the more powerfully armed forces usually win. The basis of US's gun policy is the second amendment to the United States' constitution. It states "a well-regulated militia, being necessary to the security of a free state, the right of the people to keep and bear arms, shall not be infringed". Since it's inception in 1791, gun control laws have been narrowed down and vary from State to State. Nonetheless, America's love for guns still routes from its early history. The second amendment was intended to fight the tyrannical oppression, defend against invaders and guarantee the right to self-defense. It is inherent in America's political gene that freedom and liberty must be defended with force.



Today, although the political and military situation has changed, many Americans continue to associate freedom with gun ownership. Moreover, pro-gun advocates like NRA argue that guns allow people to protect themselves against criminals with guns. It is also argued that since guns are so ubiquitous, gun control laws would only prevent law abiding citizens from having guns. Meanwhile, criminals would ignore those laws and crime rate would increase.

A 2014 study reveals that most people in America believe that it's safer to have guns for protection than to limit ownership. Still, despite the potential freedom from tyranny, conflicting studies can't seem to determine whether or not gun control laws lower the crime rate. However, researchers at Harvard reported that in nearly every case, more guns equal more homicide. Also in US, children are 17 times more likely to be murdered with a firearm than in other countries. Still, it is doubtful that Americans will ever show transition away from guns and freedom.



ആതിര ജി.ആർ.
M.Sc. Dept. of Agronmy

# ചില ചോദ്യങ്ങൾ



ഉത്തരങ്ങളുടെ കാവൽക്കാരനോട്,
നിങ്ങളെന്തിനാണ് അവയെ
ഇങ്ങനെ ചങ്ങലയ്ക്കിട്ടിരിക്കുന്നത്?
ചോദ്യങ്ങൾ ഭൂമിയോളം വളർന്ന്
ശ്വാസം മുട്ടിച്ചു തുടങ്ങിയിരിക്കുന്നു.
അക്ഷരങ്ങളിൽ ചോദ്യാഗ്നി
പ്രവഹിച്ച തൂലികകളോരോന്നായി
ചോരമഷിയിൽ പിടയുന്നു.
അറിവ് വിളയേണ്ട എഴുത്തുപുരകളിൽ
തിരിച്ചറിവ് വെടിയേറ്റു വീഴുന്നു.
തണലേകാൻ നീട്ടിയ കൈകളാൽ
കുഞ്ഞുങ്ങൾ വേട്ടയാടപ്പെടുന്നു.
ഒരായുസ്സുമുഴുവൻ വാത്സല്യച്ചൂടേകിയവർ
ഒറ്റപ്പെടലിന്റെ കൊടുംതണുപ്പിൽ....
മറവിയുടെ ഏകാന്തതയിൽ....
മരവിച്ച് ജീവിക്കുന്നു.
തെരുവുകളിൽ....
തൊഴിലിടങ്ങളിൽ...
തൊട്ടിലിൽ പോലും.
'അവളുടെ' സ്വാതന്ത്ര്യത്തിന്
വില നിശ്ചയിക്കപ്പെടുന്നു.
വാർത്തകൾ
നിറം വെച്ച നുണകളാൽ
നേരിനെ വെല്ലുവിളിക്കുന്നു.
അധികാരത്തിന്റെ
അഴിമതിച്ചിരിയിൽ പൊതുജനം
വഞ്ചിക്കപ്പെടുന്നു.
രാത്രിയേക്കാൾ ഇരുട്ടുള്ള കണ്ണുകളിൽ
നീതി ആത്മഹത്യചെയ്യുമ്പോൾ പോലും
ഉത്തരം നൽകാതിരിക്കാൻ നിങ്ങൾ
ആരെയാണ് ഭയപ്പെടുന്നത്?



# ചിലങ്ക

ശിൽപ ബാലചന്ദ്രൻ
Gagnants '15

'താളം പിഴയ്ക്കാതെ ചുവടുകൾ വയ്ക്കുമ്പോൾ ചിലങ്കകൾ ചിരിക്കുന്നത് കേൾക്കാനാകും' എന്ന് അമ്മ ഇടയ്ക്കിടെ പറയുന്നതിന്റെ പൊരുൾ എനിക്ക് മനസ്സിലായിരുന്നില്ല. മുമ്പ് അരങ്ങേറ്റം നടത്തിയ ഈ അമ്പലനടയിൽ വീണ്ടും തന്റെ അമ്മയ്ക്ക് മുന്നിൽ ചുവടുവെച്ച ഈ നിമിഷത്തിൽ എനിക്കത് മനസ്സിലായി.

അധികം സ്നേഹവാത്സല്യങ്ങളൊന്നും പ്രകടിപ്പിക്കാതെയാണ് അമ്മ എന്നെ വളർത്തിയത്. കൂട്ടുകാർക്കെല്ലാം കർക്കശക്കാരിയായി തോന്നുമെങ്കിലും, ആ മനസ്സ് എനിക്കറിയാമായിരുന്നു. ഒരിക്കലും പിരിയുവാൻ കഴിയാത്തതുകൊണ്ട് വീട്ടുകാരുടെ എതിർപ്പിനെ അവഗണിച്ച് എന്റെ അച്ഛനും അമ്മയും ഒന്നായി, പക്ഷേ കാലചക്രത്തിന്റെ ഒഴുക്കിൽപ്പെട്ട് അച്ഛൻ ഞങ്ങൾക്ക് മുൻപേ ഒഴുകിപോയി. വെറുപ്പ് നിറഞ്ഞ കണ്ണുകളും, കുറ്റപ്പെടുത്തുന്ന വാക്കുകളും വേട്ടയാടിയപ്പോൾ, ആ പ്രതിസന്ധികളെയൊക്കെ തടഞ്ഞുനിർത്താൻ അമ്മ അണിഞ്ഞ മുഖംമൂടിയായിരുന്നു അത്. എന്നാൽ, ചിലങ്കയണിഞ്ഞതിനുശേഷം മുഖത്ത് വരുന്ന ഭാവങ്ങൾക്ക് ആ കാർക്കശ്യം ഇല്ലായിരുന്നു.

എന്റെ കാലുകളിൽ ആദ്യമായി ചിലങ്കയണിയിക്കുമ്പോൾ അമ്മ പറഞ്ഞിരുന്നു. 'ചുവട് പിഴയ്ക്കരുത്, പിഴച്ചാലും തളരരുത്, അരങ്ങിലായാലും ജീവിതത്തിലായാലും'. ഇതൊന്നും മനസ്സിലായില്ലെങ്കിലും ഒന്നെനിക്കറിയാമായിരുന്നു - അമ്മ ചിലങ്കയെ ഒരുപാട് പ്രണയിക്കുന്നുണ്ട്. അതിൽ അച്ഛന്റെ കൈവിരൽ സ്പർശം ബാക്കി നിൽക്കുന്നുവെന്ന് അമ്മ വിശ്വസിക്കുന്നു ... ഞാനും.

മുഖത്തെ ഭാവത്തിനും മുദ്രയ്ക്കുമൊപ്പമല്ലാതെ മനസ്സ് എവിടേയ്ക്കോ സഞ്ചരിച്ചു. എങ്കിലും എന്റെ ചുവടുകൾ പിഴച്ചിട്ടില്ലെന്ന് അമ്മയുടെ മുഖത്തെ പുഞ്ചിരി പറയുന്നുണ്ട്. ഈ ചുവടുകൾ എന്റെ അമ്മയ്ക്ക് വേണ്ടിയായിരുന്നു. ഇത് കാണുവാനും അമ്മ മാത്രമേ ഉണ്ടായിരുന്നുള്ളൂ. ഏറ്റവും സംതൃപ്തിയോടെ അരങ്ങിൽ ആടിയത് ഒരു പക്ഷെ ഇന്നായിരിക്കും. അതുകൊണ്ടാവാം എന്റെ ചിലങ്കകൾ ചിരിക്കുന്നത് എനിക്ക് കേൾക്കുവാൻ കഴിഞ്ഞത്. കണ്ണുകൾ അറിയാതെ നിറഞ്ഞു. ഓടിച്ചെന്ന് അമ്മയെ കെട്ടിപ്പിടിക്കണമെന്നുണ്ട്. പക്ഷെ ... അതേ ആഗ്രഹവുമായി എന്റെ അരികിൽ മറ്റൊരാളും കൂടി നിൽക്കുന്നുണ്ട് ... 'എന്റെ അച്ഛൻ'. ഞങ്ങൾ നോക്കി നിന്നു, മാറോട് ചേർത്ത് പിടിച്ച ചിലങ്കയുമായ് അമ്മ നടന്നുനീങ്ങുന്നത്.



## Scientific Enterprises

an ISO 9001-2000 certified firm is multi product specialist operating with emphasis on higher education and research institutions. We are growing from strength over the years to be the largest in this segment in Kerala, starting from manufacturing and stretching upto long term after sales service support. Scientific as a group has earned a name of being the most reliable support to all the educational and research institutions. More and more National and International brands are looking upon us to take their products to the ultimate customers which consequently will bring in more quality and cost effective products to this market.

# WE REPRESENT A HOST OF MANUFACTURERS

*Some names are given below.*

| | | |
|---|---|---|
| 1. Thermo Fisher Scientific | : | UV Visible Spectrophotometer, FTIR, GCMS, Centrifuge, Magnetic Stirrers, Deep Freezers |
| 2. Topcon (Japan) | : | Total Stations, Auto Levels etc |
| 3. Proceq (Pundit Lab) | : | Non Destructive Testing Equipments |
| 4. Scientific SE | : | CRO's, Function Generators, Microwave & Communication Trainers |
| 5. Scientific Tech | : | Power Supplies, IC Trainers, UP Kits, IC Testers etc |
| 6. Meco | : | Portable meters, Wattmeters |
| 7. Stead | : | Rheostats |
| 8. Kirloskar | : | DC Motors, Rectifiers etc |
| 9. TechnoLab | : | Fluid Mechanics & Heat Engine Lab |
| 10. Shimadzu (Japan) | : | Electronic Balances |
| 11. Brookfield | : | Viscometers |
| 12.Lovibond | : | Tintometers, COD & BOD Meters, Photometers |
| 13. Universal | : | UTMs, CTMs, Torsion Testing etc |
| 14. Chetak | : | Survey Instruments |
| 15. Krati | : | Ceramic Boards / Exhibition Display Systems |
| 16. Labline | : | Incubators, Ovens, Freezers(upto -86 deg C), Waterbaths, Shakers, Laminar Flows etc |
| 17. Carl Zeiss | : | Microscopes |
| 18. Merck Millipore India | : | Water Purification Systems |
| 19. Himedia | : | Media & Reagents |
| 20. Genaxy | : | Lab Plastic ware |
| 21. Qualigens | : | Chemicals |
| 22. Advance Research | : | Polarimeters, Refractometers |
| 23. Finn | : | Micropippettes |



# SCIENTIFIC ENTERPRISES

P.B. No. 1951, Vyttila, Cochin - 682 019
Ph : 0484-2306461, Fax : 0484-2306954
E-mail : seqcochin@gmail.com | scientificorder @ gmail.com
Web : www.scientificenterprises.in

# Jio മാജിക്



റാഷിദ വി.കെ.
ടോറസ് '14

ടെലികോം രംഗത്ത് വർഷങ്ങളായി കേട്ടുപഴകിയ പല പേരുകളെയും ചുരുങ്ങിയ സമയത്തിനുള്ളിൽ തന്നെ നിഷ്പ്രഭമാക്കാൻ Jio എന്ന ഒരൊറ്റ പേരിലൂടെ അംബാനിക്ക് സാധിച്ചു. 'റിലയൻസ് ജിയോ' ഒരു മാജിക് തന്നെയാണ്. പലരുടേയും കണ്ണ് മൂടിക്കെട്ടി അംബാനി ചെയ്തൊരു വൻ മാജിക്.

**എന്താണ് ജിയോ?**

ആദ്യത്തെ ആറു മാസം സൗജന്യ കോളുകളും, ഡാറ്റയും SMS ഉം നൽകി ജിയോ കടന്നുവന്നു. 4G ഫോണുകളിൽ മാത്രമാണ് വർക്ക് ചെയ്യുന്നതെങ്കിലും ഒരുപാട് പണം മുടക്കി നെറ്റ് ഉപയോഗിച്ചിരുന്ന വലിയൊരു വിഭാഗത്തിന് ഒരു ആശ്വാസമായിരുന്നു ജിയോയുടെ വരവ്. 2.5 ലക്ഷം കോടി ചിലവാക്കിയാണ് അംബാനി ജിയോയെ ഇന്ത്യൻ മാർക്കറ്റിലേക്ക് ഇറക്കിയത്. മാർക്കറ്റിംഗ് എന്താണെന്ന് ജിയോയിലൂടെ അദ്ദേഹം കാണിച്ചുതന്നു. ഇരുപത്തിയൊന്നാം നൂറ്റാണ്ടിൽ മനുഷ്യന് ഓക്സിജനോളം പ്രധാനപ്പെട്ടതായി മൊബൈൽ ഡാറ്റ മാറുമെന്നുള്ളത് അംബാനിക്ക് നന്നായിട്ടറിയാം, അത് എങ്ങനെ തനിക്കനുകൂലമാക്കി മാറ്റണമെന്നും. ഇതുവരെ നെറ്റ്വർക്കിംഗ് ശൃംഖല അടക്കി വാണിരുന്ന പ്രധാന കമ്പനികളായ എയർടെൽ, വോഡഫോൺ, ഐഡിയ എന്നിവയുടെ വരുമാനത്തിന്റെ 60-70 ശതമാനം വരെ വോയ്സ് കോളിൽ നിന്ന് മാത്രമായിരുന്നു. എന്നാൽ ജിയോ കണ്ടത് മൊബൈൽ ഡാറ്റയിലുള്ള സാധ്യതയാണ്. മറ്റ് കമ്പനികൾ 2G, 3G നെറ്റ്വർക്കുമായി നിന്നിടത്ത് 4G യുമായി ജിയോ കടന്നുവന്നത് പുതിയ സാങ്കേതിക വിദ്യയിലൂടെ നെറ്റ്വർക്കിംഗിന് പുതിയ മാനം നൽകിക്കൊണ്ടാണ്. Fiber optics technology യിലൂടെ മറ്റു കമ്പനികളുടെ മൊബൈൽ ഡാറ്റയുടെ പത്തിരട്ടി വേഗത്തിൽ പ്രവർത്തിക്കാൻ ജിയോയ്ക്ക് സാധിക്കും.

ഏതൊരു ഉത്പന്നവും മാർക്കറ്റിൽ ഇറങ്ങിയാൽ ആളുകൾക്ക് സ്വീകാര്യമാകാൻ ചെറിയൊരു കാലതാമസമുണ്ട്. എന്നാൽ കഴുത്തറപ്പൻ ചാർജുകൾ ഈടാക്കിക്കൊണ്ടിരുന്ന ഈ മേഖലയിൽ സൗജന്യ MB യിലൂടെ കടന്നുചെല്ലാൻ ജിയോയ്ക്ക് അധികം ബുദ്ധിമുട്ടുണ്ടായില്ല. Loss leading strategy. ചുരുക്കി പറഞ്ഞാൽ പത്തു രൂപയുടെ സാധനം 5 രൂപയ്ക്ക് വാങ്ങിപ്പിക്കുന്ന



കച്ചവട തന്ത്രം. ഇതിലൂടെ മറ്റുള്ള കമ്പനികളുടെ കസ്റ്റമേഴ്സിനെ പോലും ജിയോ വാരിക്കൂട്ടി. പഴയ സാങ്കേതിക വിദ്യയിൽ നിൽക്കുന്ന മറ്റുള്ള കമ്പനികൾക്ക് പുറത്തു പോകുന്ന ഈ കസ്റ്റമേഴ്സിനെ തടയാൻ സാധിച്ചില്ലെന്നു മാത്രമല്ല, പുതിയ ടെക്നോളജിയും മറ്റനേകം പ്രത്യേകതകളുമായി നിൽക്കുന്ന ജിയോയുടെ ആകർഷണ വലയം എല്ലാ തടസ്സങ്ങളെയും മറികടക്കുകയും ചെയ്തു. ഇന്ത്യയിലുള്ള 105 കോടി മൊബൈൽ ഉപഭോക്താക്കളിൽ നിന്ന് 50 കോടി ഉപഭോക്താക്കളെ കിട്ടിയാൽ തന്നെ ആദ്യം മുടക്കിയ 2.5 ലക്ഷം കോടി രണ്ടു വർഷം കൊണ്ട് തിരിച്ചുപിടിക്കാൻ സാധിക്കും. ഡിജിറ്റൽ ഇന്ത്യയുടെ ചരിത്രം വേണമെങ്കിൽ ജിയോയ്ക്ക് മുമ്പും ശേഷവും എന്നു വിശേഷിപ്പിക്കാവുന്നതാണ്. 1 GB കൊണ്ട് ഒരു മാസം തള്ളിനീക്കിയവന് ഇന്ന് തട്ടിമുട്ടി ജീവിക്കാൻ ദിവസം അത് മതിയാവില്ലെന്ന അവസ്ഥ. ജിയോയുടെ വരവിനുശേഷം ഇന്റർനെറ്റ് ഉപയോഗത്തിൽ ഇന്ത്യ പത്താം സ്ഥാനത്തെത്തിയിരിക്കുന്നു. ചെറിയ തുകയ്ക്ക് നെറ്റ്വർക്കിംഗ് സാധ്യമാകുമെങ്കിലും കൊള്ളലാഭം കൊയ്യാനായി അധികചാർജ്ജ് ഈടാക്കി ഡാറ്റ അമൂല്യവസ്തുവാക്കി മാറ്റിയ മറ്റു കമ്പനികൾക്ക് കിട്ടിയ ഒരു തിരിച്ചടിയായിരുന്നു ഈ മാറ്റം. ഉപഭോക്താവിന്റെ മനസ്സിൽ നിന്ന് ചിന്തിച്ച് ഓരോ കാര്യങ്ങളും ചെയ്ത ജിയോയുടെ മാസ്റ്റർ ബ്രെയിനിനെ നമിക്കാതെ വയ്യ. സൗജന്യമായി കിട്ടുന്നതിനോടുള്ള മനുഷ്യന്റെ ആസക്തി ജിയോയ്ക്ക് നൽകിയത് സൗജന്യ പരസ്യമാണ്. ഈ ആറുമാസങ്ങളിൽ അറിഞ്ഞവൻ അറിയാത്തവന് പകർന്നുനൽകി Jio വളർന്നു - ഓരോ കസ്റ്റമറും പ്രമോട്ടറായി മാറി. 4 G സിം ഉപയോഗിക്കാനായി ആളുകൾക്ക് 4 G ഫോണുകളെ ആശ്രയിക്കേണ്ടി വന്നു. Barrier pricing എന്ന മാർക്കറ്റിംഗ് തന്ത്രമാണ് ഇവിടെ ഉപയോഗിച്ചത്. അങ്ങനെ 4 G മൊബൈലുകളുടെ ഉപയോഗം കൂടി. ഈ അവസരത്തിൽ ജിയോ 4 G മൊബൈലുമായി രംഗത്ത് വന്നു, അതും സൗജന്യമായി... ഓരോ ഫോണിനും ആദ്യം 300 രൂപ അടയ്ക്കണം. പക്ഷേ മൂന്നു മാസത്തിനകം രൂപ തിരികെ ലഭിക്കും. ഇതിലൂടെ ദിവസവും കോടി കണക്കിന് രൂപ വിനിമയം നടത്തുന്ന അംബാനി ഗ്രൂപ്പിന് ഈ കാലയളവിനുള്ളിൽ തന്നെ ഫോണിന്റെ ചിലവ് തിരിച്ചുപിടിക്കാൻ സാധിക്കും - ചുരുക്കത്തിൽ ഫോണിനു പരസ്യവും.

ഇതിനിടയിൽ ഓഫർ മാറിയതും, 399 രൂപയ്ക്ക് 3 മാസത്തേയ്ക്ക് മൊബൈൽ ഡാറ്റ എന്നാക്കി മാറ്റിയതും ആരെയും ബാധിച്ചില്ല. ജിയോ ശീലമാക്കിയ വരിക്കാർക്ക് പിന്നീട് മാറി ചിന്തിക്കാനായില്ല. അവർ വീണ്ടും ജിയോയെ തേടിയെത്തി. ഒരു നൂതന ഡിജിറ്റൽ യുഗത്തിന് അംബാനി തുടക്കം കുറിച്ചു. പുതിയൊരു മാർക്കറ്റിലേക്ക് കടന്നുചെല്ലാനും, അവിടം തന്റെ ലോകമാക്കി മാറ്റാനുമുള്ള തന്ത്രങ്ങൾ പറഞ്ഞുതരാൻ മറ്റാരേക്കാളും നന്നായി അംബാനിയ്ക്ക് കഴിഞ്ഞേക്കും. ചുരുക്കത്തിൽ, അംബാനിയെന്ന കൺകെട്ടുകാരൻ തീർത്ത വലിയൊരു മാജിക് തന്നെയാണ് ജിയോ.

# സാം പിട്രോഡ എന്ന അതികായൻ



ഇന്ത്യയിലെ ടെലികോം വിപ്ലവത്തിനു ചുക്കാൻ പിടിച്ച സാം പിട്രോഡ പരിഷ്കാരങ്ങളുടെയും വികസനത്തിന്റെയും മേഖലയിലെ ഒരു അതികായൻ തന്നെയാണ്. കേന്ദ്ര സർക്കാർ പൂനയിൽ സ്ഥാപിച്ച C-DOT (Centre for Development of Telematics) എന്ന സ്ഥാപനത്തിലൂടെ രാജ്യത്തിന്റെ വാർത്താ വിനിമയ വിവര സാങ്കേതിക വിദ്യയുടെ തലവര തന്നെ അദ്ദേഹം മാറ്റി മറിച്ചു. എൺപതുകൾ വരെ ഗ്രാമങ്ങൾക്ക് തീരെ അപ്രാപ്യമായിരുന്ന ടെലികോം സേവനങ്ങൾ എവിടേയും സുലഭമാക്കുന്നതിൽ അദ്ദേഹത്തിന്റെ ശ്രമങ്ങൾ വലിയ വിജയം കണ്ടു. ഒരു ഫോൺ കണക്ഷനുവേണ്ടി അഞ്ചാറ് വർഷത്തെ കാത്തിരിപ്പിൽ നിന്നും ഇന്ന് ഒരു വീട്ടിൽത്തന്നെ അഞ്ചാറിലധികം ഫോൺ കണക്ഷൻ എന്ന നിലയിലേക്കുള്ള വളർച്ച ആരെയും അത്ഭുതപ്പെടുത്തുന്നതാണ്.

ഒറീസ്സയിലെ ഭുവനേശ്വരിനടുത്തുള്ള ടിടിലഗാർഹ് (Titilagarh) ഗ്രാമത്തിൽ ജനിച്ച സത്യ നാരായണ ഗംഗാറാം പിട്രോഡ എന്ന സാം, ബറോഡയിലെ മഹാരാജ സയാജിറാവു സർവ്വകലാശാല, ഇല്ലിനോയിസ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി എന്നിവിടങ്ങളിലായിരുന്നു ഉപരി പഠനം നടത്തിയത്. നൂറിലധികം അന്താരാഷ്ട്ര പേറ്റന്റുകൾ, നിരവധി അവാർഡുകൾ, പുരസ്കാരങ്ങൾ എന്നിവയെല്ലാം കൈമുതലായ അദ്ദേഹത്തിന്റെ വ്യക്തി പ്രഭാവം ആരേയും അതിശയിപ്പിക്കുന്നതാണ്.

ഷിക്കാഗോയിൽ പ്രവാസ ജീവിതം നയിക്കുന്നതിനിടെയാണ് പിറന്ന നാടിനെ സേവിക്കാനായുള്ള ഭാരത സർക്കാരിന്റെ ക്ഷണം ലഭിക്കുന്നത്.

പ്രധാന മന്ത്രിയായിരുന്ന രാജീവ് ഗാന്ധിയുടെ ഉപദേഷ്ടാവായി നിയമിതനായ അദ്ദേഹം കുടിവെള്ളം, സാക്ഷരത, പ്രതിരോധം, ശാസ്ത്ര-സാങ്കേതികം, വാർത്താവിനിമയം തുടങ്ങിയ മേഖലകളിൽ ശ്രദ്ധ കേന്ദ്രീകരിച്ചു.

മൻമോഹൻ സിങ്ങിന്റെ താൽപര്യപ്രകാരം ദേശീയ വിജ്ഞാന കമ്മീഷൻ ചെയർമാൻ സ്ഥാനം ഏറ്റെടുത്തു. ഭാരതത്തെ ഒരു വിജ്ഞാന സമൂഹമായി പരിവർത്തനപ്പെടുത്താൻ 2005 മുതൽ 2009 വരെയുള്ള പ്രവർത്തനത്താൽ 300 ഓളം ശുപാർശകൾ കമ്മീഷൻ നൽകി. ഇവയിലെ ഒട്ടു മിക്ക ശുപാർശകളും കേന്ദ്ര സർക്കാർ സഗൗരവം സ്വീകരിച്ചു നടപ്പിലാക്കി.

ഇന്ത്യയെ വികസിത വിജ്ഞാന സമൂഹമായി മാറ്റണമെങ്കിൽ നിലവിലുള്ള 300 ഓളം സർവ്വകലാശാലകളുടെ എണ്ണം 10 വർഷത്തിനുള്ളിൽ 1000 ആയി ഉയർത്തണമെന്ന നിർദേശം നടപ്പിലാക്കിയതു കൊണ്ട് മാത്രം ഇന്ന് നമുക്ക് 800 ഓളം സർവ്വകലാശാലകളായി. ഐ.ഐ.ടി., ഐ.ഐ.എം., എയിംസ് തുടങ്ങിയവയുടെ എണ്ണം മൂന്നും നാലും മടങ്ങായി ഉയർന്നു. പുതിയ ഐസെറുകൾ, കോളേജുകൾ അങ്ങിനെ അനേകം ഉന്നത വിദ്യാഭ്യാസ - ഗവേഷണ സ്ഥാപനങ്ങൾ നിലവിൽ വന്നു. ഉന്നത വിദ്യാഭ്യാസ - ഗവേഷണ മേഖലയിൽ 60 വർഷം കൊണ്ട് നേടിയതിനേക്കാൾ പല മടങ്ങ് വളർച്ച കഴിഞ്ഞ 10 വർഷത്തിനുള്ളിൽ സാധ്യമായി.

ഉന്നത വിദ്യാഭ്യാസത്തിനായി പലിശയില്ലാ വായ്പകൾ, ധാരാളം സ്കോളർഷിപ്പുകൾ, ഗവേഷണ പദ്ധതികൾക്കായി ഉദാരമായ സാമ്പത്തിക സഹായം എന്നിവയെല്ലാം സാം പിട്രോഡ നേതൃത്വം നൽകിയ വിജ്ഞാന കമ്മീഷൻ ശുപാർശകളുടെ അനന്തര ഫലമാണ്. നല്ല നിലവാരമുള്ള ഗവേഷണവും, തൽഫലമായുള്ള പ്രബന്ധങ്ങൾ, പുസ്തകങ്ങൾ, ദേശീയ - അന്തർ ദേശീയ പേറ്റന്റുകൾ എന്നിവയെല്ലാം തന്നെ രാജ്യത്തിന്റെ വികസനത്തിന് ഏറ്റവും അനിവാര്യമാണെന്ന് അദ്ദേഹം സമൂഹത്തെ ബോധ്യപ്പെടുത്തി. 1000 കോടി രൂപയുടെ പ്രത്യേക നിധി സമാഹരിച്ചു 'ജനങ്ങളുടെ സർവ്വകലാശാലകൾ' എന്നറിയപ്പെടുന്ന പബ്ലിക് ലൈബ്രറികളെ ശക്തിപ്പെടുത്തുകയും, ആധുനികവൽക്കരിക്കുകയും ചെയ്യണമെന്നും വിജ്ഞാന കമ്മീഷൻ ആവശ്യപ്പെടുന്നു.

സാം പിട്രോഡയുടെ ജീവിത വീക്ഷണം ഏവർക്കും പ്രചോദനമാകട്ടെ.



ഡോ. എ.റ്റി. ഫ്രാൻസിസ്
ലൈബ്രേറിയൻ, കെ.എ.യു.

# Post-modernism:
# A Stumbling Block for Attaining Sustainability

> As a reactionary movement to modernism, post-modernism emerged calling for more freedom and diversity of styles.It was a chaotic era, which promoted the idea that there is no universal truth



Dr. C. George Thomas
Professor & Head (Agronomy)
and Associate Dean

Development is a catch word among the public, but unbridled 'development',ignoring sustainability of the system,can cause irreparable damages to natural resources. The concept of sustainable growth is a relatively recent response to the decline in quality of the resource base associated with modern style of development. The call for sustainable development based on scientific principles is a response to this issue. However, the so called post modernists are suggesting "alternate" models shying away from science and realities. Before going to explore the post-modern outbursts against science and sustainable development, we should have some idea about modernism and post-modernism.

Modernism and post-modernism are western phenomena related to philosophical, economic, scientific, and social facets of life. Modernism, as a movement, took place in the late 19th and early 20th centuries.The birth of modernism can be traced back to the Industrial Revolution, a period that lasted from the 18th to the 19th centuries, in which rapid changes in manufacturing, transportation, and technology profoundly affected the social, economic, and cultural fabric of life in Europe, North America, and eventually the whole world. Enlightenment was at the core of modernism, a general attitude advanced in the 17th and 18th centuries, of attaining truth, justice, and happiness through knowledge and reason. Enlightenment enabled people to question superstitions and traditions through critical reasoning and scientific methods. It aimed at creating a clear and rational view of the world, believing that through science and reason humankind can advance and grow. New forms of transportation such as railways, highways, aircrafts, and others changed the way people lived, worked, and travelled, both at home and abroad, expanding their worldview and access to new ideas. The era of modernism saw great works in the field of arts, literature, music, architecture, poetry, and science.

As a reactionary movement to modernism, post-modernism emerged calling for more freedom and diversity of styles.It was a chaotic era, which promoted the idea that there is no universal truth. It used an unscientific approach to life and believed that all things are irrational.This attitude or outlook, which emerged after the Second World War, gained wide popularity in the 1960s. While modernism advocated rational thinking and the use of science and reason for the advancement of humans, postmodernism believed in the irrationality of things.



A modern art painting

Post modernists opposed enlightenment, the general attitude of the Industrial revolution era. Post-modernists could not compromise with the victorious view of science dispelling ignorance throwing away long traditions and customs. They championed for traditional knowledge and local practices, most of which lacked rational and scientific criteria. Post-modernists assert that modern science is just one culture-bound way of looking at nature! For them, the content of all knowledge is socially constructed; even the supposed "laws" or "facts" of

modern science are "Western" constructions reflecting dominant interests and cultural biases of Western societies. In a post-modernist's world, truth becomes relative, and often knowledge is replaced by interpretation!

Post-modernism attracted many followers in a wide variety of disciplines or fields such as art, architecture, music, film, literature, sociology, agriculture, health, communication, fashion, and technology. Several movements erupted in the above disciplines reacting against modern movements, typically marked by revival of traditional elements and techniques.Post modernists cast aspersion on all forms of universal knowledge that claim to represent the world objectively and transparently. They often blame modern science for all the environmental problems of the world.

You can see post-modern ideas in almost all spheres of human activity. Ivan Illich questioned the role of educational system with his deschooling theory (*Deschooling Society*, 1971). He also called for de-medicalization (*Limits to Medicine: Medical Nemesis*, 1976) questioning the role of the medical system and medicines. The book by Fritjof Capra, "*The Tao of Physics: An Exploration of the Parallels between Modern Physics and Eastern Mysticism*", first published in 1975 was a landmark in the whole history of post-modernism. In this book, Capra makes an assertion that both physics and metaphysics are leading to the same knowledge! Capra exhorted the society to abandon conventional linear thoughts and the mechanistic view of Descartes. He was highly critical of Descartes' reductionism. There were many takers for the interpretation of modern physics and metaphysics by Capra, but these are outside the realm of mainstream science.



A Post - modern art painting

Post-modernism related to agriculture actually began with the publication of the book '*Silent Spring*' by Rachel Carson in 1962. In the 1970s, philosophical ideas such as lifeboat ethics (Garret Hardin), deep ecology (Arne *Naess*), bioregionalism (Peter Berg and Raymond Dasmann) and ecofeminism (*Maria Mies* and Vandana Shiva)influenced alternate farming movements such as natural farming, organic farming and several of its variants. Initially, James Lovelock's Gaia Hypothesis also contributed much. Although these global movements emerged as holistic ideas concerned with pollution and the environment, eventually, these paved way for the consolidation of campaigns against modernism.

Environmentalists in India who espouse post-modernism extend their criticisms to modern agricultural movements such as green revolution, and came up with alternate models based on post-modern thoughts such as deep ecology. Post-modernists insist on accepting and promoting most ethnic or traditional practices in agriculture without subjecting them to empirical tests. Post-modern movements are creating much confusion among intellectuals and common people alike. The problem is whether we can have a post-modern outlook on natural sciences with 'alternate sciences' based on traditions or simple naivety as happened in other fields such as art and literature. It is possible to have different styles in art, literature, mythology, architecture, and the like, but science cannot have different styles, and the criteria of scientific inquiry is applicable uniformly to all, cutting across national and cultural differences. Science is universal, and by following the much-acclaimed scientific method, it allows everyone to learn more about the universe. It also corrects itself through socially established ways of subjecting existing knowledge to empirical tests. As discussed earlier, however, post-modernism does not permit to have a universalistic view of science, and therefore, it cannot have any role in science.

Reductionism is at loggerheads with post-modernism. Reductionism means a bottom up approach to understand complex natural phenomena by 'reducing'them to their fundamental parts and studying their interactions under controlled conditions. Scientific reductionism is most often used to describe the notion that everything on earth can be broken into smaller and smaller parts and that the whole can be understood in this way. This includes many things such as theories, phenomena, objects, and explanations.

The idea of reductionism was first introduced by Rene Descartes (hence, sometimes also referred as *Cartesian reductionism*) in his famous book *Discourse on the Method of Rightly Conducting One's Reason and of Seeking Truth in the Sciences* (1637). In his view, various phenomena are the consequences of the coming together of individual parts each with its own inherent properties shaping the behavior of the system as a whole. Reductionist approaches help us to break complex systems down into their components, and each piece can be studied individually by way of disciplinary and sub-disciplinary approaches. If we know the parts, the dynamics of the whole system can be derived. Reduction as a method is highly successful in disciplines such as physics, chemistry, and biology. Reductionist thinking and methods are the bases for many of the well-developed areas of modern science

Probably, Fritjof Capra might be the most prominent and vocal critic of Descartes' reductionist views. Influenced by Fritjof Capra, and probably because of a fundamental misunderstanding of how science actually works, many critics among environmentalists, anti-imperialist movements, and feminists have developed a condemnation of reductionism. *Deep ecologists* and *ecofeminists* see reductionism as opening the way to merciless exploitation of nature. As explained earlier, reductionism seeks the explanation of the whole by looking at the relationships between the component parts that can be experimentally tested, thus eliminating the requirement of assumptions on extra forces such as consciousness, vital force, and others. A certain degree of reductionism is required in medical and agricultural sciences, otherwise, it is impossible to determine significant versus non-significant measurements.

The rejection of reductionist ideas is often called *holism.* Holism asserts that things have certain properties as a whole, which cannot be explained based on its components parts. The word 'holism' is from Greek meaning *all*, *whole*, *entire*, or *total*. A key principle of holism is: "The whole is different from the sum of its parts". Contrary to reductionism, holism inquires about a whole system by probing the system as a whole in its entirety instead of dismantling it and studying the parts. The supporters of holism assert that the properties of a given system such as physical, biological, chemical, social, and economic cannot be explained based on its component parts alone. For them, the system as a whole determines how the parts behave. Although the idea of holism has ancient roots, introduction of the term 'holism' is credited to the South African diplomat Jan Smuts. He made a mention of holism in his 1926 book, *Holism and Evolution* (Smuts, 1926). The term *holistic* evolved into the term *wholistic* in the late 1990's to clarify the concept even further. Schools with wholistic learning styles and wholistic medicine that considers the mind, body, and spirit in diagnosis and treatment are examples. You may also find wholistic models in other fields such as agriculture. However, most of the claims of supporters of "only wholism" are unsubstantiated. Post modernists reject reductionism and embrace wholism. Many of them do not have much faith in replicated experiments following the principles of experimentation as they simply reject reductionism. People who are opposed to science often use the words "reductionism" and "reductionist" to condemn whatever they dislike about modern science. This is the main tradeoff between public funded research and activist run research.

In fact, science requires both reductionism and holism. We usually dismantle complex systems into various component parts employing reductionist approaches to get first-hand information about the system. In most cases, this also allows scientists to put the pieces together again by way of holism. Take the simple example of sugar. If it is reduced to atoms of carbon, hydrogen, and oxygen, it may not have the qualities of sugar. However, you can have original qualities of sugar upto the molecular level. Another important case is living beings. You may require a reductionist approach for studying about various organs and the functioning of living beings. However, unlike machines, you cannot dismantle a living being and re-assemble it into its original living state again based on our present level of knowledge!

Reforms in education calls for inter-disciplinary convergence, and for bringing the multiple specialties contained in the same disciplines together intra-disciplinary convergence. In fact, reductionism focuses on the properties of parts; and holism, on the relationship between them. Put together, reductionism and holism stand out as supplementary rather than conflicting ideas. The sad part of the whole issue is that interdisciplinary convergence is impossible in the present disciplinary organization of academic institutions in India. It is now a fashion to form new watertight departments, faculties, and even universities based on false claims. This kind of *greedy reductionism* is not good for science. As far as reductionism and holism are concerned, although some people prefer to use one of the two styles of thinking to the exclusion of the other, it is more appropriate to use whichever style suits a given situation. Arguably, some situations call for holistic thinking, while others, requiring a closer look at the parts of the system, are better suited for reductionism. For example, watershed management is an area where we should go for both reductionist and holistic approaches. We approach watershed management holistically in a multidisciplinary platform, but when going for individual components, we also employ some amount of reductionism.



# नियती का विधान



Arya Satheeshan
Advaya '17

जब भी मौसम बदलाव का गुंजाइश लेकर आ जाता है
तब उस अपाहिज की मन में डर घर करने लगता है
करोडों के बीच होकर भी अकेला है
तन्हाई मौत से भी दर्दनाक होता है।
उसके पास गवाने के लिए कुछ भी नही बचा था ।
खुला आसमान की तरह उसके अरमानें का भी कोई सीमा नहीं ।
तमन्नाओं ने लकीरें मोड लिया था उसका।
शायद इन्हीं वजहों के कारण सडक पर भीक माँग रहा है वो ।
डर रात उसे अपाहिज की परछाईयों को थेले में समाकर
निकल जाता है ।
सिक्के गिनने के बाद फटी हुई कमीज पर उसका ध्यान अटक गया ।
काश.. काश.. ऐसा कुछ हो जाता..
मन हमेशा इन्हीं शब्दों को दोहराता है..।

कर्म फल तो सहना पडेगा।
कहते है कि, हमारी सभी परेशानियों के कारण खुद की आशायें है,
क्या, वाकयी में?
पन्ने तो सिर्फ किताबों का मोडा जाता है
कल की खुशियों की खज़ाना तो कब की खाली हो चुका है
थी अपनी हाथों में भी त्योहार भरी जिन्दगी
पल नही लग जाता फिसल जाने को
उसे तो दिन हो या रात, कोई फर्क नही पडता।
फिर भी जब दिन की सफेदी पर रात की झलक आ जाता है
तभी जिन्दगी के रफ्तार की बारे में पता चलता है।
लिहाज रखना है जिन्दगी का।
वरना, सिक्के रात में भी कहीं से गिरने लगा उसके ओर।

ഈ ബിരുദത്തിന് മണ്ണിന്റെ മണമുണ്ട്
ഭൂമിയെ തൊട്ടറിഞ്ഞ വേരുകളുണ്ട്
അന്നംവിളയിക്കുന്ന കൈകൾക്ക്
താങ്ങാവാൻ കഴിഞ്ഞ ചാരിതാർത്ഥ്യമുണ്ട്
കച്ചവടം ചേർത്ത് മലിനപ്പെടുത്തരുത്
വെള്ളം ചേർത്ത് ഇല്ലാതാക്കരുത്.
ഇതു ഞങ്ങളുടെ ജീവിതം തന്നെയാണ്...

# LET THERE BE BREAD

സാമ്പത്തികമായി തകർന്ന ഒരു ദരിദ്ര ഭാരതത്തെ ബാക്കിയാക്കിയിട്ടായിരുന്നു 1947-ൽ ബ്രിട്ടീഷുകാർ ഇന്ത്യ വിട്ടത്. 1980-ഓടെ കടുത്ത ഭക്ഷ്യക്ഷാമം മൂലം ഇന്ത്യ തകർന്നടിയുമെന്ന് പ്രവചിച്ച പഡോക്ക് സഹോദരൻമാർക്കും, ജനസംഖ്യാ വിസ്ഫോടനം കടുത്ത ഭക്ഷ്യക്ഷാമത്തിലേക്ക് നയിക്കുമെന്ന് പറഞ്ഞ പോൾ എൽറിച്ചിനും മറുപടിയായി വെറും 10 വർഷം കൊണ്ട് ഭക്ഷ്യധാന്യങ്ങളിൽ സ്വയം പര്യാപ്തത കൈവരിച്ച് ലോകരാജ്യങ്ങളെ ഞെട്ടിച്ച ചരിത്രമാണ് നമ്മുടെ രാജ്യത്തിനുള്ളത്. ഇന്ത്യയിലെ ഹരിതവിപ്ലവത്തിനു പിന്നിൽ എം.എസ്. സ്വാമിനാഥന്റെ നേതൃത്വത്തിലുള്ള കൃഷി ശാസ്ത്രജ്ഞരുടെ ഒരു സംഘം തന്നെയുണ്ടായിരുന്നു. ഇന്നും 27 കോടിയോളം ജനങ്ങൾ ദാരിദ്രരേഖക്ക് താഴെ ജീവിക്കുന്ന നമ്മുടെ രാജ്യത്ത് കാർഷിക വിദ്യാഭ്യാസത്തിന് പ്രസക്തിയേറുകയാണ്.

കേരള കാർഷിക രംഗത്ത് വിപ്ലവകരമായ മാറ്റങ്ങൾക്ക് തിരികൊളുത്തിയത് കാർഷിക സർവ്വകലാശാലയുടെ ആരംഭമാണ്. കർഷകരുടെ പ്രശ്നങ്ങൾ മനസ്സിലാക്കി അവർക്ക് ഉപയോഗ്യമാകുന്ന സാങ്കേതിക വിദ്യകൾ വികസിപ്പിച്ചെടുക്കുകയും, അവയ്ക്കുതകുന്ന പരിശീലനം നൽകുകയും വഴി കാർഷിക രംഗത്ത് വലിയ നേട്ടങ്ങളാണ് അരനൂറ്റാണ്ടിനുള്ളിൽ കാർഷിക സർവ്വകലാശാല നേടിയെടുത്തത്.

വിദ്യാഭ്യാസവും ഗവേഷണവും വിജ്ഞാനവ്യാപനവും ആപ്തവാക്യങ്ങളായ കേരള കാർഷിക സർവ്വകലാശാലയുടെ ഏറ്റവും മികച്ച ഉൽപന്നങ്ങൾ കാർഷിക ബിരുദധാരികൾ തന്നെയാണ്. ശാസ്ത്രീയ അടിത്തറ നൽകി പരമ്പരാഗത കാർഷികരീതിയും ആധുനിക സാങ്കേതിക വിദ്യകളും കൂട്ടിയിണക്കി കാർഷിക രംഗത്തെ വിപ്ലവവൽക്കരിക്കാൻ പ്രാപ്തമാക്കുന്ന സമഗ്ര വിദ്യാഭ്യാസ പദ്ധതിയാണ് B.Sc (Hons) Agriculture. എൻട്രൻസ് പരീക്ഷയെഴുതി തിരഞ്ഞെടുക്കപ്പെട്ട ചുരുക്കം വിദ്യാർത്ഥികൾക്ക് ഏറ്റവും മികച്ച ശിക്ഷണവും, പ്രായോഗിക പരിശീലനവും നൽകുന്ന പാഠ്യപദ്ധതിയാണിത്. കൃഷിശാസ്ത്രത്തിനു പുറമെ സാമ്പത്തിക ശാസ്ത്രം, സാമൂഹ്യ ശാസ്ത്രം, സ്റ്റാറ്റിസ്റ്റിക്സ്, കമ്പ്യൂട്ടർ ആപ്ലിക്കേഷൻ തുടങ്ങി കൃഷിയുടെ എഞ്ചിനീയറിംഗ് വശങ്ങൾ വരെ സ്വായത്തമാക്കിയാണ് ഓരോ കാർഷിക ബിരുദധാരിയും പുറത്തിറങ്ങുന്നത്. ഇത് വൈവിധ്യമാർന്ന വിഷയങ്ങളിൽ ഇന്ത്യയിലും പുറത്തും ഉപരിപഠനത്തിന് സാധ്യതകളൊരുക്കുന്നു. വിവിധ മേഖലകളിൽ പ്രാവീണ്യമാർജ്ജിക്കുന്നതുകൊണ്ടു തന്നെ നിരവധി തൊഴിലവസരങ്ങളാണ് കാർഷിക ബിരുദധാരികൾക്കുമുന്നിൽ തുറക്കപ്പെടുന്നത്. അഗ്രികൾച്ചർ ഡിപ്പാർട്ട്മെന്റിന്റെ കീഴിൽ വരുന്ന അഗ്രികൾച്ചർ ഓഫീസർ, വിവിധ കമ്മോഡിറ്റി ബോർഡുകളിലെ ഫീൽഡ് ഓഫീസർ, അഗ്രി ഡെമോൺസ്ട്രേറ്റർ, കാർഷിക സർവ്വകലാശാലക്കു കീഴിലെ ഫാം ഓഫീസർ, ബാങ്കുകളിൽ അഗ്രികൾച്ചർ ഫീൽഡ് ഓഫീസർ തുടങ്ങിയ തസ്തികകൾക്കു പുറമെ ഇന്ത്യക്കു പുറത്തും ഒരുപാട് ജോലിസാധ്യതകൾ കാർഷിക ബിരുദധാരികളെ കാത്തിരിക്കുന്നുണ്ട്.



* Latin motto of FAO, *fiat panis*, translates as 'let there be bread'

# FUTURE OPPORTUNITIES

## B.Sc.(Hons.)Ag. Qualification

### HIGHER STUDIES(Post Graduation)

a) Deemed Agri Universities like IARI
b) Central Agricultural Universities(Imphal andJhansi)
c) State Agri Universities and their sub-campuses
d) Central Universities(BHU,AMU,etc)
e) ABM in NIAM,NAARM,MANAGE,etc
f) Private Agri Universities
g) MSc from Foreign Universities-ETS exams,TOEFL,GRE,etc

### JOBS (GOVT. & PRIVATE)

a) KPSC
b) COMMODITY BOARDS
c) NABARD – Asst Manager
d) VFPCK - Asst Manager
e) Private firms
f) Others

#### KPSC

a) Agricultural Officer(Agri. Dept)
b) AO(Land Use Board)
c) AO(Cooperative banks)
d) Soil Survey Officer
e) Soil Conservation Officer
f) Food Safety Officer
g) Quality Assurance Officer(SUPPLYCO)
h) VHSE teacher
i) Field or Technical assistant/officer in state farms corporation of India
j) Field or Technical assistant/officer in state seed farms (PSC)
k) Farm manager in State Plantation Corporation

#### COMMODITY BOARDS

Under Ministry of Commerce and Industry

a) Coffee Board
b) Rubber Board
c) Spices Board
d) Tea Board
e) Tobacco Board

Under Ministry of Agriculture

a) Coconut Development Board

#### PRIVATE FIRMS

a) AO posts in private banks
b) Marketing manager in private firms-seed companies like Mahyco/Syngenta, Fertilizer companies like IFFCO, pesticide companies like Monsanto/Bayer
c) Landscapist and Farm manager in Arab countries or other foreign countries

#### OTHERS

a) Agriculturist in Defence Research and Development Organisation-DRDO
b) Agriculturist or Horticulturist in Vikram Sarabhai Space Centre/ISRO
c) Technical assistant /Field assistant in National Seeds Corporation-NSC
d) Technical assistant in Food Corporation of India(FCI)

## M.Sc. (Agri/Horti) Qualification

Manager/Technical Officer in Food Corporation of India
Quality Inspector in Plant Quarantine
**Assistant Professor in DUs or SAUs**
**Scientist in Agricultural Scientist Recruitment Board -ASRB**
**Scientist/Technical Officer in Coconut Development Board, Coffee Board, Tea Board, Cocoa Board, Spices Board and Silk Board**
**Subject matter specialist (SMS) in KVKs**
Technical Officer scale post in private firms like Indian Tobacco Company-ITC
Scientist (R&D) in seeds/pesticides/fertilizer companies
Various jobs according to specialization

B.Sc. (Hons) Ag. വിദ്യാർത്ഥികൾക്ക് മുമ്പിലുള്ള നിരവധി അവസരങ്ങളിൽ പ്രധാനപ്പെട്ട ഒന്നാണ് Agriculture Research Service (ARS). B.Sc. ക്കു പുറമെ M.Sc. പൂർത്തിയാക്കിയവർക്ക് മാത്രമേ ARS Exam എഴുതാനൊക്കൂ. M.Sc., B.Sc. സിലബസ് നന്നായി പഠിച്ചാൽ ARS എളുപ്പത്തിൽ നേടാവുന്നതാണ്.

കാർഷിക വിദ്യാർത്ഥികളിൽ ഭൂരിഭാഗം പേരുടേയും സ്വപ്നമാണ് ഒരു Scientist പദവി. തങ്ങളുടെ ഗവേഷണ താൽപര്യങ്ങൾക്കും, മികവിനുമനുസരിച്ചുള്ള പ്രോജക്ടിൽ പ്രവർത്തിക്കാനുള്ള അവസരം ARS ലൂടെ ലഭിക്കുന്നു. ICAR-ARS വഴി ഇന്ത്യയിലെ വിടെയും posting ലഭിക്കാം. സമൂഹം ബഹുമാനിക്കുന്ന ഈ ജോലി professional satisfaction നോടൊപ്പം മാന്യമായ ശമ്പളവും ഉറപ്പുനൽകുന്നു.

Praveen K.V.
Scientist, IARI

കാർഷിക പഠനത്തിലെ വൈവിധ്യം ബിരുദധാരികൾക്ക് വിവിധ മേഖലകളിൽ അനന്തസാധ്യതകളാണ് തുറന്നിട്ടിരിക്കുന്നത്. ഇന്ത്യൻ ബഹിരാകാശ മേഖലയിലെ പരമോന്നത സ്ഥാപനമായ ISRO യിൽ വരെ കാർഷിക ഗവേഷകർക്ക് അവസരങ്ങളുണ്ട്. ISRO യുടെ കീഴിലുള്ള National Remote Sensing Centre - Hydrabad, Indian Institute of Remote Sensing - Dehradun തുടങ്ങിയ സ്ഥാപനങ്ങളിൽ അനവധി കാർഷിക ഗവേഷകർ പ്രവർത്തിക്കുന്നുണ്ട്.

Dr. Divya
Scientist
NRSC, ISRO

കഴിഞ്ഞ കുറെ വർഷങ്ങളായി എഞ്ചിനീയറിംഗ്-മെഡിക്കൽ മേഖലകളിലെ ഗ്ലാമർ കോഴ്സുകളോടുള്ള വിദ്യാർത്ഥികളുടേയും രക്ഷിതാക്കളുടേയും ഭ്രമവും, ക്രമാതീതമായ സീറ്റ് വർധനവും സ്വാശ്രയവൽക്കരണവും ഈ കോഴ്സുകളുടെ മൂല്യതകർച്ചയിലേക്കും ബിരുദധാരികളുടെ തൊഴിലില്ലായ്മയിലേക്കും എങ്ങനെ നയിച്ചുവെന്നത് നാം കണ്ടതാണ്. കാർഷിക ബിരുദത്തിന്റെ ഭാവിയും ഇതിൽ നിന്ന് വിഭിന്നമാവില്ല എന്ന് വ്യക്തമാക്കുന്നതാണ് സമീപകാലത്ത് നടന്ന ചില സംഭവവികാസങ്ങൾ.

മാറിവരുന്ന സർക്കാരുകളുടേയും, രാഷ്ട്രീയ പാർട്ടികളുടേയും സ്വാർത്ഥതാൽപര്യങ്ങൾക്കനുസരിച്ച് മറ്റ് ഉദ്യോഗാർത്ഥികൾക്ക് കാർഷിക ബിരുദധാരികളുടെ തൊഴിലവസരങ്ങൾ വീതം വെച്ച് നൽകുന്ന പ്രവണത കൂടിവരികയാണ്. ഇത്തരം നീക്കങ്ങളുടെ ഒരു ഉത്തമ ഉദാഹരണമാണ് അഗ്രികൾച്ചർ ഓഫീസർ തസ്തികയിലേക്ക് ചുരുങ്ങിയ കാലത്തെ experience ഉണ്ടെന്ന ന്യായം നിരത്തി അഗ്രികൾച്ചർ അസിസ്റ്റന്റുമാർക്ക് സ്ഥാനകയറ്റം നൽകുന്നത്. പണ്ട് ബിരുദധാരികളുടെ ക്ഷാമം കാരണം അഗ്രികൾച്ചർ അസിസ്റ്റന്റുമാർക്ക് കൃഷി ഓഫീസർ ആയി സ്ഥാനക്കയറ്റം നൽകേണ്ടിവന്ന സർക്കാരിന്റെ ഗതികേട്, പിന്നീട് ആവശ്യത്തിന് ബിരുദധാരികൾ ഉള്ളപ്പോഴും അവർ അവകാശമാക്കി മാറ്റി. ഇതനുസരിച്ച് 85:15 എന്ന അനുപാതത്തിൽ കൃഷി ഓഫീസർ തസ്തികൾ വിഭജിച്ചും നൽകി. ശാസ്ത്രീയ വശങ്ങൾ പഠിച്ചതിനുശേഷം സാങ്കേതിക വിദ്യകൾ പ്രായോഗികതലത്തിൽ കൊണ്ടുവരുന്ന കാർഷിക ബിരുദധാരികളോട് തുലനം ചെയ്യാവുന്നവരാണോ പ്ലസ് ടു മാത്രം യോഗ്യതയുള്ള അസിസ്റ്റന്റുമാർ? 15 ശതമാനം 50 ആയി ഉയർത്തണമെന്ന് മുറവിളി കൂട്ടുന്നവർ ഈ വശം കൂടി ചിന്തിക്കുന്നത് നന്നായിരിക്കും.

ഒന്നാം ക്ലാസ്സ് മുതൽ 12-ാം ക്ലാസ്സ് വരെ ഓരോ ദിവസവും വിയർപ്പൊഴുക്കിപ്പഠിച്ച്, സ്കൂളിലെ മികച്ച ഒരു വിദ്യാർത്ഥി എന്നു പേരെടുത്ത നാമോരോരുത്തരും സംസ്ഥാനത്തെ ഏറ്റവും കടുപ്പമേറിയ മത്സരപ്പരീക്ഷ മറികടന്നാണ് കാർഷിക കോളേജിൽ ഈ പ്രൊഫഷണൽ കോഴ്സിന് അഡ്മിഷൻ നേടിയെടുത്തത്.

തുടർന്ന് നാല് വർഷം, കീടങ്ങളെ കൊന്ന് കാഴ്ചവെച്ചും, പുഴു മുതൽ പൂമ്പാറ്റ വരെ ഓരോ ഘട്ടത്തിലും അതിനെ ഓമനിച്ചു വളർത്തിയും, പറമ്പിലെ ചേറിൽ നിന്ന് കളകളെ ചാർട്ട് പേപ്പറിലേക്ക് പറിച്ചൊട്ടിച്ചും, യന്ത്രം കൊണ്ടും അല്ലാതേയും ഞാറു നട്ടും, കള പറിച്ചും, വിളവെടുത്തും, പല നാട്ടിലെ മണ്ണു സാമ്പിളെടുത്ത് അതിന്റെ ജനിതകവും ജാതകവും ചികഞ്ഞും, നാടൊട്ടുക്ക് നടന്ന് കയറു പിടിച്ചും കിണറാഴമളന്നും, സർവ്വെ നടത്തിയും, ഡിപ്പാർട്ട്മെന്റ് ലൈബ്രറി മുതൽ സെൻട്രൽ ലൈബ്രറി വരെ പരതി നോക്കി പരതിവായിച്ച് അസൈൻമെന്റ് തയ്യാറാക്കിയും, കേരളത്തിലങ്ങോളമിങ്ങോളമുള്ള കാർഷിക സർവ്വകലാശാലാ കേന്ദ്രങ്ങളിൽ നടന്ന സെമിനാറും സിംപോസിയവും ട്രെയിനിങ്ങും വർക്ക്ഷോപ്പും പ്രയോജനപ്പെടുത്തിയും, മണ്ണുത്തി മുതൽ മണാലി വരെ പഠനയാത്ര നടത്തിയും - എന്തിന് Quiz, Mid, Final, Practical, Viva .... എന്നിങ്ങനെ അഞ്ഞൂറോളം പരീക്ഷകൾ പാസായിക്കൊണ്ടും നേടിയെടുത്തൊരു കാർഷിക ബിരുദത്തിനു പകരം, ഇതിന്റെയൊന്നും മണം പോയിട്ട്, മനം പോലും ആവാഹിക്കാത്ത, ഒന്നര മണിക്കൂർ 'സ്യൂട്ടബിലിറ്റി ടെസ്റ്റ്' മതി എന്നറിഞ്ഞപ്പോഴുള്ള എന്റെ മനസ്സിന്റെ മരവിപ്പ് മോർച്ചറിക്ക് സമാനമായിരുന്നു.

അപ്പോഴും എന്തിനെന്നറിയാതെ പഠിച്ചുകൊണ്ടിരുന്ന എന്റെ മകൾ പാഠപുസ്തകം നോക്കി വായന തുടർന്നുകൊണ്ടിരുന്നു. 'വിദ്യാധനം സർവ്വധനാൽ പ്രധാനം'.

Dr. Nizar
Agricultural Officer

പ്രവൃത്തിപരിചയം പ്രൊഫഷണൽ ഡിഗ്രി ബിരുദധാരികളുടെ തസ്തികകളിൽ നുഴഞ്ഞുകയറാനുള്ള യോഗ്യതയല്ല എന്ന് വ്യക്തമാക്കുന്ന 1998 ലെ സുപ്രീം കോടതി വിധി ഇവിടെ ചേർത്തു വായിക്കേണ്ടതാണ്.

"Essential qualification prescribed under the Rules is a mandatory requirement for appointment to a post prescribed in such rules, mere experience gained without possessing required degree, will not make person eligible on the basis of length of service. Mere experience is no substitute of academic qualifications for becoming eligible for appointment to a post requiring qualification of a degree in the particular trade or line".

(Para 34, case No. 1998 SOL. Case No. 011 State of Madhya Pradesh versus DharmBir)

ഇതിനു സമാനമായി അസിസ്റ്റന്റുമാർക്കുള്ള സ്ഥാനക്കയറ്റം ആവശ്യത്തിന് ബിരുദധാരികളെ ലഭ്യമായപ്പോൾ ആന്ധ്രാപ്രദേശ് ഗവൺമെന്റ് എടുത്തുമാറ്റിയതും ഇവിടെ പ്രസക്തമാണ്.

**Qualification**

a. No person shall be eligible for appointment to the post of Agriculture Officer by direct recruitment unless he possesses a degree of Bachelor of Science in Agriculture of a recognized University in the State or any other University recognised by Indian Council of Agricultural Research.

b. No person shall be eligible for appointment to the post of Agriculture Officer by transfer or promotion unless he possesses a degree of Bachelor of Science in Agriculture of a recognized University in the State or any other University recognized by Indian Council of Agricultural Research.

(Notification No. 33/2016. Dt. 30/12/2016, Andhra Pradesh P.S.C : Hyderabad)

മണ്ണ് പര്യവേഷണ, സംരക്ഷണ വകുപ്പിലെ മണ്ണ് പര്യവേഷണ ഓഫീസർ, മണ്ണ് സംരക്ഷണ ഓഫീസർ തുടങ്ങിയ ഗസറ്റഡ് തസ്തികകളിലേക്ക് ബി.എസ്.സി. (അഗ്രികൾച്ചർ) ബിരുദധാരികൾക്ക് PSC മുഖേന പ്രവേശനം നേടാവുന്നതും, വകുപ്പിന്റെ ഡയറക്ടർ തലം വരെ എത്തിച്ചേരാവുന്നതുമാണ്. മണ്ണ് സംരക്ഷണ ഓഫീസർ തസ്തികയിലെ ഒരു നിശ്ചിത ശതമാനം തസ്തികകൾ വകുപ്പിലെ കീഴ്ജീവനക്കാരായ ഡിപ്ലോമ യോഗ്യതയുള്ള സർവ്വെയർമാർക്കും, ഓവർസീയർമാർക്കുമായി മാറ്റിവെച്ചിട്ടുണ്ട്. ഇത്തരം തസ്തികയിലേക്കുള്ള നിയമനങ്ങളിൽ പോലും തങ്ങളുടെ അനുപാതം വർദ്ധിപ്പിക്കണമെന്നാണ് ഇപ്പോൾ അവർ ആവശ്യപ്പെടുന്നത്.

മണ്ണ് പര്യവേഷണ ഓഫീസർ തസ്തികകൾ പൂർണ്ണമായും ബി.എസ്.സി (അഗ്രികൾച്ചർ) ബിരുദധാരികൾക്കുള്ളതാണ്. എന്നാൽ ഈ തസ്തിക രാഷ്ട്രീയ സ്വാധീനം ഉപയോഗിച്ചുകൊണ്ട് വകുപ്പിലെ കീഴ്ജീവനക്കാരായ ഫീൽഡ് അസിസ്റ്റന്റുമാർ അവരുടെ പ്രൊമോഷൻ തസ്തികയാക്കി മാറ്റുവാനും ശ്രമിക്കുന്നുണ്ട്. കാർഷിക ബിരുദധാരികൾ ഒറ്റക്കെട്ടായി ഇത്തരം ശ്രമങ്ങളെ പ്രതിരോധിക്കേണ്ടതുണ്ട്.

**Nitheesh P.**
Asst. Director (N/c)
Dept. of Soil Survey & Soil Conservation

### കാർഷിക ബിരുദവും നിലവാരത്തകർച്ചയിലേക്ക്?

ഒരു പ്രൊഫഷണൽ കോഴ്സിനു നൽകേണ്ട പ്രാധാന്യമോ, നിലവാരമോ നൽകാതെ വാണിജ്യാടിസ്ഥാനത്തിൽ മാത്രം കാർഷിക വിദ്യാഭ്യാസത്തെ കണക്കാക്കുന്ന അന്യസംസ്ഥാനങ്ങളിലെ സ്വകാര്യ സ്ഥാപനങ്ങളിൽ നിന്ന് പഠിച്ചിറങ്ങുന്ന ബിരുദധാരികൾ കേരള കാർഷിക സർവ്വകലാശാലയുടെ തുല്യതയ്ക്കുവേണ്ടി അവകാശവാദങ്ങൾ മുഴക്കുന്നത് ഈ കോഴ്സിന്റെ മൂല്യത്തകർച്ചയിലേക്കാണ് വിരൽ ചൂണ്ടുന്നത്. നമ്മുടെ യൂണിവേഴ്സിറ്റിയിൽ നിന്നും പഠിച്ചിറങ്ങുന്ന അത്രയും തന്നെ മലയാളി വിദ്യാർത്ഥികൾ മറ്റു സംസ്ഥാനങ്ങളിൽ നിന്ന് കാർഷിക ബിരുദം കരസ്ഥമാക്കി തിരിച്ച് വരുന്നുണ്ട്. ഇതിനു പുറമെ കേരള കാർഷിക സർവ്വകലാശാല തന്നെ രാഷ്ട്രീയ സാമ്പത്തിക ലാഭങ്ങൾക്കുവേണ്ടി സിലബസുകളിൽ ഓട്ടപ്രദക്ഷിണം ചെയ്യുന്ന പുതിയ കോഴ്സുകൾ തുടങ്ങുന്നതും, ഇവർ പിന്നീട് കാർഷിക ബിരുദത്തിനോട് തുല്യത അവകാശപ്പെട്ടുവരുമെന്നതും മറ്റൊരു വെല്ലുവിളിയാണ്. കേരളത്തിലെ കാർഷിക മേഖലയിൽ സ്വകാര്യ സ്ഥാപനങ്ങളും തോട്ടവിളകളും ഇതര സംസ്ഥാനങ്ങളെ അപേക്ഷിച്ച് കുറവാണ് എന്നത് വരാനിരിക്കുന്ന തൊഴിലില്ലായ്മയുടെ രൂക്ഷതയെയാണ് തുറന്നുകാണിക്കുന്നത്. നമ്മുടെ പ്രൊഫഷണിൽ ഇത്രയധികം പ്രശ്നങ്ങൾ നിലനിൽക്കെ, അവയൊന്നുംതന്നെ കണക്കിലെടുക്കാതെ സീറ്റുകൾ ഇരട്ടിപ്പിക്കുന്നതുപോലുള്ള നയങ്ങളുമായി സർക്കാരും സർവ്വകലാശാലയും മുന്നോട്ട് പോകുന്നത് തികച്ചും അപലപനീയമാണ്.




-Akshay Kumar

University increases seats... Again!!!

കാർഷിക പഠനം സംസ്ഥാന ഗവൺമെന്റിന്റെ പരിധിക്കുള്ളിൽ വരുന്ന വിഷയമായതുകൊണ്ട് തന്നെ സർവകലാശാലയുടെ ഫണ്ടുകളിൽ സിംഹഭാഗവും സംസ്ഥാന ഗവൺമെന്റിൽ നിന്നാണ്. അതിൽ 85:15 എന്ന അനുപാതത്തിലാണ് ശമ്പളത്തിനും മറ്റു സർവ്വകലാശാല പ്രവർത്തനങ്ങൾക്കും വേണ്ടി ഫണ്ട് വിനിയോഗിക്കുന്നത്. അതുകൊണ്ട് യൂണിവേഴ്സിറ്റി കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനും, ലാബിനും മറ്റു അടിസ്ഥാന സൗകര്യങ്ങൾക്കും വേണ്ടി ലഭിക്കുന്ന വിഹിതം വളരെയധികം കുറഞ്ഞുപോകുന്നു. ഇക്കാരണത്താൽ തന്നെ ഗവേഷണ ആവശ്യങ്ങൾക്കും വിജ്ഞാനവ്യാപനത്തിനും അടിസ്ഥാന സൗകര്യങ്ങളുടെ വികസനത്തിനുമായി സംസ്ഥാന സർവകലാശാലകൾ പ്രധാനമായും ആശ്രയിക്കുന്നത് ICAR നെയാണ്.

ഇന്ത്യൻ കാർഷിക വിദ്യാഭ്യാസ ഗവേഷണ വിജ്ഞാന വ്യാപനത്തിന്റെ ഉന്നമനത്തിനും പ്രവർത്തനങ്ങളുടെ ഏകോപനത്തിനും വേണ്ടി 1860 ൽ സൊസൈറ്റി രജിസ്ട്രേഷൻ ആക്ട് പ്രകാരം ഡിപ്പാർട്ട്മെന്റ് ഓഫ് അഗ്രികൾച്ചറൽ റിസർച്ച് & എഡ്യുക്കേഷനു കീഴിൽ രൂപീകരിക്കപ്പെട്ട ഒരു സ്വയംഭരണ സ്ഥാപനമാണ് ICAR. കാർഷിക സർവ്വകലാശാലകളുടെ പ്രവർത്തനങ്ങളിൽ നിർദ്ദേശങ്ങൾ വെക്കുന്നതിനപ്പുറം നിയന്ത്രണങ്ങളേർപ്പെടുത്തുന്നതിന് ഈ സ്ഥാപനത്തിന് പരിമിതികളുണ്ട്. അതുകൊണ്ട് തന്നെ കാർഷിക വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കോ കോഴ്സുകൾക്കോ Recognition ഉം Affiliation ഉം നൽകുന്നതിന് ICAR ന് അധികാരമില്ല*. നിലവിൽ വിദ്യാഭ്യാസ സ്ഥാപനങ്ങളുടേയും കോഴ്സുകളുടേയും ഗുണനിലവാരമനുസരിച്ച് ഒരു നിശ്ചിത കാലയളവിലേക്ക് Accreditaion നൽകുന്നതിനും, ഇതിന്റെ കീഴിൽ വരുന്ന കാർഷിക വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് സാമ്പത്തികസഹായം നൽകുന്നതിലും ഒതുങ്ങി നിൽക്കുന്നു ICAR ന്റെ പ്രവർത്തനമേഖല. കാർഷിക പഠനം സംസ്ഥാന ഗവൺമെന്റിന്റെ കീഴിൽ വരുന്ന വിഷയമായതിനാൽ ഒരു പുതിയ കോളേജ് തുടങ്ങുന്നതിലോ, സീറ്റുകൾ വർധിപ്പിക്കുന്നതിലോ ICAR ന് ഇടപെടാനാവില്ല. ഇത് രാഷ്ട്രീയ-സാമ്പത്തിക നേട്ടങ്ങൾ മുന്നിൽ കണ്ടുകൊണ്ടുള്ള വിദ്യാഭ്യാസത്തിന്റെ മൂല്യത്തകർച്ചയിലേക്ക് നയിക്കുന്ന പല ഇടപെടലുകൾക്കും കാരണമാകുന്നു.

**ഇന്ന് ഇന്ത്യൻ കാർഷിക വിദ്യാഭ്യാസം നേരിടുന്ന ഒട്ടുമിക്ക പ്രശ്നങ്ങളും ദേശീയ തലത്തിലുള്ള ഒരു പരമോന്നത കൗൺസിലിന്റെ അഭാവത്തിൽ നിന്നുള്ളതാണ്. ICAR നുള്ള പരിമിതികൾ പരിഹരിച്ചുകൊണ്ട് ഒരു ദേശീയ കൗൺസിൽ രൂപീകരിക്കുന്നതിലൂടെ ഇന്ത്യയുടെ കാർഷിക മേഖലക്കുതന്നെ ഒരു പുത്തനുണർവ് നൽകുവാൻ സാധിക്കും**

ഇന്ന് ഇന്ത്യൻ കാർഷിക വിദ്യാഭ്യാസം നേരിടുന്ന ഒട്ടുമിക്ക പ്രശ്നങ്ങളും ദേശീയ തലത്തിലുള്ള ഒരു പരമോന്നത കൗൺസിലിന്റെ അഭാവത്തിൽ നിന്നുള്ളതാണ്. ICAR നുള്ള പരിമിതികൾ പരിഹരിച്ചുകൊണ്ട് ഒരു ദേശീയ കൗൺസിൽ രൂപീകരിക്കുന്നതിലൂടെ മാത്രമേ കാർഷിക വിദ്യാഭ്യാസത്തിലുള്ള അനാവശ്യ കൈകടത്തലുകൾക്ക് കടിഞ്ഞാണിട്ട് കോഴ്സുകളുടെ ഗുണനിലവാരം മെച്ചപ്പെടുത്താനും, ബിരുദധാരികളുടെ അവകാശങ്ങൾ സംരക്ഷിക്കുവാനും സാധിക്കുകയുള്ളൂ. സംസ്ഥാന തലത്തിൽ ഒരു State Agricultural Council Act ആയും, ദേശീയ തലത്തിൽ Indian Agricultural Council Act ആയും നിലവിൽ വരുന്നതോടെ ബിരുദധാരികളുടെ മികച്ച സേവനം കാർഷിക മേഖലയ്ക്ക് ലഭ്യമാക്കാനും അതുവഴി കാർഷിക മേഖലയിൽ വിപ്ലവാത്മകമായ മാറ്റങ്ങൾ വരുത്തുവാനും സാധിക്കും. കൗൺസിൽ രൂപീകരിക്കണമെങ്കിൽ ഒരുപാട് കടമ്പകൾ കടക്കേണ്ടതുണ്ട്. വിദ്യാർത്ഥികളും അധ്യാപകരും ഗവേഷകരും ഒരുമിച്ച് പ്രയത്നിച്ചാൽ മാത്രമേ ഈ ലക്ഷ്യം സാക്ഷാത്ക്കരിക്കപ്പെടുകയുള്ളൂ. തകർച്ചയിലേക്ക് നീങ്ങിക്കൊണ്ടിരിക്കുന്ന ഇന്ത്യൻ കാർഷിക മേഖലയ്ക്ക് ഒരു പുത്തനുണർവ് നൽകാൻ ദേശീയ കാർഷിക കൗൺസിൽ ഒരു അനിവാര്യത തന്നെയാണ്.



* Further details - ICAR Home page (www.icar.org.in) at link "National Agricultural Education Accreditation Board"

# Refugee



Aashika Sasindran
Taurus '14

The path was clear as a crystal
Yet he sensed the awful presence
Of many mutilated corpses
He turned back every second with the
Fright of an inferi pulling him back
And that inferi looked familiar,
It was his own deprived soul
And those corpses were his expectations
He dragged along the maze
With the searing pain of losses



Yet he kept his pace,
Holding the memory of those loved ones
He counted the miles he covered
And mounted on his crippled hopes
Alas! He fell down
Gasping for the air of hope
He yelled to the world
Please make your heart a refugee camp
And pour the wine of love to the deprived souls
And he drowned to the depth of darkness
With the hope of ray of light
The journey doesn't end....

# ഒരു ബംഗാൾ ജീവിതത്തിന്റെ നേർക്കാഴ്ച

KAU എൻട്രൻസിന് കുത്തിയിരുന്ന് പഠിക്കാൻ തുടങ്ങിയപ്പോൾ ഉണ്ടായ ഒരു മടുപ്പ് സത്യത്തിൽ, വെസ്റ്റ് ബംഗാൾ BCKV University യിൽ കിട്ടിയ അഡ്മിഷൻ വേണ്ടെന്നുവയ്ക്കാൻ തോന്നിച്ചില്ല. വേറെ ഡിപ്പാർട്ട്മെന്റ് ആണെങ്കിലും വിശാഖിനും ഇവിടെതന്നെ കിട്ടിയല്ലോ! മുന്നും പിന്നും നോക്കിയില്ല, നേരെ പോന്നു. ഞാൻ ഇവിടെയെത്തി അതിന്റെ ചൂടാറും മുൻപേ വേറെ യൂണിവേഴ്സിറ്റിയിലേക്കാണെങ്കിലും സുമയ്യയേയും വിധി ബംഗാളിൽ എത്തിച്ചു. വേറെ ഒരു സ്ഥലവും കിട്ടാതെയാണോ ബംഗാളിൽ പോയി പഠിക്കുന്നത് എന്ന നാട്ടുകാരുടെ ചോദ്യത്തിന് ഉത്തരം നൽകാനായിരുന്നു ഏറ്റവും പാട്. മൂത്ത മകൾ എവിടെയാണ് പഠിക്കുന്നതെന്ന് ആരെങ്കിലും ചോദിച്ചാൽ 'കൽക്കട്ട' എന്നേ പറയാവൂ; വെസ്റ്റ് ബംഗാൾ എന്ന് നീട്ടിപരത്തി പറയരുത് എന്ന് വീട്ടുകാരെ പറഞ്ഞ് പഠിപ്പിച്ചു.

കൽക്കട്ടയിൽ നിന്നും 1.30 മണിക്കൂർ ഉള്ളിലേയ്ക്കാണ് കോളേജ്. പഴയ കാലത്തെ കെട്ടിടങ്ങൾ, കടകൾ, ഉന്തുവണ്ടി എല്ലാം ഇവിടെ കാണാം. ഒരു ബ്ലാക്ക് & വൈറ്റ് സിനിമ കാണുന്ന പ്രതീതിയാണ് ചെന്നിറങ്ങിയപ്പോൾ തോന്നിയത്. ഒരു നൂറ്റാണ്ട് പിന്നിലേക്ക് സഞ്ചരിച്ചപോലെ. കേരളത്തിലെ വലിച്ചെറിയൽ സംസ്കാരത്തെക്കുറിച്ച് മലയാളം പരീക്ഷാ പേപ്പറിൽ ഉപന്യാസങ്ങൾ എഴുതിക്കൂട്ടിയത് ആലോചിച്ച് എന്റെ കണ്ണുനിറഞ്ഞുപോയി. ഹിന്ദി അറിയാമെങ്കിൽ ബംഗാളി വളരെ എളുപ്പമാണെന്ന് ഇവിടെ കാലെടുത്തുവെച്ചതു മുതൽ കേൾക്കാൻ തുടങ്ങിയതാണ്. അപ്പോൾ ഹിന്ദി അറിയാത്തവരുടെ കാര്യം പറയണോ? തോടാ തോടാ ഹിന്ദി മാലൂം എന്നു മാത്രം എനിക്കറിയാം. അതുകൊണ്ട് എങ്ങനെ പിടിച്ചുനിൽക്കും? വിശാഖിന്റെയും അവസ്ഥ ഇതു തന്നെ!

ബാംഗ്ലൂരിൽ UG പഠിച്ച ഗ്രീന കൂടെയുള്ളതുകൊണ്ട് തട്ടീം മുട്ടീം ഒന്നു നിലയുറപ്പിക്കാൻ പറ്റിയെന്നു പറയാം. എന്തൊക്കെയായാലും എല്ലാ ആഴ്ചയും വീട്ടിൽ പോയിരുന്ന എനിക്ക് ദൈവം തന്ന ശിക്ഷ; ഞാൻ വീട്ടിൽ പോകുമ്പോൾ മനസ്സു വേദനിച്ചിരുന്ന എന്റെ ക്ലാസ്മേറ്റ്സിന്റെ ശാപം. എല്ലാം ഒരു ഇടിത്തീ പോലെ വന്നു വീണു. ഊണിലും ഉറക്കത്തിലും ബംഗാളികളേയും അവരുടെ സംസ്കാരത്തേയും കുറ്റം പറയുക; ഇതായിരുന്നു എന്റെയും ഗ്രീനയുടേയും പ്രധാന പണി. വേറെ ആർക്കും നമ്മുടെ ഭാഷ മനസ്സിലാവാത്തതുകൊണ്ട് എന്തും എവിടേയും ഉറക്കെ വിളിച്ചുപറഞ്ഞുകൊണ്ട് നടക്കാം. ക്ലാസ്സിൽ ഇത്തിരി പൗഡറിട്ടുപോയാൽ എത്ര കോട്ട് അടിച്ചു എന്ന് കളിയാക്കുന്ന പിള്ളേരാണ് നമ്മുടെ നാട്ടിൽ കൂടുതലും. ഇവിടെയാണേൽ പ്രായമായവർ പോലും ലിപ്സ്റ്റിക് ഇടാതെ പുറത്തേക്ക് ഇറങ്ങില്ല. ഹും, നമ്മുടെ പയ്യന്മാരൊക്കെ ഇവിടെയൊന്ന് വന്നു കാണണം. നാട്ടിലെ ചെക്കന്മാരെ അപേക്ഷിച്ച് കുത്തിയിരുന്ന് പഠിക്കുന്ന സ്വഭാവമാണ് ഇവിടത്തുകാർക്ക്. പെൺകുട്ടികൾ നേരെ തിരിച്ചും. റെക്കോർഡും നോട്ടുകളുമെല്ലാം സ്വയം എഴുതുന്ന എന്റെ ക്ലാസ്സിലെ ആൺപിള്ളേരെ വളരെ അത്ഭുതത്തോടെയാണ് ഞാൻ നോക്കിക്കണ്ടത്. അമൽ പറയാറുള്ളതുപോലെ 'മല്ലൂസ് എപ്പോഴും പൊളിയാണ്' എന്ന് അഭിമാനം തോന്നിയ നിമിഷം. എല്ലാം ആദ്യമാദ്യം ചെയ്യാൻ തിടുക്കം കൂട്ടുന്നവരാണ് ഇവിടെ കൂടുതലുള്ളത്. നമ്മളാണേൽ എല്ലാത്തിനും പിന്നിലേക്കാണ്. ആദ്യത്തെ Mycology practical ക്ലാസിൽ മൈക്രോസ്കോപ്പും, സാമ്പിളും എന്റെയടുത്ത് വച്ചപ്പോൾ, ഞാൻ പയ്യേ ആരും കാണാതെ അത് അപ്പുറത്തെ ആളുടെ അടുത്തേക്ക് നീക്കിവെച്ചു. അപ്പോ അതാ അടുത്തത് കൊണ്ടുവരുന്നു. "എന്റെ കർത്താവേ, ഈ സെക്ഷനിംഗ് ഒക്കെ ഇവിടെ എല്ലാരും ചെയ്യണമല്ലേ". നമ്മൾ ക്ലാസിൽ ആരേലും ഒരാൾ ചെയ്ത് എല്ലാവരും അതിൽനിന്ന് ഒബ്സർവേഷനെടുക്കുന്ന സിസ്റ്റം ആയിരുന്നല്ലോ തുടർന്നുപോന്നിരുന്നത്. ഹോ, ആ നല്ല കാലങ്ങളെല്ലാം കഴിഞ്ഞു. ടീച്ചേഴ്സ് മൈക്രോസ്കോ



ജാസ്മിൻ തോമസ്
ആഗ്നേയ '13

പ്പിൽ ഏതേലും വച്ചാൽ ചക്കപ്പഴത്തിൽ ഈച്ച പൊതിയുന്ന പോലെ അടുത്ത് നിൽക്കുന്നവരെയെല്ലാം തട്ടിയിട്ട് ഓടുന്ന ആക്രാന്തം പിടിച്ച പിള്ളേരെ കണ്ട് ഞാൻ പകച്ച് നിന്നുപോയി.

ഒരു നിസാര കാര്യത്തിനുപോലും അട്ടഹസിച്ച് ചിരിച്ചിരുന്ന എന്റെ ചിരിയൊക്കെ കുറഞ്ഞുവന്നു. ആരോട് പറയാൻ? ആർക്ക് മനസ്സിലാവാൻ? ഈ മലയാളത്തെ ഇംഗ്ലീഷിലേക്ക് തർജ്ജമ ചെയ്ത് ബോധ്യപ്പെടുത്തി വരുമ്പോഴേക്കും തലവേദനയാകും. അതിലും ഭേദം മിണ്ടാതെ ഇരിക്കുന്നതാണ്. ഞാൻ സംസാരമൊക്കെ ആവശ്യത്തിനു മാത്രമാക്കി കുറച്ചുകൊണ്ടുവന്നു. കേരളത്തിലെ കുട്ടികൾ അച്ചടക്കം ഉള്ളവരാണെന്ന് അവരെകൊണ്ട് പറയിപ്പിച്ചു. കേരളത്തെയും നമ്മുടെ കോളേജിനെയും പുകഴ്ത്താൻ പറ്റിയ അവസരങ്ങളൊന്നും ഞാൻ ഒട്ടും പാഴാക്കിയില്ല. വിശാഖ് നമ്മുടെ നാടിനെകുറിച്ച് പറഞ്ഞതു കേട്ട് കൂട്ടത്തോടെ അങ്ങോട്ട് വരാനിരിക്കുന്നവരാണ് ഇവിടെ പലരും. ബംഗാളികൾ മാത്രമല്ല; ആന്ധ്രാക്കാരും തെലുങ്കന്മാരും, ഒറീസാക്കാരുമൊക്കെ ആ തള്ളലിൽ വീണുകിടക്കുകയാണ്. അവന്റെ പറച്ചിലിനെ 64 കൊണ്ട് ഹരിച്ചാൽ കിട്ടുന്നതാണ് യഥാർത്ഥത്തിൽ കേരളത്തിന്റെ സ്ഥിതി. അത്ര മഹനീയമായ വർണനകളാണ് അവന്റെ വായിൽ നിന്നും വരുന്നത്. കേട്ടുനിന്ന ഞാനും ഗ്രീനയും ആ നാട്ടിൽ നിന്നും തന്നെയല്ലേ എന്ന് ഒരു നിമിഷത്തേക്കെങ്കിലും ചിന്തിച്ചുപോയി.

ആവശ്യത്തിനും, അനാവശ്യത്തിനും ഞാൻ BCKV യിൽ എടുത്ത് പയറ്റിയിരുന്ന ഒരു പേരാണ് ദർശന ദിലീപ്. 2 വർഷം മുമ്പ് ഇവിടെ PG ചെയ്തിരുന്ന ദർശനയെ അറിയാവോന്ന് ആരെങ്കിലും ചോദിക്കേണ്ട താമസം 'Yeah of course. She is my senior. Now doing Ph.D in KAU'. കിലുക്കത്തിൽ ജഗതി ആരെ കണ്ടാലും 'Welcome to Ooty, nice to meet you' എന്ന് പറയുന്നതുപോലെയായിരുന്നു ആ പറച്ചിൽ. ഞാൻ ദർശനയുടെ ജൂനിയർ ആണെന്ന് Pathology ഡിപ്പാർട്ട്മെന്റിലെ ഒട്ടു മിക്കവർക്കും ഇപ്പോൾ അറിയാം.

ഹോസ്റ്റലിൽ രണ്ടുനേരം മാത്രമാണ് ഭക്ഷണം തരുന്നത്. സ്വന്തമായി എന്തേലും ഉണ്ടാക്കി തിന്നേണ്ടി വരുന്നത് എനിക്കും ഗ്രീനയ്ക്കും വലിയൊരു ആഘാതമായിരുന്നു. ഗുണനിലവാരം വളരെ കുറവായിരുന്നെങ്കിലും പാചകം ചെയ്യാനുള്ള കഴിവിനെ പരസ്പരം പുകഴ്ത്തിക്കൊണ്ട് ഞങ്ങൾ അതു രസകരമാക്കി. ആദ്യദിവസങ്ങളിൽ ഞങ്ങൾ പരസ്പരം ചോദിക്കുമായിരുന്നു "ഇന്ന് രാത്രി എന്തായിരിക്കും സ്പെഷ്യൽ?" ഒരാഴ്ച കഴിഞ്ഞതോടെ ആ ചോദ്യത്തിന് സ്ഥിരമായ ഒരു ഉത്തരം കിട്ടി. 'ഉരുളകിഴങ്ങും പരിപ്പുകറിയും'. അത് ഇത്ര ആകാംക്ഷയോടെ ചോദിക്കുന്നതിൽ എന്താണ് കാര്യം? ഉരുളക്കിഴങ്ങുകൊണ്ട് രണ്ട് കറികളുണ്ടാക്കും. രണ്ടും ഉരുളക്കിഴങ്ങ് തന്നെ, എന്താണൊരു വ്യത്യാസം? ഞാൻ പിറുപിറുക്കുന്നതു കേട്ടിട്ട് ഗ്രീന അതിന്റെ പിന്നിലെ തത്വം വെളിപ്പെടുത്തി. "എടീ, നീ മുദ്ര ശ്രദ്ധിക്കണം. മുദ്ര, ഒന്ന് വറുത്താണ് വെച്ചിരിക്കുന്നത്. മറ്റേത് പുഴുങ്ങിയും. എന്തിനേയും വ്യത്യസ്തമായ ഒരു വീക്ഷണകോണിൽ കാണൂ". ചിരിക്കാനും കരയാനും എനിക്ക് തോന്നിയില്ല. ഈ നിർവികാരമായ അവസ്ഥ സ്വപ്നത്തിൽ പോലും ഞാൻ പ്രതീക്ഷിച്ചിരുന്നതല്ല. എല്ലാ കറിയും ഉരുളക്കിഴങ്ങുകൊണ്ടാണ്. ഒരു അലങ്കാരത്തിന് ചിലപ്പോൾ ചീരയോ, കാബേജോ, ക്യാരറ്റോ അങ്ങനെ എന്തെങ്കിലും. പൂജാ ഹോളിഡേയ്സിന് വീട്ടിൽ പോകാമല്ലോ എന്ന പ്രതീക്ഷയിൽ ജീവിതം അങ്ങനെ മുന്നോട്ട് നീങ്ങുകയായിരുന്നു.

അങ്ങനെ കാത്തുകാത്തിരുന്ന ആ സുദിനം വന്നെത്തി. പൂജാ ഹോളിഡേയ്സ്. ഒരു മാസം നാട്ടിൽ ചെന്ന് അടിച്ചുപൊളിക്കണം. പെട്ടിയും പ്രമാണവുമൊക്കെയായി രാത്രി 11.20 ന്റെ ട്രെയിനുവേണ്ടി ഞങ്ങൾ 2.30 ഓടുകൂടി കോളേജിൽ നിന്നും പുറപ്പെട്ടു. ഷാലിമാർ റെയിൽവേ സ്റ്റേഷനിലേക്ക് 3.30 മണിക്കൂർ മതിയെങ്കിലും ഇനി ലേറ്റ് ആകേണ്ടാലോയെന്ന് വിചാരിച്ചു. ആ സന്തോഷതിമിർപ്പിൽ സുമയ്യായെ വിളിച്ചു. അവൾക്കാണെങ്കിൽ നല്ല ടെൻഷൻ. അവർക്ക് ലോക്കൽ ട്രെയിനുകൾ കുറവാണെങ്കിലും ഇതുവരെയും പുറപ്പെട്ടിട്ടില്ല. "ഹേയ്, നീ പേടിക്കേണ്ട, ദിവ്യചേച്ചി കൂടെ ഉള്ളതല്ലേ, രണ്ടുപേരും കൂടി പോരൂ" എന്ന് പറഞ്ഞ് ഞാൻ ഫോൺ വെച്ചു. പകർന്നു കിട്ടിയ ധൈര്യം കൂടിയിട്ടാണോ എന്നറിയില്ല അവളും ചേച്ചിയും റൂമിൽ തന്നെ ഇരുന്നു. ഏകദേശം 6 മണിയോടെ ഞങ്ങൾ ഷാലിമാർ സ്റ്റേഷനിലെത്തി. റൊട്ടിയൊക്കെ തിന്ന് വയറും നിറച്ച് അവരെയും കാത്ത് ഇരുപ്പാണ്. അല്ലാ, അവർ എത്തിയില്ലാലോ? ഗ്രീനയുടേതായിരുന്നു ചോദ്യം. "നീ പേടിക്കാതിരിക്ക്, ഞങ്ങൾ 4 വർഷമായി അവളെ കാണുന്നതല്ലേ, എല്ലാം താമസിച്ചേ ചെയ്യൂ". 9 മണിയുടെ ക്ലാസിന് 8.50 ന് എണീക്കുന്ന കക്ഷിയാണ്. ഇതൊക്കെ എന്ത്? സുമയ്യായെ ഞാൻ ഗ്രീനയ്ക്ക് നന്നായി പരിചയപ്പെടുത്തിക്കൊടുത്തു. പറഞ്ഞിട്ടെന്താ കാര്യം? ക്ലാസിൽ ലേറ്റ് ആയി വരുന്നതുപോലെയാണ് അവൾ ട്രെയിൻ പിടിക്കാനെത്തിയത്. വിശാഖ് സുമയ്യായെ വിളിച്ച് അന്വേഷിച്ചപ്പോഴാണ് ഹൗറ റെയിൽവെ സ്റ്റേഷനിലേക്കുള്ള 5.30 ന്റെ ലോക്കൽ ട്രെയിൻ അന്നേ ദിവസം ഇല്ലായെന്നും, പിന്നീടുള്ള 7 മണിയുടെ ട്രെയിനിലാണ് വരുന്നതെന്നും അറിഞ്ഞത്. പേടിക്കാനൊന്നുമില്ല. ഹൗറയിൽ നിന്ന് അര മണിക്കൂർ മതി ഷാലിമാറിലേക്ക്. ഹാവൂ .... ആശ്വാസമായി. ഞാൻ പറഞ്ഞില്ലേ, ഇതാണ് ഞങ്ങളുടെ സുംസി, എന്ന ഭാവത്തിൽ ഞാൻ ഗ്രീനയെ ഒന്നു നോക്കി. ഷാലിമാറിലേക്ക് ടാക്സി കിട്ടാനായി കാത്തിരിക്കുമ്പോഴാണ് അവർ ഒരു മലയാളി ചേട്ടനെ പരിചയപ്പെട്ടത്. അദ്ദേഹവും അതേ ട്രെയിനിൽ വരാൻ നിൽക്കുകയാണ്. പിന്നെ മൂവരും ഒരുമിച്ചായി യാത്ര.

കാര്യങ്ങളെല്ലാം അങ്ങനെ ശുഭകരമായി മുന്നോട്ടു പോകുന്നു എന്ന ആശ്വാസത്തിൽ ഇരിക്കുമ്പോഴാണ് അടുത്ത ദുരന്തം. ഷാലിമാറിലേക്ക് വരേണ്ട അവരുടെ ടാക്സി നേരെ പോയത് സിയാൽഡ എന്ന ലോക്കൽ റെയിൽവേ സ്റ്റേഷനിലേക്കാണ്. സ്ഥലം അറിയില്ല എന്നു പറഞ്ഞ് കേറി വന്ന മഹാലക്ഷ്മിയെ പറഞ്ഞുവിടാൻ ആ ടാക്സിക്കാരന് മനസ്സു വന്നില്ല. എന്തൊക്കെയായാലും അവിടെ പകച്ചുനിന്നുപോയി മൂന്നു മലയാളി ഹൃദയങ്ങൾ. സമയം പോവുകയാണ്. പകച്ച് ഇരിക്കാൻ സമയമില്ല. പെട്ടെന്നു തന്നെ അടുത്ത ടാക്സിയിൽ കയറി സാന്ദ്രഗച്ചി (ഷാലിമാർ കഴിഞ്ഞ് വരുന്ന

ആദ്യത്തെ സ്റ്റേഷൻ) എന്ന സ്റ്റേഷനിലേക്ക് യാത്ര തിരിച്ചു. രാത്രി 11.30 നാണ് ഇവിടെ ട്രെയിൻ എത്തുന്നത്. ചരക്കുലോറികൾ പോകുന്ന സമയമായതിനാൽ ആകെ മൊത്തം ട്രാഫിക് ആണ്.

"വിശാഖേ, ട്രെയിൻ എടുത്തല്ലോ, അവരെവിടെ?" സാന്ദ്രഗച്ചിയിൽ നിന്ന് ട്രെയിൻ മെല്ലെ നീങ്ങിത്തുടങ്ങി. കമ്പാർട്ട്മെന്റ് മുഴുവൻ ഭീതി നിറഞ്ഞ ഒരു അന്തരീക്ഷമായി. വിശാഖാണെങ്കിൽ തുരുതുരെ സുംസിയെ ഫോണിൽ വിളിക്കുന്നുണ്ട്. പക്ഷേ ഫോൺ എടുക്കുന്നില്ല. അവളുടെ ഉമ്മയും ഉപ്പയും എന്നെ വിളിച്ചുകൊണ്ടിരിക്കുകയാണ്. കമ്പാർട്ട്മെന്റിൽ കൂടെയുണ്ടായിരുന്ന ഒരു പറ്റം സിസ്റ്റേഴ്സ്, വിശാഖിന്റെ സീറ്റിനു സമീപം ഉണ്ടായിരുന്ന ഒരു ബംഗാളി കുടുംബം, പറഞ്ഞുവരുകയാണെങ്കിൽ ആ കമ്പാർട്ട്മെന്റിലെ ആർക്കും ഉറങ്ങാൻ പറ്റിയില്ലെന്നുതന്നെ പറയാം. ഈ പാതിരാത്രി അവരെന്തുചെയ്യും എന്നാലോചിച്ച് ഞങ്ങൾ നല്ല ബഹളമായിരുന്നു. അപ്പോഴതാ എന്റെ ഫോണിലേക്ക് സുമയ്യായുടെ ഒരു മെസേജ്. "I am at cinema". 'എന്റെ കർത്താവേ, ഈ സമയത്ത് അവൾ സിനിമയ്ക്കും പോയോ?'. എന്നും പറഞ്ഞ് തലക്ക് കയ്യും കൊടുത്ത് ഞാൻ നിന്നുപോയി. സത്യത്തിൽ ഫോണിൽ നിന്നും saved template കളിൽ ഒന്ന് send ആയി പോയതാണ്. ഏതായാലും ആ സമയത്ത് വരാൻ പറ്റിയ മെസേജ്.

പെട്ടെന്ന് ട്രെയിൻ നിന്നു. ഇതിപ്പോ എന്താ സംഭവം, ഏതാ സ്ഥലം, സാന്ദ്രഗച്ചിയിൽ നിന്ന് പതിയെ നീങ്ങുന്നേ ഉണ്ടായിരുന്നുള്ളൂ. ഇത്ര പെട്ടെന്ന് അടുത്ത സ്റ്റേഷൻ എത്തിയോ? ഞങ്ങൾ ആകെ അങ്കലാപ്പിലായി. വിശാഖും ഗ്രീനയും നേരെ കതകിനടുത്തു ചെന്ന് അവിടെ കണ്ട ഒരു പോർട്ടറോട് 'കോൻസാ ജഗാ ഹെ?' എന്നു ഹിന്ദിയിൽ വച്ചു കാച്ചി. യെ സാന്ദ്രഗച്ചി ഹെ ... എന്ന മറുപടി കേൾക്കേണ്ട താമസം, വിശാഖ് സുമയ്യായെ ഫോണിൽ വിളിച്ചു. ട്രെയിൻ ഇവിടെ തന്നെയുണ്ട്. ഓടി വാ ... ഏറ്റവും ആദ്യത്തേത് നമ്മുടെ കമ്പാർട്ട്മെന്റ്. ട്രെയിൻ പ്ലാറ്റ്ഫോമിൽ കാണാനില്ല എന്ന് ഇടറിയ സ്വരത്തിൽ സംസി മറുപടി നൽകി. സത്യത്തിൽ ട്രെയിനിന്റെ അവസാനഭാഗം മാത്രമേ അവൾക്ക് കാണാൻ പറ്റിയൊള്ളൂ. 'സാരമില്ല. ഏതെങ്കിലും കമ്പാർട്ട്മെന്റിൽ എല്ലാരും കൂടി കയറ്, പിന്നെ മാറിക്കോറാം.' ഈ വാക്കുകൾ ഉറക്കെ ആവർത്തിച്ച് പറഞ്ഞുകൊണ്ടേയിരുന്നു. 'അവർ കയറിയോ' എന്ന് എവിടെ നിന്നൊക്കെയോ ചോദ്യം ഉയർന്നു. 'ഹാ കയറി', ഗാർഡിന്റെ കമ്പാർട്ട്മെന്റിൽ കയറിപ്പറ്റി. പറഞ്ഞുനിർത്തിയപ്പോൾ ഞങ്ങളുടെ കമ്പാർട്ട്മെന്റിൽ ഉണ്ടായിരുന്ന എല്ലാവരും ഒരു ദീർഘനിശ്വാസമിട്ട് മൂടിപ്പുതച്ച് കിടന്നു. സമയം 12 കഴിഞ്ഞു. എന്റെ ബോധം പോയിത്തുടങ്ങി. ഞാനും ഗ്രീനയും കിടക്കാമെന്നു വെച്ചു. അപ്പോഴാണ് വിശാഖ് വന്ന് വിളിക്കാൻ തുടങ്ങിയത്. ഉറങ്ങല്ലേ, എണീക്ക്. ദൈവമേ, ദുരന്തങ്ങൾ തീർന്നില്ലേ!! അടുത്ത സ്റ്റേഷനിൽ വച്ച് മുൻപിലത്തെ കമ്പാർട്ട്മെന്റിലേക്ക് മാറികയറാൻ തീരുമാനിച്ചിരിക്കുകയാണ്, വെറും 3 മിനിട്ടു മാത്രം. വിശാഖ് ട്രെയിനിൽ നിന്നും ചാടിയിറങ്ങി സുമയ്യായുടെ അടുത്തേക്കോടി. അവർ മൂന്നു പേരും മുൻപിലേക്ക് ഓടി വരുകയാണ്. വിശാഖ് സുമയ്യായുടെ കൈയിൽ പിടിച്ച് തിരിച്ച് ഓട്ടം തുടങ്ങി. ഓടടാ ഓട്ടം. B1 കമ്പാർട്ട്മെന്റ് കണ്ടതും അവൻ ചാടികയറി. സുമയ്യായുടെ കൈ പിടിച്ച് അവളെ ട്രെയിനിനുള്ളിലേക്ക് വലിച്ചിട്ടു. തല മാത്രം കതകിന് പുറത്ത് കടന്ന് സുംസി കണ്ടത് ഞെട്ടിക്കുന്ന കാഴ്ചയാണ്. കൂടെ വന്ന ദിവ്യ ചേച്ചി അപ്പോഴും ഓടികൊണ്ടിരിക്കുകയാണ്. "പടച്ചോനേ ... ചേച്ചി". സുമയ്യാ നീട്ടി വിളിച്ചു. മൂവർസംഘത്തിലെ നല്ലവനായ ആ മലയാളി ചേട്ടൻ കയറിപറ്റിയ ബോഗിയിൽ നിന്നും തിരിച്ച് ചാടിയിറങ്ങി. ഗാർഡിന്റെ കൈയിൽ നിന്നും നേരത്തെ നമ്പർ വാങ്ങി വെച്ചിരുന്നതിനാൽ അദ്ദേഹത്തെ വിളിച്ചു, ട്രെയിൻ നിർത്തിച്ചു. അങ്ങനെ ചേച്ചിയും, ചേട്ടനും വീണ്ടും ഗാർഡിന്റെ ബോഗിയിൽ ശരണം പ്രാപിച്ചു. തൊട്ടടുത്ത സ്റ്റേഷനിൽ ട്രെയിൻ അര മണിക്കൂർ പിടിച്ചിട്ടതുകൊണ്ട് എല്ലാവരും യഥാസ്ഥാനങ്ങളിൽ എത്തിച്ചേർന്നു. താൻ ട്രെയിനിനുള്ളിലാണ് എന്ന സത്യം അംഗീകരിക്കാൻ പറ്റാതെ സുമയ്യ കുറച്ചു സമയം ആനന്ദകണ്ണീർ പൊഴിച്ചു. പാതിരാത്രിയിലെ ആ ഷോക്കിൽ നിന്നും രക്ഷപെടാൻ ചേച്ചിക്ക് കുറച്ച് സമയം വേണ്ടിവന്നു. ഇനി സുമയ്യായെ വിശ്വസിച്ച് ഒരു ഓട്ടോയിൽ പോലും പോകാൻ ചേച്ചി തയ്യാറല്ല എന്ന് ആ മുഖം കണ്ടാലറിയാം. ഈ യാത്ര പോലെ തന്നെ ബംഗാളിലെ ഓരോ ദിവസങ്ങളും സാഹസികമായി കടന്നുപോവുകയാണ്.



# THE VOID

I don't know why she likes me much
I haven't given her any red roses
Neither did I ever give a kiss
Or sent letters full of bliss

I never have taken her for a ride
Nor did I sing a song for her
Or did I gift her a birthday present
Or make a wish and see her smile

Yet she was the ecstasy of my life
As a kid she knew me well
Even when my tongue stammered for words
She was there, helping me in and out

As a teen I was a rebel
But she scolded me and said , "Be gentle"
When I turned of age, my things were weltered
In the morning, however, it was all in order

Now that she is gone, I feel incomplete
The void she left
Has cost me too much...

In her womb, I was born
By her tomb now I weep
Even after a thousand tears my eyes fail to dry
My heart's scars fail to heel, I don't know why?

Beacuse I am rot with grief
For the smile I didn't make
The kiss I didn't give
Her hand I didn't hold
And the love I will never regain
Again...

I wish I could roll back time
To see her once again
And kiss her enough till I redeem my shame

There is much more love you are blind to
Embrace it before it's too late
For shadows of guilt will never fade
It may dim, shrink or even degrade
But it will never fade..



Asif Ali V.K.
Taurus '14



# Mahabharat
# രണ്ടാമൂഴം

വയലാർ അവാർഡ് നേടിയ രണ്ടാമൂഴം, മലയാള സാഹിത്യകാരന്മാരുടെയും ആരാധകരുടെയും നിരൂപകരുടെയും പ്രശംസ നേടിയെടുത്ത നോവലാണ്. 1977 നവംബറിൽ മരണം സമീപത്തെത്തി പിന്മാറിയപ്പോൾ ബാക്കിയുള്ള സമയം കൊണ്ട് എഴുതിത്തീർക്കണമെന്ന് ആഗ്രഹിച്ച് എഴുതിയ നോവലാണ് രണ്ടാമൂഴം എന്ന് എം.ടി പറഞ്ഞിരുന്നു. രണ്ടാമൂഴം വെള്ളിത്തിരയിൽ അവതരിപ്പിക്കാനുള്ള ചർച്ചകൾ വർഷങ്ങൾക്കു മുമ്പേ ആരംഭിച്ചതാണ്. ഇതിനെ ചുറ്റി ചില ഊഹാപോഹങ്ങളും വർഷങ്ങളായി നിലനിൽക്കുന്നുമുണ്ട്. അവസാനം മലയാളികളെ ആവേശത്തിലാക്കി മോഹൻലാൽ ഭീമന്റെ കഥാപാത്രം അവതരിപ്പിക്കും എന്ന വാർത്ത പുറത്തുവന്നു. 2017 ൽ എം.ടിയുടെ തിരക്കഥയിൽ യു.എ.ഇ എക്സ്ചേഞ്ചിന്റെ സ്ഥാപകൻ ബി.ആർ ഷെട്ടി നിർമാണം ചെയ്തുകൊണ്ട് വി.എ ശ്രീകുമാർ മേനോന്റെ സംവിധാനത്തിൽ രണ്ടാമൂഴം ഒരുങ്ങുന്നതായി മോഹൻലാൽ തന്നെ അറിയിച്ചു.

"ലോകത്തിൽ എന്തൊക്കെ ഉണ്ടോ അതൊക്കെ ഇതിലുണ്ട്, ഇതിലില്ലാത്തത് ലോകത്തിലെവിടെയും നിങ്ങൾക്ക് കാണാൻ കഴിയുകയുമില്ല" എന്ന് മഹാഭാരതം തുടങ്ങുമ്പോൾ തന്നെ വ്യാസൻ പറയുന്നുണ്ട്. മഹാഭാരതത്തിലെ ഓരോ കഥാപാത്രത്തിനും സ്നേഹത്തിന്റെ, വേദനകളുടെ, നിസ്സഹായതയുടെ, പകയുടെ, ഭ്രാന്തമായ കീഴടക്കലിന്റെ കഥകൾ പറയാനുണ്ടാവും. പൊണ്ണത്തടിയനും തീറ്റപ്രാന്തനുമായ, പടുകൂറ്റൻ മരങ്ങളെ ചുവടോടെ പിഴുതെറിയുന്ന, യുദ്ധത്തിലും സ്നേഹബന്ധങ്ങളിലും ശക്തിയോടെ തലയുയർത്തി നിൽക്കുന്ന അതിശക്തനായ പോരാളിയായി ഭീമൻ കുട്ടിക്കാലം മുതൽ തന്നെ എന്റെ ഉള്ളിലും ഉണ്ടായിരുന്നു.

വേദവ്യാസന്റെ മഹാഭാരതം തന്നെയാണ് രണ്ടാമൂഴത്തിന്റെയും കാതൽ. എന്നാൽ വ്യാസൻ മഹാഭാരതത്തിൽ ഏറ്റവും കൂടുതൽ പ്രാധാന്യം നൽകിയ അർജ്ജുനനല്ല രണ്ടാമൂഴത്തിലെ നായകൻ. മറിച്ച് നായകൻ ഭീമനാണ്. കൗരവരിൽ ആദ്യമായി പകയുടെ വിത്തുകൾ പാകിയത് ഭീമനായിരുന്നു. കുട്ടിക്കാലത്തു ഭീമന്റെ ഉപദ്രവം ദുര്യോധനനും സഹോദരങ്ങൾക്കും താങ്ങാവുന്നതിനും അപ്പുറമായിരുന്നു. ഒടുവിൽ ദുര്യോധനൻ ഭീമനെ വകവരുത്താൻ വേണ്ടി വിഷച്ചോറൂട്ടി കാട്ടുവള്ളികളാൽ ബന്ധിച്ച് നദിയിലൊഴുക്കി വിട്ടു. പക്ഷേ, ഭീമന്റെ ഉപദ്രവങ്ങൾ വെറും ബാല്യകാല ചേഷ്ടകളായിരുന്നുവെന്നും മറ്റ് ദ്രോഹബുദ്ധികൾ ഒന്നുംതന്നെയില്ലായിരുന്നുവെന്നും വ്യാസമുനി പറയുന്നുണ്ട്. ഒരു സേനയെ മുഴുവൻ ഒറ്റയ്ക്കു നേരിടാനുള്ള കഴിവുള്ളവനായതുകൊണ്ട് പലപ്പോഴും ഭീമനെ ഭീമസേനൻ എന്ന് വിളിച്ചിരുന്നു. കർണാടകയിലും മഹാരാഷ്ട്രയിലുമായി ഒഴുകുന്ന ഭീമ നദിക്ക് ആ പേരു വന്നത് ഭീമനിൽ നിന്നാണ് എന്ന് പറയപ്പെടുന്നു.

"
**അയാൾ ഉപദേശിച്ചു "ശത്രുവിനോട് ദയകാട്ടരുത്. ദയയിൽ നിന്ന് കൂടുതൽ കരുത്ത് നേടിയ ശത്രു വീണ്ടും നേരിടുമ്പോൾ അജയ്യനാകും. അതാണ് ഞങ്ങളുടെ നിയമം. മൃഗത്തെ വിട്ടുകളയാം. മനുഷ്യന് രണ്ടാമതൊരവസരം കൊടുക്കരുത്"**
"



Aravind K.S.
Computer Club

നഷ്ടബോധം, പ്രണയം, ഏകാന്തത, പക, നിഷേധം കൂടാതെ നിഷ്കളങ്കനും അതിശക്തനും ലളിത ചിന്താഗതിക്കാരനുമായ ഭീമൻ എന്ന മനുഷ്യന്റെ സകല വികാര വിചാരങ്ങളും നോവലിൽ ഭീമന്റെ കണ്ണിലൂടെ വിവരിക്കുന്നു. ഭീമൻ എല്ലായിടത്തും രണ്ടാമനായിരുന്നു. ആദ്യഭാര്യ ഹിഡുംബിയുമൊത്ത് കുറച്ചു കാലം മാത്രമേ കഴിയാൻ സാധിച്ചിരുന്നുള്ളൂ എന്നുള്ളത് ഭീമന് എന്നും നിരാശയായിരുന്നു. ദ്രൗപതിയെ ഏറ്റവുമധികം സ്നേഹിച്ചിരുന്നത് ഭീമനായിരുന്നു. എന്നാൽ ദ്രൗപതി സ്നേഹിച്ചത് അർജ്ജുനനെയും. കൗരവരെ മുഴുവൻ കൊന്നത് ഭീമനായിരുന്നെങ്കിൽ അംഗീകാരവും പ്രശംസയും എന്നും അർജ്ജുനന് ലഭിച്ചു. അതു പോലെത്തന്നെ കർണ്ണനെ ഭീമൻ കൊല്ലാതെ വിടുന്ന ഒരു രംഗമുണ്ട്. കർണ്ണനാണ് ഇവരുടെ മൂത്ത സഹോദരൻ എന്നറിഞ്ഞ ഭീമനെ സാരഥി വിശോകനാണ് അതിൽ നിന്ന് പിന്തിരിപ്പിക്കുന്നത്. ചില സമയത്ത് കാനന കന്യകയായ ഹിഡുംബിയിലാണോ അതോ രാജകുമാരിയായ ദ്രൗപതിയിലാണോ ഭീമന് കൂടുതൽ പ്രണയം എന്ന് വായനക്കാരന് സംശയം ഉണ്ടാകുന്നു.

കന്യകാത്വം നഷ്ടപ്പെടാതെ കുന്തി വായുദേവനിൽ നിന്ന് സ്വന്തമാക്കിയ പുത്രൻ എന്നാണ് മഹാഭാരതത്തിൽ ഭീമനെക്കുറിച്ച് പറയുന്നത്. എന്നാൽ എം.ടിയുടെ കണ്ണിൽ ഭീമൻ ഒരു ജാരസന്തതിയാണ്, ശക്തനായ ഒരു മകനെ ലഭിക്കാനായി ഒരു കാട്ടാളനുമായി ബന്ധപ്പെട്ടതിലൂടെ കുന്തിയ്ക്ക് ലഭിച്ച മകൻ. കുന്തിയിൽ നിന്ന് തന്നെ ഇതറിഞ്ഞ ഭീമൻ തകരുന്ന രംഗവും കഥയിലുണ്ട്. സിനിമയാകുമ്പോൾ ഏറ്റവും കൂടുതൽ ചർച്ച ചെയ്യപ്പെടുന്നതും വിവാദമാകുന്നതും ഭീമന്റെ ജനനമായിരിക്കും. എല്ലാവിധ വികാര വിചാരങ്ങളിലൂടെ കടന്നു പോകുന്നതും എന്നാൽ എല്ലായിടത്തും രണ്ടാമനുമായ ഭീമന്റെ കഥ സിനിമയാകുമ്പോൾ മോഹൻലാൽ കുറച്ചൊന്നു കഷ്ടപ്പെടേണ്ടി വരും. ഒരുപാട് തയ്യാറെടുപ്പുകൾ നടത്തേണ്ടതായും വരും. രണ്ടാമൂഴം വായിക്കുമ്പോഴൊക്കെ അതിലെ ഓരോ കഥാപാത്രങ്ങളും നമ്മുടെ മനസ്സിലെ നായകന്മാർ ചെയ്താൽ നന്നാവുമെന്ന് തോന്നാറുണ്ട്. ചലച്ചിത്രമാകുന്നു എന്നറിഞ്ഞതിനു ശേഷം വീണ്ടും വായിച്ചു തുടങ്ങിയപ്പോൾ മനസ്സിലെ സ്ക്രീനിൽ മോഹൻലാലും കമലഹാസനും അമിതാബച്ചനുമെല്ലാം വരാറുണ്ട്. നമ്മൾ ഇടയ്ക്കു പറയുന്ന പോലെ മുണ്ടക്കൽ ശേഖരൻ ഉള്ളതുകൊണ്ടാണ് മംഗലശ്ശേരി നീലകണ്ഠൻ എന്ന കഥാപാത്രം എത്ര ശക്തമായത് എന്ന പോലെ ഇവിടെ മോഹൻലാൽ ഭീമനെ അവതരിപ്പിക്കുമ്പോൾ എല്ലാം കൊണ്ടും മോഹൻലാലിനൊപ്പം നിൽക്കുന്ന കമലഹാസനു മാത്രമേ ദുര്യോധനനെ ചെയ്തു ഫലിപ്പിക്കാൻ പറ്റുള്ളൂ എന്ന് ഞാൻ വിശ്വസിക്കുന്നു. കൃഷ്ണൻ, അർജ്ജുനൻ, കർണ്ണൻ, യുധിഷ്ഠിരൻ, നകുലസഹദേവൻ, ആചാര്യ ഗുരു ദ്രോണർ അങ്ങനെ പ്രസക്തമായ കഥാപാത്രങ്ങളുള്ള രണ്ടാമൂഴത്തിൽ ഇന്ത്യയിലെ മികച്ച അഭിനേതാക്കളെ അണിനിരത്തി ഇതൊരു ഗംഭീരമായ ചലച്ചിത്രമാക്കാൻ കഴിയും. എന്നാൽ മഹാഭാരതത്തിലായാലും രണ്ടാമൂഴത്തിലായാലും കുരുകുലാധിപനും ആത്മതേജസ്സിയുമായ ഭീഷ്മരെ അവതരിപ്പിക്കുവാൻ ഇന്ന് ഇന്ത്യൻ സിനിമയിൽ അമിതാബച്ചനെ കഴിഞ്ഞേ മറ്റൊരാളുള്ളൂ. മറ്റേതു കഥാപാത്രത്തിനും പകരം വെയ്ക്കാൻ ഒരുപാട് അഭിനേതാക്കൾ ഇന്ന് ഇന്ത്യയിൽ ഉണ്ട്.

എല്ലാവരുടെയും ഉള്ളിൽ ഒരു മഹാഭാരത കഥയുണ്ട്. ആ കഥയിൽ അവരുടേതായ നായകന്മാർ ഉണ്ടാവും. പക്ഷേ രണ്ടാമൂഴത്തിൽ ഭീമന്റെ ശരികളും ചിന്തകളും പകയും പ്രണയവും കൂടുതലായി കാണാം. അത് പ്രേക്ഷകരിലേക്ക് എത്തിക്കാൻ ഒരു തുടക്കക്കാരൻ എന്ന നിലക്ക് ശ്രീകുമാർ മേനോന് സാധിക്കുമോ എന്നത് ചോദ്യചിഹ്നമാണ്. സ്റ്റാർട്ട്, ക്യാമറ, ആക്ഷൻ, കട്ട് എന്ന് പറയുന്നതല്ല സിനിമ, ഒരു സിനിമ സംവിധായകന്റെ സ്വപ്നവും ചിന്തകളും ശരികളും ആണ്. എം.ടി. എന്ന മഹാപ്രതിഭയുടെ കഥയും തിരക്കഥയും ഉണ്ടായാലും അതിനെ പൂർണതയിലേയ്ക്ക് എത്തിക്കേണ്ടത് തീർച്ചയായും സംവിധായകനാണ്. എല്ലാം നല്ല രീതിയിൽ സംഭവിച്ചാൽ അത് നാളത്തെ ചരിത്രമാവും. ഒരു ചരിത്രം പിറക്കുന്നതിന് വേണ്ടി നമുക്ക് കാത്തിരിക്കാം.

കടം വീട്ടാൻ [illegible]
[illegible]
ആചാര്യനായാലും
പിതാമഹനായാലും
ഭീമന് ജയിച്ചേ പറ്റൂ...

ക്ഷമ നശിച്ച പോലെ
കൃഷ്ണൻ ചോദിച്ചു
"ഇനി നമ്മളെന്ത്
ചെയ്യണമെന്നാണ്
അങ്ങളുടെ
തീരുമാനം."
യുധിഷ്ഠിരൻ
മുഖമുയർത്തി
നോക്കി...
എന്നിട്ട് വളരെ
ശാന്തതയോടെ ഒരു
വാക്ക് മാത്രം പറഞ്ഞു
"യുദ്ധം..."



# Her Eyes

Those coal black eyes had something elemental about them. As she fluttered her beautiful eyelashes, I sensed the familiar emotion of fear and awe welling up within me. Her eyes were the abyss into which I had stared to, for too long. In its very depths, I could see the swirling ghosts of vague memories of a distant past. And in those memories, as children, she and I were one, though neither of us had crossed paths yet. Suddenly, I fell into those eyes, and the river of time came to a halt and enveloped us to become a flat circle. And while I lay uneasy in my disturbed dreams, a bed bug bit me in the rear, and I woke up startled. I looked around at the strange walls, and slowly realized that I was still in my room at Pampa Men's Hostel. I was breathing hard and all sweaty. "Damn, why do I keep having that dream?"

Like all days, today too, I was late. It was past 10'o'clock. Like all days, there was no particular reason for me to take the effort to get up, wash and make it to the college and have my attendance marked. I stretched my limbs and finally got up and looked down at the flex that had become my bed for the last four months. The rabbit that had become my room-mate shot across the room and then sprinted between my legs. There were half eaten lettuce leaves strewn all across the room. I briefly considered picking up the little ball of white fur, and tossing it out of the balcony for sport. I decided against it. The other roommate, my senior, who had already left for class, probably wouldn't approve of the murder. I felt tired .Waking up late has its toll. "May be I should start getting up earlier, and I could see the dawn again" I thought "or, maybe I should sleep later, after dawn". It was time for me to leave for the class.

I walked through the heavily vegetated path on my way to the college. I was late, and I was supposed to hurry, but today I felt like walking slowly, taking in all the beauty around me. I wanted to breathe in and have my eyes take in every little detail of this enchanting landscape. I have seen it numerous times, as it was part of daily ritual to hurry across this path for belated entries into lecture halls. But it seemed different today. May be it was because it was my favorite time of the year. The sky was cloudy, it was cool, the whole earth seemed to be oozing out the fragrance that came with the first rain, and from either side of the road, insects were springing from the midst of the lush, thick and tall grasses."Damn, I must write down something to describe this perfect moment". But I knew that I would never be able to find the words or ways to do that. It would simply be not good enough. "Perhaps I should resort to metafiction - fiction within the fiction. Then the readers would forgive my inadequacy and focus more on my attempts to be clever". My walk is almost at its end. In the distance, the orange building was becoming clearer. Another day at Horti.

The first hour. Economics. Probably interesting, but I didn't made an effort to be attentive. I looked around and observed my classmates. Most looked as bored as I was. Some could have been asleep already, even though their eyes, kept wide open would fool the casual observer. Others were furiously making notes, their faces bearing a hint of concern at their inability to comprehend the alien concepts being taught to them. A slight hum of murmuring was welling up from within the silent depths of the class. It would keep growing up until it would reach the level of full blown chatter and noisy rebellion. Generally, agricultural credit would have been a popular subject, since it was a burning issue. But I guess we were not the average crowd our teacher was used to. So she broke into a tirade of genuine anger at our apparent lack of commitment or general knowledge. The speech felt patronizing. I must be inattentive to just spite her off, so I zoned out as I usually do. For what seemed like minutes, I sank into some deep unrelated thoughts. And as always these hazy thoughts were unorganized and ultimately meant nothing. I probably reflected upon how a major portion of my limited time on earth had been spent upon musing about, well… I don't know.

For most of us, mind was a dark room, walking across which, we would trip over the numerous threads of stray thoughts. And suddenly, I came back as a hush fell over the class. And I realized that all eyes were on me."And you "the teacher had turned to me – she must have

noticed my sad little face. I stood up and smiled like a fool, like I usually do. And as always, today too, I hid behind a mask, since I was too tired and wished to do nothing. "Did you even bath before coming to class?"There was a roar of laughter. It was true. I looked terrible. But I was not really concerned. These days I had started taking pride in the fact that I looked like some guerilla fighter who had ventured out of the forest. Must be the side effects of reading the works of those wretched tricksters – Nietzsche and Camus. "Did you come just to have your attendance marked? " I nodded and smiled brightly. "Go back to the hostel. Have a bath and come back".I moaned silently as I walked out, and heard another round of laughter. One of my friends was insisting that he too be allowed to leave to have a bath. It was time for tea and I made my way to Salkara.

* * *



Me and my friends walked back to the hostel in the evening. I was literally cracking up and laughing like a mad man. I do not remember what the joke was about. But I laughed hard until my insides hurt. For one brief moment, the entire world seemed beautifully illuminated by the absurdity of the said joke. And I was out of breath.

Jokes are sometimes employed as defense mechanisms to cope with and hide deeply embedded insecurities. For example, when we have an awkward moment during a social interaction with a stranger, the primeval trigger of 'fight or flight' goes off inside us. A timely joke would diffuse the situation, and we would feel the hormonal equivalent of a safe blanket wrapped around us. Me and my friends were not very bad at coming up with jokes. Looking at my friends, I wondered what sort of demons they were trying to hide behind this facade of quick wit. As we approached the gates of Pampa, an auto rickshaw carrying the daily supplies to the mess with two of my juniors raced up to the gate and swerved in. 'Extra'. My batch mates ran to eat up mayonnaise added sandwiches. I too must rush to the mess. Suddenly I remembered why I had rushed to the hostel in the first place. My belly gave a groan. I shot across the courtyard, the stairs and across the veranda, straight into the toilet. The stench was bearable; the previous occupant had smoked a cigarette. I felt gratitude welling up within me.

* * *

I walked the long path from the hostel to the Central Library. I walked across many of the familiar landmarks- the glasshouses, the college gate, the highly overrated gulmohar trees and their crimson tears strewn across the path, the playground , the central auditorium and finally my temple. The walk always managed to numb the mind with unnervingly supersaturated hues of green. The library had a special place in my heart. Though I was not particularly productive during my attempts to sit down and read, the hallowed walls, portals and shelves of this place presented themselves to me as a refuge. No one came here. And the untouched and dusty pages of the volumes gave me a deep sense of wonder I hadn't known had survived inside me. As Proust tried to say in his 'In Search Of Lost Time', this place with its massive globe and model satellites floating around in the air awakened the child within me. And as a child I could be amazed by even the most little and mundane things. I needed this like a junkie needed his shot. The very walls had some stories to tell, I used to think. But today, it felt different. In fact, it had been this way for some time now. Now, I felt no wonder. I was an adult again; painfully aware of the fact that nothing under this sun is new. Everything that happened would happen again, we would repeat the mistakes of previous generations. Everything that is about to happen is an echo from the past, and we are powerless to break the circle. I felt like that, because I knew I was destined to see her again today. And whenever she came, time would become a flat circle, just like it happened in my dreams. I sighed, and opened a book.

* * *

The familiar smell of old books had completely enveloped me, and I was lost in the world of words. There was not a drop of sound. The entire second floor was devoid of people. The rustling wind outside managed to slowly lull me into a slumber. I had once slept and woke up just in time before the security man was locking the main doors. If I had been any later, I would have had to spend the night alone in this place, especially since my phone was dead.



As the closing hours approached, suddenly I felt a silence as old as the mountains. She must be here. My mind always plays these tricks when she approaches. And sure enough, I heard those familiar soft steps coming up the stairs from behind the first shelf. I closed my book, my heart pounding hard. It was her, alright .She walked to the Malayalam literature section. Unlike the average crowd in the campus, she kept her thick dark locks of hair free. Sometimes she shook her head, and her luscious black hair would briefly flow around in the air like some waves in a river. She stood peering into some book she had taken off the shelf. I trembled .To say she was beautiful was an understatement .Her beauty had a terrible quality about it. Men's heart would break by so little as a flicker of movement in her eyebrows. Poets would give away entire cities just for the black mole on her neck. And now she stood just few steps away from me. Now I think I know what Hafez and Khayyam went through when they were moved to write immortal couplets heaping praise for their faceless muse.

I coughed.

She lifted her head and looked at me. She smiled. We knew each other, and since she had invariably seen me here every day, we had started addressing each others' presence .These days, our conversations had become longer. Her questions had become more intimate. I smiled back. I stood and walked up to her. But she was no longer dreamy eyed as she used to be. Her eyes had become deeper. And I could not turn away from them. I just stood peering into its depths. "Hi" she said. Silence enveloped us. Those eyes bore down heavily upon me and it crushed me. And as I remembered my dream, I started to tremble even more. The corner of her red lips gave the hint of a smirk. She wore a questioning expression on her face. But her eyes told me that she knew.

"What's wrong?" She asked.

My universe became a singularity.

"Chechi, you scared me". I felt my word collapsing. I had meant to say something else. Of all the disastrous things that my clumsy brain has caused me to speak out, this, I knew would be the most horrible. But strangely, I felt relieved. It was almost as if I had spoken the truth.

And then it happened. Her eyes become kinder. The flames that had consumed my days and nights were no longer there. She smiled. And she understood. "It's alright". Her sweet voice soothed me. She came closer.



Amal Jamal
Aristaeus '10



ഒത്തിരിപ്പേരുണ്ടത്രേ
എഴുത്തിൻ പാതയിൽ
മുനയൊടിക്കപ്പെട്ടവർ...
അവരിന്നും പോരാട്ടത്തിലാണ്
എഴുതിതീരാനുള്ള
അവകാശത്തിനായ്...



# അക്ഷരങ്ങൾക്ക് ചൂട് പിടിക്കുമ്പോൾ

2017 സെപ്റ്റംബർ ഫാസിസത്തിന്റെ വെടിയുണ്ടയിൽ ഒരു രക്തസാക്ഷി കൂടി ജനിച്ചു. ഗൗരി ലങ്കേഷ് ഒരു ഓർമ്മയായി അവശേഷിച്ചപ്പോൾ രക്തത്തിൽ കുതിർന്നെടുത്ത അവരുടെ വിമതശബ്ദങ്ങൾ പതിന്മടങ്ങ് ശക്തിയോടെ മാറ്റൊലി കൊണ്ടു. ഗൗരി ലങ്കേഷ്ക്കർ ഒരു തുടക്കമോ, ഒടുക്കമോ അല്ല. കൽബുർഗി, ധഭോൽക്കർ, പൻസാരെ തുടങ്ങി നീണ്ടുകിടക്കുന്ന വലിയ ചങ്ങലയിലെ ഒരു കണ്ണി മാത്രം. എന്തിനാണ് ഒരു അഭിപ്രായത്തിന്റെ പേരിൽ നാം ഇവരെ കൊന്നു കളഞ്ഞത്? അവിടെയാണ് ആശയങ്ങളുടെ ശക്തി. ആയുധങ്ങളേക്കാൾ എന്നും ശക്തി ആശയങ്ങൾക്കാണ്. അടിച്ചമർത്തുന്നവന്റെ അസ്ഥിത്വം തന്നെ തകർത്ത് ഉയർത്തെഴുന്നേൽക്കാൻ വാക്കുകൾക്ക് സാധിക്കും. ഭരണകൂടങ്ങളും ഫാസിസവും എന്നും ഒരുപോലെ ഭയപ്പെട്ടിരുന്നത് ജനങ്ങളുടെ സ്വതന്ത്ര ആശയങ്ങളെയായിരുന്നു. അതുകൊണ്ടുതന്നെയാണ് സ്വേച്ഛാധിപതികളും രാഷ്ട്രത്തലവന്മാരും ഭരണകൂടങ്ങളും എഴുത്തുകാർക്കും കലാകാരന്മാർക്കും എതിരെ വാളോങ്ങുന്നത്.

അഭിപ്രായ സ്വാതന്ത്ര്യം പോലെ തന്നെ പ്രധാനമാണ് എന്ത് എഴുതണം, എന്ത് വായിക്കണം എന്ന് തീരുമാനിക്കാനുള്ള സ്വാതന്ത്ര്യം. 1993 ൽ തസ്‌ലീമ നസ്റിൻ എന്ന ബംഗ്ലാദേശ് എഴുത്തുകാരി രചിച്ച 'ലജ്ജ' എന്ന നോവൽ ഗ്രന്ഥകാരിയുടെ ജീവനുതന്നെ ഭീഷണിയുണ്ടാക്കി. രാഷ്ട്രീയ സാംസ്ക്കാരിക മേഖലയിൽ വൻ കോളിളക്കമുണ്ടാക്കിയ പുസ്തകം പിന്നീട് സമാധാനം പുനഃസ്ഥാപിക്കാനെന്ന പേരിൽ ബംഗ്ലാദേശ് സർക്കാർ നിരോധിച്ചു. നിരോധനത്തിലൂടെ ഒന്നും തന്നെ അവസാനിച്ചില്ല. പുസ്തകത്തിന്റെ പേരിൽ അവിടുത്തെ ഇസ്ലാമിക സംഘടന തസ്‌ലീമ നസ്റിനെ വധശിക്ഷയ്ക്കു വിധിക്കുകയും, ഇവരുടെ തലയെടുക്കുന്നവർക്ക് 50000 താക്ക ഇനാം പ്രഖ്യാപിക്കുകയും ചെയ്തു. ഒരു ഭാഗത്ത് നിരോധനം നിരോധനം എന്ന് മുറവിളി കൂട്ടുമ്പോൾ മറുഭാഗത്ത് ഇന്ത്യയിൽ നിന്നും മറ്റും അവരുടെ ആവിഷ്ക്കാര സ്വാതന്ത്ര്യത്തിനു വേണ്ടി ഘോരഘോരം വാദിച്ചു. ഇതേ ഹിന്ദു തീവ്രവാദികൾ തന്നെയാണ് 'ഭഗവാൻ കാലുമാറുന്നു' എന്ന നാടകം അരങ്ങിൽ തന്നെ കരിയിച്ചു കളയാൻ ശ്രമിച്ചവർ. തലങ്ങൾ മാറുമ്പോൾ വളരെ പെട്ടന്നുതന്നെ ആവിഷ്ക്കാര സ്വാതന്ത്ര്യം അസഹിഷ്ണുതയായി മാറുന്നു.

1998 ൽ മാതാമഹാദേവി രചിച്ച 'ബാസന വചന ദീപ്തി' എന്ന പുസ്തകം കർണ്ണാടകയിൽ ഒരു കോളിളക്കം തന്നെ സൃഷ്ടിച്ചു. പുസ്തകത്തിൽ പ്രതിപാദിച്ചിരിക്കുന്ന പല വിഷയങ്ങളും IPC യിലെ സെക്ഷൻ 295 A യും, കോഡ് ഓഫ് ക്രിമിനൽ പ്രൊസീജറിലെ സെക്ഷൻ 95 നേയും ലംഘിച്ചു. മാത്രമല്ല ഇത് കർണ്ണാടകയിലെ ജനങ്ങളുടെ മതവികാരത്തെ വ്രണപ്പെടുത്തി എന്ന അവകാശവാദത്തോടെ ഗവൺമെന്റ് ഈ പുസ്തകം നിരോധിച്ചു. ഇതിലെ ഏറ്റവും പരിതാപകരമായ വസ്തുത എന്നത് IPC സെക്ഷൻ 295 A യും CrPC സെക്ഷൻ 95 ഉം ഇന്ത്യയിലെ കോളനിവൽക്കരണത്തിന്റെ ജീർണ്ണിക്കാത്ത അവശിഷ്ടങ്ങളാണ്. ഇതിന് നിലവിലുള്ള പ്രസക്തമായ ജനാധിപത്യഭരണത്തിലെ ആവശ്യകത എന്താണ്? ഇന്നോളമുള്ള ചരിത്രത്തിൽ ഇത്തരത്തിൽ അസഹിഷ്ണുതയുടെ നിരവധി അനുഭവങ്ങൾ നമുക്ക് ചൂണ്ടിക്കാണിക്കാൻ സാധിക്കും. "ഡെക്കാൻ ഹെറാൾഡ്" എന്ന മാഗസിനിൽ പ്രസിദ്ധീകരിച്ച 'മുഹമ്മദ് ദ ഇഡിയറ്റ്' എന്ന ചെറുകഥ സൃഷ്ടിച്ച ലഹളയിൽ നാല് ജീവനുകൾ പൊലിയുകയും 50 ൽ പരം ആളുകൾ മുറിവേൽക്കപ്പെടുകയും ചെയ്തു. ഒരു കൂട്ടം ആളുകൾ "ഡെക്കാൻ ഹെറാൾഡിന്റെ" ഓഫീസ് കത്തിക്കാൻ ശ്രമിച്ചു. സത്യത്തിൽ ആ കഥ പ്രവാചകനെ




പറ്റിയേ ആയിരുന്നില്ല. എന്നാൽ മുഖ്യകഥാപാത്രത്തിന്റെ പേര് മുഹമ്മദ് എന്നായിരുന്നതിനാൽ മതതീവ്രവാദത്തിന്റെ നാമ്പുകൾ മുളപ്പിച്ചെടുക്കാൻ തീവ്രവാദികൾക്ക് ഒരവസരം കിട്ടി എന്നു മാത്രം.

എല്ലാ മതങ്ങൾക്കും ഇത്തരത്തിലുള്ള അസഹിഷ്ണുതയിൽ ഒരു പങ്കുണ്ട്. കസാൻദ്സാക്കിസിന്റെ ക്രിസ്തു

വിന്റെ അന്ത്യപ്രലോഭനം എന്ന കൃതിക്ക് നേരെ ഉയർന്നു വന്നതും, തീക്ഷ്ണമായ വികാരപ്രകടനങ്ങളായിരുന്നു. അതിനെ ആസ്പദമാക്കിയെഴുതിയ എന്തും, എഴുതിയവരും ശക്തമായ ഭാഷയിൽ അധിക്ഷേപിക്കപ്പെട്ടത് നമ്മുടെ കൊച്ചു കേരളത്തിലാണ്.

തനിക്കുനേരെ ഉയരുന്ന ചൂണ്ടുവിരലിനെ 'നിരോധനം' എന്ന മാർഗ്ഗത്തിലൂടെ മറികെടുക്കുവാൻ പല ദേശീയ ഭരണകൂടങ്ങൾപോലും ശ്രമിച്ചിട്ടുണ്ട്. ഇന്ത്യൻ ചരിത്രത്തെ അപമാനിക്കുന്നു എന്ന പേരിൽ 'രാമനിലേക്ക് ഒരു മണിക്കൂർ' എന്ന പുസ്തകം, നെഹ്റു സർക്കാർ നിരോധിക്കുകയുണ്ടായി. സോണിയാ ഗാന്ധിയുടെ കണ്ണിലൂടെ ഗാന്ധി കുടുംബത്തിന്റെ കഥയാണ് അത് പറയുന്നത്. ഈ പുസ്തകം പ്രസിദ്ധീകരണത്തിനു മുമ്പു തന്നെ നിരോധിക്കുന്നതിനു വേണ്ടിയുള്ള ശ്രമങ്ങൾ മെയിലുകളായി ഇന്ത്യയിൽ നിന്നും പുറപ്പെട്ടതാണ്. ഈ പുസ്തകം ഒരു കുടുംബത്തിന്റെ സ്വകാര്യതയെ ചോദ്യം ചെയ്യുന്നു എന്നാണ് പുസ്തകത്തിനു നേരെ ആയുധമേന്തിയവർ പറയുന്നത്. ഇവിടെ ചോദ്യമിതാണ് - നേതൃത്വ നിരയിൽ മുന്നിലുള്ള ഇന്ത്യൻ രാഷ്ട്രീയത്തിലെ ശക്തമായ നേതാക്കളിലൊരാൾ എന്തുകൊണ്ട് ആശയങ്ങളെ ആശയങ്ങൾ കൊണ്ട് എതിർത്തില്ല?

ഇന്ന് ഭാരതം മുഴുവൻ പുകയുകയാണ്. പദ്മാവതി എന്ന സിനിമ ആവിഷ്ക്കാര സ്വാതന്ത്ര്യത്തിനേറ്റ ഒരു വൻ തിരിച്ചടിയാണ്. പുരാണത്തെ വളച്ചൊടിച്ചു, ഒരു വംശത്തെ മുഴുവൻ അപമാനിച്ചു എന്നിങ്ങനെ ആക്രോശിച്ച് ഒരുപാട് ആൾക്കാരുടെ പരിശ്രമങ്ങളെ മുഴുവൻ പരാജയപ്പെടുത്തി. ഭാരതത്തിന്റെ മതേതരത്വം വ്രണപ്പെടുത്താനാണ് ഇന്ന് ശ്രമങ്ങൾ നടന്നുകൊണ്ടിരിക്കുന്നത്.

മനുഷ്യവളർച്ചയെക്കാളും പതിന്മടങ്ങ് വേഗത്തിൽ മനുഷ്യന്റെ ചിന്താഗതി വളർന്നുകൊണ്ടിരിക്കുകയാണ്. ഇവിടെ സ്വതന്ത്ര ആശയങ്ങളെ ഒരിക്കലും തടഞ്ഞു നിർത്തുവാൻ സാധിക്കില്ല. വളർന്നുകൊണ്ടിരിക്കുന്ന ചിന്തകളെ തടയുമ്പോൾ മുരടിച്ചുപോവുന്നത് സമൂഹം തന്നെയാണ്. ആശയങ്ങൾ മതവികാരത്തെ വ്രണപ്പെടുത്തുകയാണെങ്കിൽ വ്രണപ്പെടുത്താത്ത മതവികാരത്തിന്റെ അതിരുകൾ എവിടെയാണ് തിരിച്ചത്? എന്തും അപേക്ഷിതമാവുമ്പോൾ അതിരുകളും പരിധികളും വ്യക്തിയിലേക്ക് ചുരുങ്ങുന്നു. എന്തെഴുതണമെന്ന് തീരുമാനിക്കപ്പെടുമ്പോൾ എന്ത് വായിക്കണം എന്ന അവകാശം വായനക്കാർക്കുമുണ്ട്. ഈ രണ്ട് അവകാശങ്ങളും കൂടിച്ചേരുമ്പോൾ അക്ഷരങ്ങളെ നിരോധിക്കേണ്ട ആവശ്യകത എന്താണ്?



സുഗിന പി.
ടോറസ് 14'

---

"ധീരനും സ്വതന്ത്രനും സർവ്വോപരി സർഗ്ഗാത്മകനുമായ മനുഷ്യശിശു അറുപതോ എഴുപതോ വർഷംകൊണ്ട് ഭീരുവും പരതന്ത്രനുമായിതീർന്ന് സ്വന്തം സൃഷ്ടിപരത വംശവൃദ്ധിക്കുവേണ്ടിമാത്രം ചെലവിട്ട് ഒടുവിൽ വൃദ്ധവേഷം കെട്ടിയ വലിയൊരു കുട്ടിയായി മരിച്ചുപോകുന്നതിനെയാണ് മനുഷ്യജീവിതം എന്നു പറയുന്നതെങ്കിൽ, പ്രിയപ്പെട്ടവളേ, മനുഷ്യനായി പിറന്നതിൽ എനിക്ക് അഭിമാനിക്കാനൊന്നുമില്ല."

ജിതേന്ദ്രൻ ആൻമേരിക്കയച്ച
ഒരു കത്തിൽ നിന്ന്

മനുഷ്യന് ഒരു ആമുഖം
- സുഭാഷ് ചന്ദ്രൻ

# അടങ്ങാത്ത തേങ്ങൽ



പുറത്ത് മുപ്പത്തിയൊമ്പത് ഡിഗ്രി സെൽഷ്യസ് ചൂട്
നിളയെപ്പോലും മരുഭൂമിയാക്കിയ ദേവീശാപം
ആനന്ദിന്റെ 'മരുഭൂമികൾ ഉണ്ടാകുന്നത്'
ഇങ്ങനെയാണാവോ?
മീനച്ചൂടിൽ വെന്തുരുകും മനുഷ്യന്
അളന്നു ചിട്ടപ്പെടുത്തിയ ദാഹജല-റേഷൻ.
രാജ്യത്തിന് അന്നമേകും കർഷകന്
വരൾച്ചക്കെടുതി മൂലം തിരിച്ചടയ്ക്കാനൊക്കാത്ത
കാർഷിക വായ്പയുടെ തീരാനോവ്
എനിക്കും നിനക്കും പരീക്ഷാച്ചൂട്
പരീക്ഷയെഴുതിത്തീർത്തവന്
മെറ്റൽ ഡിറ്റക്ടറിനുള്ളിൽ മുഴങ്ങിക്കേട്ട
മാനക്കേടിന്റെ ചൂട്.

അതിർത്തിയിലെ പട്ടാളക്കുപ്പായങ്ങൾക്കുള്ളിൽ
ഓർക്കാപ്പുറത്തെത്തുന്ന സ്ഫോടനച്ചൂട്.
പശിയടക്കാതെ നാണം മറക്കാതെ
കടത്തിണ്ണയിലന്തിയുറങ്ങുന്നവന്
കത്തുന്ന വയറിന്റെയടങ്ങാത്ത ചൂട്
ചുവപ്പു നാടയ്ക്കുള്ളിൽ പുറംലോകം കാണാതെ
ഫയലുകൾ വിയർത്തൊലിക്കുമ്പോൾ
നിയമം കയ്യിലേൽപ്പിക്കപ്പെട്ടവരുടെ
വാഗ്വാദങ്ങൾക്കു നടുവിൽ
ജനഹൃദയം കരിയിക്കുന്ന
ഇടവേളയില്ലാത്ത ചൂട്.
ഉച്ചിയിലെ നീതിപീഠത്തിൽ നിന്നും
മാധ്യമക്കുഴലിലൂടെ പുറന്തള്ളുന്ന
ആജ്ഞാ-സ്വരങ്ങൾക്ക്
നീതി തേടിയലയും ഇരുകാലിയുടെ
തൊലി വെന്തുരുകും ചൂട്.

പിറക്കാനൊരുങ്ങുന്ന കവിതയ്ക്കു പോലും
കൊല്ലന്റെ ആലയിലെ കാരിരുമ്പിൻ ചൂട്.
എഴുതിത്തീർത്ത കവിതയിലും
വിയർപ്പു തുള്ളികൾ പുരണ്ടുവോ ആവോ?
ക്ഷമിക്കണം,
ജന്മമെടുക്കുന്നതൊക്കെയും
ചൂടിൽ വെന്തുരുകും കവിതകളല്ലയോ?
പെറ്റമ്മയുടെ കണ്ണുനീരല്ലയോ?!

ഇന്നലെകളിലേക്കുള്ള വാതിൽപ്പാളികൾ
എവിടെയെങ്കിലും
പൂർണ്ണമായ് അടയാതെ കിടക്കുന്നുവെങ്കിൽ
ഏതിലെങ്കിലും പഴുതുകളുണ്ടെങ്കിൽ
കാതുകൾ അതിലേക്കു ചേർത്തു വെച്ച് കൊൾക.
കേൾക്കാം,
മനുഷ്യന്റെ കിരാത ചെയ്തികളുടെ
കൂർത്ത മുനമ്പിൽ തട്ടി
കുത്തിക്കീറി ചോരവാർക്കുന്ന
ഒരു മാതൃഹൃദയത്തിന്റെ അടങ്ങാത്ത തേങ്ങൽ!!



നിഷിദ സി.ടി.
M.Sc. Dept. of Seed Science & Technology




-Nafid C




-Akshay Kumar

# കാമ്പസുകൾക്ക് തീപിടിക്കട്ടെ



**നാം ദൈവത്തെ ഭയക്കുകയും വിശ്വസിക്കുകയും ചെയ്യുന്നുവെങ്കിൽ നമുക്ക് മറ്റാരേയും, മഹാരാജാക്കൻമാരാവട്ടെ, വൈസ്രോയിയാവട്ടെ, രഹസ്യാന്വേഷകരാവട്ടെ എന്തിന് സാക്ഷാൽ ജോർജ് ചക്രവർത്തിയെയാവട്ടെ, അശേഷം പേടിക്കേണ്ടതില്ല**

1919 ഫെബ്രുവരി, ബനാറസ് ഹിന്ദു സർവ്വകലാശാലയുടെ ഉദ്ഘാടന ചടങ്ങായിരുന്നു രംഗം. വൈസ്രോയി ഹാർഡിംഗ്സ് പ്രഭുവാണ് ഉദ്ഘാടകൻ. ആനി ബസന്റ്, ബി.ഡി. ബിർള, വിനോബ ഭാവെ തുടങ്ങിയ പ്രമുഖരും നിരവധി നാട്ടുരാജാക്കൻമാരും വേദിയിൽ അണിനിരന്നിട്ടുണ്ട്. കാശിയിലെ ഇടുങ്ങിയ ഗലികളിലൂടെ നടന്ന് മോഹൻദാസ് കരംചന്ദ് ഗാന്ധി എന്ന യുവാവ് വേദിയിലേക്ക് എത്തിയപ്പോൾ അധികമാരും അദ്ദേഹത്തെ ശ്രദ്ധിച്ചില്ല. ദേശീയ രാഷ്ട്രീയത്തിൽ അദ്ദേഹം കാലെടുത്തുവെച്ചിട്ടേ ഉണ്ടായിരുന്നുള്ളു. വൈസ്രോയിയും മറ്റു പ്രമുഖരും വിടവാങ്ങിയതിന് ശേഷമാണ് ഗാന്ധിജിക്ക് പ്രസംഗിക്കാൻ അവസരം കിട്ടിയത്.

ഒരിന്ത്യൻ സർവ്വകലാശാലയിലെ വിദ്യാർത്ഥികളെ അഭിസംബോധന ചെയ്യാൻ ലഭിച്ച സന്ദർഭം അദ്ദേഹം പ്രയോജനപ്പെടുത്തിയത് യുവതലമുറയെ ആഴത്തിൽ സ്പർശിക്കുന്ന, അവരുടെ ചിന്താ മണ്ഡലത്തെ തൊട്ടുണർത്തുന്ന വാക്യങ്ങളിലൂടെയാണ്. യഥാർത്ഥ ഇന്ത്യ എന്താണെന്നും, ബ്രിട്ടീഷ് വാഴ്ചയോട് നാം ഏതു വിധത്തിൽ പെരുമാറണമെന്നും പരാമർശിക്കവെ വൈസ്രോയിയുടെ സുരക്ഷ കണക്കിലെടുത്ത് നിരവധി രഹസ്യാന്വേഷകരെ നിയോഗിച്ച കാര്യം ഓർമ്മിപ്പിച്ചുകൊണ്ട് അദ്ദേഹം പറഞ്ഞു "ഈ ഡിറ്റക്ടീവുകളെ നമ്മുടെ മേൽ വെക്കേണ്ടത് അനിവാര്യമായി വൈസ്രോയിക്ക് തോന്നിയിട്ടുണ്ടാവാം ... നമുക്കതിൽ രോഷം കൊള്ളാം, വിയോജിപ്പ് പ്രകടിപ്പിക്കാം ... എന്നാൽ ഇന്ത്യ അതിന്റെ അക്ഷമ കൊണ്ട് അരാജകത്വവാദികളുടെ ഒരു വ്യൂഹം തന്നെ സൃഷ്ടിച്ചിട്ടുണ്ടെന്ന സത്യം നാം മറന്നുപോകരുത്. ഞാൻ തന്നെ ഒരു തരത്തിലുള്ള അരാജകവാദിയാണ്. നിരവധി അരാജകവാദികൾ നമ്മുടെ കൂട്ടത്തിലുണ്ട്. ഇത്തരക്കാരുടെ അടുത്തെത്താൻ എനിക്കു കഴിഞ്ഞാൽ ഞാൻ അവരോട് പറയും, നമുക്ക് നമ്മെ കീഴടക്കിയവരെ കീഴടക്കണമെങ്കിൽ ഈ അരാജക വാദത്തിന് നമ്മുടെ രാജ്യത്ത് സ്ഥാനമില്ല. അത് ഭീതിയുടെ അടയാളമാണ്. നാം ദൈവത്തെ ഭയക്കുകയും വിശ്വസിക്കുകയും ചെയ്യുന്നുവെങ്കിൽ നമുക്ക് മറ്റാരേയും, മഹാരാജാക്കൻമാരാവട്ടെ, വൈസ്രോയിയാവട്ടെ, രഹസ്യാന്വേഷകരാവട്ടെ എന്തിന് സാക്ഷാൽ ജോർജ് ചക്രവർത്തിയെയാവട്ടെ, അശേഷം പേടിക്കേണ്ടതില്ല. രാജ്യത്തിന്റെ മോചനത്തിന് ഇംഗ്ലീഷുകാർ പിൻമാറേണ്ടത് അല്ലെങ്കിൽ അവരെ ഓടിക്കേണ്ടത് അനിവാര്യമാണെന്ന് ഞാൻ മനസ്സിലാക്കുകയാണെങ്കിൽ അവർ സ്ഥലം വിടണമെന്ന് പ്രഖ്യാപിക്കാൻ ഞാനൊരിക്കലും മടിക്കില്ല. ആ വിശ്വാസത്തിന് വേണ്ടി മരിക്കാൻ നിങ്ങൾ സന്നദ്ധരാവുമെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. എന്റെ വീക്ഷണഗതിയിൽ അത് ആദരവോടെയുള്ള മരണമായിരിക്കും". - സദസ്സിന്റെ അന്തരാളത്തിലേക്ക് ആഴത്തിൽ നുഴഞ്ഞിറങ്ങിയ ഈ പ്രസംഗം കേട്ട് ആനി ബസന്റ് ഒരു ഘട്ടത്തിൽ പറഞ്ഞു "പ്ലീസ് സ്റ്റോപ്പ് ഇറ്റ്". ഗാന്ധി നിർത്തിയില്ല. ഒരുപാട് കാര്യങ്ങൾ തുടർന്നും അദ്ദേഹത്തിന് പറയാനുണ്ടായിരുന്നു. പിന്നീട് രാജ്യം മഹാത്മ പട്ടം നൽകി ചക്രവാളത്തിന്റെ നെറുകയിൽ പ്രതിഷ്ഠിച്ച ആ മനുഷ്യന് അറിയാമായിരുന്നു, താൻ സംസാരിക്കുന്നത് നാളത്തെ ഭാരത ശിൽപികളോടാണെന്ന്. സർവ്വകലാശാലാ കാമ്പസ്സുകൾ ചിന്തയുടെയും വിചാര വിപ്ലവത്തിന്റെയും പണിശാലകളാണെന്ന്. മാറ്റത്തിന്റെ കാഹളം മുഴങ്ങേണ്ടതും മനുഷ്യത്വത്തിന്റെ അമരഗീതികൾ ഉയർന്നു കേൾക്കേണ്ടതും കാമ്പസ്സുകളിൽ നിന്നല്ലാതെ മറ്റെവിടെ നിന്നാണെന്ന് വിദേശത്ത് നിന്നും നിയമം പഠിച്ചുവന്ന ഗാന്ധിജിയെ ആരും പഠിപ്പിക്കേണ്ടിയിരുന്നില്ല. ഈ മഹത്തായ പ്രസംഗത്തിന്റെ അലയടികൾ ഇന്നും അമർന്നിട്ടില്ല. അന്ന് ബ്രിട്ടീഷുകാർക്കെ

തിരെ പട പൊരുതാൻ രാജ്യത്തിലെ വിദ്യാർത്ഥി സമൂഹത്തിന് ഊർജ്ജമായത് ഈ യുഗപുരുഷന്റെ പ്രസംഗമായിരുന്നു എന്നതാണ് വാസ്തവം.

ഒരു നൂറ്റാണ്ടിനിപ്പുറത്ത് ഇന്ത്യാ മഹാരാജ്യത്തിലെ ഭരണം വീണ്ടും ഏകാധിപത്യ മനോഭാവത്തിലേക്കും, അധികാരം ഉപയോഗിച്ച് എതിർപ്പുകളെ അടിച്ചമർത്താനുള്ള നെറികെട്ട സംസ്കാരത്തിലേക്കും തിരിച്ചെത്തിയിരിക്കുന്നു എന്നതാണ് സത്യം. അന്ന് നാം ബ്രിട്ടീഷ് സാമ്രാജ്യത്തിന്റെ കാൽച്ചുവട്ടിലായിരുന്നുവെങ്കിൽ കാലചക്രം മുന്നോട്ട് ഉരുണ്ടുനീങ്ങിയപ്പോൾ ജനങ്ങളാൽ തിരഞ്ഞെടുക്കപ്പെട്ട ഭരണകൂടം നമ്മളെ അവരുടെ കാലിൻചുവട്ടിലാക്കി നമുക്ക് നേരെ നെറികേടുകൾ നടപ്പിലാക്കാൻ തുടങ്ങി. അതിന്റെ ഭാഗമായി വിപ്ലവങ്ങൾക്ക് തുടക്കം കുറിക്കേണ്ട വിദ്യാർത്ഥി സമൂഹത്തെ ഷണ്ഡീകരിക്കാനുള്ള മാർഗ്ഗങ്ങൾ അന്വേഷിച്ചുകൊണ്ടിരിക്കുകയാണ്. വിദ്യാർത്ഥികളുടെ ശബ്ദം തല്ലിക്കെടുത്തുക വഴി രാജ്യത്തിന്റെ അധികാര കേന്ദ്രങ്ങളെ സംരക്ഷിച്ച് നിർത്താൻ സാധിക്കും എന്ന ചിന്തയായിരിക്കും കാമ്പസുകളിൽ രാഷ്ട്രീയം നിരോധിച്ച് നിയമമിറക്കാനുണ്ടായതിന് പിന്നിലെ ചേതോവികാരം. ഏഷ്യയിലെ, വിശിഷ്യാ അറബ് രാജ്യങ്ങളിൽ റോസാപ്പൂ വിപ്ലവമെന്നും, മുല്ലപ്പൂവിപ്ലവമെന്നും നാം ഓമനപ്പേരിട്ടു വിളിച്ച വിപ്ലവങ്ങൾ ആരംഭിച്ചത് കാമ്പസ്സുകളിൽ നിന്നായിരുന്നു. അത് ആ രാജ്യങ്ങളിലെ ഏകാധിപത്യ ഭരണകൂടങ്ങളെ വെല്ലുവിളിക്കുകയും, ഭരണകർത്താക്കളെ താഴെയിറക്കി ജനാധിപത്യ ഭരണം കൊണ്ടുവരാനും വേണ്ടിയായിരുന്നു.

അസമത്വത്തിനും, അനീതിക്കും അരാജകത്വത്തിനുമെതിരെ ആദ്യം ശബ്ദമുയർത്തേണ്ടത് കാമ്പസ്സുകളാണ്. അല്ലെങ്കിൽ ഒരടിയന്തിരാവസ്ഥാകാലത്ത് കാണാതായ രാജുവും, കഴിഞ്ഞ വർഷം ഉത്തരേന്ത്യയിലെ പ്രശസ്തമായ സർവ്വകലാശാലയിൽ നിന്ന് അപ്രത്യക്ഷനായ നജീബുമൊക്കെ വീണ്ടും കാമ്പസുകളിൽ പിറവികൊള്ളും. അധികാരികളുടെ നെറികേടുകൾക്ക് ഓശാന പാടുന്നതിന് പകരം അവയെ ചോദ്യം ചെയ്യാൻ പ്രാപ്തരായ വിദ്യാർത്ഥികളെയാണ് വളരുന്ന ഭാരതത്തിന് ആവശ്യം.



മുഹമ്മദ് അനീസ്
Gagnants '15



# എന്റെ ആകാശത്തിന്...



അനസൂയ സെബാസ്റ്റ്യൻ
M.Sc. Dept. of Agronmy

അന്ന്,
ഇലകളിലേയ്ക്ക് മഴയിറങ്ങി
ആകാശത്തെ ഒന്ന് തിരിഞ്ഞുനോക്കാതെ ...
മഴ തോർന്ന് നിന്ന സന്ധ്യകളിൽ നെല്ലിമരങ്ങളുടെ ഇലകൾ കൂമ്പി നിന്നു. ദൂരെയെങ്ങോ യാത്ര പറഞ്ഞുപോയ ഉറ്റവർക്കുവേണ്ടി പ്രാർത്ഥിക്കുന്നതു പോലെ. തിരക്കിട്ട പകലുകൾക്കൊടുവിൽ, ഒരു ചെറിയ ജയിൽ പോലെ തോന്നിക്കുമായിരുന്ന എന്റെ കൊച്ചുമുറിക്കുള്ളിലെ ജനലിനോട് ചേർന്ന് ഞാൻ ഇരിക്കുമായിരുന്നു ഏറെ നേരം.
നെല്ലിമരങ്ങളെ തഴുകിയെത്തിയ കാറ്റ് എന്റെ മുഖത്ത് പറ്റിപ്പിടിച്ചു നിന്ന വെള്ളത്തുള്ളികളിൽ വീണ്ടും തണുപ്പ് നിറച്ചു. ഒരിക്കൽ കൂടി ഉദിക്കാനായി വെമ്പൽ കൊണ്ട സൂര്യൻ ചുവന്ന മേഘങ്ങൾക്കിടയിലേക്ക് അലിഞ്ഞ് ഇല്ലാതാകുന്നതും, പക്ഷികൾ വാകയുടെയും ചെമ്പകത്തിന്റെയും ചില്ലകളിലേക്ക് ചേക്കേറുന്നതും ഞാൻ നോക്കിയിരുന്നു. കഴിഞ്ഞ കുറേ മാസങ്ങളായി വിടാതെ കൂടിയ തലവേദന പതുക്കെ തലപൊക്കിത്തുടങ്ങിയിരിക്കുന്നു. കാറ്റ് ശക്തിയായി വീശിക്കൊണ്ടിരുന്നു, എന്റെ കണ്ണുകളോട് മുറുക്കെ അടയ്ക്കുവാൻ പറയാനെന്ന പോലെ.



"കണ്ണടച്ചാലാകെ കാണും വെളിച്ചമാണ്
നീയെനിക്കിന്ന് ..."
ഇടയ്ക്കിടെ കുത്തിക്കുറിച്ചിടുമായിരുന്ന ഓരോ വാചകങ്ങൾ ഒന്നൊന്നില്ലാതെ മനസ്സിലേക്ക് കയറിവന്നു. അനുവാദമില്ലാതെ കടന്നുവന്ന എന്റെ പ്രണയത്തെപ്പോലെ. ഒരു പ്രണയവും അതിന്റെ അകാലത്തിലെ പര്യവസാനവും എത്രമാത്രം വേദനിപ്പിക്കുന്നതാണെന്ന് നീയെന്നിൽ നിന്ന് അകന്നു പോകുന്നതുവരെ എനിക്കറിയില്ലായിരുന്നു.
"ചിലരങ്ങനെയാണ്
അനുവാദമില്ലാതെ വന്ന്
ചുവരുകളിൽ രഹസ്യങ്ങളെഴുതിയിട്ട്
ഒന്നും പറയാതെ ഇരുട്ടിലേക്ക് മറയും ..."
വെറുതേയൊരു വെള്ളക്കടലാസിൽ ഞാനെഴുതിവച്ചതാണ് ആരും കാണാതെ ... മറുപടിയെന്ന പോലെ ഒരു ചോദ്യമാണ് അവനെനിക്ക് വേണ്ടി ബാക്കിവച്ചത്. രഹസ്യങ്ങൾ എഴുതിയിടാൻ നീയെനിക്ക് ഒരു ചുവരുതന്നില്ലല്ലോയെന്ന് ...
നിനക്ക് എന്ത് രഹസ്യമാണ് എന്നോട് പറയാനുള്ളത്? ചിരി പുറത്തുകാണിക്കാതെ ഞാൻ ചോദിച്ചു. ഞാൻ നിന്നെ സ്നേഹിക്കുന്നുണ്ടെന്ന് നിനക്കറിയാം. എന്നിട്ടും നിന്റെ സ്നേഹം എന്തിനാണിങ്ങനെ മൂടിവയ്ക്കുന്നത്? ഇതല്ലാതെ ഒരു രഹസ്യവും നമുക്കിടയിലില്ലല്ലോ? ഹൃദയത്തിനു പുതുമയുള്ള വിഷയങ്ങൾ കേൾക്കുമ്പോൾ തോന്നുന്ന ഞെട്ടൽ!
എന്റെ ഹൃദയത്തിലും ...
പിന്നെയും ഒരെഴുത്ത് ... ഏറെ നേരമെടുത്തെഴുതി..
'യാത്രയിൽ കാണുന്ന മുഖങ്ങളെല്ലാം
വെറും തോന്നലുകളാണ്
നിലാവിന് തോന്നും പോലെ ....
നിലാവിനുവേണ്ടി സമ്മാനിച്ച മറുപടി എനിക്കേറെയിഷ്ടമായി. നിനക്ക് ജീവിതത്തിന്റെ രുചിയറിയു

വാനായി ഈ തോന്നലുകളെല്ലാം യാഥാർത്ഥ്യങ്ങളാക്കിക്കൂടെയെന്ന്...

"നിങ്ങൾക്ക് ഭ്രാന്താണ് ... നല്ല മുഴുത്ത ഭ്രാന്ത്... ഞാൻ നിങ്ങളെ പ്രണയിക്കുന്നില്ല... നിങ്ങളെയെന്നല്ല ആരെയും...

നിങ്ങളെന്റെ സുഹൃത്തായിരുന്നാൽ മതി."

ഒരകൽച്ചയോടെ അവന്റെ കണ്ണിൽ നോക്കി ഞാൻ പറഞ്ഞുതീർത്തു. നുണകൾ കൊണ്ട് പ്രണയത്തിന്റെ ദുനിയാവ് നിറച്ചിട്ട് നീയെന്തിനാണ് സത്യത്തെ കൊല്ലുന്നത്? നിന്റെ കണ്ണുകളിൽ ഇഷ്ടമില്ലാതിരുന്നിട്ടാണോ ആൾക്കൂട്ടത്തിനിടയിൽ നീയെന്നെ ഇമവെട്ടാതെ നോക്കി നിന്നത്? അവന്റെ ചോദ്യങ്ങൾക്ക് മൗനമല്ലാതെ ഉത്തരമായി നൽകാൻ എന്റെ ഹൃദയത്തിൽ മറ്റൊന്നുമുണ്ടായിരുന്നില്ല. കാരണം ഞാനെന്റെ പ്രണയത്തെ അത്രയേറെ സ്നേഹിച്ചിരുന്നു...

പിന്നീട് ഓരോ ദിനങ്ങളും അക്ഷരങ്ങളിൽ നിറച്ച് ഞങ്ങളെഴുതി... കാക്കത്തൊള്ളായിരം കത്തുകൾ. ഓർമ്മയ്ക്കായി പെറുക്കിക്കൂട്ടിയ മഞ്ചാടികൾക്കൊപ്പം ഞാൻ സൂക്ഷിച്ചുവെച്ചു, ദൂരെ നിന്നും വന്ന മറുപടികൾ.

അപ്രതീക്ഷിതമായിട്ടാണല്ലോ ജീവിതത്തിലെ ഓ[illegible] അദ്ധ്യായങ്ങൾ തുടങ്ങുന്നതും, അവസാനിക്കുന്ന

മരിച്ചുകഴിഞ്ഞാൽ ഭൂമിയിൽ
എനിക്കൊരു മാലാഖയാകണം
നിലാവിന്റെ നുറുങ്ങുവെട്ടം
നിനക്കു സമ്മാനിക്കണം
നിന്റെ ചാരെ വന്നിരിക്കണം
മുടിയിഴകളിൽ പതിയെ തലോടണം
നീ പോകും വഴികളിലൊക്കെയും
കൈകളിലെന്റെ വിരലുകളൊളിപ്പിച്ച്
കൂടെ നടക്കണം
രാത്രിയിൽ നിന്റെ സ്വപ്നങ്ങളിൽ
വീണ്ടുമൊരു വെള്ളയുടുപ്പിട്ട മാലാഖയാവണം
ജീവിച്ചിരിക്കേ നീയറിഞ്ഞുമറിയാതെയും
ഞാൻ തീർത്ത ചില്ലുകൊട്ടാരത്തിന്റെ
മധുരിക്കുന്ന ഓർമ്മയ്ക്കു വേണ്ടി.

മഴ വീണ്ടും പെയ്യുകയാണ്. നെല്ലിയിലകളിലേയ്ക്ക് ഇറങ്ങുവാനായി ഓരോ ജലകണവും വെമ്പൽ കൊള്ളവേ കണ്ണുനീരടക്കുവാനാകാതെ ഞാൻ മഴയത്തിറങ്ങി... തിരിഞ്ഞുനോക്കാതെ ഇലകളിലലിഞ്ഞ മഴയോട് ആകാശത്തിന് പ്രണയമായിരുന്നു. എന്റെ പ്രണയത്തെപ്പോലെ...

എനിക്കറിയാം,

നമുക്കിടയിൽ അക്ഷരങ്ങളില്ലാതായി

തും... മറുപടികളില്ലാതെ ശൂന്യതയിൽ ഒറ്റപ്പെട്ടു പോയ എന്റെ കത്തുകൾ, എന്റെ പ്രിയപ്പെട്ട അക്ഷരങ്ങൾ ഒരായിരം ചോദ്യങ്ങളുമായി എനിക്കു മുൻപിലെത്തി ... ആശ്വാസവാക്കുകളില്ലാതെ എന്റെ പ്രണയം ഏകാന്തതയുടെ തണലുകളിലേക്ക് മുഖം പൊത്തി ഓടിയൊളിച്ചു.

വൈകിയാണെങ്കിലും എന്റെ കയ്യിലേക്ക് ഒരു കടലാസു തുണ്ടെത്തി. എന്റെ പ്രിയപ്പെട്ടവന്റെ കൈപ്പടയിൽ എഴുതപ്പെട്ട ഒന്ന്...

“നിലാവിനെ സ്നേഹിച്ച പെൺകുട്ടീ, നിന്റെ അക്ഷരങ്ങളിലെല്ലാം നീ കണ്ട സ്വപ്നങ്ങളായിരുന്നു... ഒന്നുമില്ലാത്തവന്റെ പ്രണയം നീയല്ലാതെ മറ്റാരും കണ്ടതുമില്ല ... എന്റെ സ്വാർത്ഥതയിൽ നിന്റെ ഒരു പിടി സ്വപ്നങ്ങളെയും, പ്രിയപ്പെട്ടവരെയും ഇല്ലാതാക്കുവാൻ ഞാൻ ആഗ്രഹിക്കുന്നില്ല... നിലാവിന്റെ നിഴലായി ഞാനിവിടെയുണ്ടാകും...”

ഇനിയും എന്താണ് എഴുതേണ്ടതെന്നോ പറയേണ്ടതെന്നോ എനിക്കറിയില്ല... ഒന്നുമില്ലാത്തവന്റെ പ്രണയത്തെ സ്നേഹിക്കാതിരിക്കാൻ.... വേണ്ടെന്നുവയ്ക്കാൻ തോന്നുന്നുമില്ല.

തുളച്ചുകയറിവന്ന അവസാനത്തെ അക്ഷരങ്ങളിൽ ഞാനെന്റെ പ്രണയത്തെ നിറച്ചുവച്ചു. ഇനിയൊരിക്കലും എഴുതാനായില്ലെങ്കിലോയെന്ന് കരുതി

അവസാനം, ഒരു വലിയ കടലുണ്ടാവും
ഉപ്പുരസമുള്ള കണ്ണുനീരിൽ
നിശബ്ദതയുടെ തിരമാലകൾ
ഉയർന്നില്ലാതാവുന്ന, സ്നേഹത്തിന്റെ
ഒരു വലിയ കടൽ.

അന്നൊരിക്കൽ നീ പറഞ്ഞിരുന്നല്ലോ... വിത്തോടെ ഉപേക്ഷിച്ചതാണെങ്കിൽ ഒരിക്കൽ വേരുകളായി സ്നേഹം മനുഷ്യരെ തേടിയെത്തുമെന്ന്. നിന്റെ വേരുകൾക്കായി കാത്തിരിക്കുന്ന ഒരാകാശം എന്നിലുണ്ടെന്ന് ഞാനെങ്ങനെയാണ് നിന്നോടിനിയും പറയേണ്ടത്?



# The Potted Plant



I knew her from the time she was a kid. She was smart, always cheerful and full of energy. She had a habit of just appearing from behind your shoulder and warming you like a sudden sunbeam.

As kids, we enjoyed many kinds of games. Evenings were playtime, when kids of the neighbourhood met in a common ground, and spent joyful hours together designing and engaging in our own games, pastimes and adventures.

And she was mostly the unquestioned leader. She was taller than most of us, even though she was a year younger to me, fairer ( it counted, I guess, since many of us eyed her beautiful appearance with a tinge of jealousy) than most of us and cleverer. When we got stuck in a tight corner in games, in finances to carry out our projects, or in ideas even, she was mostly there to find a way out. I secretly admired her.

As we grew up, I realised there were wide disparities in our circumstances. She stopped coming to the same school that I went. I started to see her less often. It was then that I understood she was the child of a worker couple, who laboured in the estates at the outskirts of our small township. Even though our meetings were during weekends spread apart, when she was there, it gave a new dimension and zest to our games as she was a true innovator.

Once, when I got trapped in between two vines of the lush pepper plant, the entire gang came to my help. Small hands tried to unwind the tangle into which I had managed to push myself into, but my long hair was caught in between. The more they tried, the more tangled the hair-vine- child trio became. Cutting any part of the vines was out of question as the vines were bearing profusely then. I was too embarrassed to let any grown up into the scene, and also was afraid of a reprimand from my parents for getting into unnecessary places. As we continued to debate over possible methods to get me free, Sabira came. She surveyed the situation for a moment, and then quickly left the scene. She appeared again in a few minutes, with a round bamboo basket in her hand. Such baskets, made with thin strips of bamboo, were used for sieving of grain in those days. Sabira put the basket upside down on my head, and pushed me down gently, pressing the top of the basket. My long hair caught up in many places among the vines, got untangled miraculously in the process, and very soon, I found myself squatting on the ground, free from the vines.

Sabira's cleverness got sung by us children all the more, with this incident.

As the years progressed, our friendships changed, and all of us started to part ways. Over time, I completely lost touch with Sabira and memories about her faded slowly from my mind.

Life presented different roles to me, I became a homemaker and then a professional. Once, when I was



Dr. Jayasree Krishnankutty
Professor, Dept. of Agrl. Extension

attending a marriage function in my home town, an unfamiliar looking face smiled at me.

"Jaya, do you remember me"? She asked.

I did not. Even though the face rang a bell somewhere in my memory.

"I am Sabira. We used to play together as children". I was taken aback. Is this middle aged looking woman, with a pigmented face, dull hair and plain clothes,Sabira, the charming little girl that I knew?

I composed myself and replied. "Oh, Sabira, is this you? How can I ever forget you! Of course I remember you well!"

We chatted for a few minutes. Sabira had been married off by her parents at age 18. Her studies were brought to a stop as she finished high school. Her husband was an auto rickshaw driver and they had two kids, both girls. At age 32, she was the mother of a 12 year old and a 10 year old.

There was an air of resignation about her, and when I asked her about her current location she said with a wan expression. "We live at the foot of a hill, faraway from the town. With the meagre income that he gets, where else can we find a place?"

I asked no further. What was left unsaid was enough to give me a picture of her plight. Later, my cousin, who also knew her, told me more about her.

After her marriage, Sabira had to continuously fight adversities. She was married off into a large family, where her husband was the sole breadwinner. He had younger sisters, whose future lay on his shoulders. There was an aged grandparent in the family and his paraplegic mother. Sabira had to take care of all these people. She was not allowed to go for any work, due to the conservative thinking of the family. The only bouts of daylight Sabira got, were when she could visit her homeplace, on special occasions like this.

Sabira earnestly enquired about my family and job. I told her all I could and also invited her to my house, knowing fully well that it might never take place.

Her prematurely aged face haunted me for many days after that meeting. Life was unfair to her. The Sabira I knew had many talents. She sang well, danced well and she had a naturally creative flair. She was a great leader, who could speak her way out of a problem situation. I didn't think she got a life where any of these skills could be put to use.

Years passed further, and I rolled well into middle age. During a students program, conducted in a faraway village from our University, I was busy into the logistics of organising the program. As I was speaking to a group

**She looked older still. There were grooves running from the corner of her lips, her forehead and her cheeks. Her entire frame looked weathered and wiry. Her hair had streaks of grey in it.**

of ladies, who was operating a stall of indigenous products, someone tapped me on the shoulder. Turning back, I found myself looking straight into the smiling eyes of Sabira.

She looked older still. There were grooves running from the corner of her lips, her forehead and her cheeks. Her entire frame looked weathered and wiry. Her hair had streaks of grey in it.

But she looked happy.

I asked her what she was doing there.

She replied proudly. "I am the leader of this womens group. We make home made food items and market them. We are not doing bad."

I felt even happier. I racked my brains as to how I can deliver Sabira's story in the most impressive manner to the students. Finally I gave her a ten minutes slot to interact with the students during the valedictory session of that field program.

Later, I asked her how her children were doing, afraid, they also might have been married off by now.

But surprising me, Sabira said. "My elder daughter has become an engineering graduate and has just landed a job in Kochi. Younger daughter is a nursing student. My husband passed away a few years ago, and I manage the family with a home run business now."

I felt very humbled and very proud of her at the same time. Here I was, just a beneficiary of the circumstances that I got, who slid into a position in life, utilizing opportunities that simply came my way. But there was Sabira, who life offered so little and yet she thrived, thrived well and is flowering, against all deprivations.

Sabira was like a potted plant. Destiny had placed her in a pot with limited resources, limited access to all growth factors and even limited space. But she, with her undefeatable will, was defying her confinement. The potted plant was piercing into the soil through the crevices of the pot, even cracking the pot. It had reached out to the vast earth beneath.

She was the essence of the undying human spirit that can transcend boundaries, with so little tools at hand to manoeuvre.

AADHAAR

"Important Alert! As per Government's directive, it is mandatory to link Aadhar to your mobile. To avoid disconnection of your services please walk into the nearest xxx store."

കുറച്ചു കാലങ്ങളായി ഫോണിൽ തുടരെത്തുടരെ വന്നുകൊണ്ടിരിക്കുന്ന മെസേജുകളിലൊന്നാണിത്. ചെയ്തില്ലെങ്കിൽ താങ്കളുമായുള്ള എല്ലാ സഹായ സഹകരണങ്ങളും നിർത്തലാക്കും എന്ന ഭീഷണിയുടെ നിഴലിലാണ് ഈ മുന്നറിയിപ്പ്. മുമ്പ് പലതരം സർക്കാർ സേവനങ്ങളും ലഭിക്കാൻ അപേക്ഷാ ഫോം പൂരിപ്പിക്കുമ്പോൾ 'വേണമെങ്കിൽ ആവാം' എന്ന മട്ടിൽ കൊടുക്കേണ്ടിയിരുന്ന ആധാർ നമ്പർ നമ്മുടെ കഴുത്തിന് പിടിച്ച് വാങ്ങുന്ന കാലം വന്നിരിക്കുകയാണ്.

രാജ്യത്ത് അധിവസിക്കുന്ന 130 കോടിയിലധികം വരുന്ന ജനങ്ങളുടെ തിരിച്ചറിയൽ പ്രക്രിയ എളുപ്പമാക്കുക, സാമ്പത്തിക ആനുകൂല്യങ്ങൾ, സേവനങ്ങൾ എന്നിവ തടസ്സമില്ലാതെ ലഭ്യമാക്കുക എന്നീ ലക്ഷ്യങ്ങളോടെ 2009 ൽ കേന്ദ്ര സർക്കാർ അവതരിപ്പിച്ച സവിശേഷ തിരിച്ചറിയൽ നമ്പറാണ് ആധാർ. ഇന്നത് 100 കോടി അംഗങ്ങളുള്ള ലോകത്തെ ഏറ്റവും വലിയ ബയോമെട്രിക് തിരിച്ചറിയൽ പദ്ധതിയായി മാറിയിരിക്കുകയാണ്. 2012 ൽ ആധാറുമായി ബന്ധപ്പെടുത്തി സർക്കാർ ആനുകൂല്യങ്ങൾ ലഭ്യമാക്കുന്ന പദ്ധതി തുടങ്ങുകയും, മറ്റുള്ള ഇടപാടുകൾ ഒഴിവാക്കി ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേക്ക് നേരിട്ട് പണം കൈമാറ്റം ചെയ്യുന്ന രീതി കൊണ്ടുവരുകയും ചെയ്തു. ഇതേ വർഷം തന്നെ കർണാടക ഹൈക്കോടതി ജഡ്ജായ കെ.എസ്. പുട്ടസ്വാമി, പർവേശ് ഖന്ന എന്നിവർ സുപ്രീം കോടതിയിൽ സർക്കാറിനെതിരെ പൊതുതാൽപര്യഹർജി സമർപ്പിച്ചു. നിയമപരമായ യാതൊരു പിൻബലവും ഇല്ലാതെയാണ് സർക്കാർ ഈ പദ്ധതി കൊണ്ടുവന്നിട്ടുള്ളത് എന്നും, 2009 ജനുവരി 28 ന് സർക്കാർ പുറപ്പെടുവിച്ച ഒരു ഓർഡറിന്റെ മാത്രം അടിസ്ഥാനത്തിൽ നിലവിൽ വന്ന ഈ പദ്ധതി രാജ്യത്തെ പൗരന്മാരുടെ മുഴുവൻ വിവരങ്ങളും ശേഖരിച്ച് വയ്ക്കുന്നത് ഭരണഘടന-ആർട്ടിക്കിൾ 21 അനുസരിച്ച് ഒരാളുടെ സ്വകാര്യതയ്ക്കുള്ള അവകാശത്തിന്റെ ലംഘനമാണെന്നും, അവർ വാദിച്ചു. ആധാർ നമ്പർ ഒരു നിർബ്ബന്ധ രേഖയല്ല. അതില്ലാത്തവർക്ക് സർക്കാർ ആനുകൂല്യങ്ങൾ തടഞ്ഞുവയ്ക്കുന്നത് അനുവദനീയമല്ല എന്ന ഇടക്കാല ഉത്തരവ് 2013 ൽ സുപ്രീം കോടതി പുറപ്പെടുവിച്ചു. ഇതേ വർഷം തന്നെ നാഷണൽ പേയ്മെന്റ് കോർപറേഷൻ ഓഫ് ഇന്ത്യ ആധാർ അടിസ്ഥാനമാക്കി പണമടയ്ക്കുന്ന വ്യവസ്ഥ കൊണ്ടുവരികയുണ്ടായി. ഇതുവഴി, ആധാർ നമ്പർ ഉപയോഗിച്ച് പണമിടപാടുകൾ നടത്താമെന്നായി. കേന്ദ്ര സർക്കാർ JAM അഥവാ Jandhan-Aadhar-Mobile എന്ന പേരിൽ ജൻധൻ അക്കൗണ്ടുകളും ആധാറും ഫോൺ നമ്പറും തമ്മിൽ

# ആധാറും ഭരണകൂടവും പിന്നെ ജനങ്ങളും





ബന്ധിപ്പിച്ച് സർക്കാർ ഖജനാവിൽ നിന്നുള്ള അനധികൃതമായ ചോർച്ചകൾ തടയുകയും, അതുവഴി പണം നേരിട്ട് പാവപ്പെട്ടവന്റെ കൈകളിലെത്തിക്കുന്ന രീതി അവലംബിക്കുകയും ചെയ്തു. 2016 ൽ ആധാർ നിയമം കൊണ്ടുവന്നതുവഴി ആധാറിന് നിയമപരമായ പിൻബലം ലഭിച്ചു. നിയമത്തിന്റെ പേരിൽ ഒരുപാട് ചർച്ചകളും കോലാഹലങ്ങളും രാജ്യസഭയിലും ലോക്സഭയിലും ഉണ്ടാവുകയുണ്ടായി. ഇന്ത്യൻ ഭരണഘടന പൗരന് നൽകിയിട്ടുള്ള സ്വാതന്ത്ര്യത്തോടെ ജീവിക്കാനുള്ള അവകാശത്തിന്റെ ഭാഗമാണ് ഒരാളുടെ സ്വകാര്യത. ആധാർ, സ്വകാര്യതയിലേക്കുള്ള കടന്നുകയറ്റമാണെന്നതുകൊണ്ട് അത് ഭരണഘടനാ വിരുദ്ധമാണ് എന്ന വാദങ്ങളുയർന്നു. സ്വകാര്യത മൗലികാവകാശമാണോ എന്നതിൽ സംശയമുണ്ടെന്നിരിക്കെ ആധാർ കേസ് നിർത്തിവയ്ക്കുകയും ഇക്കാര്യം തീരുമാനിക്കാൻ ഒമ്പതംഗ ഭരണഘടനാ ബെഞ്ചിനെ നിയോഗിക്കുകയും ചെയ്തു. സ്വകാര്യത അഥവാ Right to Privacy ഒരു പൗരന്റെ മൗലികാവകാശമാണ്, അത് ജീവിക്കാനുള്ള അവകാശത്തിന്റെ ഭാഗമാണ് എന്ന ചരിത്രവിധി 2017 ആഗസ്റ്റ് 24 നാണ് സുപ്രീം കോടതി പുറപ്പെടുവിച്ചത്. ആധാർ ഏതെങ്കിലും വിധത്തിൽ പൗരന്റെ മൗലികാവകാശം ലംഘിക്കുന്നുണ്ടോ എന്നു പരിശോധിക്കാൻ ജസ്റ്റിസ് ചന്ദ്രചൂഡ് അടങ്ങുന്ന അഞ്ചംഗ ഭരണഘടനാബെഞ്ച് വന്നു. ആധാറിനെതിരെയുള്ള വിവിധ ഹർജികളുടെ വിചാരണ നടന്നുകൊണ്ടിരിക്കുകയാണ്.

ബാങ്കിടപാടുകൾ മുതൽ ഫോൺ നമ്പർ വരെ ആധാറുമായി കൂട്ടിക്കെട്ടാനുള്ള സർക്കാറിന്റെ തീരുമാനത്തെ, പൗരന്റെ സ്വകാര്യ വിവരങ്ങൾ രാഷ്ട്രീയ ലക്ഷ്യങ്ങൾക്കായി ഉപയോഗിക്കാനുള്ള നീക്കമായും വ്യാഖ്യാനിക്കുന്നവരുണ്ട്. ആധാർ വഴിയുള്ള പണമിടപാടുകളുടെ മുദ്രാവാക്യം തന്നെ 'നിങ്ങളുടെ വിരലടയാളമാണ് നിങ്ങളുടെ ബാങ്ക്' എന്നതാണ്. തട്ടിപ്പും, മോഷണവും തടയുക എന്ന ലക്ഷ്യത്തോടെ അവതരിപ്പിച്ച ഈ പദ്ധതി പക്ഷേ അപകടസാധ്യത കൂട്ടുകയാണ് ചെയ്യുന്നത്. കാരണം വിരലടയാളങ്ങളുടെ പകർപ്പ് എടുക്കുന്നത് ഇക്കാലത്ത് ബുദ്ധിമുട്ടുള്ള കാര്യമേയല്ല. കുറച്ച് മാസങ്ങൾക്കു മുമ്പ് മുംബൈയിൽ 200 വിദ്യാർത്ഥികൾ ഹാജർ പട്ടികയിൽ കൃത്രിമം കാണിച്ചത് വിരലടയാളത്തിന്റെ പകർപ്പെടുത്തിട്ടാണ്. കൂടാതെ കഴിഞ്ഞ ജനുവരി 8 നാണ് രാജ്യത്തെ ഞെട്ടിച്ച 500 രൂപ കൊടുത്താൽ ആധാർ വിവരങ്ങൾ ലഭിക്കുമെന്ന വാർത്ത 'ദി ട്രിബ്യൂൺ' പത്രം പുറത്തുവിട്ടത്.

MGNREGA പോലുള്ള സബ്സിഡികൾക്കും, സ്കോളർഷിപ്പിനും വേണ്ടി വിവരങ്ങൾ ശേഖരിക്കുന്നതിൽ തെറ്റില്ല. പക്ഷേ ബൃഹത്തായ രീതിയിലുള്ള വിവര ശേഖരണം അനുവദിക്കാനാവില്ല. ആധാറിന്റെ ഗുണങ്ങൾ ഏറെയാണ്, പക്ഷേ ഈ വെല്ലുവിളികളെ തരണം ചെയ്യാൻ സാധിക്കുമോ എന്നാണ് ഭരണഘടനാ ബെഞ്ചിലെ അംഗമായ ജസ്റ്റിസ് ചന്ദ്രചൂഡിന്റെ ചോദ്യം.

വിവിധ സേവനങ്ങളിലേക്ക് തികച്ചും അനുയോജ്യമല്ലാത്ത വിധം തയ്യാറാക്കിയ പ്രവേശന കവാടമാണ് ആധാർ എന്നും വിവിധ സേവനങ്ങൾ ലഭിക്കുന്നതിന് ആധാർ നിർബ്ബന്ധമാക്കിയതിനെ ക്രിമിനൽ നടപടിയായി കണക്കാക്കി നേരിടണമെന്നുമാണ് സാങ്കേതിക വിദഗ്ദ്ധനായ എഡ്വേർഡ് സ്നോഡൻ പറയുന്നത്.

ആധാർ നമ്പർ കൂടാതെ മറ്റൊരു വിർച്ച്വൽ ഐഡിയും കഴിഞ്ഞ ജനുവരി 12 ന് Unique Identification Authority of India (UIDAI) അവതരിപ്പിച്ചു. 16 അക്കങ്ങളുള്ള ഈ നമ്പർ ഉപഭോക്താക്കൾക്ക് വെബ്സൈറ്റിൽ നിന്നും ഉണ്ടാക്കാവുന്നതാണ്. ബയോമെട്രിക് വിവരങ്ങളും വിർച്ച്വൽ ഐഡിയും മൊബൈൽ കമ്പനി പോലെയുള്ള ഏജൻസികൾക്ക് ഒരാളെക്കുറിച്ചുള്ള പരിമിതമായ വിവരങ്ങൾ മാത്രം നൽകുകയും അതുവഴി സ്വകാര്യ വിവരങ്ങൾ സംരക്ഷിക്കുകയും ചെയ്യുന്നു. രാജ്യത്തെ 75% വരുന്ന സാധാരണക്കാരെ സംബന്ധിച്ചിടത്തോളം ആധാറിന്റെ നേട്ടങ്ങളെയും കോട്ടങ്ങളെയും കുറിച്ച് അറിയില്ല. സർക്കാരിൽ നിന്ന് ആനുകൂല്യങ്ങൾ ലഭിക്കാനും അല്ലെങ്കിൽ മറ്റു ചിലരുടെ സമ്മർദ്ദങ്ങൾക്ക് വഴങ്ങിയുമാണ് മിക്ക സാധാരണക്കാരും ആധാർ എടുത്തിട്ടുള്ളത്. ആധാർ സുരക്ഷയെപ്പറ്റിയോ, ആധാർ ദുരുപയോഗത്തെപ്പറ്റിയോ കമ്പ്യൂട്ടറോ ഇന്റർനെറ്റോ ഉപയോഗിക്കാത്ത 70 ശതമാനത്തോളം വരുന്ന ജനങ്ങൾക്കുമറിയില്ല. ഒരു വ്യക്തിക്ക് നിയമപ്രകാരം അർഹതപ്പെട്ട കാര്യങ്ങൾ 'ആധാർ കാർഡില്ല' എന്ന കാരണത്താൽ തടഞ്ഞുവെയ്ക്കുന്നത് ന്യായമല്ല. ഭരണഘടന ഉറപ്പുനൽകുന്ന അവകാശങ്ങൾക്കുമേൽ നിബന്ധനകൾ കൽപ്പിക്കാനുള്ള അധികാരം ജനാധിപത്യരാജ്യത്തെ ഭരണകൂടത്തിനുണ്ടോ?



Selva V.P.
Taurus '14



Jus soli



എ.കെ. അനൂപ്
ഓഫീസ് സൂപ്രണ്ട്, കെ.എ.യു.


U-17 WORLD CUP
INDIA 2017

# ഒരു ഗോൾ... ഒരായിരം വിപ്ലവങ്ങൾ

അന്നത്തെ രാത്രി രാഹുലിന് ഉറങ്ങാൻ കഴിഞ്ഞില്ല. സമീപത്ത് അഴിച്ചിട്ടിരുന്ന തന്റെ ബൂട്ടുകളിലേക്ക് നോക്കാനും തോന്നിയില്ല. കൊളംബിയക്കെതിരായ മത്സരം 1-2 ന് തോറ്റതിനു ശേഷം ക്യാപ്റ്റൻ അമർജിത് തന്നെ ആശ്വസിപ്പിക്കുമ്പോൾ തൊട്ടടുത്ത് സഹതാരങ്ങൾ ജിക്സണെ അഭിനന്ദിക്കുകയായിരുന്നു. ഡൽഹിയിലെ ജവഹർലാൽ നെഹ്റു സ്റ്റേഡിയത്തിലെ കാണികളുടെ ആരവങ്ങളാൽ മൈതാനത്തിലെ പുൽനാമ്പുകൾ വരെ പ്രകമ്പനം കൊണ്ടു. കാൽപ്പന്തു കളിയുടെ ആദ്യപകുതിയുടെ അധികസമയത്തെ ഒരു നിർഭാഗ്യനിമിഷവും, രണ്ടാം പകുതിയിൽ 82-ാം മിനിറ്റിലെ സുവർണ നിമിഷവും തമ്മിലുള്ള അന്തരമായിരുന്നു അവിടെ കണ്ടത്. നിർഭാഗ്യ നിമിഷത്തെ രാഹുൽ വീണ്ടുമോർത്തു. എതിർ ടീമിന്റെ ബോക്സിനടുത്തു നിന്ന് ശരിയായ പൊസിഷനിൽത്തന്നെയായിരുന്നു താൻ ആ പന്ത് പായിച്ചത്. ചരിത്രമാകുമായിരുന്ന ആ നിമിഷത്തെ താൻ സ്വപ്നം കണ്ടുപോയതാണോ, അതോ അൽപം ദുർബലമായി പന്ത് ദിശമാറി പോയതാണോ എന്ന് അവന് ഇപ്പോഴും നിശ്ചയമില്ല. എന്തായാലും ആ പന്തിനൊപ്പം തന്റെ സ്വപ്നങ്ങളും ഗോൾപോസ്റ്റിന്റെ ഇടത്തേ മൂലയിൽ തട്ടിത്തെറിച്ചു... 82-ാം മിനിറ്റിൽ ഹെഡറിലൂടെ ജിക്സൺ സിംഗ് ഇന്ത്യയുടെ ആദ്യ ഗോൾ നേടുകയും ചെയ്തു.



ടെലിവിഷനുകളിലും പത്രങ്ങളിലും സമൂഹ മാധ്യമങ്ങളിലുമായി ഇന്ത്യയൊട്ടാകെ ആ പേര് അലയടിച്ചു. ജിക്സൺ സിംഗ്!!! ഫുട്ബോളിന്റെ ലോകവേദിയിൽ ഇന്ത്യയുടെ ആദ്യ ഗോൾ നേടിയ മണിപ്പൂരുകാരൻ. ഒറ്റ ഗോൾ വിപ്ലവമെന്ന് പാടിപ്പുകഴ്ത്തപ്പെട്ട ആ സുവർണ ഗോളിനുടമ. ആ ഗോളിന്റെ ആനന്ദവും, ആവേശവുമടങ്ങും മുൻപ് വഴങ്ങിയ രണ്ടാം ഗോളാണ് തോൽവിയിലേക്ക് നയിച്ചതെന്ന കാര്യം ആരും ഓർക്കാനിഷ്ടപ്പെടുന്നില്ല. മത്സരത്തിലെ യഥാർത്ഥ ഹീറോ ഗോളിയായ ധീരജ് സിംഗ് ആയിരുന്നു. എത്ര മനോഹരമായ രക്ഷപ്പെടുത്തലുകളാണ് അവൻ നടത്തിയത്. മണിപ്പൂരിന്റെ



അക്ഷയഖനിയിലെ മറ്റൊരു പൊൻമുത്ത്. വിദേശ ലീഗുകളിലേക്ക് അവൻ പറന്നിറങ്ങുമെന്ന് ഉറപ്പാണ്. തന്നോടൊപ്പം കളിക്കുന്ന മിക്കവരും ഇന്ത്യയുടെ ദേശീയ ഐ-ലീഗിലെ ടീമുകളുമായി കരാർ ഏർപ്പെട്ടിരിക്കുന്നു. താനും പോകും 'ഇന്ത്യൻ ആരോസ്' എന്ന ടീമിലേക്ക്. അടുത്ത വർഷം ഇന്ത്യൻ സൂപ്പർ ലീഗുമായി ലയനമുണ്ടാകുമെന്നും കേൾക്കുന്നു. വിദേശ പരിശീലകരും, താരങ്ങളുമായി ഇടപഴകാനും പുതിയ പരിശീലനമുറകൾ അഭ്യസിക്കാനും അവസരം കൈവരുന്നു. അതെ, ഇനിയുള്ള സുവർണ കാലഘട്ടത്തിലേക്കുള്ള കുതിപ്പാണ് ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നത്. ഇതിന്റെ ഭാഗമാകാൻ കഴിഞ്ഞതിൽ അവന് അഭിമാനം തോന്നി. തൃശ്ശൂർ മണ്ണുത്തിയിലെ ഒല്ലൂക്കര എന്ന കൊച്ചുഗ്രാമത്തിലെ വീട്ടിൽ മത്സരത്തെക്കുറിച്ചുള്ള വിലയിരുത്തലുകൾ അവസാനിച്ചിട്ടുണ്ടാവില്ല എന്ന് അവൻ ഓർത്തു. തന്റെ നിർഭാഗ്യ നിമിഷത്തിന്റെ വേദന മറക്കാൻ മാതാപിതാക്കൾക്ക് കഴിയണേ എന്ന് അവൻ പ്രാർത്ഥിച്ചു. കണ്ണോലി പ്രവീൺ രാഹുൽ എന്ന കെ.പി. രാഹുലിന്റെ ഓർമ്മകൾ അല്പം പുറകോട്ട് സഞ്ചരിച്ചു.

* * * * *

ഫിഫ അണ്ടർ 17 ലോകകപ്പിനുള്ള ഇന്ത്യൻ ടീമിൽ ഇടം നേടുമ്പോൾ അതൊരു സ്വപ്ന സാഫല്യം തന്നെയായിരുന്നു.

ഐ.എം. വിജയന്റേയും, സി.വി. പാപ്പച്ചന്റേയും നാട്ടിൽ നിന്നൊരു ലോക ഫുട്ബോളർ. അമേരിക്കക്കെതിരെയായിരുന്നു ആദ്യ മത്സരം. പകരക്കാരുടെ ബെഞ്ചിലിരിക്കുമ്പോളാണ് പ്രതിഭാശാലിയായ കോമൾ തട്ടാലിന്റെ പകരക്കാരനായി രണ്ടാം പകുതിയിൽ കളത്തിലിറങ്ങുന്നത്. മത്സരം തോറ്റെങ്കിലും കായികക്ഷമതയിൽ പിന്നിലായിപ്പോയ കോമൾ തട്ടാലിന് പകരം താൻ കൊളംബിയക്കെതിരെ ആദ്യ ഇലവനിൽത്തന്നെ സ്ഥാനം നേടുന്നു. തുടർന്ന് ഘാനക്കെതിരായ അവസാന മത്സരത്തിലും സ്ഥാനമുണ്ടാകുമെന്നുറപ്പ്. നന്ദിയോടെ സ്മരിക്കപ്പെടേണ്ടത് ആരെല്ലാമാണ്? തന്റെ കളിജീവിതത്തിന് പരിപൂർണ്ണ പിന്തുണ നൽകിയ മാതാപിതാക്കളെ, പിന്നെ തന്റെ പ്രതിഭയെ തിരിച്ചറിഞ്ഞ ഇളയച്ഛനെയും, ആദ്യ പരിശീലകനായ പീതാംബരൻ മാഷിനേയും, നിക്കോളായ് ആദമെന്ന മുൻ ഇന്ത്യൻ പരിശീലകനെയും മറക്കുന്നതെങ്ങനെ? ഇന്ത്യയൊട്ടാകെ തിരഞ്ഞ് നിക്കോളായ് കണ്ടെടുത്ത 36 പേരിൽ നിന്നാണ് ഇപ്പോഴത്തെ 21 അംഗ സംഘം രൂപപ്പെട്ടത്. എന്നാൽ കാർക്കശ്യവും കുട്ടികളോടുള്ള സമീപനത്തിലെ താളപ്പിഴകളും മൂലം നിക്കോളായ് പുറത്താക്കപ്പെട്ടു. ഏതാനും മാസം മുൻപ് ചുമതലയേറ്റ ലൂയിസ് ഡിമത്തിയോസ് തങ്ങളിൽ വിശ്വാസം വളർത്തിയെടുത്തു. സ്നേഹപൂർവ്വമായ പെരുമാറ്റവും, ചിട്ടയായ പരിശീലനവും കൊണ്ട് അദ്ദേഹം സംഘത്തെ പോരാളികളാക്കി മാറ്റിയിരിക്കുന്നു. വിദേശ രാജ്യങ്ങളിൽ കൊണ്ടുപോയി അവിടുത്തെ ചെറുടീമുകളുമായി സൗഹൃദ മത്സരങ്ങൾ സംഘടിപ്പിച്ചതിലൂടെ ആവശ്യത്തിന് മത്സരപരിചയവും നേടിത്തന്നു. ശരിയായ ദിശയിലൂടെ ഇന്ത്യൻ ഫുട്ബോൾ വളരുന്നുവെന്ന് ഫുട്ബോൾ പണ്ഡിതൻമാർ അഭിപ്രായപ്പെട്ടു.

* * * * *

അങ്ങനെ ലോകകപ്പ് മാമാങ്കം സമാപിച്ചു. സ്പെയിനിനെ തോൽപ്പിച്ച ഇംഗ്ലണ്ടിന്റെ കുട്ടികൾ ലോകജേതാക്കളായി. റയൻ ബ്രൂസ്റ്ററും, ഫിൽ ഫോഡനും സാഞ്ചോയുമെല്ലാം ഇംഗ്ലീഷ് ഫുട്ബോളിന്റെ ശോഭനമായ ഭാവിയുടെ പതാകവാഹകരായി മാറി. സമീപകാലത്ത് തന്നെ അണ്ടർ 20 ലോകകപ്പും അവർ നേടി. രണ്ടാം സ്ഥാനക്കാരെങ്കിലും സ്പെയിനിന്റെ പോരാട്ടവീര്യം പ്രത്യേകം പ്രശംസയർഹിക്കുന്നു. മാലിയെ തോൽപ്പിച്ച ബ്രസീൽ മൂന്നാം സ്ഥാനം നേടി. കൂടുതൽ ഗോളടിച്ച ബ്രൂസ്റ്റർ ഗോൾഡൻ ബൂട്ടും ഗോൾപോസ്റ്റിനു മുന്നിലെ മികച്ച പ്രകടനം ബ്രസീലുകാരനായ ഗബ്രിയേൽ ബ്രസാവോയെ ഗോൾഡൻ ഗ്ലൗവിനുമുടമയാക്കി. ടൂർണമെന്റിലെ മികച്ച താരത്തിനുള്ള ഗോൾഡൻ ബോൾ, ഫിൽ ഫോഡനും സ്വന്തമാക്കി. ഇന്ത്യയുടെ പ്രകടനം ഇതായിരുന്നു. മൂന്ന് മത്സരങ്ങൾ. മൂന്നും തോൽവികൾ. വഴങ്ങിയ ഗോളുകൾ 9. നേടിയത് ഒരു സുവർണ്ണ ഗോൾ. പങ്കെടുത്ത 24 ടീമുകളിൽ ഗോൾ ശരാശരിയിൽ അവസാന സ്ഥാനക്കാർ. എന്നാൽ ഇതൊന്നും ഇന്ത്യയെ തലകുനിപ്പിച്ചില്ല. ലോക ഫുട്ബോളിൽ ഇന്ത്യയുടെ മേൽവിലാസം രേഖപ്പെടുത്തിയ ഈ ടൂർണമെന്റിന്റെ ഗുണഫലങ്ങൾ രേഖപ്പെടുത്തുക ഭാവികാലത്തായിരിക്കും. മൂന്ന് തോൽവികളും വിജയത്തിലേക്കുള്ള മൂന്ന് ചവിട്ടുപടികളായി രൂപാന്തരപ്പെടും. കാണികളുടെ എണ്ണത്തിൽ 1985 ൽ ചൈനയിൽ നടന്ന ലോകകപ്പിനെ മറികടന്ന് നാം റെക്കോർഡ് സൃഷ്ടിച്ചു. തുടക്കത്തിൽ പാളിപ്പോയ ലോകകപ്പ് സംഘാടനം ഫിഫയുടെ കർശന മേൽനോട്ടത്തിലൂടെയും നിർദ്ദേശങ്ങളിലൂടെയും തിരിച്ചുവരവ് നടത്തി വൻ വിജയത്തിൽ എത്തിച്ചേർന്നു. 1950 ൽ ബൂട്ടിട്ടു കളിക്കാൻ കഴിയില്ലെന്ന കാരണത്താൽ നാം നഷ്ടമാക്കിയ സീനിയർ ലോകകപ്പ് പങ്കാളിത്തം പിൽക്കാല തലമുറക്ക് പകർന്ന നിരാശാബോധത്തെ ഇപ്പോൾ മറികടന്നിരിക്കുന്നു. നമ്മുടെ ദേശീയ ടീമാകട്ടെ സുനിൽ ഛേത്രി എന്ന അതുല്യ പ്രതിഭയുടെ ചിറകിലേറി സ്റ്റീഫൻ കോൺസ്റ്റന്റയിൻ എന്ന പരിശീലകന്റെ സഹായത്തോടെ പരാജയമറിയാത്ത 13 മത്സരങ്ങൾ 2017 അവസാനിക്കുമ്പോൾ പൂർത്തിയാക്കിയിരിക്കുന്നു. ആ തുടർച്ചയിലേക്കാണ് കൗമാരക്കാരുടെ ഈ നിരയെ വളർത്തിയെടുക്കേണ്ടത്. ഇന്ത്യൻ കായികരംഗത്തിന്റെയാകെ ശാപമായ അടിസ്ഥാന സൗകര്യ വികസനത്തിന്റെ അഭാവം നാം മറികടക്കേണ്ടതുണ്ട്. അഴിമതിയുടെയും സ്വജന പക്ഷപാതത്തിന്റെയും കരാള ഹസ്തങ്ങളെ മുറിച്ചു മാറ്റേണ്ടതുണ്ട്. അതിനെല്ലാം ഈ ടൂർണമെന്റിലെ ഒറ്റ ഗോൾ വിപ്ലവം നൽകിയ അനുഭവ സമ്പത്ത് പ്രയോജനകരമായി മാറും എന്നുറപ്പാണ്. ഉറങ്ങുന്ന ഭീമൻ എന്നാണ് ഇന്ത്യയെ മുൻ ഫിഫ മേധാവി സെപ് ബ്ലാറ്റർ ലോകകപ്പ് അനുവദിക്കുന്ന വേളയിൽ വിശേഷിപ്പിച്ചത്. ആ ഭീമൻ ഉണർന്നിരിക്കുന്നു. ഇപ്പോൾ ഊർജ്ജം സംഭരിച്ചിരിക്കുന്നു. മുന്നോട്ടുള്ള കുതിപ്പിനായി. വിപ്ലവങ്ങൾക്ക് ചരിത്രത്തിൽ എന്നും സുപ്രധാന സ്ഥാനമാണുള്ളത്. ഈ ഒറ്റ ഗോൾ വിപ്ലവവും ചരിത്രത്തിൽ സുവർണ ലിപികളാൽ രേഖപ്പെടുത്തുക തന്നെ ചെയ്യും.





# സമരമാണ് ജീവിതം

എന്റെ വേരും
എന്റെ ഇലയും
നിന്റെ പുരോഗതിക്കുവേണ്ടി
അറുത്തെടുക്കുമ്പോൾ
നോക്കി നിന്ന് കണ്ണീർ പൊഴിച്ചത്
കണ്ണിൽ നിന്നൂറിയ ചുടുചോര പൊഴിച്ചത്
ഒരായുസ്സിന്റെ വിയർപ്പിലുയർന്ന
പച്ചിലപ്പാത്രങ്ങളാണ്.
അവയിൽ
കറന്റുബില്ലടക്കാൻ
വിളഞ്ഞ തേങ്ങകളുണ്ട്.
കുടിവെള്ളക്കരമടക്കാൻ
പഴുത്തു വീഴുന്ന ചെമ്പഴുക്കകളുണ്ട്.
അതിനപ്പുറം,
വറുതിയുടെ വേനൽ കടക്കാൻ
നട്ടുപൊന്തിയ ചേമ്പുതണ്ടുകളുണ്ട്.
വിഷമഘട്ടങ്ങളെ താണ്ടാൻ നട്ട
മഞ്ഞൾക്കതിരുകളുണ്ട്.
വിശ്വാസങ്ങൾ സത്യമാക്കിയ
കറുത്ത പൊന്നും ഇതിനിരുമുണ്ട്.
ഇനിയുണ്ടാകാൻ വരുമെന്നാഘോഷിക്കുന്ന
കുഴലുകൾക്ക് മുന്നിൽ
അവയെ കിടത്താൻ കുഴിച്ച
കുഴികൾക്കു മുന്നിൽ
ജന്മം സമർപ്പിച്ചവർക്ക്.
ശ്രദ്ധാഞ്ജലിയല്ല
ജീവിതം
സമരമാണ് ...
സന്ധിയില്ലാത്ത സമരം.



ഹരിഗോവിന്ദ് പി.
പ്രയാഗ '15



# ദൈവങ്ങളുടെ നാട്ടിൽ നിന്ന്

രേഷ്മ എസ്. നായർ
ടോറസ് '14

നൂറ്റാണ്ടുകളുടെ ചരിത്രം ഉറങ്ങികിടക്കുന്ന 'ദൈവങ്ങളുടെ നാടി'ന്റെ അടയാളമാണ് യക്ഷഗാനം. ദക്ഷിണ കാതര പ്രദേശത്തിന്റെ തനതായ ഈ കലാരൂപം കേരളത്തിലെ കൂടിയാട്ടം, തമിഴ്നാട്ടിലെ തെരുക്കൂത്ത്, ആന്ധ്രയുടെ വേദിനാടകം എന്നിവയുമായി സാദൃശ്യം പുലർത്തുന്നു. ഈ പ്രദേശത്ത് നിലനിന്നിരുന്ന ഭൂതാരാധനയ്ക്കും (തെയ്യം) ഇതിൽ സാന്നിധ്യമുണ്ട്. 'ബയലാട്ട' എന്ന പേരിലും യക്ഷഗാനം അറിയപ്പെടുന്നു. 'തുറസ്സായ സ്ഥലത്ത് കളിക്കുന്ന കലാരൂപം' എന്നാണ് ഈ കന്നടപദത്തിന്റെ അർത്ഥം.

അനീതിയ്ക്കും അന്ധകാരത്തിനും മേൽ നന്മയുടെയും, ദൈവത്തിന്റെയും വിജയമാണ് ഈ നാടോടിനാടകത്തിന്റെ ഇതിവൃത്തം. രാമായണം, മഹാഭാരതം തുടങ്ങിയ പുരാണ ഗ്രന്ഥങ്ങളിലെ കഥകൾ ആംഗിക-വാചിക-ആഹാര്യ-ഭാവങ്ങളോടെ അവതരിപ്പിക്കുന്നു. സംസ്ഥാന വിഭജനത്തിന് മുൻപ് കാസർഗോഡ് ദക്ഷിണ കർണ്ണാടകത്തിന്റെ ഭാഗമായിരുന്നതിനാൽ ഈ നൃത്ത-നാട്യ ആവിഷ്കാരത്തിന്റെ സാന്നിധ്യം അനുഷ്ഠാന കലകളുടെ ഈറ്റില്ലമായ കേരളത്തിലേക്കുകൂടി എത്തിച്ചേർന്നു. എന്നാൽ യക്ഷഗാന കവിതകളെല്ലാം കന്നട ഭാഷയിൽ തന്നെയാണെഴുതപ്പെട്ടിട്ടുള്ളത്. അസുര - ദേവ കഥാപാത്രങ്ങളുടെ സാന്നിധ്യം അവതരണത്തിലങ്ങോളം കാണികൾക്കായി ഒരു അമാനുഷികലോകം സൃഷ്ടിക്കുന്നു.

മൂടലപ്പായ, പടുവളപ്പായ എന്നിങ്ങനെ രണ്ടു തരത്തിൽ യക്ഷഗാനത്തെ തിരിച്ചിട്ടുണ്ട്. പ്രദേശത്തിനനുസരിച്ച് നൃത്തത്തിന്റെ രീതിയും വേഷവിധാനങ്ങളും വ്യത്യാസപ്പെട്ടിരിക്കുന്നു. പടുവളപ്പായ വിഭാഗത്തിൽ പെടുന്ന 'തെൻകുതിട്ടി'ന് കാസർഗോഡ് വളരെ പ്രചാരമുണ്ട്. സംസ്കൃത ശ്ലോകങ്ങളിൽ വിവരിച്ചിരിക്കുന്ന നിയമമനുസരിച്ച് 15' x 30' വലിപ്പത്തിൽ ചതുരാകൃതിയിലുള്ള വേദിയിലാണ് യക്ഷഗാനം നടത്തുന്നത്. രാത്രി മുതൽ പുലർച്ചെ വരെ 12 മണിക്കൂർ നീണ്ടു നിന്നിരുന്ന ഈ ആവിഷ്കാരത്തിന് അധികം ദൈർഘ്യമില്ലാത്ത പതിപ്പും ഇന്നുണ്ട്. 'ഹിമ്മേള' എന്നറിയപ്പെടുന്ന ഒരു കൂട്ടം കലാകാരൻമാരൊരുക്കുന്ന പശ്ചാത്തല സംഗീതത്തിന്റെ അകമ്പടിയോടെയാണ് യക്ഷഗാനം അരങ്ങേറുന്നത്. 'ഭാഗവത' എന്നറിയപ്പെടുന്ന കലാകാരൻ വാദ്യങ്ങളുടെ അകമ്പടിയോടെ യക്ഷഗാന കവിതകൾ (യക്ഷഗാന പ്രസംഗം/പദ്യം) കന്നടഭാഷയിൽ ആലപിക്കുന്നു. ചില സന്ദർഭങ്ങളിൽ കഥാപാത്രത്തിന്റെ രംഗപ്രവേശം ചെണ്ടയുടെ സാന്നിധ്യത്തിലാകും. കഥാപാത്രങ്ങൾ ആലാപനത്തിനനുസൃതമായി നൃത്തം ചെയ്യുകയും ഏറ്റുപാടുകയും ചെയ്യും. ഗണേശസ്തുതിയോടെ ആരംഭിക്കുന്ന നൃത്തം അവസാനിക്കുന്നതും അങ്ങനെ തന്നെയാണ്. പുരാതന കാലത്ത് എണ്ണവിളക്കുകളുടെ സാന്നിധ്യത്തിലായിരുന്നു ആവിഷ്കരണം. ദേവകഥാപാത്രങ്ങൾക്ക് മനോഹരവും വർണ്ണാഭവുമായ വസ്ത്രങ്ങളും, അസുര കഥാപാത്രങ്ങളായ രാവണൻ, മഹിഷാസുരൻ, ദുര്യോധനൻ എന്നിവർക്ക് കഥകളിയിലേതുപോലെ സങ്കീർണ്ണമായ വേഷവിധാനങ്ങളുമാണുപയോഗിക്കുന്നത്. ഇതിൽ നിന്ന് വ്യത്യസ്തമായി, പ്രത്യേകമായ വേഷവിധാനങ്ങളോ, മുഖത്തെഴുത്തോ കൂടാതെ അരങ്ങേറുന്ന വിഭാഗമാണ് യക്ഷഗാനകൂട്ടം.

യക്ഷഗാനത്തിന്റെ നിയമാവലിക്കുള്ളിൽ നിന്ന് നടത്തുന്ന യക്ഷഗാനപ്പാവകളി വളരെ പ്രസിദ്ധമാണ്. തുളുനാടിന്റെ ഈ കലാരൂപത്തെ ലോകത്തിന് പരിചയപ്പെടുത്തിയതിൽ യക്ഷഗാന പാവകളിയുടെ സ്ഥാനം വളരെ വലുതാണ്. അടുത്തിടയ്ക്ക് യക്ഷഗാനപാവകളായ ദുശ്ശാസനനും, അഭിമന്യുവും കാലിഫോർണിയയിലെ അറ്റ്ലാന്റയിലുള്ള സെന്റർ ഫോർ പപ്പെട്രി ആർട്സ് മ്യൂസിയത്തിൽ സ്ഥാനം പിടിച്ചത് ഈ കലാരൂപത്തിന്റെ പ്രാധാന്യം വർദ്ധിപ്പിക്കുന്നു. യക്ഷഗാന കലാകാരന്മാരെല്ലാം തന്നെ ഈ രംഗത്ത് ദശാബ്ദങ്ങളുടെ അനുഭവസമ്പത്തുള്ളവരാണ്. ചിറ്റാനി രാമചന്ദ്ര ഹെഗ്ഡെ, ഐറോഡി ഗോവിന്ദപ്പ തുടങ്ങി നിരവധി കലാകാരൻമാരും, ഉഡുപ്പിയിലെ യക്ഷഗാനകലാകേന്ദ്ര, ശ്രീമയ യക്ഷഗാന കലാകേന്ദ്ര എന്നീ സ്ഥാപനങ്ങളുമെല്ലാം ദക്ഷിണ ഭാരതത്തിന്റെ മഹിമയ്ക്ക് തിളക്കം കൂട്ടുന്ന ഈ കലാരൂപത്തിന്റെ ഉന്നമനത്തിനായി പ്രവർത്തിക്കുന്നുണ്ട്.



# ഹോർട്ടിയുടെ സ്വന്തം ...



ഹോർട്ടിയുടെ ഹൃദയത്തിനോടൊപ്പം തുടിക്കാൻ തുടങ്ങിയിട്ട് 'തരംഗിന്' ഇന്ന് ഒരു വയസ് തികയുന്നു. തരംഗിന്റെ സാന്നിധ്യമില്ലാതെ ഹോർട്ടിയിലെ ഒരു ആഘോഷാവും ഇന്നുറങ്ങാറില്ല. യൂണിവേഴ്സിറ്റിയിലെ മറ്റൊരു കോളേജിലും ഇല്ലാത്ത ഒരു മ്യൂസിക് ബാൻഡ് ഹോർട്ടിയിൽ പിറന്നപ്പോൾ അത് ഹോർട്ടിയുടെ സ്വകാര്യ അഹങ്കാരങ്ങളിലൊന്നായി മാറുകയായിരുന്നു.

'തരംഗ്' എന്ന ആശയം ഉടലെടുത്തത് ആ രാത്രിയിലായിരുന്നു. ഏറെ വൈകിയിട്ടും അന്ന് ഹോർട്ടിയുടെ പാട്ടുകാരൻ റെക്കോർഡ് എഴുതുന്ന തിരക്കിലായിരുന്നു. അപ്പോഴാണ് താനേറെക്കാലമായി മനസ്സിൽ കൊണ്ടുനടക്കുന്ന 'ഹോർട്ടിക്കൊരു ബാൻഡ്' എന്ന മോഹം പങ്കുവയ്ക്കാനായി അമലേട്ടൻ റൂമിലെത്തിയത്.

'രോഗി ഇച്ഛിച്ചതും വൈദ്യൻ കല്പിച്ചതും പാല്'.

മുമ്പ് പലപ്പോഴും ഇതിനെക്കുറിച്ച് ചിന്തിച്ചിട്ടുണ്ടെങ്കിലും കോളേജിലെ തിരക്കുകൾ കാരണം ഈ സ്വപ്നങ്ങളത്രയും പൊടിപിടിച്ചു കിടക്കുകയായിരുന്നു സരിന്റെ മനസ്സിൽ. ബാൻഡിനെപറ്റി തുടർന്നാലോചിക്കാൻ അവനു ധൈര്യം പകർന്നത് P.G. യിലെ അശ്വിനേട്ടന്റെയും മഹേഷേട്ടന്റെയും മുഖങ്ങളായിരുന്നു. കുറച്ച് വൈകിപ്പോയോ എന്നതു മാത്രമായിരുന്നു പാട്ടുകാരന്റെ മനസ്സിൽ. അതിനൊരു മറുപടിയുമായി എത്തിയതോ അശ്വിനേട്ടന്റെ വാക്കുകളും.

> "Dear, it's never too late to follow your passion. It's true that there are concerns like will it be successfull, who will continue after us etc. But I can promise that, you can never be sure. All you can do is, do your best and remain hopeful."



തിരക്കേറിയ വർക്കുകൾക്കിടയിലും അശ്വിനേട്ടനും, മഹേഷേട്ടനും ആ സ്വപ്നത്തിനു പൂർണ്ണ പിന്തുണ നൽകി. പിന്നീടങ്ങോട്ട് നിരന്തര ചർച്ചകളായിരുന്നു. ഒരുപാട് പ്രതിസന്ധികളെ അതിജീവിച്ച് തരംഗ് മുന്നേറുന്നതിന് ഹോർട്ടി സാക്ഷ്യം വഹിച്ചു. മികച്ച ഒരു ടീമിനായുള്ള പരിശ്രമത്തിലൂടെ 32 പേരടങ്ങുന്ന സംഘം തരംഗിന്റെ ഈണവും താളവുമായി മാറി. സംഗീതോപകരണങ്ങളുടെ അഭാവമാണ് തരംഗിന്റെ പ്രധാന പരിമിതിയായി നിലനിന്നിരുന്നത്. ആദ്യമൊക്കെ വിദ്യാർത്ഥികളിൽ നിന്ന് ഉപകരണങ്ങൾ എത്തി. പിന്നീട്, വിദ്യാർത്ഥികൾക്കൊപ്പം നിലകൊണ്ടിരുന്ന അസോസിയേറ്റ് ഡീൻ, ഡോ. സി. ജോർജ് തോമസ് സാറിന്റെയും, PTA യുടെയും സഹായത്തോടെ തരംഗിന് സ്വന്തമായി സംഗീതോപകരണങ്ങൾ വാങ്ങാൻ സാധിച്ചു, അതോടൊപ്പം ഒരു വേദി അഭിമുഖീകരിക്കാനുള്ള ധൈര്യവും. ഒരുപറ്റം സീനിയേഴ്സിന്റെ പ്രോത്സാഹനം കൂടിയായപ്പോൾ തരംഗിന്റെ ആദ്യത്തെ പരിപാടി വരുന്ന Union inauguration - MALHAR 17 ന് തന്നെയാവാം എന്ന തീരുമാനത്തിലെത്തി. പ്രശസ്ത പിന്നണി ഗായകൻ സച്ചിൻ വാര്യർ തരംഗിന്റെ ഔദ്യോഗിക ഉദ്ഘാടനം നിർവ്വഹിച്ചു. ഒരുപാട് കാലത്തെ പ്രയത്നത്തിന്റെ ഫലമായി അന്ന് തരംഗ് അരങ്ങിലേറി. തുടക്കക്കാരെന്ന നിലയിൽ മോശമല്ലാത്ത പ്രകടനം തരംഗിന് കാഴ്ചവയ്ക്കാൻ സാധിച്ചു. പിന്നീടങ്ങോട്ട് കഥയിലെ വില്ലൻ അക്കാദമിക് ഷെഡ്യൂളായിരുന്നു. തുടർന്നുണ്ടായ ഓരോ പ്രതികൂലസാഹചര്യങ്ങളെയും പ്രതീക്ഷയോടെ നേരിട്ടതുകൊണ്ടാവണം Fb പേജ് തരംഗിന്റെ കവർ സോങ്ങുകൾ കൊണ്ട് നിറഞ്ഞത്. തരംഗ് തുടികൊട്ടിക്കയറിയത് മുമ്പ് പറിച്ചിറങ്ങിയ ഒരുപാടുപേരുടെ ഹൃദയങ്ങളിലൂടെയുമായിരുന്നു. അന്നൊരു സരിനും, അശ്വിനും, മഹേഷുമായിരുന്നുവെങ്കിൽ ഇന്ന് ജോണും, വൈശാഖും തരംഗിനൊപ്പമുണ്ട്. പേരുകൾ മാറുമായിരിക്കും, പക്ഷേ, ഇനിയുമെത്രയോ കാലം ഹോർട്ടിക്ക് ഈണമായി, താളമായി, ഹൃദയത്തുടിപ്പായി 'തരംഗു'ണ്ടാകും.







# 6 TIMES IN A ROW

GOLDEN LADY




*We are like children,*

*once we get the cup we'll never give it back.*











*Through sacrifice comes catharsis ...*









Amritha Varanya
Kalathilakam
Rithu '17


Chemind
THE ONE STOP SHOP FOR
LABORATORY PRODUCTS
CHEMIND
ISO 9001-2008
ESTD.1974
MERCK LIFE SCIENCE PVT. LIMITED
BOROSIL R GLASSWARES
BANGALORE GENEI
SRL FINE CHEMICALS
NICE FINE CHEMICALS
AGAPPE DIAGNOSTICS
ELICO INSTRUMENTS
ROTEK INSTRUMENTS
TARSONS PLASTIC WARES
REMI INSTRUMENTS
SYSTRONICS
SHIMADZU ELECTRONICS BALANCE
OLYMPUS
ARKRAY PIRAMAL MEDICAL PVT. LTD.
INFRA SCIENTIFIC BALANCES
KEROY (BALANCES) PVT. LTD.
MERCK
TARSONS
AGAPPE DIAGNOSTICS
OLYMPUS
ARKRAY
SRL
NICE
TC-35-4984, CHEMIND HOUSE, M.G.ROAD, MACHINGAL LANE, THRISSUR-680 001
PHONE : (OF) 0487 2335173, 2336641, (RESI) 2429843. FAX : 0487 2336641
e-mail : mail@chemindonline.com Website : www.chemindonline.com
(Approved Govt. Contractors)

# അനുഭവങ്ങൾ പാളിച്ചകൾ

"യക്ഷികൾക്കും പ്ലസ്ടുവിന് ഫുൾ A+ കിട്ടിയവർക്കും ഒരേ ശിക്ഷയാണ് - കൊണ്ടുപോയി പാലായിൽ തറയ്ക്കും". ട്രോൾ മലയാളത്തിലെ ഈ പോസ്റ്റിന് like അടിച്ചുകൊണ്ടാണ് എന്റെ അന്നത്തെ ദിവസം തുടങ്ങിയത്. തലേ ദിവസം KEAM എക്സാമിന്റെ റിസൾട്ട് വന്നിരുന്നു. ഇന്നിതാ പ്ലസ് ടു റിസൾട്ടും വരുന്നു. ഇടിവെട്ടിയവനെ പേപ്പട്ടി കടിച്ച അവസ്ഥ. ഇന്നത്തോടുകൂടി കൂടെയുള്ള teams ന്റെ കാര്യത്തിൽ ഒരു തീരുമാനമാവും. പാലാ വേണോ, P.C. വേണോ, Rays വേണോ എന്ന് മാത്രമാണ് ഇപ്പോഴത്തെ എല്ലാവരുടെയും ചിന്ത. എനിക്ക് പ്രത്യേകിച്ച് ജീവിതലക്ഷ്യങ്ങൾ ഒന്നും ഇല്ലാത്തതിനാലും വീട്ടുകാർക്ക് പ്രത്യേകിച്ച് നിർബ്ബന്ധങ്ങൾ ഇല്ലാത്തതിനാലും ഞാനും എന്റെ ബെസ്റ്റ് ഫ്രണ്ടും അടുത്ത പടി നിർണയിക്കാൻ വേണ്ടി ടോസ് ഇട്ടു. ഏതായാലും ഒരു വർഷം repeat ചെയ്യാമെന്ന തീരുമാനത്തിലാണ് ഞങ്ങൾ എത്തിച്ചേർന്നത്.

Repeat ന് പോവാൻ വേണ്ടി തയ്യാറെടുത്ത് വരുമ്പോഴാണ് കൂടെ കട്ടയ്ക്ക് നിന്നിരുന്ന ഫ്രണ്ട് എഞ്ചിനീയറിംഗിന് പോവാൻ വേണ്ടി തീരുമാനിച്ചത്. കാലുപിടിച്ചിട്ടും കരഞ്ഞു പറഞ്ഞിട്ടും അവൾ മാറാൻ തയ്യാറായില്ല. അങ്ങനെ ആ തീരുമാനത്തിൽ ഞാൻ ഒറ്റക്കായി. ഒടുവിൽ എല്ലാവരോടും പിണങ്ങിയിട്ട് കൂടെയുള്ള ഫ്രണ്ട്സ് ഒന്നും



Series exam റാങ്ക് വീട്ടിലേക്ക് message പോവുമ്പോൾ വെറുതേ മൂന്നക്ക റാങ്ക് കാണിച്ച് അവരെ പേടിപ്പെടുത്തേണ്ട എന്ന നല്ല ഉദ്ദേശ്യം വച്ച് version code എഴുതാതെ OMR sheet തിരിച്ച് കൊടുത്തതും ആകെക്കൂടി അറിയാവുന്ന ഒരു ചോദ്യം option മാറി കറുപ്പിച്ചപ്പോൾ പിന്നുവെച്ച് ചുരണ്ടിക്കളഞ്ഞ് വേറെ കറുപ്പിച്ചതും എല്ലാം ഒരുപോലെ എഴുതിയിട്ടും കൂടെ ഇരുന്നവൾക്ക് എന്നെക്കാൾ മൂന്നു റാങ്ക് മുകളിൽ കിട്ടിയതും ഇപ്പോഴും ഞാൻ ഓർക്കാറുണ്ട്.

തിരഞ്ഞെടുക്കാതിരുന്ന സ്ഥലത്താണ് ഞാൻ പോവാൻ തീരുമാനിച്ചത്. "സയൻസ് ഇൻസ്റ്റിറ്റ്യൂട്ട്, മഞ്ചേരി". വീട്ടിൽ നിന്നും ദൂരെ ആയിരുന്നതിനാൽ ഹോസ്റ്റലിൽ നിന്ന് പഠിക്കാൻ ആയിരുന്നു തീരുമാനം. വന്ന അന്നുത്തന്നെ എനിക്ക് കാര്യം ഏതാണ്ട് മനസ്സിലായി. ഭൂതലോകത്തിന്റെ സ്പന്ദനം ബയോളജിയിലാണ് എന്നും പറഞ്ഞുകൊണ്ട് +1 NCERT ബയോളജി ടെക്സ്റ്റും പിടിച്ച് ഇരിക്കുന്നവളെയാണ് വന്ന ഉടനെ കണ്ടത്. ശ്മശാന മൂകമായിരുന്നു മുറികൾ. ടേബിളിൽ കേറ്റിവെച്ചിരിക്കുന്ന കിലോക്കണക്കിന് ഭാരം വരുന്ന ടെക്സ്റ്റ് ബുക്കുകൾ. പക്ഷേ എന്റെ room mate ഒരു സംഭവമായിരുന്നു. പഠിപ്പ് തലയിൽ കയറിയ ആദ്യ ദിവസങ്ങളിൽ നിന്നും വ്യതിചലിച്ച് അവസാന ദിവസങ്ങളിൽ ഞങ്ങൾ ഉഴപ്പിയത് പിന്നത്തെ ചരിത്രം.

രാവിലെ 7.30 ന് ആയിരുന്നു ക്ലാസ് തുടങ്ങുന്നത്. 9.00 മണിക്ക് ബെഡിൽ നിന്നും പൊങ്ങണ്ടേ എന്നോർത്ത് ആവലാതിപ്പെടാറുള്ള എന്നെ സംബന്ധിച്ച് ഇതൊരു കൊലച്ചതി തന്നെ ആയിരുന്നു എങ്കിലും 7.30 ന് ക്ലാസിൽ കേറി pending വന്ന ഉറക്കം അവിടെ വച്ച് പൂർത്തീകരിക്കാൻ എനിക്കീ കാലയളവിൽ ഉടനീളം സാധിച്ചു. എന്നാൽ കർക്കശ്യക്കാരനായ Zoology സാറിനു മുമ്പിൽ ഇതൊന്നും നടന്നില്ല. കണ്ണിലൂടെ ഉറക്കം ഒന്നു പാളിയാൽ മതി, സാർ അപ്പോ



ഫാലത്ത് ബി.

പ്രയാഗ '16



തന്നെ പൊക്കും. ഫ്രണ്ട് ബെഞ്ചിലിരുന്ന് കിനാവ് കണ്ട എന്നെയും room mate നെയും "What is the significance of *Meloidogyne incognita*?" എന്ന ഒരൊറ്റ ചോദ്യം കൊണ്ട് നക്ഷത്രമെണ്ണിപ്പിച്ചയാളാണ് സാർ. അതെന്താ സാധനം എന്ന് അന്തം വിട്ട് പുറകിലുള്ളവരെ ദയനീയമായി നോക്കിയ രംഗം ഇപ്പോഴും ആരും മറന്നു കാണില്ല. Homework എഴുതാതിരുന്നതിന് ഒട്ടും പ്രതീക്ഷിക്കാതെ മീൻ മാർക്കറ്റിലേക്ക് notebook പറപ്പിച്ച Physics സാറും, 150 km/hr സ്പീഡിൽ ക്ലാസെടുക്കുന്ന Chemistry സാറും, ക്ലാസിൽ ഉറക്കം തൂങ്ങി ഇരുന്ന എന്നോട് വേണേൽ കിടന്നുറങ്ങിക്കോളൂ എന്ന് സ്നേഹത്തോടെ നിർദ്ദേശിച്ച Botany സാറും റിപ്പീറ്റ് ജീവിതം അവിസ്മരണീയമാക്കി. Series exam റാങ്ക് വീട്ടിലേക്ക് message പോവുമ്പോൾ ഒന്നുമറിയാത്ത മുന്നൂറ് റാങ്ക് കാണിച്ച് അവരെ പേടിപ്പെടുത്തരുതെന്ന നല്ല ഉദ്ദേശ്യം വച്ച് version code എഴുതാതെ OMR sheet തിരിച്ച് കൊടുത്തതും ആകെക്കൂടി അറിയാവുന്ന ഒരു ചോദ്യം option മാറി കറുപ്പിച്ചപ്പോൾ പിന്നെയും ചുറ്റിലുള്ളതിന് വേറെ കറുപ്പിച്ചതും എല്ലാം ഒരുപോലെ എഴുതിയിട്ടും കൂടെ ഇരുന്നവർക്ക് എന്നെക്കാൾ മൂന്നു റാങ്ക് മുകളിൽ കിട്ടിയതും ഇപ്പോഴും ഞാൻ ഓർക്കാറുണ്ട്.

അതിനിടയ്ക്കാണ് KEAM മാറ്റി NEET വരുമെന്ന് കേട്ടത്. അപ്പോഴേക്ക് AIPMT യുടെയും KEAM ന്റെയും തീയ്യതി ഉറപ്പിച്ചിരുന്നു, എന്നാൽ ഏതു നിമിഷവും അത് മാറാമെന്ന രീതിയിലായിരുന്നു. അവസാനം KEAM എക്സാം എത്തി. ആദ്യമായി തുറന്ന ചോദ്യപേപ്പറിലെ ഉറക്കച്ചടവുകൾക്കിടയിൽ അവ്യക്തമായി എഴുതിയ അക്ഷരങ്ങൾ നോക്കി ഞാൻ സ്തംഭിച്ചുപോയി. ആരോട് പറയാൻ? എന്തൊന്നു ചെയ്യാൻ? ഒടുവിൽ കണ്ണിൽ കണ്ടതൊക്കെ കുത്തി, മനസ്സിൽ സ്വയം ശപിച്ച് എക്സാം കഴിഞ്ഞ ദിവസം ഞാൻ ബെഡിൽ മലർന്ന് വീണു. അപ്പോഴാണ് ന്യൂസ് ഹെഡ് ലൈൻ കേൾക്കുന്നത്. "കേരള മെഡിക്കൽ എൻട്രൻസ് പരീക്ഷ റദ്ദാക്കി. പകരം നീറ്റ് നിലവിൽ വരും". ചിരിക്കണോ, കരയണോ എന്ന് അറിയാത്ത അവസ്ഥ. നീറ്റിന് പഠിക്കാമെന്ന് വെച്ചാൽ തന്നെ ബാക്കിയുള്ളത് രണ്ടു ദിവസം. എന്നെ സംബന്ധിച്ച് പുസ്തകം മറിച്ച് നോക്കാൻ പോലും തികയില്ല. ഒരു വിധം അതും എഴുതി തീർത്തപ്പോൾ വീണ്ടും തർക്കങ്ങൾ. KEAM വേണോ, നീറ്റ് വേണോ എന്ന പേരിൽ. സംവാദങ്ങൾ, പൊതു താൽപര്യ ഹർജികൾ. സുപ്രീം കോടതി ഇന്ന് പറഞ്ഞ വിധി നാളെ മാറ്റിപ്പറയുന്നു. പാലുകാച്ചൽ, കല്യാണം എന്നു പറയുംപോലെ നീറ്റും, KEAMഉം ഇടവിട്ട് മാറ്റത്ത് വരുന്നു. ഇതിനിടയിൽപ്പെട്ട ഞങ്ങളുടെ ഭാവി അനിശ്ചിതത്വത്തിലായി. ഒടുവിൽ രണ്ടും നിലനിർത്തി. പോരാത്തതിന് ഒരു വട്ടം കൂടി നീറ്റും നടത്തി. Exam കഴിഞ്ഞ അന്ന് ബുക്ക് തൂക്കി വിറ്റ ഞാൻ പിന്നെ ആ വഴിക്കൊന്നും പോയില്ല. ഒടുവിൽ തലയിലെഴുത്ത് എന്ന വണ്ണം MBBS കുട്ടികൾക്കിടയിൽ ഞാൻ അഗ്രിക്ക് എത്തി. റിസൾട്ട് വന്ന ദിവസം ഒരുപാട് കളിയാക്കലുകളും, ശകാരങ്ങളും കേൾക്കേണ്ടി വന്നു, എന്നാൽ എന്റെ കുടുംബം എനിക്കൊപ്പമായിരുന്നു. ഒരുമിച്ചുണ്ട്, ഉറങ്ങിയ എന്റെ room mate കോട്ടയത്ത് എഞ്ചിനീയറിങ്ങിന് ചേർന്നു. അവസാന നിമിഷം ചതിച്ച best friend വിജയകരമായി second year എത്തി. Arihant ന്റെയും, Dinesh ന്റെയും, R.D. Sharma യുടെയും കെട്ട് ബുക്കുകളും കൊണ്ട് ചിലർ റിപ്പീറ്റിന് വണ്ടി തിരിച്ചു. ഒരു വർഷത്തെ repeat ജീവിതം കൊണ്ട് കിട്ടിയ ഉപകാരം എന്താണെന്ന് ആരെങ്കിലും ചോദിച്ചാൽ ഞാനൊന്നേ പറയൂ "കണ്ണ് തുറന്ന് ഉറങ്ങാൻ പഠിച്ചു".



# വീട്ടുടമ

പടികടന്നുപോകവെ.
ഒന്നു തിരിഞ്ഞുനോക്കി
മുഖത്തൊരു ചിരിവരുത്തി.
നേർത്തൊരു യാത്ര ചോദിച്ചു.

ഉമ്മറപ്പടിവാതിലിൻ മറവിൽ
ഒളിച്ചുനിന്നൊരു സ്ത്രീരൂപം
കരിനിഴൽ വീണതു കൊണ്ടോ
മുഖം വ്യക്തമല്ല.

തൊടിയിലേക്ക് പാറിവീണ നോട്ടം
പതിഞ്ഞു പുതുമണ്ണിൻ കൂനയിൽ
ദൃഷ്ടികൾ പരുങ്ങി
നോക്കാനാവാതെ നേരെ നടന്നു.
കണ്ണുകളടച്ച്.

കുഞ്ഞുകുഴികൾ തോണ്ടി, മണ്ണുവാരി
മുറ്റത്തു കളിപ്പൂ ഉണ്ണിക്കിടാവ്
അവനെ നോക്കി പുഞ്ചിരിതൂകി.
ഭിത്തിയിലെ മാലയിട്ട ചിത്രം

അതിർത്തിയിലെ പോരാട്ടവീര്യം
അവർക്കു കിടപ്പാടവും സമ്പത്തുമേകി
അണയാത്ത ദീപമേന്തിയപ്പോൾ
ഉമ്മറത്തെ നിലവിളക്ക് ഒന്നുലഞ്ഞുവോ?



ലക്ഷ്മി സുരേഷ്
Gagnants '15

Jus sali



# हार न मानना



Vandana G. Pai
Ph.D, Dept. of Agronmy

पाँव फिसले तो क्या हुआ बन्दे
हँसो खुलके कि, गिर न गये
गरः गिर भी तो क्या हुआ बन्दे
हिम्मत न हारो फिर एक बार खडे हो जाओ
हार भी जाये  तो क्या हुआ बन्दे
कोशिश तो की?
ये जिन्दगी की रीत है बन्दे
गिरना-उठना, हँसना-रोना
मुशिकलों से हार न मानना
कुछ भी हो, आगे चलते जाना
कुछ भी मत भूलना
मगर मुडके भी न देखना
नदी की तरह बेहता चल बन्दे
एक रोज सूरज उगेगा
रोशनी फैलेगी, जीत भी होगी।

# വിശ്വവിഖ്യാതമായ പ്രണയം

അധ്യായം 2010

"ടീച്ചറെ എനിക്ക് ഇപ്പോൾതന്നെ മെസ്സിലേക്ക് ചിക്കൻ വാങ്ങാൻ പോകണം" ഗ്രാഫ്റ്റിംഗിന്റെ ശാസ്ത്രം ടീച്ചറുടെ ശബ്ദത്തിലൂടെ നിറഞ്ഞു നിന്നിരുന്ന ക്ലാസ്മുറി ഒരു നിമിഷത്തേക്ക് നിശ്ശബ്ദമായി. എല്ലാ കണ്ണുകളും കയ്യിലൊതുക്കിപ്പിടിച്ച ഫോണിന്റെ സ്ക്രീനിലേക്കും ടീച്ചറുടെ മുഖത്തേക്കും മാറിമാറി ദയനീയമായി നോക്കിക്കൊണ്ടിരിക്കുന്ന അവനിലേക്ക് തിരിഞ്ഞു.

"ഇപ്പോൾ തന്നെ പോണോ ആവോ? തന്റെ കാൽച്ചുവട്ടിലെ ഭൂമി രണ്ടായി പിളർന്നാലും ചിക്കൻ മെസ്സിലെത്തിച്ചേ പറ്റൂ എന്ന ശാഠ്യവുമായി നിൽക്കുന്ന അവനോട് ഒരു ചെറു പുഞ്ചിരിയോടെ ടീച്ചർ ചോദിച്ചു. ക്ലാസിലെ നിശബ്ദത പതിയെ പൊട്ടിച്ചിരിയിലേക്ക് വഴിമാറി. ഈ കോളേജിൽ വന്നിട്ട് ആദ്യമായി അവനെ ഏൽപിച്ചതാണ് മെസ്സ് അസിസ്റ്റന്റ് എന്ന കർത്തവ്യം. അന്ന് നാലുമണി മുതൽ അഞ്ചുമണി വരെയുള്ള സ്പെഷ്യൽ ക്ലാസിലേക്ക് നീണ്ട ഹോർട്ടി ക്ലാസിനിടക്ക് വന്ന മെസ് സെക്രട്ടറിയുടെ ആ ഫോൺ കോളാണ് തനിക്കു പറ്റിയ 'ഗുരുതരമായ വീഴ്ച്ച' അവനെ ഓർമ്മപ്പെടുത്തിയത്.



എന്തുതന്നെ സംഭവിച്ചാലും പോയേ തീരൂ എന്ന അവന്റെ മട്ട് കണ്ട് ടീച്ചർ അനുവാദം നൽകിക്കൊണ്ട് പറഞ്ഞു "സത്യമാണല്ലോ അല്ലേ? ഞാൻ മെസ്സ് സെക്രട്ടറിയെ വിളിച്ച് ചോദിക്കും" പടിയിലേക്കുള്ള ദൂരം പകുതിപിന്നിട്ടപ്പോളേക്കും അവന്റെ ഹൃദയമിടിപ്പ് ഇരട്ടിയായി ഉയർന്നു കഴിഞ്ഞിരുന്നു. തന്നെ കടിച്ചുകീറാൻ നിൽക്കുന്ന മെസ്സ് സെക്രട്ടറിയുടെ മുഖം മാത്രമാണ് അവന്റെ മനസ്സിൽ. അതുകൊണ്ടുതന്നെയാവണം അപ്പോം വട്ടം വന്ന അയാളുടെ കോളിന്റെ വൈബ്രേഷൻ അവന് ഭൂമികുലുക്കം പോലെ അനുഭവപ്പെട്ടതും, ഓടി നേരിട്ട് മുന്നിലെത്തുന്നതുവരെ അയാൾ കോൾ അറ്റന്റ് ചെയ്യാതിരുന്നതും. ഹോസ്റ്റലിനു മുന്നിൽ തന്നെ കാത്തുനിന്നിരുന്ന ഭീമാകാരനായ സീനിയറെ കണ്ടതോടുകൂടി ലോകമിവിടെ അവസാനിച്ചിരുന്നെങ്കിൽ എന്നവൻ ആശിച്ചു. കണ്ണിലേക്ക് ഇരുട്ട് കയറിത്തുടങ്ങി. കിതച്ചുകിതച്ച് അയാളുടെ അടുത്തെത്തി വിറച്ചുകൊണ്ടവൻ തലതാഴ്ത്തി നിന്നു. ബലിഷ്ഠമായ ആ കൈകൾ തനിക്കു നേരെ ഉയരുന്നതു കണ്ട് ഉത്തരവാദിത്വം മറന്ന തനിക്കുള്ള ശിക്ഷ ഏറ്റുവാങ്ങാൻ തയാറായി അവൻ നിന്നു. അവനെ അത്ഭുതപ്പെടുത്തിക്കൊണ്ട് ആ കൈകൾ വന്നുവീണത് തോളത്തായിരുന്നു "ബാക്കിയുള്ളവന്മാരൊക്കെ എവിടെപോയ് കെടക്കുവാ? നിനക്ക് മാത്രമെന്താ പെട്ടെന്ന് ക്ലാസ് തീർന്നോ?" "ഇല്ലാ. അത് പിന്നെ ഞാൻ മെസ്സ് ചിക്കൻ" "അയ്യോ കോളും മെസേജും ഒന്നും കണ്ടില്ലേ? "ഫോൺ എടുത്തു നോക്കെടാ"

Don't miss the bus. I will go to market. [illegible]

[illegible]

[illegible]



[illegible] Mr Meteorologist [illegible] Mr Computer [illegible] Mr Meteorologist [illegible]

[illegible] ലഭിക്കില്ല. നിരാശരായി തിരികെ [illegible] അവരെ [illegible] സ്നേഹപൂർവം വരവേറ്റു. ആ വരവേൽപ്പിന്റെ [illegible] ഇതിൽ നിരാശനായ Mr Computer [illegible] നിന്ന് അനിശ്ചിതകാല ലീവെടുത്ത് [illegible] അവൻ [illegible] ഹോർട്ടിയുടെ കൈപിടിച്ചു, ഹോർട്ടിയെ കൈപിടിച്ച് [illegible] ...... അതായിരുന്നു അവന്റെ ജീവിതം ... അവന്റെ ഹോർട്ടി ..................

അധ്യായം 2016

അന്നവൻ ഇറങ്ങിയോടിയ ആ ക്ലാസ്മുറിയിൽ അതേ ടീച്ചറുടെ കീഴിൽ അതേ കോഴ്സെടുക്കാൻ താൽകാലിക അധ്യാപകനായി അവൻ നിൽക്കുകയാണ്. മുന്നിൽ ഹോർട്ടിയുടെ പുതുതലമുറ. അവരുടെ കണ്ണുകളിൽ അതേ ആശ്ചര്യം ... അതേ ആശങ്ക.

ഒരു സെക്കന്റിൽ നൂറു സെൽഫിയെടുക്കുന്ന Ms. Selfie queen ഉം, കണ്ണ് തുറന്നുറങ്ങാൻ സിദ്ധിയുള്ള സംഘി ഗോവിന്ദനും, വാ തുറന്നാൽ സത്യം മാത്രം പറയുന്ന Mr. പിഷാരാപ്പിള്ളിയും മണ്ടത്തരങ്ങൾ തീരെ പറയാത്ത നന്ദൂട്ടനുമെല്ലാം പുതുമുഖങ്ങളായിരുന്നെങ്കിൽപോലും അവന് അവരെല്ലാം സുപരിചിതരായിരുന്നു. കാരണം അവരിൽ അവൻ കണ്ടത് ശിഷ്യന്മാരെ മാത്രമല്ല. സഹോദരങ്ങളെ കൂടിയാണ്. തന്നെപ്പോലെ ഹോർട്ടിയിലൂടെ അവരും വളരണമെന്ന് അവൻ ആഗ്രഹിച്ചു. അതുകൊണ്ടുതന്നെ 'Fundamentals of Horticulture' നൊപ്പം അവൻ 'Fundamentals of College of Horticulture' കൂടി കുട്ടികൾക്ക് പകർന്ന് നൽകി. തങ്ങളുടെ അവകാശങ്ങൾക്കും സ്വാതന്ത്ര്യത്തിനും വിലങ്ങുതടിയായി നിൽക്കുന്ന എന്തിനെയും, കക്ഷിരാഷ്ട്രീയ ഭേദമന്യേ പ്രതിപക്ഷമായി കണ്ടുകൊണ്ട് അവർ മുന്നേറുന്നത് കണ്ട് അവനെപ്പോലെ തന്നെ ഹോർട്ടിയുടെ സകല പരമ്പരയും സന്തോഷിച്ചു



അധ്യായം 2018

'എന്താണെടാ ... എങ്ങനെ പോവുന്നു കൃഷി ആഫീസറുടെ പണിയൊക്കെ' നിറുത്താതെയുള്ള ശബ്ദം കേട്ട് കുറേയായി. കൃഷിഭവന്റെ മരണപ്പാച്ചിലുകൾക്കിടയിൽ തേടിയെത്തിയ പ്രിയങ്കരനായ പാച്ചുസാറിന്റെ ശബ്ദം അവനെ ഓർമയിലെ സന്തോഷങ്ങളിലേക്ക് കൂട്ടിക്കൊണ്ടുപോയി

"എല്ലാവരും ഒരുമിച്ചൊരു യാത്ര" ഉടൻ തലക്കുപിടിച്ച് പാച്ചുസാറിനു കൊടുത്ത വാക്കായിരുന്നു അത്. ആ യാത്രയൊരുങ്ങുകയാണ് അവനും അവനെപ്പോലെ ഹോർട്ടിയിൽ നിന്നും പടിയിറങ്ങിയ 2018 തൊട്ട് 2013 വരെയുള്ള അധ്യായങ്ങളിലെ കഥാപാത്രങ്ങളെല്ലാം തിരികെ എത്തിയിരിക്കുന്നു

അവരെ കണ്ടതും ഹോർട്ടിയുടെ Shu Bro ഓടിവന്ന് അവനെ കെട്ടിപ്പിടിച്ചു ചോദിച്ചു "ഞമ്മടെ ചെക്കന്റെ ആളി കണ്ടോ ... ഒരു രക്ഷയില്ല 50 കോടി ക്ലബ്ബ് ഉറപ്പിച്ചു. ഇന്ന് രാത്രി വിട്ടുമല്ലോ" എന്ന് ഡയലോഗ് തീർത്ത ആദി തന്റെ സിനിമ കാണുന്നതിലുള്ള സന്തോഷത്തിൽ Shu Bro-ഉവ്വുനിക്കൊപ്പം ഒരിക്കൽക്കൂടി ... YES Bank മുതലാളിയുടെ ക്രെഡിറ്റ് കാർഡും Book my Show app ഉം ആനന്ദ് വാങ്ങി INOX ൽ രണ്ട് Rows പിടിച്ചെടുത്ത് തന്റെ തള്ള് പാരമ്പര്യത്തിന്റെ ... തിയേറ്റർ കുലുക്കാനുള്ള തീവ്രമായ പരിശീലനത്തിലാണ് ടീയാർ കെട്ടിച്ചു കടൽ നീന്തിക്കടക്കാനുള്ള ...

ഓർമ്മകൾ അയവിറക്കിക്കൊണ്ട് അവർ വരാന്തയിലൂടെ നടന്നുനീങ്ങി ആ കളിയും ചിരിയും ഓരോ മിനിട്ടിലും whatsapp status ആയി മാറിക്കൊണ്ടിരുന്നു 2013ാം അധ്യായത്തിൽ ഹോർട്ടിയുടെ പടിവാതിലയെ തന്നിലേക്ക് ആവാഹിച്ച ആ മാലാഖ 2018ാം അധ്യായത്തിലും ഒരു സഹോദരിയുടെ വാത്സല്യത്തോടെ ഹോർട്ടിയിൽ സ്നേഹത്തിന്റെ പ്രകാശം പരത്തി പാറിക്കളിക്കുന്നത് അവർ കണ്ടു

ഹോർട്ടിയുടെ ശബ്ദമായി ഹോർട്ടിക്കുവേണ്ടി സംസാരിച്ചിരുന്ന ആ പഴയ ഹോസ്റ്റൽ ബോർഡിനരികെ അവരെത്തി ആ ശബ്ദത്തിനു നഷ്ടമായെന്ന് സ്വയം വിശ്വസിപ്പിച്ചുകൊണ്ട് ഹോർട്ടിയുടെ സൗഹൃദത്തിനുമേൽ രാഷ്ട്രീയത്തിന്റെ ചായം തേച്ചുകൊണ്ട് ഹോർട്ടിയെ ജീവനുതുല്യം സ്നേഹിക്കുന്നു എന്ന വ്യാജേന ആത്മാർത്ഥതയുടെ ഒരു ചെറുകണിക പോലും ഇല്ലാത്ത ഹോർട്ടിക്കോസിന് ഒരു Prefix നൽകി അവരിവിടെ മാറിമറിയുന്ന ഭാവത്തിൽ പതിയെയാൾ ആ ചുവരിൽ തൂങ്ങിക്കിടക്കുന്നു Horticos എന്ന പദം ഉച്ചരിക്കാൻ പോലും യോഗ്യതയില്ലാത്തവരാണ് ഇത്രേ അതവിടെ തൂക്കിയത് ചായത്തോടുള്ള ഭ്രമത്തിൽ മാത്രം പെട്ട് ഇപ്പോളുണ്ടാകുന്ന ആ ശബ്ദത്തിന് ഒരുപാടുപേരുടെ നിസ്വാർത്ഥമായ ആത്മബന്ധത്തിൽ നിന്ന് ഉയർന്നുവന്ന HORTICOS എന്ന ശബ്ദത്തിന് മുകളിലേക്കുയരാൻ കഴിയില്ലെന്ന് അവർക്കുറപ്പായിരുന്നു അവർ അതിനെ ഭയക്കുന്നില്ല എന്തുകൊണ്ടെന്നാൽ അവർക്കുറപ്പുണ്ട്, അവരുടെ പിന്തുടർച്ചക്കാർ HORTICOSന്റെ ഭംഗി എന്നും നിലനിർത്തുമെന്ന് കുടകിലും, സൽക്കാരയിലും, ക്ലാസ്മുറികളിലും ഉത്സവത്തിലുമെല്ലാം ആ പഴയ ഓർമകൾക്ക് പിറകെ സഞ്ചരിച്ചുകൊണ്ട് അവരൊടുവിൽ അവരുടെ സ്വർഗത്തിലെത്തി, പമ്പയിലെത്തി അവരുടെ സ്വന്തം നാണുവേട്ടൻ സ്നേഹത്തിന്റെ സമ്മാനപ്പൊതികളുമായി അവിടെയിപ്പോഴും ആ പോർ രൂക്ഷമാണ് രണ്ടുകൂട്ടരും പണ്ടത്തേക്കാൾ ശക്തരായിരിക്കുന്നു Lalettan vs Mammooka അത്രയേയുള്ളൂ അത് ആരൊക്കെ വന്നാലും പോയാലും അവർക്കിടയിൽ ഇനിയൊരു ചേരിതിരിവ് മാത്രമേ ഉണ്ടാവൂ

രാജാവിന്റെ മകന്റെ അരങ്ങേറ്റവും കണ്ട് അവർ സായിനോടൊപ്പം കൂർഗിലേക്ക് യാത്രതുടങ്ങുകയാണ് അവിടെ ഹോർട്ടിയിൽ നവാഗതരെ വരവേൽക്കുന്നതിനായ് യഥാർത്ഥ ഹോർട്ടിയുടെ സത്ത അവർക്കു പകർന്നുനൽകുന്നതിനുള്ള തയ്യാറെടുപ്പുകൾ നടക്കുകയാണ്



Sameer Muhammed
Aristaeus '10

# സ്വപ്നങ്ങൾ



ദുഃഖത്തിൻ തിരകളിൽപ്പെട്ടുടഞ്ഞ് പോയെൻ
ജീവിതമാം കൊച്ചുകളിവീടും
ഇന്നെന്നിലെ സ്നേഹകണങ്ങളൊന്നൊന്നായ്
അടർന്നു വീഴുന്നീ രണഭൂമിയിൽ.

സ്വന്തം രക്തത്തെ കൊന്നീടുമി മണ്ണിലെ
മാനവഹൃദയങ്ങൾക്കു വിശുദ്ധിയുണ്ടോ?
ആർദ്രമാം മേഘങ്ങൾ കരയുവാൻ മടിക്കുന്നു
രക്തവർണ്ണസൂര്യൻ ഉണരാൻ മടിക്കുന്നു.

തണ്ണീർകനിവിടും വേഴാമ്പൽകുഞ്ഞുപോൽ
ഞാനും കേഴുകിൽ എൻജീവനായ് നിൻ അരികിൽ
കീറിമുറിച്ചീടുകിൽ നിൻ ഇരുനേത്രവും
കണികണ്ടുണരുന്ന നേരിയവെളിച്ചത്തെ

ചെയ്യാനിരിക്കുകിൽ നീയും നിൻതലമുറക്കാരും
അറിവറ്റവാളും പയറ്റികൊൾക
ഉറച്ചീടും എന്റെ സൂത്രങ്ങളത്രയും
പറിച്ചീടും നിൻ കറുത്തകരങ്ങളെ.

നേരിയ വെളിച്ചത്തിൽ ആമുഖമെഴുതുവാൻ
ഒറ്റവാക്കുകൾ കെട്ടഴിയുവിൽ,
നീറിപുകഞ്ഞിടും കച്ചിക്കുമുകളിൽ
കുരുത്തെടുക്കുന്നു ഞാനീ പുതിയ സ്വപ്നങ്ങളെ...



അഖില കെ.എൻ.
പ്രയാഗ '16

# House of My Dreams



The rain was pouring down when I woke up, and it was still drizzling when I picked up the slightly dampened newspaper and eagerly sat back in my old easy chair to read at leisure. A steaming cup of coffee appeared silently on the table by my side and I was soon immersed in the previous days' happenings.

The report in a small paragraph in one of the inner pages almost missed my notice, and the shock was intense when I read the news of a fire, which had broken out in an abandoned house and completely gutted it. A young man, who had recently arrived in the neighbourhood, was reported to have been killed. The fire was presumed to have been caused by an oil lamp which could have been the property of the deceased stranger, as the house had been unoccupied. However, it was not this, but the location of the house, which totally gripped my attention – it was the area where I had spent the first year of my working life in a small bank. Though that was more than forty years ago, the description left no doubt as to which was the house mentioned - it was the house which had always been at the back of my mind, the house which left impressions which I refused to share with anyone, but which were as fresh as the day I had first seen it. The newspaper dropped into my lap as I closed my eyes and let the memories flow back..

It was the year 1970 and as a young man in my early twenties, I had just joined my first job and was enjoying my new found independence. I stayed in a lodge a short distance away from my workplace and an hour's walk twice a day through picturesque surroundings. This was to me, a definite pleasure. Every day, my steps slowed down as I approached the gentle curve the road made before it traversed an expanse of paddy fields. I always lingered on this stretch of the way with the same intention – to gaze at the house which was set a little away from the great rusty gates and the high wall which enclosed the compound.

The house was unoccupied, and was said to have been deserted for years. The once pretty garden was a tangle of undergrowth and almost invisible under thickly twining creepers. The stories of lovingly tended roses, multicoloured dahlias and scores of other seasonal blooms were hard to believe. Who would have thought that there existed under that dank vegetation a heart shaped pond and a fountain moulded like a dolphin? Not to mention a swing with a carved seat which made a musical sound as it swung to and fro? But they had existed once upon a time, the stories said.

The house was not large, but it was compact and self contained. To me it seemed just the right size, with pretty bow windows and an arched front door. Once it had been painted white, with a red roof, but the colours had long faded and dark streaks of moss and dirt stained the walls. There was a well by the side of what must have been the kitchen, but it was totally overgrown with long strands of morning glory. All around the house, wild bushes thrived, interspersed with jack, mango, and wild trees, most of which no human hand had planted.

Though both had gone to the wild, the house and garden had a strong fascination for me. The day I was unable to gaze my full at both, I was wracked by an unfulfilled longing, and my sleep was disturbed and filled

with strange dreams. There was some incomprehensible connection between the house and I which exerted its pull on both my conscious and unconscious mind.

My bond with the house expressed itself in a quest to know its history and the reason for its abandoned state. Enquiries of the nearest neighbours, who were situated at least a kilometre away met with a wall of silence, a reluctance to disclose the happenings which must have led to its lonely state. Some replies to my questions were warnings. 'Better not fool around with what doesn't concern you', one old man said, while another remarked, 'what's happened has happened, and can't be undone'. Needless to say, I was only all the more attracted by the house and its story.

One day, my curiosity was further spiked. It was dusk and I was, as usual, standing at the gates, mesmerised by the shadows flickering in the garden, when a low laugh startled me. Inside the compound beside a huge mango tree, I saw a young woman in a sari of undefined colours regarding me with smiling lips. Later on I would try to recreate her image in my mind, but only a vague figure would rise in my consciousness. What I could clearly recollect were her dark lustrous eyes and the mockery in her smile. I murmured some excuse about looking at the birds at which she laughed musically. Embarrassed at being caught staring, I walked hurriedly away.

I saw her once more after that. She was standing at the door which was partly open, hinting at the secrets within. When she saw me watching, she waved and disappeared inside. I stood there for a moment and I clearly heard a child's cry. She must have brought a child with her, I thought as I went on my way.

One Sunday, I took the same route, both for the exercise and for a glimpse of the house, and more importantly, for the lady with the beautiful eyes. They were always in my thoughts, and with the foolishness of youth, I began to dream absurdly about a life with both. It was fate perhaps, which arranged my meeting with an old lady with a basket on her head right in front of the house. She was going in my direction and I adjusted my pace to her's much slower one and walked companionably with her. Gentle questioning brought out that she lived in the neighbouring town with her grandson. My interest was quickened when she said that she had lived in a tiny house close by when she was a child, but when her father died she had moved and the house had fallen in. I pressed questions on her – had she known the inmates of 'my' house? Why had it been abandoned? After a brief silence, she wanted to know why I was so interested. I told her about my feeling for the house, and how it looked like the place I always wanted to live in. Shyly, I also asked her about the woman who visited there. Was she a relative of the owners? Who was the child she brought with her? She wanted to know what this lady looked like, and at once I was in full flow, describing her eyes, her long shining hair, and her bewitching smile before I caught myself and concluded shamefacedly that I had seen her once or twice but had never spoken to her.



The old lady looked at me with wise eyes before entreating me not to linger there. Wicked things, she said, had happened in that house and it was best to stay clear of it. Intriguingly, she added that some people had an attraction that consumed all who came in contact with it, as well as themselves. Of course, I couldn't leave it at that. I had to know more. I pressed her to tell me what had passed in that house and when she seemed reluctant, I begged and pleaded. Finally she relented.

It was not an unusual story but it happened in the previous century and had been related to her by her grandmother. It was about a happy family, with a father, mother and bright pretty daughter. A young girl had been brought in to look after the child. The mother fell mysteriously ill and died suddenly. Shortly after this, the father married the young girl. Then one day the shocking news spread that the child had been found drowned in the pond in front of the house, and both the father and his young wife were found dead – the wife strangled and the father by hanging. (It had all the ingredients of a modern day movie I thought – romance, adultery, murder, guilt and suicide. I laughed inwardly about the blockbuster film I could make with the present day film

stars.) There were no near relatives and the house stayed on the market for several years. Then it passed through two or three owners, but no one stayed permanently. There were strange noises, eerie laughter and queer shadows that frightened people away. Finally the house was deserted and left to itself. It gained the reputation of being haunted and ghostly stories were told about it.

So that was all! It was all just a story cooked up by fertile imaginations. I smilingly shook my head at the way rumours can dash down the reputation even of a house. There was nothing people were more prepared to believe than stories about ghosts and spirits. Throw in a few lights, unearthly wails and screams and you could ensure that people would give the area a wide berth. Hence the lonely state of that dear little house.

Immediately after this, I had to go home on leave as my father was dangerously ill. Three weeks passed before he was on his way to recovery and I returned to my job. On my way home after work, I recalled amusedly the tragedy film I was going to make and decided to see if after a long gap, the house could still work its magic on me. I stood at the gates and looked my fill at the house which wordlessly beckoned me. I hesitated for a moment and then I heard the sound of a musical squeaking from somewhere. It sounded very like a swing moving to and fro. It helped to make up my mind. I would enter the house today and satisfy my longing and curiosity. I would end my fruitless gazing for once and all. And, maybe, if I was lucky, I could see and talk to the beauty who had never been far from my mind.

The gates creaked as I entered the weed infested path. Before I set foot inside the house, I explored the garden. I parted the creepers and tall bushes and finally saw the old pond. Its cemented bottom was cracked in a number of places, and part of the side wall had caved in. The dolphin shaped fountain had fallen into the pond, and I could just see the wide affable grin on the fish's mouth. A toy duck lay on its side inside the pond and as I stared at it, I heard a high childish giggle from far off. It stopped abruptly and I could almost believe I had imagined it.
I then pushed myself out of the thick growth of the garden and walked to the front door. At close quarters the dilapidated condition of the house was clear. The windows were hanging by their hinges and thick cobwebs could be seen festooning the rooms behind. Without much hope I tried the handle and was thrilled to find the door opening. Contrary to what I had imagined, it was dark, totally dark inside. With not a little dread, I entered the hall. I remained still for a moment, my eyes slowly getting accustomed to the darkness. There was a rustle of wings and I screamed as a bat's wings brushed my face. Feeling slightly foolish, I continued my tour of the house. The kitchen smelt bad, and I realized it has been taken over by the bats. I moved on and opened a door to what turned out to be a bedroom. A bare cot was pushed to a wall and there too, the smell of bats was overpowering. I exited quickly and not expecting anything different, opened the door of the last room, also a bedroom. But as the door opened, a feeling of deathly cold enveloped me. I could actually feel the fingers of cold swirling around, and a feeling of suffocation welled up in me. I am not ashamed to say that I turned and ran. As I passed a small alcove, I caught a glimpse of paintings hanging in the shadows. I left the house precipitately.

I asked for and obtained a transfer to bank closer to my home. There I married and have been living peacefully and happily with my family ever since. And what about the house which had so captured my fancy? Had it been sold in the interval and occupied by a happy family? Did it become a place of light and ambience as it had been so many years ago? Frankly, I had no idea. I had a reason, a haunting secret, which prevented me from wandering into that vicinity again. You see, as I left the house that night, I saw resting in the shadows in the alcove, a few framed paintings, one of a little girl with plaited hair, and one of a family of a father, mother and the same little girl, all smiling blissfully. But the picture that shocked me was that of the woman I had seen in front of the house - that mysterious beauty. There were the same lustrous eyes, the shining black tresses, and the mocking smile which had attracted me so intensely. But below that image, in gold letters, were the words the memory of which even now, so many decades later, makes me catch my breath: *Catherine, 1895.*



Dr. Meera V. Menon
Prof. Dept. of Agronomy

# പൊന്നാനിയിൽ ഇത്തിരിന്നേരം

പാമ്പൻ പാലം മുതൽ കൊച്ചി മെട്രോയും കടന്ന് മുന്നേറുകയാണ് ഇ. ശ്രീധരന്റെ വിജയഗാഥകൾ. 6 മാസം സമയം അനുവദിച്ച പാമ്പൻ പാലത്തിന്റെ പുനർനിർമ്മാണം 46 ദിവസങ്ങൾ കൊണ്ട് പൂർത്തിയാക്കിയതോടെയാണ് 32 കാരനായ ഈ സിവിൽ എഞ്ചിനീയറെ ലോകം അറിഞ്ഞുതുടങ്ങിയത്. സഹ്യന്റെ മടിത്തട്ട് പകുത്ത് കർണാടക, മഹാരാഷ്ട്ര, ഗോവ എന്നീ സംസ്ഥാനങ്ങളിലൂടെ 760 കി.മീ. നീളുന്ന കൊങ്കൺപാത പിറന്നത് ഇദ്ദേഹത്തിന്റെ നേതൃപാടവത്തിലാണ്. ഏത് വികസനപദ്ധതിയും അഴിമതി ആരോപണങ്ങൾക്ക് വിധേയമാകുന്ന ഈ കാലഘട്ടത്തിൽ, യാതൊരു കളങ്കവുമില്ലാതെ കൃത്യനിഷ്ഠയോടുകൂടി കോടികൾ വിലമതിക്കുന്ന വികസന പദ്ധതികൾ ചെയ്തുതീർക്കാൻ ഇദ്ദേഹത്തിന് സാധിച്ചു.

"സത്യനിഷ്ഠയോടെ ജോലി ചെയ്തു വിജയിച്ച ഇ. ശ്രീധരനെപ്പോലെയുള്ളവരെയാണ് രാജ്യത്തിന് ആവശ്യം. അദ്ദേഹത്തെപ്പോലെ ഒരു നല്ല മനുഷ്യനെ സൃഷ്ടിച്ച കേരളത്തിനോട് എനിക്ക് നന്ദിയുണ്ട്".

-ഡോ. എ.പി.ജെ. അബ്ദുൾകലാം

ഒറ്റനോട്ടത്തിൽ അസാധ്യമെന്നു തോന്നുന്ന പല പദ്ധതികളും വിജയിപ്പിച്ചെടുത്ത 'മെട്രോമാനെ' കാണുവാനായി തിരിക്കുമ്പോൾ മനസ്സു നിറയെ ഈ വാചകങ്ങളായിരുന്നു. 10.30 ന് ലഭിച്ച അപ്പോയിന്റ്മെന്റിന് 10 മണിക്കു തന്നെ എത്തി പൊന്നാനിയിലെ തറവാടിനുമുന്നിൽ ഞങ്ങൾ കാത്തുനിന്നു. പഴമയുടെ ഗന്ധം പേറുന്ന ആ വീട്ടിൽ ഞങ്ങളെ സ്വീകരിച്ചത് അദ്ദേഹത്തിന്റെ സഹധർമ്മിണി രാധടീച്ചറാണ്. സന്ദർശകരെയൊക്കെ യാത്രയാക്കി കൃത്യം 10.30 ന് തന്നെ 86 ലും ചുറുചുറുക്കോടെ മുഖത്ത് ഒരു പുഞ്ചിരിയുമായി അദ്ദേഹം ഞങ്ങളുടെ അടുത്തെത്തി.





**റെയിൽവേ ചരിത്രത്തിലെ ഏറ്റവും മികച്ച സമയ റെക്കോർഡാണ് പാമ്പൻ പാലത്തിന്റേത്. ആറു മാസം കൊണ്ട് തീർക്കേണ്ട ജോലി 46 ദിവസങ്ങൾ കൊണ്ട് പൂർത്തിയാക്കി. ചെറിയ കോൺട്രാക്ട് വർക്കുകൾക്കുപോലും സമയപരിധി കൂട്ടി വാങ്ങുന്ന ഈ കാലത്ത് അനുവദിച്ച സമയത്തിന് മുൻപ് തന്നെ പദ്ധതികൾ പൂർത്തിയാക്കാൻ എങ്ങനെയാണ് കഴിയുന്നത്?**

അതിന് പിന്നിൽ ഒരുപാട് ഘടകങ്ങളുണ്ട്. പാമ്പൻ പാലത്തിന്റെ കാര്യത്തിലാണെങ്കിൽ, 46 ദിവസം എന്ന ഒരു ചുരുങ്ങിയ കാലയളവിനുള്ളിൽ പുനർനിർമ്മാണം പൂർത്തിയാക്കാൻ കഴിഞ്ഞത് വ്യത്യസ്തമായ ഒരു മാർഗം തിരഞ്ഞെടുത്തതുകൊണ്ടാണ്. It was a risk, but a calculated one. പതിവ് രീതിയാണ് സ്വീകരിച്ചിരുന്നതെങ്കിൽ 6 മാസങ്ങൾ കൊണ്ടു പോലും അത് ചെയ്തുതീർക്കാൻ സാധിക്കില്ലായിരുന്നു.
പാലത്തിന്റെ 126 ഗർഡറുകളും ഒലിച്ച് പോയിരുന്നു. ഇത്രയും ഗർഡറുകൾ ഈ സമയപരിധിക്കുള്ളിൽ ഉണ്ടാക്കിയെടുക്കുക എന്നത് ശ്രമകരമായിരുന്നു. പല സ്ഥലങ്ങളിൽ നിന്നും ഗർഡറുകൾ കൊണ്ടുവരാനുള്ള ചർച്ചകൾക്കിടയിലാണ് അവിടുത്തെ മത്സ്യത്തൊഴിലാളികളിൽനിന്നും ഒഴുകിപോയ ഗർഡറുകൾ പാലത്തിന്റെ 1-2 കിലോമീറ്റർ ചുറ്റളവിനുള്ളിൽ കിടപ്പുണ്ടെന്ന് അറിയാൻ സാധിച്ചത്. ഈ പ്രോജക്ടിലെ വഴിത്തിരിവായിരുന്നു അത്. സ്വന്തമായി രൂപകൽപ്പന ചെയ്ത ക്രെയിനുകളുപയോഗിച്ച് 126 ഗർഡറുകളും കടലിൽനിന്ന് തിരിച്ചെടുക്കാനായി. വെള്ളത്തിനടിയിലായിരുന്നതുകൊണ്ട് അവയ്ക്ക് കേടുപാടുകളൊന്നും തന്നെ ഉണ്ടായിരുന്നില്ല. ദിനരാത്രങ്ങളോളമുള്ള ഒരുപാട് പേരുടെ ശ്രമഫലമായാണ് പാമ്പൻപാലം പുനർനിർമ്മിച്ചത്. നിരവധിപ്പേരുടെ ത്യാഗങ്ങളും ആത്മാർത്ഥതയോടുകൂടിയുള്ള പരിശ്രമവുമാണ് ഈ വിജയത്തിന് പിന്നിൽ.

**എഞ്ചിനീയറിംഗ് ഒരു ട്രെൻഡ് അല്ലാതിരുന്ന സമയത്താണ് താങ്കൾ ഈ മേഖല തിരഞ്ഞെടുത്തത്. അതിന് സാറിനെ സ്വാധീനിച്ച ഘടകം എന്തായിരുന്നു?**

രണ്ടാം ലോക മഹായുദ്ധം കഴിഞ്ഞ് ഇന്ത്യ സ്വതന്ത്രമായ കാലത്താണ് എന്റെ കോളേജ് പഠനം. ഹൈവേ, റെയിൽവേ, ഡാമുകൾ എന്നിങ്ങനെ ഒരുപാട് വികസന പദ്ധതികളുടെ കാലമായതുകൊണ്ട് എഞ്ചിനീയർമാർക്ക് നല്ല ഡിമാന്റുണ്ടായിരുന്നു. എഞ്ചിനീയറിംഗ് തിരഞ്ഞെടുക്കാനുള്ള മറ്റൊരു പ്രധാന കാരണം എന്റെ മൂത്ത സഹോദരനാണ്. ഒരു എഞ്ചിനീയറായിരുന്ന അദ്ദേഹം തന്നെയാണ് എന്നോട് റെയിൽവേ സർവീസിൽ ചേരാൻ പറഞ്ഞത്. അന്ന്, ഒരു IRS എഞ്ചിനീയർ എന്നു പറയുന്നത് ഏറ്റവും ഗ്ലാമറസായ ജോലികളിൽ ഒന്നായിരുന്നു. - ഉയർന്ന ശമ്പളം, അംഗീകാരം, സൗകര്യങ്ങൾ ... അങ്ങനെ

**ഒരുപാട് പ്രചോദനം നൽകുന്ന സർവീസ് സ്റ്റോറിയാണ് താങ്കളുടേത്. ഇത്രയും സമർത്ഥമായി കാര്യങ്ങൾ ചെയ്തു തീർക്കാൻ സാധിക്കുന്നതെങ്ങനെയാണ്?**

ഇവയെല്ലാം ചെയ്തുതീർക്കാൻ കഴിഞ്ഞത് ഒരു work culture പിന്തുടരുന്നതുകൊണ്ടാണ്. പ്രോജക്ടിലെ ഓരോ ഘട്ടവും സമയബന്ധിതമായി ചെയ്തുതീർക്കുകയെന്നതാണ് പ്രധാനം. DMRC തുടങ്ങിയ കാലത്ത് മെട്രോ ഒരു പുതിയ കാര്യമായിരുന്നു. മാതൃകയാക്കാൻ മുൻപ് ചെയ്ത ഉദാഹരണങ്ങളൊന്നും ഉണ്ടായിരുന്നില്ല. ഞങ്ങൾ വിദേശസഹായം ചോദിക്കാൻ തീരുമാനിച്ചു. അറിയാത്ത കാര്യങ്ങൾ മറ്റുള്ളവരോട് ചോദിച്ചു മനസ്സിലാക്കാൻ ഒരു മടിയും കാണിക്കരുത്. ആത്മവിശ്വാസത്തോടെ തീരുമാനങ്ങളെടുക്കുകയും അതിൽ ഉറച്ചുനിൽക്കുകയും ചെയ്യേണ്ടതുണ്ട്.

പിന്നെ സാമൂഹ്യ പ്രതിബദ്ധത. നമുക്ക് വേണ്ടിയല്ല, ജനങ്ങളുടെ നന്മയ്ക്ക് വേണ്ടിയായിരിക്കണം ഓരോ ജോലിയും






ചെയ്യേണ്ടത്. നിശ്ചിത സമയത്തിനുള്ളിൽ അനുവദിച്ച ഫണ്ടുപയോഗിച്ച് പദ്ധതി പൂർത്തിയാക്കണം. അതാണ് ജനങ്ങളോടുള്ള നമ്മുടെ കടമ. ചെയ്ത് തീർക്കുന്ന ജോലികളും ലഭിക്കുന്ന അവസരങ്ങളും അഹങ്കാരമായി കാണുന്നതിനുപകരം ദൈവംതന്ന അവസരങ്ങളായി കരുതണം. ആത്മീയതയിൽ അടിയുറച്ച് വിശ്വസിക്കണം. ആത്മീയത നമുക്ക് ഊർജ്ജവും ആത്മവിശ്വാസവും നൽകും.

**ഓരോ പ്രോജക്ടിന്റെയും വിജയത്തിന് ഒപ്പമുള്ള ടീം എങ്ങനെ സ്വാധീനിക്കുന്നു?**

The single important factor is integrity.

അനുയോജ്യമായ ഒരു ടീമിനെ തിരഞ്ഞെടുക്കുക എന്നതാണ് ഏറ്റവും പ്രധാനം. പിന്നീട് അവർക്ക് ശരിയായ നേതൃത്വം നൽകുക. കൃത്യനിഷ്ഠയോടുകൂടിയുള്ള സുതാര്യമായ പ്രവർത്തനങ്ങളിലൂടെ മാത്രമേ എല്ലാവരുടേയും സഹകരണവും വിശ്വാസവും ലഭിക്കുകയുള്ളൂ. സർക്കാരും പൊതുജനങ്ങളും കൂടെയുണ്ടെങ്കിൽ ഏത് ജോലിയും എളുപ്പമാകും. ടീമംഗങ്ങളുടെ തൊഴിൽ വൈദഗ്ദ്ധ്യം മറ്റൊരു പ്രധാന ഘടകമാണ്.

**ഒരു സിവിൽ എഞ്ചിനീയറുടെ സ്ഥാനത്ത് നിന്ന് Father of Project Management ലേക്കുള്ള മാറ്റത്തെക്കുറിച്ചൊന്നു വിവരിക്കാമോ?**

ഞാൻ പ്രോജക്ടിന്റെ മേധാവിയായി പ്രവർത്തിക്കുന്നുവെന്ന് മാത്രമേയുള്ളൂ. പ്രോജക്ട് മാനേജ്മെന്റുമായി ബന്ധപ്പെട്ട് ഒരു തിയറിയും ഞാൻ ഉണ്ടാക്കിയിട്ടില്ല. പുസ്തകങ്ങളും എഴുതിയിട്ടില്ല. ഒരു മാനേജ്മെന്റ് സ്കൂളിലും പഠിച്ചിട്ടുമില്ല. ഇപ്പോഴും ഞാൻ ഒരു എഞ്ചിനീയർ മാത്രമാണ്. ഒരുപാട് ആളുകൾ പ്രോജക്ട് മാനേജ്മെന്റ് ചർച്ചകൾക്കായി എന്നെ വിളിക്കാറുണ്ട്. നിങ്ങളുടെ ചില ഗുണങ്ങളാണ് നിങ്ങളെ നല്ല നേതാവാക്കുന്നത്. അപ്പോൾ നിങ്ങളുടെ ടീമും നന്നായി പ്രവർത്തിക്കും.

**ഓരോ വികസന പദ്ധതിയും ഏറ്റെടുക്കുന്ന സമയത്തുള്ള രാഷ്ട്രീയപരമായ എതിർപ്പുകളെ എങ്ങനെ അതിജീവിച്ചു?**

എല്ലാ പ്രോജക്ടുകളിലും എതിർപ്പുകൾ ഉണ്ടാവാറുണ്ട്. അത്തരം പ്രശ്നങ്ങളെയൊന്നും നമ്മൾ ഗൗനിക്കുകയേ ചെയ്യരുത്. നമുക്ക് ചെയ്യാനുള്ളത് നിസ്വാർത്ഥമായി ചെയ്യുക. അതു കാണുമ്പോൾ എല്ലാവരും നമ്മോടൊപ്പം നിൽക്കും. കൊച്ചി മെട്രോ തുടങ്ങിയപ്പോഴും എല്ലാവരും പറഞ്ഞു 'ബുദ്ധിമുട്ടായിരിക്കും, രാഷ്ട്രീയ ഇടപെടലുകളുണ്ടാകും' എന്നൊക്കെ. പക്ഷേ ഇവിടെ വന്നപ്പോൾ സ്ഥിതിഗതികൾ നേരെ മറിച്ചായിരുന്നു. കൊച്ചി മെട്രോ പദ്ധതിയുടെ നേതൃസ്ഥാനത്ത് ഞാൻ വന്നപ്പോൾ ജനങ്ങൾ അത് അംഗീകരിച്ചു. രാഷ്ട്രീയ പാർട്ടികളും കൂടെ നിന്നു. വീതി കുറവായ റോഡുകൾ ആയതിനാൽ ഗതാഗതതടസ്സം ഒഴിവാക്കാൻ ഭൂരിഭാഗം ജോലികളും രാത്രികാലങ്ങളിലാണ് ചെയ്തിരുന്നത്. ക്വാറിസമരം, ലോറിസമരം തുടങ്ങിയ കാരണങ്ങളാൽ ഈ നാലുവർഷത്തിനുള്ളിൽ 120 ദിവസങ്ങൾ ഞങ്ങൾക്ക് നഷ്ടപ്പെടുകയും ചെയ്തു. എങ്കിലും കൊച്ചി മെട്രോ ഇന്ത്യയിലെ തന്നെ ഏറ്റവും വേഗം ആദ്യഘട്ടം പൂർത്തിയാക്കുന്ന മെട്രോ ആയി മാറി.

**ഓരോ പദ്ധതിയും നടപ്പിലാക്കുമ്പോൾ അവിടുത്തെ പ്രദേശവാസികളുടെ പ്രതികരണം എങ്ങനെയായിരുന്നു?**

ജനങ്ങൾക്ക് അസൗകര്യമായ വിധത്തിൽ ഒന്നും ചെയ്യരുത് എന്ന് ആഗ്രഹിക്കുന്നയാളാണ് ഞാൻ. എല്ലാ പദ്ധതികളും നടപ്പിലാക്കാൻ എനിക്ക് പൊതുജനങ്ങളുടെ പിന്തുണ ലഭിച്ചിട്ടുണ്ട്. 'കൊങ്കൺ' റെയിൽവേ നിർമ്മാണസമയത്ത് 44000 പേരുടെ വീടും പറമ്പും നഷ്ടപ്പെടുമെന്ന് മനസ്സിലാക്കിയ ഞങ്ങൾ ഓരോരുത്തരെയും നേരിട്ട് കണ്ട് സംസാരിച്ചു. ചിലർക്ക് വീട് നഷ്ടമായാൽ വേറെ കിടപ്പാടം ഉണ്ടാകില്ല. അവർക്ക് പുതിയത് വയ്ക്കുംവരെ വീട് വാടകയ്ക്ക് എടുത്തുകൊടുത്തു, അതിനുള്ള വാടകയും. പൊളിച്ച വീടിന്റെ വാതിലും ജനലുമൊക്കെ ഞങ്ങൾ തന്നെ എടുത്ത് അവർക്ക് പുതിയ വീടുണ്ടാക്കാൻ കൊടുക്കും. 80% നഷ്ടപരിഹാരം അപ്പോൾ തന്നെ കൊടുക്കും. ബാക്കി 20% മൂന്ന്-നാല് മാസത്തിനുള്ളിലും. അങ്ങനെ അവരുടെ പ്രശ്നങ്ങളെക്കൂടി കണക്കിലെടുക്കേണ്ടത് അനിവാര്യമാണ്.

**ഏതെങ്കിലും പ്രോജക്ടിൽ താൽപര്യക്കുറവ് തോന്നിയിട്ടുണ്ടോ?**

ഒരുപാട് പദ്ധതികൾ ഏറ്റെടുത്തപ്പോൾ പ്രശ്നങ്ങൾ ഉണ്ടായിട്ടുണ്ട്. പക്ഷേ അവ പരിഹരിച്ച് മുന്നേറാനും ശ്രമിച്ചിട്ടുണ്ട്. താൽപര്യക്കുറവിന്റെ പേരിൽ ഒരു പ്രോജക്ടും ഉപേക്ഷിച്ചിട്ടില്ല.

**ജീവിതത്തിലെ റോൾ മോഡലിനെക്കുറിച്ച്**

എന്റെ അമ്മ. ആ കാലത്ത് സ്കൂളിൽ പോയി പഠിക്കാനൊന്നും അമ്മയ്ക്ക് കഴിഞ്ഞിട്ടില്ല. എന്നാൽ അവരുടെ ആത്മാർത്ഥത, സത്യസന്ധത, ആതിഥേയ മനോഭാവം ഇവയൊക്കെ വല്ലാതെ സ്വാധീനിച്ചിട്ടുണ്ട്. അച്ഛൻ വളരെ സ്ട്രിക്ട് ആയിരുന്നു. നല്ല അധ്യാപകർ എന്നും മാതൃകയായിരുന്നു. എക്കാലത്തും അവരുടെ ഉപദേശം നമ്മുടെ നല്ലതിന് വേണ്ടിയാണ്. എന്നാൽ ഇന്ന് അധ്യാപകർ വഴക്ക് പറഞ്ഞാൽ കുട്ടികൾ ആത്മഹത്യ ചെയ്യുന്നു. തുടർന്ന് രാഷ്ട്രീയ പ്രശ്നങ്ങൾ വരെ ഉണ്ടാകുന്നു. വളർന്ന് വരുന്ന ഒരു തെറ്റായ പ്രവണതയാണിത്.

**സ്വാധീനിച്ച എഴുത്തുകാർ**

ഉണ്ട്. വ്യാസമഹർഷിയെ പോലുള്ളവർ. മഹാഭാരതം, ശ്രീമദ് ഭാഗവതം, ഭഗവത്ഗീത എന്നിവയിൽ നിന്നൊക്കെ ഒരുപാട് സാരോപദേശങ്ങൾ ഉൾക്കൊള്ളാനുണ്ട്. ചെറുപ്പത്തിൽ സംസ്കൃതം പഠിച്ചതുകൊണ്ട് ഇവയുടെ അർത്ഥം മനസ്സിലാക്കാൻ കഴിഞ്ഞു. ഇപ്പോഴത്തെ എഴുത്തുകാരുടെ കഥകളും നോവലുകളും ഞാനങ്ങനെ വായിക്കാറില്ല.

**സാമൂഹ്യ മാധ്യമങ്ങളെക്കുറിച്ച് അഭിപ്രായം**

ഇന്നത്തെ കുട്ടികൾ വാട്സാപ്പിലും, ഫേസ്ബുക്കിലും സമയം കളയുകയാണ്. സാമൂഹ്യ മാധ്യമങ്ങൾ പലപ്പോഴും ഫോണിന്റെ ദുരുപയോഗത്തിന് കാരണമാകുകയാണ്. കുട്ടികൾക്ക് പഠനത്തിൽ ശ്രദ്ധിക്കാൻ കഴിയുന്നില്ല. പരസ്പരം സംസാരിക്കാറില്ല. ഫോൺ ഉപയോഗിച്ചുകൊണ്ടിരിക്കുമ്പോൾ എന്തെങ്കിലും പറഞ്ഞാൽ മാതാപിതാക്കളോട് അവർ ദേഷ്യപ്പെടുന്നു. അതുപോലെതന്നെ ടി.വി. കാണുന്നതും കുറയ്ക്കണം. ഞാൻ പൊതുവെ അങ്ങനെ ടി.വി. കാണാറില്ല. ചിലപ്പോൾ News Headlines മാത്രം നോക്കും.

**കേരളത്തിലെ ഗതാഗതക്കുരുക്ക് ഒരു പരിധി വരെയെങ്കിലും നിയന്ത്രിക്കാൻ എന്തെങ്കിലും നിർദ്ദേശങ്ങളുണ്ടോ?**

വീതി കുറഞ്ഞ റോഡുകളാണ് ഗതാഗതകുരുക്കിന്റെ പ്രധാന കാരണം. സ്വകാര്യ വാഹനങ്ങളുടെ എണ്ണത്തിൽ വന്ന വർധനവും, റോഡുകളുടെ ശോചനീയാവസ്ഥയും ഇതിന്റെ ആക്കം കൂട്ടുന്നു. റോഡ് നിയമങ്ങൾ കൂടുതൽ കർക്കശമാക്കണം. ഇന്ത്യയിലെയും വിദേശത്തെയും റോഡ് നിയമങ്ങൾ രണ്ടാണ്. ഇവിടെ ആർക്കും ലൈസൻസ് കിട്ടും. അതുകൊണ്ടുതന്നെ റോഡപകടങ്ങളുടെ എണ്ണം വളരെ കൂടുതലാണ്. ആളുകൾ പബ്ലിക് ട്രാൻസ്പോർട്ടിനെ ആശ്രയിക്കുന്നതും ഗതാഗതകുരുക്കിനുള്ള ഒരു പരിഹാരമാർഗമാണ്.

**കോളേജ് ജീവിതം എങ്ങനെയായിരുന്നു? കോളേജിൽ ഫുട്ബോൾ ടീമിലുണ്ടായിരുന്നു എന്ന് കേട്ടിട്ടുണ്ട്. ഇപ്പോഴും ഫുട്ബോൾ ഇഷ്ടമാണോ?**

കാക്കിനാട ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജിലാണ് ഞാൻ പഠിച്ചത്. കോളേജ് അന്ന് മദ്രാസ് പ്രസിഡൻസിയുടെ ഭാഗമായിരുന്നു. ഞാൻ studious ആയ കുട്ടിയായിരുന്നു. ക്ലാസിൽ ശ്രദ്ധിക്കും. സമയം ഒരിക്കലും പാഴാക്കുമായിരുന്നില്ല. അതുകൊണ്ടുതന്നെ റഫറൻസിനും സമയം കണ്ടെത്തിയിരുന്നു. അധ്യാപകരെ ബഹുമാനിച്ചിരുന്നു.

എഞ്ചിനീയറിംഗ് പഠനകാലത്ത് ഞാൻ കോളേജ് ഫുട്ബോൾ ടീം ക്യാപ്റ്റനായിരുന്നു. ഇപ്പോഴും ഇഷ്ടമാണ്. പക്ഷേ കളികാണാൻ സമയം കിട്ടാറില്ല.

**എഞ്ചിനീയറിംഗ് അല്ലായിരുന്നെങ്കിൽ വേറെ ഏത് മേഖല തിരഞ്ഞെടുക്കുമായിരുന്നു?**

ഏത് മേഖല തിരഞ്ഞെടുത്താലും എന്റെ principles ഇതൊക്കെ തന്നെയായിരിക്കും. എഞ്ചിനീയർ അല്ലെങ്കിൽ ഒരുപക്ഷേ, Medical field തിരഞ്ഞെടുത്തേനെ.

**ഇപ്പോഴത്തെ എഞ്ചിനീയറിംഗ് വിദ്യാഭ്യാസത്തെക്കുറിച്ച് താങ്കൾക്ക് എന്താണ് പറയാനുള്ളത്?**

നല്ല എഞ്ചിനീയർമാർക്ക് ഇന്നും അവസരങ്ങളുണ്ട്. രണ്ട് വർഷം മുമ്പ് Time മാഗസിൻ നടത്തിയ ഒരു സർവെ അനുസരിച്ച് കേരളത്തിൽ ഏകദേശം നൂറ്റി അറുപത്തഞ്ചോളം എഞ്ചിനീയറിംഗ് കോളേജുകളുണ്ട്. ഒന്നര ലക്ഷത്തോളം വിദ്യാർത്ഥികൾ ഓരോ വർഷവും പഠിച്ചിറങ്ങുന്നു. അതിൽ ഇരുപത് ശതമാനം പേർ മാത്രമേ ജോലിക്ക് പ്രാപ്തരായവരുള്ളൂ. മുപ്പത് ശതമാനം പേർ ആവശ്യമുള്ള പരിശീലനം നൽകിയാൽ ജോലി യോഗ്യത നേടും. ബാക്കിയുള്ള അൻപത് ശതമാനം ജോലിക്ക് പ്രാപ്തരല്ല. IIT, NIT കളിൽ പഠിച്ചിറങ്ങുന്നവർക്ക് ഇപ്പോഴും ഒരുപാട് അവസരങ്ങളുണ്ട്. അവർക്ക് പ്രായോഗികമായി അറിവ് ലഭിക്കുന്നുണ്ട്. കഴിവുള്ളവർക്ക് അവസരങ്ങളുടെ വാതിലുകൾ ഇന്നും തുറന്നുണ്ട്.

**രാജ്യത്തെ പരമോന്നത പദവിയിലെത്തിയാൽ നാടിനുവേണ്ടി എന്താണ് ചെയ്യുക?**

സ്കൂൾതലം മുതൽ Values, Ethics എന്നീ വിഷയങ്ങൾ നിർബന്ധമാക്കും. നല്ല സ്വഭാവമാണ് ആദ്യം പഠിക്കേണ്ടത്. നിങ്ങൾക്കിപ്പോൾ Agri. Science ൽ എന്തെങ്കിലും അറിയില്ലെങ്കിൽ മറ്റാരോടെങ്കിലും ചോദിക്കാം. എന്നാൽ സ്വഭാവത്തിന്റെ കാര്യം അങ്ങനെയല്ല. സ്വഭാവരൂപീകരണത്തിൽ വിദ്യാഭ്യാസ കാലഘട്ടത്തിന് നല്ല പങ്കുണ്ട്. അതുകൊണ്ട് അത്തരം വിഷയങ്ങൾ ആ സമയത്തുതന്നെ കുട്ടികളിലേക്ക് എത്തിക്കേണ്ടതുണ്ട്.

എറണാകുളം ജില്ലയിൽ നടത്തിയ ഒരു സർവേയിൽ പുതുതായി ചില സ്വകാര്യ വിദ്യാലയങ്ങളിലൊഴികെ മറ്റൊരിടത്തും മൂല്യങ്ങളെക്കുറിച്ചുള്ള പഠനം നടക്കുന്നില്ല എന്നു മനസിലായി. മുഖ്യമന്ത്രിയോട് ഇതേക്കുറിച്ച് സംസാരിച്ചപ്പോൾ Values and Ethics അവരുടെ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്താമെന്നദ്ദേഹം ഉറപ്പുനൽകിയിട്ടുണ്ട്. ദേശീയ തലത്തിൽ പ്രവർത്തിക്കുന്ന Foundation for Restoration of National Values എന്ന ഞങ്ങളുടെ NGO യുടെയും അടിസ്ഥാനലക്ഷ്യം ഇതുതന്നെയാണ്.

**കാർഷിക വിദ്യാർത്ഥികളായ ഞങ്ങൾക്ക് നൽകാനുള്ള സന്ദേശം?**

You should be professionally competent.

ചെയ്യേണ്ട ജോലി എന്താണെന്നതിനെക്കുറിച്ച് വ്യക്തമായ ധാരണയുണ്ടായിരിക്കണം. കൃത്യനിഷ്ഠയോടും, സാമൂഹ്യ പ്രതിബദ്ധതയോടും കൂടി പ്രവർത്തിക്കണം. മികച്ച ഗവേഷണങ്ങളിലൂടെയും, കണ്ടുപിടുത്തങ്ങളിലൂടെയും രാജ്യത്തിനും, സമൂഹത്തിനും നേട്ടങ്ങൾ ഉണ്ടാക്കാൻ വിദ്യാർത്ഥികളായ നിങ്ങൾക്ക് സാധിക്കണം.

(കൃത്യം 11.45 ന് തന്നെ ഇന്റർവ്യൂ അവസാനിപ്പിച്ച് കൃത്യനിർവ്വഹണങ്ങൾക്കായി അദ്ദേഹം തന്റെ ഓഫീസ് മുറിയിലേക്ക് കടന്നു.)




Sreethu M.J.


MALHAR'17
VO LAMHE
KISMATHANU MAKKALE
CERTEZA
LEO EVENTS & TOURS
പറയാൻ ബാക്കിവെച്ചത്


Sarga '17
Inter-class Arts
&
Literary Fest


INSIGNIA
SPORTIRA
HMSL











## When service takes a new meaning ...

809457

















# RAWE

*Learning from reality*





















Days of Camaradeire




कृषि अनुसंधान प्रबंध अकादमी
NAARM












Scan me


PAMPA








D850
Nikon
At the heart of the image
BUILT-IN Wi-Fi
I AM THE DIFFERENCE MAKER
FULL FRAME 4K
45
EXPEED 5
D850
Wi-Fi D500
D7500
Wi-Fi D5300
D3400
D-SLR
NIKKOR LENSES
COOLPIX
Binoculars
Fieldscopes
G-NOME SYSTEMS
Nikon Authorised Dealer
Suharsha Towers, Near HDFC Bank, Shornur Road, Thrissur, Kerala
Email ID: gnomesystemssales@gmail.com, Ph: 9387151000, 0487 2322892
www.gnome.co.in
© Muralimohan Photography

# ടിയാൻ



Alan C. Antony
M.Sc., Dept. of Plant Pathology

അങ്ങനെ ഇരിക്കെ ഒരിക്കൽ
ഈ കാണുന്നതെല്ലാം
അങ്ങ് മാറ്റിക്കളയാനായി
ടിയാൻ മുണ്ടും മടക്കിയിറങ്ങി.

കണ്ണടച്ച് ഇരുട്ടാക്കുന്ന
ഒരു കൂട്ടം അന്ധന്മാർ
വിളക്കും പിടിച്ച് മുൻപിൽ നടന്നു
അതൊരു യുദ്ധമായിരുന്നു (?)
(ടിയാന്റെ കാഴ്ചപ്പാടിൽ)
മൂക്കളപ്പിഴിഞ്ഞും, കണ്ണുതുടച്ചും
കെഞ്ചിയും, മാറാതിരുന്ന മാറ്റത്തിന്റെ
എച്ചിൽ കൂനയിൽ ടിയാൻ കടിച്ചുതൂങ്ങി.

മാറാത്തതെല്ലാം ടിയാന് ഇന്നലെകൾ ആയിരുന്നു
മുഷിഞ്ഞു നാറിയ ഇന്നലെകൾ.
ടിയാൻ - അവനും അവന്റെ അന്ധന്മാരും
കൂടുന്ന ചന്തവർത്തമാനത്തിൽ
വെടികൾ പൊട്ടിച്ചുകൊണ്ടേയിരുന്നു
ഇരുട്ടിന്റെ ഗർഭപാത്രം തുറന്ന് വെളിച്ചം
വന്നു പോലും ! ! !

ടിയാൻ എന്നും സങ്കൽപ്പത്തിലായിരുന്നു
അലാവുദ്ദീനും അത്ഭുത മുയലുകളും
ആലീസും - മാന്ത്രിക വിളക്കും.



ടിയാന്റെ കഥകളിൽ ടിയാനെന്നും
ചായങ്ങൾ തേച്ച്, പുതിയ പാത
വെട്ടുന്നവനാണ്.
(അവനറിയുന്നില്ല, ചായം തേച്ചാൽ മായുന്ന
ഒന്നും ഇവിടെ ഇല്ല)
അവനെന്നും മുന്നിൽ ഓടുന്ന ഓട്ടക്കാരനാണ് !

ടിയാൻ സങ്കൽപ്പങ്ങളെ ലേലത്തിൽ വെച്ചു
മാറ്റങ്ങൾക്കു വേണ്ടി വാശി പിടിച്ചു
പുറത്ത് നിന്ന് 'മാറ്റങ്ങളെ'
വലിച്ചിഴച്ചു - കൊത്തിപ്പറിച്ചു
ടിയാന്റെ കണക്കുപുസ്തകങ്ങൾ
ചായം കൊണ്ട് മറഞ്ഞിരുന്നു.

അതിൽ ഇല്ലാത്തതെല്ലാം
ടിയാന് മുന്തിരിക്കുലകളാണ്
(ടിയാൻ അപ്പോൾ ഒരു കുറുക്കനാണ്?)

അന്ധനായ ടിയാൻ അറിയുന്നില്ല
അവനു മുൻപേ നടന്നുനീങ്ങുന്ന
അവന്റെ ലക്ഷ്യങ്ങളെ ....

## ഞങ്ങളുടെ
## കെടാ-നക്ഷത്രത്തിന്...

'ചിലതൊക്കെ അങ്ങനെയാണ്, വിധിയുടെ കരിനിഴലിന് വിട്ടുകൊടുക്കാൻ മാത്രം കഴിയുന്നവ. ലക്ഷ്യങ്ങൾക്ക് ഏറെ അകലെ നിന്നു തന്നെ കൈ കൊട്ടി വിളിക്കുമ്പോൾ ഞാനില്ലെന്ന് പറഞ്ഞ് തിരിഞ്ഞോടാൻ പറ്റാത്തവ.'

ഹെമി... വരികളിൽ ഒതുക്കാനാവില്ല നിന്നെയെന്നറിയാം. വേദനകൾ കടിച്ചമർത്തി മരണത്തോട് പൊരുതിയപ്പോഴും നീ പകർന്നു തന്ന അതിജീവനത്തിന്റെ മന്ത്രങ്ങൾക്ക് പകരം നൽകാൻ ഞങ്ങളിലൊന്നുമുണ്ടായിരുന്നില്ല. ഒരു തിരയ്ക്കും മായ്ക്കാനാവാത്ത വിധം നീ പതിപ്പിച്ച നിന്റെ കാലടികൾ ഇന്നും ഹോർട്ടിയുടെ ഇടനാഴികളിൽ ഞങ്ങൾക്ക് കൂട്ടുണ്ട്. ഒരിക്കലും തളരാത്ത നിന്റെ മനക്കരുത്തും, അവസാന നാൾ വരെയും ശോഷിക്കാതെ നീ കാത്തുവെച്ച വലിയ മോഹങ്ങളും, തീക്ഷ്ണമായ ജീവിതാനുഭവങ്ങൾ നിന്റെ സ്വപ്നങ്ങൾക്കു നേരെ കൊഞ്ഞനംകുത്തിയപ്പോൾ നീ കൈക്കൊണ്ട മനോധൈര്യവുമെല്ലാം ഹോർട്ടി ഇടയ്ക്കിടെ അയവിറക്കാറുണ്ട്. ആശുപത്രി കിടക്കയിൽ കിടന്നുകൊണ്ട് പ്രതികൂല സാഹചര്യങ്ങളോട് പടവെട്ടിയ നിന്റെ ആ ചെറുചിരി വീഴ്ചകളിൽ നിന്നും ഞങ്ങളെ കൈപിടിച്ചുയർത്താറുണ്ട്. ഇനിയൊരിക്കലും എഴുന്നേൽക്കാനാവാതെ വീണുപോകുമോ എന്ന് ഭയപ്പെടുന്ന ചില നിമിഷങ്ങളിൽ നിന്റെ വാക്കുകളും ഓർമ്മകളും ഞങ്ങൾക്ക് കരുത്തുപകരാറുണ്ട്. മുന്നോട്ടുള്ള ചുവടുകൾക്ക് നിന്റെ സഹനസമരങ്ങളും എന്നും വഴിവിളക്കാകാറുണ്ട്.

ഹെമി ..., ജീവിത പാതയിലെ വലിയ കിടങ്ങുകളെ ദൃഢനിശ്ചയത്തോടെ നേരിട്ട ആ നാലഞ്ചു വർഷങ്ങൾ കൊണ്ട് നീ നിന്റെ ജീവിതത്തിന് അർത്ഥം നൽകിയിരിക്കുന്നു. പലപ്പോഴായി ഞങ്ങൾക്ക് പകർന്നു തന്ന അറിവിന്റെ വാതായനങ്ങളിലൂടെ നീ പൂർണ്ണതയിലെത്തിയിരിക്കുന്നു.

നീയറിയാതെ നിന്നിൽ നിന്നും കട്ടെടുത്ത വിലമതിക്കാനാവാത്ത ഒത്തിരി മൂല്യങ്ങൾ എന്നും ഞങ്ങൾ നെഞ്ചോടു ചേർത്തു വെക്കും. കാലങ്ങളെത്ര കഴിഞ്ഞാലും ഹോർട്ടിയുടെ ചുവരുകളിൽ കെടാനക്ഷത്രമായി നീ മിന്നിക്കൊണ്ടിരിക്കും. ഞങ്ങൾ ഓരോരുത്തരുടെയും മനസ്സിലും...



# ഫീലിംഗ് സാഡ്

ചടങ്ങുകളെല്ലാം തീർന്നു
ബഹളങ്ങളുമൊടുങ്ങിയിരിക്കുന്നു
പേരുപോലുമറിയാത്ത ബന്ധുക്കളും
അവരുടെ മനം മടുപ്പിക്കുന്ന പഴങ്കഥകളും.

വീട്ടിലാകെ ചന്ദനത്തിരിയുടെ
സുഗന്ധം പടർന്നിരിക്കുന്നു
എന്നിട്ടും എവിടെയോ ആ
കുഴമ്പിന്റെ മണം തങ്ങിനിൽക്കുംപോൽ.

ആ ഇരുട്ടുമുറിയിൽ ഞാൻ
കയറാറേ ഉണ്ടായിരുന്നില്ല
എന്നും കുഴമ്പിന്റെയും മൂത്ര-
ത്തിന്റെയും മിശ്രഗന്ധം.

വാതിൽ വലിച്ചടച്ചാലും
കാതുതുളച്ചെത്തുന്ന ചുമ
ഇടറിയ ശബ്ദത്തിൽ മനസ്സിലാവാത്ത
കുറേ ഉപദേശങ്ങൾ,
ആകെ അലോസരപ്പെടുത്തുന്ന
ഓർമ്മകൾ മാത്രം.

സമാധാനം, ഒക്കെ തീർന്നല്ലോ
'ആരെയും കഷ്ടപ്പെടുത്തിയില്ലെ'ന്ന
അമ്മയുടെ ഗദ്ഗദവും
'ഭാഗ്യം ചെയ്തയാളാ അച്ഛൻ' എന്ന
പപ്പയുടെ നെടുവീർപ്പും മാത്രം ബാക്കി.

ഒക്കെ കഴിഞ്ഞില്ലേ ഇനിയൊന്നുറങ്ങണം
ഫേസ്ബുക്കിൽ 'feeling sad' എന്ന്
സ്റ്റാറ്റസുമിട്ട് ഞാനും കിടന്നു.
കമന്റ് ബോക്സിൽ അനുശോ-
ചനങ്ങൾ നിറയുകയാണ്.





ജിൻസി
പ്രയാഗ '18

ഓർക്കുക
ആർത്തിയുടെ വേരുകളാഴ്ത്തി
നീ സ്വയം കൊല്ലുകയാണ്...
ഇല്ലായ്മ ചെയ്യുന്നത്
വരും തലമുറകളുടെ കുടി
ഒഴുക്കിനെയാണെന്ന്...



# പുഴ ഒരു നേർത്ത ഓർമ്മ

"പുഴ എന്റെ ജീവന്റെ ജീവനാണ്
പുഴ എന്റെ ജീവന്റെ ധാരയാണ്
പുഴ എന്റെ ജീവന്റെ ദാഹമാണ്
പുഴ എന്റെ ജീവന്റെ ലഹരിയാണ്"



എന്ന കാവ്യലിപികൾക്ക് സ്വന്തം ജീവിതം കൊണ്ട് ചിറകുകളേകിയ നാമം. അവസാനശ്വാസം വരെ പ്രകൃതിക്കും, പുഴകൾക്കും വേണ്ടി ശാസ്ത്രീയവും, വൈകാരികവുമായ സമീപനത്തോടെ പോരാടിയ പ്രകൃതി സ്നേഹി. നശ്വര സ്വപ്നങ്ങൾക്കു പിന്നാലെ പായുന്ന നീർക്കുമിളകളാണു നാമെന്നു സ്വന്തം ജീവിതം കൊണ്ടു നമ്മെ പഠിപ്പിച്ച വ്യക്തി. സമാനതകളേതുമില്ലാതെ ഒരു പുഴയായി ഉത്ഭവിച്ചു, ഒഴുകിത്തീർത്ത വഴികളിലെല്ലാം സൗരഭ്യം പരത്തി സാഗരസായൂജ്യമണഞ്ഞ വ്യക്തിത്വം. കുട്ടിക്കാലത്തുതന്നെ കടുവകളെ സംരക്ഷിക്കുന്ന ജോലി ചെയ്യണമെന്ന് ആഗ്രഹിച്ച പെൺകുട്ടി. എ. ലത എന്ന ലത... അനന്തമായ ആദർശ ധീരതയുടെ, പെൺകരുത്തിന്റെ, വിജ്ഞാനത്തിന്റെ ജീവിതമുഖം. ഡോ. എ. ലത ശുദ്ധജലമൊഴുകിയിരുന്ന ഒരു നദീവ്യൂഹമായിരുന്നു. തന്റെ ചുറ്റുമുള്ളതിനെയെല്ലാം ശുദ്ധീകരിക്കുന്ന പ്രാണവായു. പ്രകൃതി സംരക്ഷണമെന്ന വലിയ ലക്ഷ്യത്തിലേക്ക് സ്വന്തം ജീവനും ജീവിതവും നീക്കിവെക്കുന്നതിലേക്ക് വളർന്ന ഒരു സാധാരണ പെൺകുട്ടിയുടെ കഥയാണ് ലതയുടെ ജീവിതം. മൂന്നു പതിറ്റാണ്ടുകാലമായി പരിസ്ഥിതി സംരക്ഷണരംഗത്തെ സജീവ സാന്നിധ്യം.

ഒഴുകാൻ വെമ്പുന്ന പുഴ ഒരു തേങ്ങലാണ്. ആർക്കൊക്കെയോ വേണ്ടി, എന്തിനൊക്കെയോ വേണ്ടി സ്വയം കഷ്ടതകളേറ്റുവാങ്ങി ഇല്ലാതാകുന്ന ജലാശയങ്ങൾ ഇന്ന് പതിവുകാഴ്ചകളാണ്. ഭൂമിയുടെ ജീവനാഡികളായ ജലാശയങ്ങളെ സംരക്ഷിക്കണമെന്ന തോന്നൽ നാളിതുവരെയുണ്ടായവർ തന്നെ ചുരുക്കം. സ്വന്തം ലാഭനഷ്ടക്കണക്കുകളുടെ കൂട്ടിക്കിഴിക്കലിൽ മണ്ണെവിടെ? പുഴയെവിടെ? കണക്കുകൂട്ടലുകളുടെ അവസാനം ടാലിയാകാത്ത കുറേ താളുകൾ മാത്രം ജീവിതത്തിൽ അവശേഷിക്കും. പിന്നീട് തിരുത്തലുകൾക്കു അവസരമില്ലാത്ത കുറെയധികം താളുകൾ. ഈ ജീവിതസത്യം മനസ്സിലാക്കുകയും, മറ്റുള്ളവർക്കുകൂടി ഈ ജീവിതദർശനം, പകർന്നു കൊടുക്കുവാൻ ആഗ്രഹിച്ചയാളുമാണ് ലത. പ്രകൃതിയുടെ (പുഴയുടെ) തേങ്ങൽ സ്വന്തം വിഷമമായി കണ്ട് പ്രവർത്തിക്കുവാനും, സമൂഹത്തിന് ഇതിനേപ്പറ്റി അവബോധം നൽകുവാനും വളരെയധികം അധ്വാനിച്ച വ്യക്തിത്വം.

കുട്ടിക്കാലം ഒരു മഴനീർക്കനവായിരുന്നു ലതയ്ക്ക്. ചിത്രങ്ങൾ വരയ്ക്കുന്ന, പാട്ടുകൾ പാടുന്ന, പ്രസംഗം പറയുന്ന നല്ല വായനാശീലമുള്ള പ്രകൃതി സ്നേഹിയായ സകലകലാവല്ലഭയായ ഒരു പെൺകുട്ടി. ഏറെ ഓർമ്മകൾ സമ്മാനിച്ച ബാല്യം എന്നും ഒരു നിധിയാണ്. കാലത്തിന്റെ കുത്തൊഴുക്കിൽ ഒളിമങ്ങാത്ത മണിമുത്തുകൾ. അച്ഛന്റെ നാട് വൈക്കവും, അമ്മയുടെ നാട് തുറവൂരുമായിരുന്നു. ജോലിസംബന്ധമായി രണ്ടുപേരും എറണാകുളത്തേക്ക് താമസം

മാറ്റിയതിനാൽ ലത ജനിച്ചുവളർന്നത് എറണാകുളത്താണ്. കൂട്ടത്തിലിളയവളായ ലതയ്ക്ക് രണ്ട് ജ്യേഷ്ഠന്മാരാണുള്ളത്. കേന്ദ്രീയ വിദ്യാലയത്തിൽ പഠിച്ചു. അമ്മ വരദ ബായി സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റായിരുന്നു. അച്ഛൻ അനന്ത് കമ്മത്ത് പഞ്ചായത്ത് സെക്രട്ടറിയും. പെണ്ണുകാണാനും, കല്യാണം കഴിക്കാനും എല്ലാം വഞ്ചിയിൽ തന്നെയാണ് പോയതെന്ന് പറഞ്ഞു കേട്ടിട്ടുണ്ട്. അതുകൊണ്ടായിരിക്കും താനും വെള്ളത്തിലിറങ്ങിയത് എന്ന് തമാശയായി ലത പറയുമായിരുന്നു. മാതൃഭാഷ കൊങ്കിണിയായിരുന്നിട്ടുപോലും അമ്മയുടെ നിർബന്ധപ്രകാരം മലയാളം എഴുതാനും, വായിക്കാനും പഠിച്ചു. അമ്മ വളരെയധികം വായനാശീലമുള്ള ആളായത് കൊണ്ട് കുട്ടിക്കാലം മുതൽക്കേ വായനാശീലമുള്ള പെൺകുട്ടിയായിരുന്നു ലത. തന്റെ ജീവിതത്തിന്റെ ഇന്റലക്ചൽ ഗ്രൂമിംഗ് അമ്മയും, പ്രാക്ടിക്കൽ ലൈഫിന്റെ ഗ്രൂമിംഗ് അച്ഛനുമാണ് നൽകിയതെന്ന് അവരെപ്പോഴും പറയുമായിരുന്നു. തന്നെ ഏറ്റവുമധികം സ്വാധീനിച്ച പുസ്തകം എനിഡ് ബ്ലൈറ്റന്റെ 'The children of cherry tree farm' ആണെന്ന് ലത പലപ്പോഴും പറഞ്ഞിട്ടുണ്ട്. ചിത്രം വരയ്ക്കാൻ ഏറെ ഇഷ്ടമുണ്ടായിരുന്നത് കൊണ്ടാണ് സയൻസ് പഠിക്കുവാൻ തീരുമാനിച്ചത്. എങ്കിലും പാറ്റയെ കീറിമുറിക്കലും മറ്റും കുഞ്ഞു ലതയെ ഏറെ വേദനിപ്പിച്ചിരുന്നു. അമ്മയുടെ താൽപ്പര്യം താൻ ഒരു ഡോക്ടറാവണമെന്നതായിരുന്നു. എന്നാൽ പൂക്കളേയും പുഴകളേയും പ്രണയിച്ച കുട്ടിക്ക് മനുഷ്യശരീരത്തെ കീറിമുറിക്കുന്നതിനോട് താൽപ്പര്യമുണ്ടായിരുന്നില്ല. 1983-ൽ എൻട്രൻസ് അഡ്മിഷൻ അഗ്രികൾച്ചറിന് ലഭിച്ചു. പുറമേ കുറച്ചു യാഥാസ്ഥിതിക കുടുംബമായിരുന്നെങ്കിലും വീട്ടിനുള്ളിൽ ആവശ്യത്തിലധികം സ്വാതന്ത്ര്യമുണ്ടായിരുന്നു. അമ്മയുടെ സുഹൃത്തുക്കളും മറ്റു ബന്ധുക്കളും ചേരുന്ന രാത്രി സഭകൾ, സംഗീതവും, താളവും കൈകോർത്തിരുന്ന യാമങ്ങൾ. ഒപ്പം സഭ കൊഴുപ്പിക്കുന്ന ചർച്ചകളും .... ഒരുപക്ഷേ ഇതൊക്കെയാകാം ലതയെ ഇത്രയധികം ചിന്താശേഷിയുള്ള വളാക്കി മാറ്റിയത്.

കോളേജ് പഠനകാലം ലതയിലെ പ്രകൃതിസ്നേഹിയെ ഊട്ടിയുറപ്പിക്കുന്ന കാലമായിരുന്നു. പഠിക്കുന്ന വിഷയങ്ങളിൽ സംശയങ്ങൾ ഉണ്ടാവുന്നത്, ചോദ്യങ്ങൾ ചോദിക്കാൻ തുടങ്ങുന്നത്, സമരം ചെയ്തത്, പഠിക്കുന്നത് സമൂഹത്തിൽ പ്രയോഗിക്കേണ്ടതാണെന്ന തിരിച്ചറിവുകളുണ്ടാകുന്നത്, എല്ലാം സർവ്വകലാശാലാ പഠനകാലത്താണ്. വെള്ളായണി കാർഷിക കോളേജിലായിരുന്നു ഡിഗ്രി പഠനം. വെള്ളാനിക്കര കാർഷിക കോളേജിൽ നിന്നും അഗ്രികൾച്ചറൽ എക്സ്റ്റൻഷനിൽ ബിരുദാനന്തര ബിരുദവും കരസ്ഥമാക്കി. പഠനത്തിനോടനുബന്ധിച്ച് ഒരുപാടു യാത്രകൾ പോകാനും, നാടിനെയറിയാനും സാധിച്ചു. എന്നാലും പഠിക്കുന്നതിൽ നിന്നും വ്യത്യസ്തമായി ചിന്തിക്കുവാൻ ലത ശ്രമിച്ചുകൊണ്ടിരുന്നു. സിലബസ്സിലെ ഏറ്റക്കുറച്ചിലുകൾക്കപ്പുറമുള്ള ലോകമായിരുന്നു ലതയുടെ ചിന്തയിൽ നിറഞ്ഞിരുന്നത്.



എം.എസ്.സി.യ്ക്ക് ബയോഗ്യാസ് എന്ന വിഷയം എടുക്കാനും കാരണം ഈ ചിന്താഗതിയാണ്.

ജീവിതത്തിൽ നിർണ്ണായകമായ സന്ദർഭങ്ങളിൽ ചില മനുഷ്യരുടെ ഇടപെടലുകളുണ്ടാകും. ജീവിച്ചിരിക്കുന്ന എല്ലാ നിമിഷങ്ങളും പകർത്തപ്പെടുന്ന ഡിജിറ്റൽ കാലത്തും ഒരു ഫോട്ടോഗ്രാഫിൽ പോലും തന്നെ പകർത്താൻ അനുവദിക്കാത്ത എസ്. സതീഷ്ചന്ദ്രൻ ലതയുടെ ജീവിതത്തിൽ അത്തരമൊരു ഇടപെടൽ നടത്തിയിട്ടുള്ള ആളാണ്. മണ്ണിനും, മനുഷ്യനും പ്രകൃതിക്കുംവേണ്ടി സംസാരിക്കാൻ ലതയ്ക്കു ഊർജം പകർന്നു കൊടുത്ത വ്യക്തിത്വം. ലതയുടെ മനസ്സിലെ ഉത്തരം കിട്ടാത്ത അനവധി ചോദ്യങ്ങൾക്കുള്ള ഉത്തരമായിരുന്നു അദ്ദേഹം. പ്രകൃതിയെ കൂടുതൽ അറിയുവാനും, അതിനുവേണ്ടി പ്രവർത്തിക്കാനും ലതയെ കൂടുതൽ പ്രാപ്തയാക്കി മാറ്റിയതും ഇദ്ദേഹത്തോടൊപ്പമുള്ള പ്രവർത്തനമാണ്.

ഐ.സി.എസ്.ആർ (Indian Council for Scientific Research) ഫെല്ലോഷിപ്പോടെയാണ് ലത പി.എച്ച്.ഡി. ചെയ്തത്. പ്രകൃതി പഠനത്തിന്റെ അടിസ്ഥാനം പിടികിട്ടിയപ്പോൾ അതിനെ പഠിച്ച വിഷയവുമായി ബന്ധപ്പെടുത്താനുള്ള ശ്രമം - അതായിരുന്നു പി.എച്ച്.ഡി.യ്ക്ക് റബ്ബർ തന്നെ തിരഞ്ഞെടുക്കാൻ ലതയെ



പ്രേരിപ്പിച്ച ഘടകം. റബ്ബർ കേരളത്തിന്റെ വലിയൊരു പ്രദേശത്തെ ചെറുകിട കർഷകരെയും, കാർഷിക ജൈവവൈവിധ്യം തന്നെയും ഇല്ലാതാക്കിയെന്നു ലത കണ്ടെത്തി. ഇന്നും പ്രസക്തമായ ആ പി.എച്ച്.ഡി. തീസിസ് മുഖ്യധാരയിൽ പ്രസിദ്ധീകരിക്കപ്പെട്ടിട്ടില്ല എന്നത് തികച്ചും വേദനാജനകമാണ്.

സുഹൃത്തും സീനിയറുമായ ഉഷയുടെ സഹോദരനായ ഉണ്ണികൃഷ്ണനെ പരിചയപ്പെട്ടതാണ് ലതയുടെ ജീവിതത്തിലെ മറ്റൊരു വഴിത്തിരിവ്. കൊടകരക്കാരനായ എൻജിനീയറായിരുന്നു ഉണ്ണികൃഷ്ണൻ. അച്ഛനുമമ്മയ്ക്കും പ്രായമായപ്പോൾ ബോംബെയിലെ ജോലിയുപേക്ഷിച്ച് നാട്ടിലെത്തിയ കവി കൂടിയായ ആക്ടിവിസ്റ്റ്. അവരിരുവരേയും ഒരുമിപ്പിച്ചത് കാടും പുഴയും തന്നെയാണെന്നതിൽ യാദൃശ്ചികതയില്ല. ഒരേ ജീവിതക്കാഴ്ചപ്പാടുകളും, ചിന്തകളുമുള്ളവരാണെന്ന തിരിച്ചറിവിലാണ് ഇരുവരും ഒരുമിക്കുന്നത്. ലതയുടെ വീട്ടിൽ അമ്മയ്ക്കും, ഏട്ടന്മാർക്കും അധികം താൽപര്യമില്ലാതിരുന്നിട്ടും ഇരുവരും താലികെട്ടി. അമ്പലത്തിൽ വെച്ചൊരു തുളസിമാലയിട്ടു ഒന്നായ ജീവിതം. പിന്നീടുള്ള ജീവിതയാത്രയിലത്രയും അവരൊരുമിച്ചായിരുന്നു. ജനസംഖ്യ അനുദിനം വർദ്ധിച്ചുകൊണ്ടിരിക്കുന്ന ഈ കാലത്ത് ഇത്ര വലിയ ജനതയെ തീറ്റിപ്പോറ്റാൻ പാടുപെടുമ്പോൾ അതിനിടയിലേക്ക് തങ്ങളുടെ സംഭാവന വേണ്ട എന്ന തീരുമാനമാണ് ഇരുവരും മകക്കൊണ്ടത്.



ലത കൃഷി ഓഫീസറായി സേവനമനുഷ്ടിച്ചിട്ടുണ്ട്. കൈക്കൂലി ശീലമായി മാറിയ ജനങ്ങളുടെ ഇടയിൽ പുഴയെ പ്രണയിക്കുന്ന, കീടനാശിനികൾക്കെതിരെ സംസാരിക്കുന്ന, രാസവളങ്ങൾ വിൽക്കാൻ മടിയുള്ള, കൈക്കൂലി വാങ്ങാത്ത കൃഷി ഓഫീസർ അത്ഭുതമായിരുന്നു. നല്ലതിനെ വരവേൽക്കാൻ അല്ലെങ്കിലും ജനങ്ങൾക്കു പ്രയാസമാണല്ലോ. പാടശേഖര സമിതിക്കാരുടെ ചതി കാരണം 2000-ത്തിൽ കൃഷി ഓഫീസർ ജോലി ലത രാജിവെച്ചു.

പുഴ – സ്വാതന്ത്ര്യത്തിന്റെ, ഒഴുക്കിന്റെ, നമ്മുടെ ഓരോരുത്തരുടേയും ഉള്ളിൽ വേണ്ട പ്രവാഹത്തിന്റെ പ്രതിഫലനം കൂടിയാണ് എന്ന് ഓർമ്മിപ്പിക്കുന്നതിനായി ലത പുഴസംരക്ഷ




ണത്തിൽ ഏറെ പഠനങ്ങൾ നടത്തി. അതിരപ്പിള്ളി ജലവൈദ്യുതപദ്ധതിക്കെതിരെ നടത്തിയ സമരങ്ങളിൽ സജീവമായി ഇടപെട്ടു. കേരളത്തിലെ മുഴുവൻ നദികളെയും ബന്ധപ്പെടുത്തി 'ട്രാജഡി ഓഫ് കോമ്മൺസ്' (Tragedy of commons) എന്ന പേരിൽ പുസ്തകവും എഴുതി. നദികളിൽ പാരിസ്ഥിതിക നീരൊഴുക്ക് ഉറപ്പുവരുത്തേണ്ടതിന്റെ ആവശ്യകത കേന്ദ്ര സർക്കാരിനെ ഉൾപ്പെടെ ബോധ്യപ്പെടുത്തുന്നതിൽ ഡോ. ലത മുഖ്യപങ്കു വഹിച്ചു. ഇതുമായി ബന്ധപ്പെട്ട് ദേശീയ തലത്തിലുടനീളം അനേകം കൂട്ടായ്മകളുടെ നിർവാഹകസമിതിയിൽ അംഗമായി പ്രവർത്തിക്കുകയും ചെയ്തു. നദികളുടെയും, അണക്കെട്ടുകളുടെയും സാമൂഹിക വശങ്ങളെക്കുറിച്ച് ഓസ്ട്രേലിയ, മെക്സിക്കോ, നെതർലാൻഡ്സ്, തായ്‌ലന്റ് എന്നിവിടങ്ങളിൽ പ്രബന്ധങ്ങളും അവതരിപ്പിച്ചു. അശോക ഫെല്ലോഷിപ്പ്, ഇന്ത്യൻ റിവേഴ്സ് വീക്ക് സംഘടനയുടെ ഭഗീരഥ് പ്രയാസ് പുരസ്കാരം, പ്രകൃതി മിത്ര അവാർഡ് തുടങ്ങിയവയും നേടിയിട്ടുണ്ട്. അർബുദമെന്ന മഹാവ്യാധിക്കുമുന്നിലും തളരാതെ ചിരിച്ചുകൊണ്ട് സ്വന്തം ആദർശങ്ങൾക്കു വർണ്ണച്ചിറകുകളേകി പറന്നുയരുവാൻ ശ്രമിച്ച വ്യക്തിത്വമാണ് ലത.

ജീവിതയവനിക ചിത്രങ്ങൾ മായ്ക്കുവാൻ ശ്രമിക്കുമ്പോഴും കാലചക്രത്തിന്റെ ഏടുകളിൽ സുവർണ്ണലിപികളിലെഴുതിച്ചേർക്കപ്പെട്ട കയ്യൊപ്പാണ് ലതയുടെ ജീവിതം.

"വിലതരില്ലാർക്കുമീ നദിയമ്മയാണെന്റെ,
വിലയറിയാത്തൊരു നിധിയുമാണ്.
വിലതരില്ലാർക്കുമീ നദിയെന്റെയുയിരാണ്,
വിമലജന്മാർജിത പുണ്യമാണ്"

എന്നു പുതുതലമുറയെ ചിന്തിക്കാൻ പ്രേരിപ്പിച്ച വ്യക്തിത്വം. നാളിതുവരെ ഒരു പനിനീർപ്പൂവിന്റെ ലാളിത്യത്തോടെ പ്രവർത്തനമികവ് കാഴ്ചവെച്ച അത്ഭുതപ്രതിഭ. മൊഴികളും ചിന്തകളും വ്യാധികളുമില്ലാത്ത ലോകത്തേയ്ക്കു വിടപറഞ്ഞുവെങ്കിലും ഇനിയും മരിക്കാത്ത നിൻ ഓർമ്മകൾ ഈ നാടിൻ വസന്തമാകും ...!



ഹരിത ജി.
പ്രയാഗ '16

# My Climber Friend



Ashish V.V.
Prayaga '16

So lonely and deserted was I
On that place of complete desolation
Me being just the shrub I am
Stood all day and night
Doing nothing special.
Neither did I have anyone
To share my feelings with
Nor anyone to soothe my heart

But at last I was gifted
With a hope to cling on
I saw close to my eyes
On that cold and foggy morning
A grain... So tiny yet so firm,
Oh... Foolish me... It was a seed
But of what?

I had to wait for days for an answer
During which I cared my little friend
Within my limitations;
I held him firm to the ground
With my roots...

Spread my leaves around him
To give him warmth
Many nights did I spend
Sleepless and restless
To keep him safe from those naughty birds

Then came the day of my life
When my friend gave me
The first sight of his green
I would have jumped up in delight
But for my roots which fixed me to the ground
Days went by and my friend grew up
Firmer and stronger.
It was then I took him to be a grape vine

And I was more than happy
To nod my head favorably
When he asked "Could I climb upon your lower branches?"

That was the beginning
Of our intimacy
With me acknowledging his desire
To climb up my flowering branches
In a month's time
Every nook and corner of myself did he explore
Taking possession of my flower buds
That never got a chance to bloom
And bound me so strong that

I could barely move my branches
My leaves gave way for his own
And he enclosed me
Within his greeny shade.

I felt all the pain, breathless-
But never complained.
Because he was my friend
The friend I was awaiting
All my time.

But the next winter
He grew stronger and I weaker
It was then that he opened up
That he can no longer look after
So old and weak a being like me
Goodbye was all he said
When he took his tendrils off me
Warning him of its harm
I told him not to – But he was firm

And the next moment,
I found him standing tall
With nothing to connect the two of us
But I did not feel any better
A day was all that he could be brave
When at last the cold winter wind
Took him apart
The next morning, I found my friend.
Motionless and dead.
I just wept and wept
Lamenting the loss of the only friend I had.

# 'ഗ്രഹ'മാറ്റം



ഐശ്വര്യ കെ.
പ്രയാഗ '16



എങ്ങും ബഹളമാണ്. കാതടപ്പിയ്ക്കുന്ന ബഹളം. വാഹനങ്ങളുടെ എൻജിന്റെ ആക്രോശങ്ങൾ... എന്തൊക്കെയോ എടുക്കുന്നതിന്റെയും വയ്ക്കുന്നതിന്റെയും ശബ്ദങ്ങൾ.... ഉത്കണ്ഠകളുടെയും നിർദ്ദേശങ്ങളുടെയും മുറിയുകയും ചേരുകയും ചെയ്യുന്ന തരംഗങ്ങൾ. എല്ലാവരും തിരക്കിലാണ്. ചിലതുപേക്ഷിക്കാനാവാതെ, വീണ്ടും വീണ്ടുമെടുത്ത് നോക്കി, ബാഗിന്റെ ഏതെങ്കിലും മൂലയിൽ നിറയ്ക്കാൻ ശ്രമിക്കുന്നു. എന്തൊക്കെയോ വലിച്ചെറിയുന്നു.... എല്ലാവരും താമസം മാറുകയാണ്. ഗൃഹമല്ല. ഗ്രഹം. ഭൂമിയിൽ നിന്നൊരു വീടുമാറ്റം, വായിൽകൊള്ളാത്ത പേരുള്ള ഏതോ ഒരു ഗ്രഹത്തിലേയ്ക്ക്...

വിമാനങ്ങളേക്കാൾ വലിയ റോക്കറ്റുകൾ തയ്യാറാക്കുന്നു. മുറുമുറുപ്പോടെ ആളുകൾ ക്യൂ നിൽക്കുന്നു. അവിടെ ഓക്സിജൻ നിർമ്മിച്ചിട്ടുണ്ടത്രെ. വെള്ളവും കരുതിയിട്ടുണ്ടുപോൽ. ആകാശം മുട്ടുന്ന പുതുകെട്ടിടങ്ങളും പ്ലാനനുസരിച്ച് നഗരങ്ങളും നിർമ്മിച്ചു. സസ്യങ്ങൾ വേണ്ട. ഓക്സിജൻ കിട്ടും. മാസം തോറും പൈസയടച്ചാൽ മതി. നദികളേക്കാൾ വണ്ണമുള്ള പൈപ്പുകൾ കൊണ്ട് കടലിലെ വെള്ളമൊക്കെ പമ്പുചെയ്ത് തുടങ്ങിയിട്ടുണ്ട്. മത്സ്യങ്ങൾ മുഴുവൻ വേണ്ട, ജനിതകമാറ്റം വരുത്തിയവ കൊണ്ടുപോയിട്ടുണ്ട്! ഭൂമിയുടെ ഒറ്റ ഫോട്ടോ മാത്രം കൈയിൽ കരുതാം. അതിൽക്കൂടുതൽ വേണ്ട. ഭൂമിയെ വെറുതെയെന്തിനോർക്കണം??

വൃദ്ധരെ ഭൂമിയിൽ വിട്ടേക്കുക. അവരുടെ സെന്റിമെൻസ്... പോരാത്തതിന് യാത്രയിലെങ്ങാൻ... അവർക്ക് കൂട്ടിന് യന്ത്രമനുഷ്യരെയും ടി.വി.യുമൊക്കെ നൽകിയിട്ടുണ്ട്. അതിൽ കൂടുതലെന്തു ചെയ്യാൻ??

ശാസ്ത്രപുസ്തകങ്ങൾ മെമ്മറി കാർഡുകളിലേക്ക് സേവ് ചെയ്തിട്ടുണ്ട്. ഇനിയവ കത്തിച്ചു കളയാം... ബാക്കിയൊന്നും വേണ്ട. സാഹിത്യവും ചരിത്രവുമെന്തിന്? അവയും വെണ്ണീറായിക്കോട്ടെ.... ഭൂമിക്കവസാനം ഭാരമൊന്നു കുറയട്ടെ!! ജയിലീന്ന് കുറ്റവാളികളെ പ്രത്യേകം കൂട്ടിയിട്ടുണ്ട്. അവരിൽനിന്നു വേണം നാളെയുടെ രീതികൾ പഠിക്കാൻ... ചിരിക്കരുത്. ഇത് സംഭവ്യമാണ്.
ഇന്നല്ലെങ്കിൽ നാളെ.



കേരളത്തിൽ 200 ഓളം പേരെ കാണാതാവുകയും, കേരളം- തമിഴ്നാട്, ലക്ഷദ്വീപ് തീരങ്ങളിൽ കനത്ത നാശനഷ്ടങ്ങൾ വരുത്തി ന്യൂനമർദ്ദം മാറുകയും ചെയ്ത 'ഓഖി'യ്ക്ക് പേരു നൽകിയത് ബംഗ്ലാദേശാണ്. മണിക്കൂറിൽ 80 മുതൽ 100 കിലോമീറ്റർ വേഗതയിൽ വീശിയടിച്ച ഓഖിയുടെ അർത്ഥം 'കണ്ണ്' എന്നാണെന്നതും മറ്റൊരു വൈരുദ്ധ്യമായ കാഴ്ചയാണ് നാം കണ്ടത്



## ആഞ്ഞടിച്ചത് ഓഖി, വരാനിരിക്കുന്നത് സാഗർ!

## കഴിഞ്ഞത് മോറ.... പേരുകൾ മനോഹരം, പക്ഷേ....

യിരുന്ന ചുഴലിക്കാറ്റ് തീരപ്രദേശങ്ങളിൽ ഉൾപ്പെടെ കനത്ത നാശനഷ്ടമാണ് ഉണ്ടാക്കിയത്. ആശയവിനിമയത്തിന്റെ തകരാറുമൂലം ഓഖി വീശിയടിക്കുന്ന സമയത്ത്

ഒന്നിനു പിറകെ ഒന്നായി വന്നുകൊണ്ടിരിക്കുന്ന ഒരു പ്രതിഭാസമായിരിക്കുന്നു ഇന്ന് ചുഴലിക്കാറ്റുകൾ. 2000 മുതലാണ് ചുഴലിക്കാറ്റുകൾക്ക് പേരിടുന്ന സംവിധാനം ആരംഭിക്കുന്നത്. ലോക കാലാവസ്ഥ സംഘടനയും, എക്കണോമിക് ആന്റ് സോഷ്യൽ കമ്മീഷൻ ഫോർ ഏഷ്യ ആന്റ് പസഫിക്കും (എസ്കാപ്പ്) ചേർന്നാണ് ഈ സംവിധാനം തുടങ്ങിയത്. ചുഴലികാറ്റ് സംബന്ധിച്ചുള്ള വിനിമയങ്ങൾ എളുപ്പമാക്കാനാണ് പേരുകൾ ഉപയോഗിക്കുന്നത്. ലോകത്തെ ഒമ്പത് മേഖലകളായി തിരിച്ചാണ് ചുഴലികാറ്റുകൾക്ക് പേരിടുന്നത്. വടക്കൻ അറ്റ്ലാന്റിക്, നോർത്ത് ഈസ്റ്റ് പസഫിക്ക്, സെൻട്രൽ നോർത്ത് പസഫിക്ക്, നോർത്ത് വെസ്റ്റ് പസഫിക്ക്, വടക്കൻ ഇന്ത്യൻ മഹാസമുദ്രം, തെക്കുപടിഞ്ഞാറൻ ഇന്ത്യൻ മഹാസമുദ്രം, ഓസ്ട്രേലിയ, തെക്കൻ പസഫിക്ക്, തെക്കൻ അറ്റ്ലാന്റിക് എന്നിവയാണ് ഒമ്പത് മേഖലകൾ. വടക്കേ ഇന്ത്യൻ മഹാസമുദ്രവുമായി ബന്ധപ്പെട്ട് ഇതുവരെ 8 ചുഴലികാറ്റുകൾക്കാണ് പേര് നൽകിയിട്ടുള്ളത്. 2004 ൽ ബംഗ്ലാദേശിനായിരുന്നു ആദ്യത്തെ അവസരം.'ഒനീൽ' എന്നായിരുന്നു ആ ചുഴലിക്കാറ്റിന് അവർ നൽകിയ പേര്. ഇന്ത്യ, ശ്രീലങ്ക, മ്യാൻമർ, മാലിദ്വീപ്, ഒമാൻ, പാകിസ്ഥാൻ എന്നീ രാജ്യങ്ങൾക്കാണ് ഈ മേഖലയിലെ ചുഴലിക്കാറ്റുകൾക്ക് പേരിടാൻ അവസരം ഉള്ളത്.

കഴിഞ്ഞ തവണ ചുഴലിക്കാറ്റിന് പേരിടാൻ അവകാശം കിട്ടിയത് തായ്‌ലന്റിന് ആയിരുന്നു. ഇന്ത്യയുടെ വടക്ക് കിഴക്കൻ സംസ്ഥാനങ്ങളിൽ വീശിയടിച്ച കാറ്റിന് 'മോറ' എന്നാണ് തായ്‌ലന്റ് പേര് നൽകിയത്. 'കടൽനക്ഷത്രം' എന്നർത്ഥം വരുന്ന തായ് വാക്കാണ് മോറ. കേരളത്തിൽ 200 ഓളം പേരെ കാണാതായതും, കേരളം-തമിഴ്നാട്, ലക്ഷദ്വീപ് തീരങ്ങളിൽ കനത്ത നാശനഷ്ടങ്ങൾ വരുത്തി ദുരന്തമായി മാറുകയും ചെയ്ത 'ഓഖി'യ്ക്ക് പേരു നൽകിയത് ബംഗ്ലാദേശാണ്. മണിക്കൂറിൽ 80 മുതൽ 100 കിലോമീറ്റർ ശക്തിയിൽ വീശിയടിച്ച ഓഖിയുടെ അർത്ഥം 'കണ്ണ്' എന്നാണെങ്കിലും അത് ഒരു അപകടക്കണ്ണായ കാഴ്ചയാണ് നാം കണ്ടത്. ഓഖി എന്ന വാക്ക്/പേര് കൂടുതലായി ഉപയോഗിക്കുന്നത് ബംഗ്ലാദേശിലായതുകൊണ്ടാണ് ഇതിനെ ബംഗാളികാറ്റ് എന്നു വിളിക്കുന്നത്. തിരുവനന്തപുരത്തുനിന്നും 120 കിലോമീറ്റർ തെക്കുമാറി കന്യാകുമാരിക്കു സമീപം ഇന്ത്യൻ മഹാസമുദ്രത്തിലാണ് ന്യൂനമർദ്ദത്തിന്റെ ഫലമായി ഓഖി രൂപം കൊണ്ടത്. ഇതാണ് തെക്കൻ കേരളത്തിലെ കനത്ത മഴയ്ക്ക് കാരണമായത്. മണിക്കൂറിൽ 75 കിലോമീറ്ററിലധികം വേഗതയുണ്ടായ കടലിൽ ഉണ്ടായിരുന്നവരിൽ നിരവധി ആളുകൾ മരണത്തിന് കീഴടങ്ങി. കാണാതായവരുടെ കുടുംബങ്ങൾ ഇന്നും പ്രതീക്ഷയോടെ കാത്തിരിക്കുന്നു.

വടക്കേ ഇന്ത്യൻ മഹാസമുദ്രവുമായി ബന്ധപ്പെട്ട അടുത്ത ചുഴലിക്കാറ്റിന് പേരിടാനുള്ള അവസരം ഇന്ത്യയ്ക്കാണ്. ഈ മേഖലയിൽ രൂപപ്പെടുന്ന അടുത്ത കാറ്റിന് 'സാഗർ' എന്നാണ് ഇന്ത്യ നൽകിയിരിക്കുന്ന വിളിപ്പേര്. പേരുകൾ മനോഹരം തന്നെ. പക്ഷേ ഈ ചുഴലിക്കാറ്റുകൾ ഉണ്ടാക്കുന്ന ദുരന്തങ്ങൾ ഇന്നും മായാതെ അവശേഷിക്കുന്നു.

പ്രകൃതിക്ഷോഭങ്ങളെ നേരത്തെ തന്നെ പ്രവചിക്കാനും മുൻകരുതലെടുക്കാനും മാത്രം ശാസ്ത്ര സാങ്കേതിക വിദ്യ വികസിച്ചിരിക്കുന്ന ഈ കാലഘട്ടത്തിലും ദുരന്തങ്ങൾ ആവർത്തിക്കുന്നത് ദുഃഖകരമാണ്. നമുക്ക് പാളിപ്പോവുന്നതെവിടെയാണെന്ന് തിരിച്ചറിയേണ്ട സമയം അതിക്രമിച്ചിരിക്കുകയാണ്. ഇനിയുമൊരു ഓഖി അല്ലെങ്കിൽ മോറ വന്നാൽ എത്രയധികം ജീവനുകൾ പൊലിയുമെന്ന് കണ്ടറിയേണ്ടിയിരിക്കുന്നു.



ഫസ്ന ഷെറിൻ കെ.

അദ്വയ '17



ഭുവന സി.എം.
പ്രയാഗ '16

# ഒരു മരമുണ്ടായിരുന്നു

ഈറൻ മുളങ്കാടുതഴുകിത്തലോടുന്ന
മാരുതൻ പുണർന്നൊരാപ്പൂമരച്ചില്ലകൾ
കാറ്റിലുലയുന്ന ചില്ലതൻ തുമ്പിലാലോലമാടുന്ന
പൂങ്കനികൾ നയനങ്ങളിലുത്സാഹമുണർത്തിയൊരാകാലം
മരപ്പൊത്തിലൊളിപ്പിച്ചുവെച്ചൊരു വെള്ളാരംകല്ലിന്റെ
തെളിച്ചം ഓർമ്മയിലുണർത്തുന്ന വസന്തകാലം!
തൊടിയിലായി നിന്നൊരാ മുത്തശ്ശിമാവിൻ
ചില്ലകളിലൂഞ്ഞാലിലാടിയ കാലം.

ശലഭങ്ങളായി തൻ കൂട്ടരുമൊത്തു കണ്ണാരം
പൊത്തിക്കളിച്ചൊരാ ദിനരാത്രങ്ങൾ
പുസ്തകത്താളിൽ മയങ്ങിയ മയിൽപ്പീലിത്തുണ്ടുകൾ
കുശലം പറഞ്ഞൊരാ പൂങ്കനികൾ
ഉള്ളിൽ മയങ്ങുന്ന കാവ്യകൽപ്പനകൾക്കു
ചിറകുകളേകിയ ദലസംഗമങ്ങൾ!

അമ്മയോടു പിണങ്ങി കരഞ്ഞെത്തിയനാൾ
ആശ്വാസമേകിയ തേനൂറും മധുരമാമ്പഴങ്ങൾ
വേനൽക്കനലിൽ ആഴിയിലാർന്നൊരെൻ
തനുപുണർന്നു കുളിർമയേകിയ ദലകരങ്ങൾ
എത്രയോ ദിനരാത്രങ്ങളിൽ വിരിഞ്ഞൊരാ
സങ്കൽപ്പ സ്വപ്നങ്ങൾക്കു വേദിയായൊരാ വൻമരം!

എന്നെ ഞാനാക്കി മാറ്റിയ ദിനങ്ങളിൽ
എൻ സഹയാത്രികരായ ദലമർമരങ്ങൾ
എന്നോ പെയ്തു തോർന്ന മഴതൻ
കൊഞ്ചലുകൾ പകർന്നൊരാ പൊൻമരം,
കൊടും ലാഭത്തീയിലെരിഞ്ഞൊരാ നാളിൽ
നൊമ്പരം അലയടിച്ചൊരാ നിമിഷങ്ങൾ
ഇന്നുമെൻ ഹൃത്തിൻ വേദനയാകവേ
ഓർക്കുന്നു ഞാൻ എൻ മനതാരിൽ
നിറപൊലിതീർത്തൊരാ സുഹൃത്തിനെ
കാലങ്ങൾ ചിത്രങ്ങൾ മായ്ക്കുന്നുവെങ്കിലും
ചിത്രക്കൂടുകൾ കളമെഴുതുന്നൊരീയാമത്തിൽ
ഓർക്കുന്നു ഞാൻ "ഒരു മരമുണ്ടായിരുന്നു."

കണ്ണടച്ച് ഇരുട്ടാക്കുന്നവർ..
മൗനവിദ്വാനികൾ ..
ഭയക്കേണ്ട,
നീയക്കൂട്ടത്തിലില്ലല്ലോ...


ചിലരുണ്ടത്രെ,
ഉറക്കം നടിക്കുന്നവർ..

# Rhyme of the Wrold

Post truth and Youthquake
Shut up! For god's sake
Every word for every year
They call it word of the year

Korea has a bomb, hasn't they?
US too has one, but Korea, NO WAY….!
Israel has also got one in self defense
Oh God! No better nonsense

Globe is warming, is it not?
Put that AC on, it's damn hot!
Melting ice and rising sea
Sorry, let me leave, I have a GB free

Muslims, get out! Shouts Burma
Kill and loot in the name of dharma
It's a holy war, a noble karma
Please, stop this melodrama!!

There's no planet B
So before we plead guilty
Let's conserve the one with pity
If not, we are no more than shitty

Rhyme of the world doesn't end
LOL!! I doubt it beyond this weekend
Cause our government found it an offend
But tell them, this is Godsend.



Hubaib Hassan C.A.
Taurus '14



# ഗാന്ധിജിയുടെ

## പരിസ്ഥിതി ദർശനം

"എന്റെ വിശ്വാസം പ്രകാശം പരത്തി എരിഞ്ഞുകൊണ്ടിരിക്കുന്ന കാലം വരെ - ഞാൻ ഒറ്റക്കു നിന്നാലും അതു സംഭവിക്കുമെന്നു ഞാൻ പ്രത്യാശിക്കുന്നു - ഞാൻ എന്റെ പട്ടടയിൽ ചൈതന്യമായിരിക്കും. എന്നു മാത്രമല്ല അവിടെ നിന്നു സംസാരിച്ചു കൊണ്ടിരിക്കുകയും ചെയ്യും." - ഗാന്ധിജി.

മാനവകുലത്തിന്റെ ചിന്താധാരയിൽ നിർണ്ണായക സ്വാധീനം ചെലുത്തിയ മഹാനേതാക്കന്മാരെ പൊതുവെ രണ്ടു വിഭാഗങ്ങളായി തരംതിരിക്കാം. ജീവിതകാലത്ത് സ്വന്തം അനുയായികളെ ആവേശത്താൽ ഇളക്കി മറിക്കുകയും, കാലശേഷരായിക്കഴിയുമ്പോൾ ആ സ്വാധീനം ക്രമാനുഗതമായി കുറഞ്ഞു കുറഞ്ഞ് അപ്രസക്തരായി തീരുന്ന നേതാക്കന്മാരാണ് ആദ്യ വിഭാഗത്തിൽ. മരണശേഷം ചരിത്രതാളുകളിലും, ഉടഞ്ഞു പോകുന്ന പ്രതിമകളിലുമായിരിക്കും ഇവരുടെ സ്ഥാനം. രണ്ടാമത്തെ വിഭാഗത്തിൽ പെടുന്ന അപൂർവ്വം നേതാക്കന്മാർ സ്വന്തം മരണത്തിനു ശേഷം നൂറ്റാണ്ടുകൾ കഴിഞ്ഞാലും സ്വന്തം ജീവിതവും, കാലാതിവർത്തിയായ മഹദ് സന്ദേശങ്ങളും വഴി മാനവ സമൂഹത്തിന് നിരന്തരം വെളിച്ചം പകരുന്ന ദീപസ്തംഭങ്ങളായി ശോഭിച്ചുകൊണ്ടേയിരിക്കും. കാലത്തെ അതിജീവിച്ച് അമരത്വം പ്രാപിച്ച മഹാനേതാക്കന്മാരുടെ ചുരുക്കപ്പട്ടികയിലാണ് ഗാന്ധിജിയുടെ സ്ഥാനം. സ്വന്തം കാലഘട്ടത്തിന് മുമ്പെ പറന്ന് ചിന്തിച്ച മഹാനായിരുന്നു അദ്ദേഹം. സാർവ്വദേശീയ മാനവികത, സ്ഥിതിസമത്വം, അഹിംസ, സത്യാഗ്രഹം, സ്വരാജ് തുടങ്ങിയ തത്വങ്ങളാൽ അടിത്തറ പാകിയ ഗാന്ധിയൻ കർമ്മപദ്ധതി മാനവസമൂഹത്തിന് എക്കാലവും ദിശാബോധം പകരുന്ന പ്രകാശ ഗോപുരമാണ്. ഗാന്ധിജിയുടെ രാഷ്ട്രീയ-സാമ്പത്തിക-ആത്മീയ ദർശനങ്ങൾ വ്യാപകമായ ചർച്ചകൾക്ക് വിധേയമായിട്ടുണ്ട്. എന്നാൽ ഇന്നും അത്രയൊന്നും ചർച്ചക്കു വിധേയമാകാത്ത ഒരു മേഖലയാണ് പരിസ്ഥിതി പ്രശ്നങ്ങളെക്കുറിച്ചുള്ള ഗാന്ധിജിയുടെ ഉൾക്കാഴ്ചകൾ. മനുഷ്യന്റെ അടങ്ങാത്ത ദുരാഗ്രഹവും, വികസനത്തിന്റെ പേരിൽ നടത്തുന്ന വിനാശ പ്രവൃത്തികളും, ഭൂമിയുടെ പരിസ്ഥിതിയെ തകർത്തെറിയുമെന്ന് സ്വന്തം കാലഘട്ടത്തിനു മുമ്പെ പറന്ന് തിരിച്ചറിഞ്ഞ മഹാനാണ് ഗാന്ധിജി. കാലാവസ്ഥാ വ്യതിയാനത്തിന്റെയും, സമ്പൂർണ്ണമായ പരിസ്ഥിതി വിനാശത്തിന്റെയും പശ്ചാത്തലത്തിൽ ഒരിക്കൽ പിന്തിരിപ്പനെന്ന് പറഞ്ഞ് പുറന്തള്ളിയ ഗാന്ധിയൻ പരിസ്ഥിതി ദർശനങ്ങൾക്ക് ഇന്നേറെ പ്രസക്തി കൈവന്നിട്ടുണ്ട്.

***ഗാന്ധിയൻ പരിസ്ഥിതി ദർശനം - അടിസ്ഥാന തത്വങ്ങൾ***

- ഭൂമിയിലെ അമൂല്യമായ പ്രകൃതി വിഭവങ്ങൾ വിനിയോഗിക്കുന്നതിൽ അത്യാഗ്രഹവും ധൂർത്തും അരുത്.
- ആവശ്യങ്ങളെ അനിയന്ത്രിതമായി പെരുക്കുന്നതല്ല വികസനം. ആവശ്യങ്ങളെ പരിമിതപ്പെടുത്തുന്നതും, ലളിതവും പാലിക്കുന്നതും, വ്യക്തികളുടേതെന്ന പോലെ സമൂഹത്തിന്റെയും നിലനിൽപ്പിന് അനിവാര്യമാണ്.
- മനുഷ്യനും പ്രകൃതിയുടെ ഭാഗമാണ്. പ്രകൃതിയിൽ നിന്നും വേറിട്ടുനിന്നുകൊണ്ട് നടത്തുന്ന അസ്ഥിരമായ വികസനം ആപത്കരമാണ്. സഹജീവികളോടുമാത്രമല്ല അഹിംസാ സിദ്ധാന്തം പാലിക്കേണ്ടത്, ഭൂമിയിലെ വിലയേറിയ ജൈവവിഭവങ്ങളുടെ ഉപയോഗത്തിലും അഹിംസ പാലിക്കണം. പ്രകൃതി വിഭവങ്ങളുടെ അമിതമായ ചൂഷണം ഹിംസയുടെ ബഹുരൂപങ്ങളിൽ ഒന്നാണ്. പ്രകൃതിവിഭവങ്ങളുടെ വിനിയോഗത്തിൽ സമൂഹം കർശനമായ അച്ചടക്കം പാലിക്കണം.
- ഉൾക്കാഴ്ചയില്ലാത്ത, താൽക്കാലികമായ അസ്ഥിര വികസന മാതൃകകൾക്കു പകരം പരിസ്ഥിതി സൗഹൃദപരമായ സുസ്ഥിര വികസനത്തിന് പ്രാധാന്യം നൽകണം.
- ദാരിദ്ര്യമാണ് പരിസ്ഥിതി വിനാശത്തിന്റെ പ്രധാന കാരണമെന്നതിനാൽ സമൂഹത്തിലെ ദരിദ്രരുടെയും അധഃസ്ഥിതരുടെയും ഉന്നമനത്തിന് (അന്ത്യോദയ) എല്ലാവർക്കും കൂട്ടായ ഉത്തരവാദിത്വമുണ്ട്. സൗകര്യപ്രദവും ലളിതവുമായ ജീവിതശൈലികളിൽ എല്ലാവരും ആനന്ദം കണ്ടെത്തണം.
- ഏതു തരത്തിലുള്ള വികസനവും കഴിവതും പ്രാദേശിക സ്വയംപര്യാപ്തതയിലേക്കു നയിക്കണം. സമൂഹത്തിലെ എല്ലാ വിഭാഗങ്ങൾക്കും തുല്യ അവസരങ്ങൾ ഉറപ്പു നൽകുന്നതായിരിക്കണം വികസനം.
- വനിതകളെ ബഹുമാനിക്കണം. എല്ലാ വികസന സംരംഭങ്ങളിലും അവർക്ക് തുല്യവും അർഹവുമായ സ്ഥാനം ഉറപ്പാക്കണം.



Dr. Jose Joseph
Prof. & Head
Dept. of Agrl Extension

**ആർത്തി അരുത്, ആവശ്യങ്ങളെ പെരുക്കരുത്**

1940-കളുടെ ആദ്യപകുതി. യമുനാനദിയിൽ നിന്ന് എല്ലാവരും ആവശ്യത്തിലധികം വെള്ളം കോരി യഥേഷ്ടം ശുചീകരണം നടത്തിയപ്പോൾ ഗാന്ധിജി തന്റെ ലോട്ട കൊണ്ട് കൃത്യമായ അളവിൽ വെള്ളം അളന്നു കോരിയെടുക്കുന്നതു കണ്ട ശിഷ്യന്മാർ അത്ഭുതപ്പെട്ടു. 'നിറഞ്ഞു കവിഞ്ഞൊഴുകുന്ന യമുനയിൽ നിന്ന് രാഷ്ട്രപിതാവായ അങ്ങേക്ക് എത്ര വെള്ളം വേണമെങ്കിലും കോരിയെടുക്കാമല്ലോ? എന്തിനാണീ പിശുക്ക്?' ശിഷ്യന്മാർ ചോദിച്ചു. ഇതുകേട്ട് ഗാന്ധിജി പുഞ്ചിരിച്ചു. "ഞാൻ രാഷ്ട്രപിതാവോ മാതാവോ ആരുവേണമെങ്കിലും ആയിക്കോട്ടെ. ഒരു മനുഷ്യനാണല്ലോ? ഒരാൾക്ക് ഉപയോഗിക്കാവുന്ന വെള്ളത്തിന് പരിധിയുണ്ട്. അതിൽ കൂടുതൽ എടുത്താൽ നദിയിലോ കടലിലോ ഉള്ള മത്സ്യങ്ങൾക്കോ, നദിക്കരയിലോ, കടൽക്കരയിലോ ഉള്ള സസ്യങ്ങൾക്കോ, മനുഷ്യർക്കോ ലഭിക്കുന്ന വെള്ളത്തിൽ കുറവു വരും. അത് ഹിംസയാണ്. ഓരോ മനുഷ്യനും മറ്റു ജീവികൾക്കും എല്ലാ പ്രകൃതി വിഭവങ്ങളിലും അർഹതപ്പെട്ട ഒരു ചെറിയ പങ്കേ ഉള്ളുവെന്നും, എത്ര ശക്തനോ ധനികനോ ആണെങ്കിലും ഒരു പരിധിക്കപ്പുറം ധൂർത്തടിക്കുന്നത് ഹിംസയുടെ മറ്റൊരു രൂപമാണെന്നും മുക്കാൽ നൂറ്റാണ്ട് മുമ്പ് ഗാന്ധിജി പറഞ്ഞപ്പോൾ അന്ന് അദ്ദേഹത്തിന്റെ ശിഷ്യന്മാർക്ക് അത് ഉൾക്കൊള്ളുവാനായിരുന്നില്ല. ശുദ്ധജലം അപ്രത്യക്ഷമായി 'ഡേ സീറോ' കാത്ത് മഹാനഗരങ്ങൾ വരിനിൽക്കുന്ന ഈ കാലഘട്ടത്തിലും ഗാന്ധിജി പതിറ്റാണ്ടുകൾക്ക് മുമ്പ് പറഞ്ഞത് പൂർണ്ണമായും ന്തികമായി മനുഷ്യരാശിയുടെ നിലനിൽപ്പിനെ തന്നെ അപകടത്തിലാക്കുകയും ചെയ്യും. പ്രകൃതിയുടെ നിയന്താവെന്ന നിലയിൽ ഈശ്വരനിൽ ഗാന്ധിജിക്ക് അടിയുറച്ച വിശ്വാസമുണ്ടായിരുന്നു. അലംഘനീയമായ ചില നിയമങ്ങളുടെ പിൻബലത്താലാണ് ഈ ഭൗതിക പ്രപഞ്ചത്തെയും വിശ്വപ്രകൃതിയെയും ഈശ്വരൻ നിലനിർത്തിയിരിക്കുന്നത്. "ഈശാവാസ്യമിതം സർവ്വം, തത് കിഞ്ച ജഗത്യാം ജഗത്". ഈ ദൃശ്യപ്രപഞ്ചമാകെ ഈശ്വര ചൈതന്യം നിറഞ്ഞിരിക്കുന്നുവെന്നും അതിനാൽ തികഞ്ഞ വിവേചന ബുദ്ധിയോടെ ഈശ്വരൻ വിട്ടുതരുന്നതിനെ മാത്രമേ അനുഭവിക്കാവൂ എന്നും ഉപദേശിക്കുന്ന ഈശാവാസ്യോപനിഷത്തിലെ ആദ്യമന്ത്രത്തിൽ ഗാന്ധിജിയുടെ പരിസ്ഥിതി ദർശനത്തിന്റെ ബീജം കാണാം. ഗാന്ധിജിയുടെ ആശ്രമ പ്രാർത്ഥനകളിലെ ആദ്യമന്ത്രവുമായിരുന്നു ഇത്.

**പ്രകൃതിചൂഷണം**

'പ്രകൃതിയിൽ നിന്നും ലഭിക്കുന്ന പ്രചോദനമല്ലാതെ മറ്റൊരു പ്രചോദനവും എനിക്കാവശ്യമില്ല. അവൾ ഒരിക്കലും എന്നെ പരാജയപ്പെടുത്തിയിട്ടില്ല. പ്രകൃതി എന്നെ അജ്ഞേയമായ അവസ്ഥയിലാക്കുന്നു. സംഭ്രമിപ്പിക്കുന്നു. നിർവൃതിയിലാക്കുന്നു. പ്രകൃതിയിലെ ഈശ്വരന്റെ കരവിരുതുകളില്ലായിരുന്നുവെങ്കിൽ മനുഷ്യൻ അപ്രധാനിയായി മങ്ങിപ്പോവുമായിരുന്നു.' പ്രകൃതിയെക്കുറിച്ച് മനോഹരമായ ചില വാക്കുകൾ എഴുതി വെക്കുക മാത്രമല്ല ഗാന്ധിജി ചെയ്തത്. പ്രകൃതിയുടെ സന്തുലിതാവസ്ഥയെയും നിലനിൽപ്പിനെയും സംബന്ധിച്ച വ്യക്തമായ ചില ആശയങ്ങൾ മുന്നോട്ടു

ഉൾക്കൊള്ളാനായിട്ടില്ല.

ഒരിക്കൽ തീർന്നുപോയാൽ പ്രകൃതിവിഭവങ്ങളെ
വീണ്ടും പുനഃസൃഷ്ടിക്കാനാവില്ലെന്ന് ഗാന്ധിജിക്ക് അന്നെ
അറിയാമായിരുന്നു. ധൂർത്തന്റെ ഒഴിയാറായ മടിശ്ശീല പോലെ
ശൂന്യമായിക്കൊണ്ടിരിക്കുകയാണ് ഭൂമിയിലെ പ്രകൃതിവിഭവ
ങ്ങൾ. പുനരുജ്ജീവന ശേഷിയിലും 30-40 ശതമാനം അധി
കമായാണ് ഭൂമിയിലെ വിഭവങ്ങൾ ഇപ്പോൾ ചൂഷണം ചെയ്യ
പ്പെടുന്നത്. ലോകത്തിന്റെ ഇന്നത്തെ ഉപഭോഗ സംസ്കാ
രത്തെ തൃപ്തിപ്പെടുത്തണമെങ്കിൽ രണ്ട് ഭൂഗോളങ്ങളിലെ വിഭ
വങ്ങൾ വേണം. അമേരിക്കൻ ആഡംബര ജീവിതമാണ് പിന്തു
ടരുന്നതെങ്കിൽ അഞ്ചു ഭൂഗോളങ്ങളിലെ വിഭവങ്ങൾ വേണ്ടി
വരും.

പ്രകൃതിയിൽ മനുഷ്യസമൂഹത്തിന്റെ ന്യായമായ എല്ലാ
ആവശ്യങ്ങളും നിറവേറ്റാനുള്ള വിഭവങ്ങളുണ്ടെന്നും എന്നാൽ
ഒരാളുടെ പോലും ആർത്തിയെ തൃപ്തിപ്പെടുത്താനുള്ള
സമ്പത്ത് പ്രകൃതിയിൽ ഇല്ലെന്നും ഗാന്ധിജി പറയുന്നു. ഇക്ക
ാരണത്താലാണ് ആവശ്യങ്ങളെ പരിമിതപ്പെടുത്തൽ, പ്രകൃതി
ജീവനം, ലാളിത്യം തുടങ്ങിയ ആശയങ്ങൾ ഗാന്ധിജി മുന്നോ
ട്ടുവെച്ചത്. 'ഭൂമി മനുഷ്യന്റേതല്ല, മനുഷ്യൻ ഭൂമിയുടേതാണ്'
എന്നു പറഞ്ഞ സീയാറ്റിൽ മൂപ്പനെപ്പോലെ മനുഷ്യൻ ഭൂമി
യുടെ അവിഭാജ്യഘടകമാണെന്ന് ഗാന്ധിജിയും വിശ്വസിച്ചി
രുന്നു. സർവ്വചരാചരങ്ങളുടെയും നിലനിൽപ്പിനെ ബന്ധിപ്പി
ക്കുന്ന അദൃശ്യമായ ചില കണ്ണികളുണ്ട്. പ്രകൃതിയെ കീഴ
ടക്കി പുറമെ നിന്നു നടത്തുന്ന അസ്ഥിരമായ വികസന
പ്രവർത്തനങ്ങൾ ഈ കണ്ണികളെ ദുർബ്ബലമാക്കുകയും ആത്യ
വെയ്ക്കുകയും ചെയ്തിരുന്നു. പ്രകൃതിയെ ഒറ്റപ്പെട്ട ചെറു
കഷണങ്ങളായി വേർതിരിക്കാനാവില്ലെന്നും, പരസ്പര ബന്ധി
തമായ ഒരു ഏകകമായി കാണണമെന്നതുമായിരുന്നു ഇതിൽ
പ്രധാനപ്പെട്ട ഒരു ആശയം. പ്രകൃതിയുടെ നിയമങ്ങൾ മാറ്റ
മില്ലാത്തതും, മാറ്റപ്പെടാനാവാത്തതുമാണ്. പ്രകൃതി നിയമ
ങ്ങൾ എങ്ങനെ പ്രവർത്തിക്കുന്നു എന്നു മനസ്സിലാക്കി കഴി
ഞ്ഞാൽ പിന്നെ ആ നിയമങ്ങളുമായി പൊരുത്തപ്പെട്ടു ജീവി
ക്കേണ്ടത് ഒരു വ്യക്തിയുടെ ധാർമ്മിക ഉത്തരവാദിത്വമാണ്.
ജീവിതത്തിന്റെ ഗതിവേഗത്തെ പ്രകൃതിയുടെ ഊർജ്ജപ്രവാ
ഹവുമായി പൊരുത്തപ്പെടുത്തി നേടേണ്ട ഒരു സന്തുലിതാവ
സ്ഥയാണിത്.

"നിർമ്മിതവും പ്രകൃതിവിരുദ്ധവുമായ വളർച്ചയും കണ്ട
റിഞ്ഞതും ക്രമാനുഗതവുമായ വളർച്ചയും തമ്മിൽ ഒട്ടേറെ
വ്യത്യാസങ്ങളുണ്ട്. ഒന്നാമത്തെ വളർച്ച കാഴ്ചയിൽ നല്ലതും
പ്രലോഭനീയവുമായിരിക്കും. അവസാനം അത് കാളകൂടവി
ഷമായി മാറും. സുസ്ഥിരമായ വികസനമാകട്ടെ അത്ര പ്രലോ
ഭനീയമല്ലെങ്കിൽ കൂടി നീണ്ടുനിൽക്കുന്ന പ്രയോജനം
ചെയ്യും". സുസ്ഥിര വികസനത്തെക്കുറിച്ച് ലോകം ചർച്ച
ചെയ്തു തുടങ്ങുന്നതിന് പതിറ്റാണ്ടുകൾക്കു മുമ്പെ ഗാന്ധിജി
എഴുതി. ജലമലിനീകരണം, വായുമലിനീകരണം, ഭക്ഷണ
മലിനീകരണം, ആരോഗ്യ മലിനീകരണം, സാംസ്കാരിക മലി
നീകരണം തുടങ്ങിയ കാളകൂട വിഷങ്ങളെ തന്റെ കാലഘട്ട
ത്തിൽ തന്നെ തിരിച്ചറിഞ്ഞ് ഗാന്ധിജി എഴുതിയിരുന്നു.
ഗാന്ധിജി ജീവിച്ചിരുന്ന കാലഘട്ടത്തിൽ ഈ ആശയങ്ങൾ
അറുപിന്തിരിപ്പനായി മുദ്രകുത്തപ്പെട്ടു. എന്നാൽ ഗാന്ധിജി

യുടെ മരണശേഷം ഏഴു പതിറ്റാണ്ടുകൾ പിന്നിടുമ്പോൾ സ്വന്തം പരിസ്ഥിതി ദർശനത്തിന്റെ പ്രായോഗിക മൂല്യം കൊണ്ട് ഈ കാലഘട്ടത്തിനു പോലും മനസ്സിലാക്കാനാകാത്ത വിപ്ലവകാരിയായി ഗാന്ധിജി മാറുന്ന കാഴ്ചയാണ് നാം കാണുന്നത്. ഗാന്ധിജിയുടെ പാരിസ്ഥിതിക ആദർശങ്ങളുടെ പ്രായോഗികമൂല്യം മറ്റെന്നത്തേക്കാളും കൂടുതലാണിന്ന്.

**കൃഷി**

1929 ൽ ബംഗ്ളൂരുവിലെ ദേശീയ ക്ഷീര ഗവേഷണ കേന്ദ്രം സന്ദർശിച്ച ഗാന്ധിജി പോർബന്തറിൽ നിന്നുള്ള ഒരു കർഷകൻ എന്നാണ് സന്ദർശക രജിസ്റ്ററിൽ രേഖപ്പെടുത്തിയത്. ഗാന്ധിജി എല്ലായ്പോഴും സ്വയം ഒരു കർഷകനായി വിശേഷിപ്പിക്കുമായിരുന്നു. ദക്ഷിണാഫ്രിക്കയിലെ ടോൾസ്റ്റോയി ഫാമിലും, ഫീനിക്സ് ഫാമിലും ഇന്ത്യയിൽ സബർമതിയിലും വാർധയിലുമെല്ലാം ആശ്രമങ്ങളിൽ ഗാന്ധിജി ഒരു കർഷകനായാണ് ജീവിച്ചത്. ഇന്ത്യൻ കർഷകന്റെ ലാളിത്യവും, വിവേകവും സൂക്ഷ്മനിരീക്ഷണ പാടവവും ആയുധമാക്കിയാണ് ഗാന്ധിജി സാമ്രാജ്യത്വത്തിനെതിരെ യുദ്ധം ചെയ്തത്. "കൃഷിയില്ലെങ്കിൽ ആശ്രമവുമില്ല" ഗാന്ധിജി എഴുതി. "നാം കൃഷിയും അധ്വാനവും കൊണ്ട് നമ്മെ പുലർത്തുകയാണെങ്കിൽ നമുക്ക് കൂടുതലായി സമ്പാദിക്കാനോ, പഠിക്കാനോ ഒന്നുമുണ്ടാകില്ല. നാട്ടറിവും പാരമ്പര്യ വിജ്ഞാനവും കർഷകനിൽ ഒരു പോലെ സമ്മേളിക്കുന്നു. കൃഷിയാണ് ഏറ്റവും സത്യസന്ധമായ പ്രവൃത്തി. ഹിംസ ഏറ്റവും കുറഞ്ഞ പ്രവൃത്തിയും അതു തന്നെ.

ജീവൻ അങ്കുരിക്കുന്ന ധാന്യങ്ങളല്ല മനുഷ്യന്റെ മാതൃകാഹാരം പഴങ്ങളാണെന്ന ഗാന്ധിജിയുടെ ആശയത്തിന് ഫലമൂലാദികൾ ഭക്ഷിച്ചിരുന്ന ഋഷിവര്യന്മാരുടെ ദർശനവുമായി ബന്ധമുണ്ട്. പൂക്കളും പച്ചക്കറികളും പുൽക്കൊടികളുമല്ല കൃഷിയുടെ അടുത്ത ഘട്ടം ഫലവൃക്ഷത്തോപ്പുകളുടേതാണെന്ന് ഗാന്ധിജി എഴുതി. പഴങ്ങൾ കൊണ്ടുള്ള ഭക്ഷണമാണ് കൂടുതൽ ആത്മീയം. അത് ജീവനെ ആദരിക്കുന്നു. "ഫലവൃക്ഷങ്ങൾക്ക് ധാന്യവയലുകളെക്കാൾ കാലവർഷക്കെടുതിയും വരൾച്ചയും കുറവാണ്". കാലാവസ്ഥാ വ്യതിയാനത്തിന് പരിഹാരമായി 'മരം ഒരു വരം' എന്ന് ബോർഡെഴുതി വെച്ച് വൃക്ഷതൈകൾ നട്ടുതുടങ്ങുന്നതിന് വർഷങ്ങൾക്കു മുമ്പെ കൃഷിയിടങ്ങളിൽ വൃക്ഷങ്ങൾ പ്രത്യേകിച്ച് ഫലവൃക്ഷതൈകൾ നട്ടുപിടിപ്പിക്കേണ്ടതിന്റെ പ്രാധാന്യം ഗാന്ധിജി തിരിച്ചറിഞ്ഞിരുന്നു.

**വ്യവസായവൽക്കരണവും പ്രകൃതി സംരക്ഷണവും**

പ്രകൃതിയുമായി ഇണങ്ങിച്ചേർന്നു ജീവിക്കുന്ന ഗ്രാമീണ ജീവിത ശൈലിയെ ആദർശവൽക്കരിച്ചതിന് ജീവിതകാലത്ത് ഗാന്ധിജി ഏറെ ആക്ഷേപങ്ങൾക്കു വിധേയനായിരുന്നു. ഭൗതിക ഉല്പാദനം അടിക്കടി വർധിപ്പിക്കുന്നതും, സമ്പന്നരുടെ ഒരിക്കലും അവസാനിക്കാത്ത ഉപഭോഗ തൃഷ്ണകളെ തൃപ്തിപ്പെടുത്തുന്ന ഉല്പന്നങ്ങൾ അടിക്കടി പരിഷ്ക്കരിച്ച് വിപണിയിലിറക്കുന്നതുമാണ് വികസനമെന്ന വികല സങ്കൽപ്പത്തിന് നേർവിപരീതമാണ് പ്രകൃതിയുമായി ഇണങ്ങിച്ചേരുന്ന വികസനത്തെ പ്രോത്സാഹിപ്പിക്കുന്ന ഗാന്ധിയൻ സമീപനം. ഒരിക്കൽ ഒരു വ്യക്തിക്ക് അടിസ്ഥാന ജീവിതാവശ്യങ്ങൾ നിറവേറുന്നതിനുള്ള ഭൗതിക സാഹചര്യം ഒരുങ്ങിക്കഴിഞ്ഞാൽ പിന്നീട് ധാർമ്മികവും ആത്മീയവുമായ മാനങ്ങൾ ഉൾക്കൊള്ളുന്ന സമ്പൂർണ്ണ മനുഷ്യനായി തീരാനാണ് ആ വ്യക്തി ശ്രമിക്കേണ്ടതെന്നായിരുന്നു ഗാന്ധിജിയുടെ കാഴ്ചപ്പാട്. പാശ്ചാത്യ മാതൃകയിലുള്ള വൻകിട വ്യവസായവൽക്കൃത വികസനം ലോകത്തിന്റെ ശാപമായി മാറുമെന്ന് ഗാന്ധിജി പ്രവചിച്ചു. ഇന്ത്യയെപ്പോലുള്ള രാജ്യങ്ങളുടെ മത്സരശേഷിയെ പാടെ നശിപ്പിച്ച് വിദേശീയർക്ക് തദ്ദേശീയ വിപണികൾ തുറന്നുകൊടുക്കുകയായിരിക്കും പാശ്ചാത്യ വികസന മാതൃകയുടെ ആത്യന്തിക ഫലമെന്ന ഗാന്ധിജിയുടെ നിഗമനം ആഗോളവൽക്കരണത്തിന്റെയും ഉദാരവൽക്കരണത്തിന്റെയും ഇന്നത്തെ പശ്ചാത്തലത്തിൽ ശരിയാണെന്ന് തെളിഞ്ഞുകൊണ്ടിരിക്കുകയാണ്. സാമ്പത്തിക വികസനത്തിന്റെ പേരിൽ ജലവും, മണ്ണും, വായുവും, ജൈവ വൈവിധ്യവുമുൾപ്പെടെയുള്ള പ്രകൃതിവിഭവങ്ങളെ അതിക്രൂരമായി കൊള്ളയടിക്കുന്ന പാശ്ചാത്യ വികസന മാതൃകയെ ഇന്ത്യ പുണരുന്നതിനെ ഗാന്ധിജി ശക്തമായി എതിർത്തിരുന്നു.

അമിതമായ സാമ്പത്തിക വളർച്ച ഒരു ഘട്ടമെത്തിക്കഴിഞ്ഞാൽ നീർക്കുമിള പോലെ പൊട്ടിത്തകരുമെന്ന് ഗാന്ധിജി ചൂണ്ടിക്കാട്ടുന്നു. പ്രകൃതിവിഭവങ്ങളെ അമിതമായി ചൂഷണം ചെയ്യുന്നഎല്ലാത്തരം വികസനങ്ങൾക്കും പരിമിതികളുണ്ട്. അതിന് ദീർഘകാലത്തേക്കുള്ള നിലനിൽപ്പില്ല. ധനികരുടെ ഉപഭോഗാസക്തിയെ നിരന്തരം വളർത്തിക്കൊണ്ടു വരുന്ന വികസനമല്ല ആവശ്യം. പകരം ഏറ്റവും അവസാനത്തെ ദരിദ്രന്റെയും ഉന്നമനത്തിന് (അന്ത്യോദയ) പ്രാധാന്യം നൽകുന്ന വികസന മാതൃകയായിരിക്കണം സർക്കാർ പിന്തുടരേണ്ടത് എന്ന് ഗാന്ധിജി നിർദ്ദേശിച്ചിരുന്നു. കേന്ദ്രീകൃത വ്യവസായവൽക്കരണത്തിനു പകരം താഴെത്തട്ടിൽ നിന്നും ഉയർന്നുവരുന്ന വികേന്ദ്രീകൃത ആസൂത്രണമായിരുന്നു അന്ത്യോദയയുടെ കാതൽ. ഗ്രാമങ്ങളെ സ്വയംപര്യാപ്തമാക്കുന്നതിന് ഉൽപാദനവും വിതരണവും വികേന്ദ്രീകൃതമായിരിക്കണം. ഇത്തരം ഉല്പാദനത്തിനു മാത്രമെ ഗ്രാമങ്ങളിലെ ദാരിദ്ര്യം തുടച്ചുനീക്കാനാവുകയുള്ളൂ. ദാരിദ്ര്യം പരിസരമലിനീകരണത്തിന്റെ മാത്രമല്ല പരിസ്ഥിതി വിനാശത്തിന്റെയും വലിയ കാരണങ്ങളിലൊന്നാണെന്ന് ഗാന്ധിജി തിരിച്ചറിഞ്ഞിരുന്നു.

**ശുചിത്വം**

പരിസര ശുചിത്വവും വ്യക്തിശുചിത്വവും ഗാന്ധിജി ഉയർത്തിപ്പിടിച്ച വലിയ രണ്ട് ആദർശങ്ങളായിരുന്നു.



ഗാന്ധിജി സ്ഥാപിച്ച നാല് ആശ്രമങ്ങളിലും വളരെയധികം ആളുകൾ ഒരുമിച്ചു താമസിച്ചിട്ടും മാലിന്യത്തിന്റെയോ എച്ചിലിന്റെയോ ഒരു ചെറിയ കണം പോലും ഒരിടത്തും കാണപ്പെട്ടിരുന്നില്ല. ആശ്രമങ്ങളിലെ അവശിഷ്ടങ്ങൾ സംസ്കരിച്ച് എല്ലായ്പോഴും കൃഷിക്ക് അനുയോജ്യമായ ജൈവവളങ്ങളാക്കി മാറ്റുകയായിരുന്നു. വ്യക്തി ശുദ്ധിയിലും പരിസര ശുദ്ധിയിലും ഗാന്ധിജിക്ക് കഠിനമായ നിഷ്ഠകളുണ്ടായിരുന്നു. ശുദ്ധി എന്നാൽ ദൈവം തന്നെയാണെന്നായിരുന്നു ഗാന്ധിജിയുടെ വിശ്വാസം. ശുചിത്വത്തിന് ജീവിതത്തിൽ പ്രഥമ സ്ഥാനം നൽകണം. ആരോഗ്യമുള്ള ശരീരത്തിലേ ആരോഗ്യമുള്ള മനസ്സ് കുടികൊള്ളുകയുള്ളൂ. പരിസ്ഥിതി മലിനീകരണം സമൂഹത്തെ ഗുരുതരമായ രോഗാവസ്ഥയിലേക്ക് തള്ളിയിടുമെന്ന് ഗാന്ധിജിക്ക് ഉറപ്പുണ്ടായിരുന്നു. പ്രകൃതി വളരെ ഉദാരമനസ്കയാണ്. മനുഷ്യന്റെ പ്രകൃതിയുടെ മേലുള്ള കടന്നുകയറ്റത്തിന് പ്രകൃതി ഉടൻ തന്നെ ശിക്ഷ വിധിക്കുന്നില്ല. പെട്ടെന്ന് നാടകീയമായ ദോഷഫലങ്ങളൊന്നുമില്ലാതെ ദുഷിച്ച വായു ശ്വസിച്ചുകൊണ്ടിരിക്കാനും മലിനജലം കുടിച്ചു കൊണ്ടിരിക്കാനും നമുക്കാവും. എന്നാൽ ഇത്തരമൊരവസ്ഥ തുടർന്നാൽ ഓരോ വ്യക്തിയും തളരുകയും, ആത്യന്തികമായി മാരക രോഗങ്ങൾക്ക് അടിമയാകുകയും ചെയ്യുമെന്ന് ഗാന്ധിജി പറയുന്നു. ഗാന്ധിജിയുടെ ദീർഘവീക്ഷണത്തോടെയുള്ള ഈ വാക്കുകൾ എത്രമാത്രം ശരിയായിരുന്നുവെന്ന് ലോകത്തിന്റെ ഇന്നത്തെ അവസ്ഥ വ്യക്തമാക്കുന്നു.

**ജൈവവൈവിധ്യ സംരക്ഷണം**

**"ലോകമേ തറവാട്, തനിക്കീ ചെടികളും**
**പുൽകളും പുഴുക്കളും കൂടിതാൻ കുടുംബക്കാർ**
**ത്യാഗമെന്നതോ നേട്ടം, താഴ്മ താൻ അഭ്യുന്നതി**
**യോഗവിത്തേവം ജയിക്കുന്നതെൻ ഗുരുനാഥൻ."**

**- വള്ളത്തോൾ**

"സർവ്വവ്യാപിയും സർവ്വാന്തര്യാമിയുമായ ഈശ്വര ചൈതന്യത്തെ മുഖാമുഖം കാണണമെങ്കിൽ ഈശ്വരന്റെ ഏറ്റവും ചെറിയ സൃഷ്ടിയെപ്പോലും തന്നെപ്പോലെ സ്നേഹിക്കാൻ ഒരുവന് കഴിയണം." എന്ന് ഗാന്ധിജി എഴുതി. സസ്യങ്ങളും ജന്തുക്കളും അടങ്ങുന്ന ജൈവവൈവിധ്യം സംരക്ഷിക്കേണ്ടത് മനുഷ്യരാശിയുടെ നിലനിൽപ്പിന് അനിവാര്യമാണെന്ന് ഗാന്ധിജിക്ക് ഉറച്ച ബോധ്യമുണ്ടായിരുന്നു. മനുഷ്യനോടു മാത്രമല്ല പ്രകൃതിയോടും സർവ്വചരാചരങ്ങളോടും അഹിംസ പാലിക്കണമെന്നതായിരുന്നു ഗാന്ധിജിയുടെ അക്രമരാഹിത്യ സിദ്ധാന്തത്തിന്റെ അടിസ്ഥാന പ്രമാണം. ആശ്രമങ്ങളിൽ അദ്ദേഹം മൃഗങ്ങളെ യഥേഷ്ടം വിഹരിക്കാൻ അനുവദിച്ചിരുന്നു. സ്വന്തം കൈകൾ കൊണ്ടുതന്നെ അദ്ദേഹം മൃഗങ്ങൾക്കു ഭക്ഷണം നൽകി. ജീവിതത്തിലെ നിർണ്ണായക തീരുമാനങ്ങളെടുക്കുന്ന അവസരങ്ങളിലെല്ലാം അദ്ദേഹം വളർത്തുമൃഗങ്ങൾക്കൊപ്പം സമയം ചിലവഴിച്ചു. അത് അദ്ദേഹത്തിന്റെ മനസ്സിന് ശാന്തതയും ചിന്തകൾക്ക് വ്യക്തതയും പകർന്നു നൽകി. മൃഗങ്ങളോടും ജീവികളോടും എങ്ങനെ പെരുമാറുന്നു എന്നതിന്റെ അടിസ്ഥാനത്തിൽ വേണം ഒരു സമൂഹത്തെ വിലയിരുത്താനെന്നായിരുന്നു ഗാന്ധിജിയുടെ വാദം.

**"ഒരു പീഡയെറുമ്പിനും വരുത്തരു-**
**തെന്നുള്ളനുകമ്പയും സദാ**
**കരുണാകര! നൽകുകുള്ളിൽ നിൻ**
**തിരുമെയ് വിട്ടകലാതെ ചിന്തയും" - ശ്രീനാരായണഗുരു**

പൂക്കളെയും ചെടികളെയും പക്ഷികളെയും മൃഗങ്ങളെയും നോക്കി നിൽക്കാൻ നേരവും അവയോട് പരമകാരുണ്യം പ്രദർശിപ്പിക്കാൻ ദയവുമുണ്ടായിരുന്ന മഹാത്മാവായിരുന്നു ഗാന്ധിജി. മനുഷ്യൻ ഈ ഭൂമുഖത്ത് പ്രത്യക്ഷപ്പെടുന്നതിനു മുമ്പുണ്ടായിരുന്ന സ്വാഭാവിക നിരക്കിന്റെ 100 മുതൽ 1000 തവണ വരെ ഇരട്ടി വേഗത്തിലാണ് ഇന്ന് ജീവിവർഗ്ഗങ്ങൾ ഭൂമുഖത്തുനിന്നും അപ്രത്യക്ഷമാകുന്നതെന്ന് ശാസ്ത്രജ്ഞന്മാർ പറയുന്നു. 2017 ൽ പ്രസിദ്ധീകരിച്ച പീറ്റർ ബ്രണ്ണന്റെ 'ദ എൻഡ്സ് ഓഫ് ദ വേൾഡ്" എന്ന ഗ്രന്ഥം ആഗോളതാപനത്തിന്റെ പശ്ചാത്തലത്തിൽ ഭൂമിയിൽ സംഭവിച്ചുകൊണ്ടിരിക്കുന്ന ആറാം മഹാവിലോപനത്തിന്റെ (Sixth Mass Extinction) ദുരന്തങ്ങൾ വിശദമായി വരച്ചുകാട്ടുന്നുണ്ട്. ജൈവവൈവിധ്യവിനാശത്തിന്റെ ഏറ്റവും വലിയ കാരണം മനുഷ്യപ്രവൃത്തികളാണ്. ജൈവവൈവിധ്യസംരക്ഷണത്തെ സംബന്ധിച്ച് ഇന്ന് ഉരുത്തിരിഞ്ഞു വന്നിട്ടുള്ള ശാസ്ത്രദർശനങ്ങൾ ഗാന്ധിജി സ്വന്തം ജീവിത കാലത്ത് ഉയർത്തിപ്പിടിച്ചവതന്നെയാണെന്ന് സൂക്ഷ്മനിരീക്ഷണത്തിൽ മനസ്സിലാക്കാം.

സാങ്കേതിക വിദ്യയിൽ അധിഷ്ഠിതമായ ഒരു സമൂഹത്തിനുമുന്നിൽ രണ്ടു മാർഗ്ഗങ്ങളാണുള്ളതെന്ന് ഗാന്ധിജി പറയുന്നു. പോരായ്മകളും ആത്മവഞ്ചനയും വളച്ചൊടിക്കലുകളും നയിക്കുന്ന ഭീകരദുരന്തം വരുന്നതുവരെ തീർത്തും ആലസ്യത്തോടെ നിഷ്ക്രിയമായി കാത്തിരിക്കുകയെന്നതാണ് ഒരു മാർഗ്ഗം. വിനാശകരമായ ദുരന്തം മുൻകൂട്ടി കണ്ട് സാംസ്കാരികമായ ഇടപെടലുകളും സാമൂഹികമായ നിയന്ത്രണങ്ങളുമേർപ്പെടുത്തി ദുരന്തത്തെ ഒഴിവാക്കുകയെന്നതാണ് രണ്ടാമത്തെ മാർഗ്ഗമെന്ന് ഗാന്ധിജി പറയുന്നു. രണ്ടാമത്തെ വഴിയിലൂടെ ഇന്ത്യയും ലോകവും സഞ്ചരിക്കണമെന്നതായിരുന്നു ഗാന്ധിജിയുടെ ആഗ്രഹം. മഹാത്മാഗാന്ധിയുടെ പരിസ്ഥിതി ദർശനങ്ങൾക്ക് ദേശ-കാല സീമകൾക്ക് അതീതമായ പ്രാധാന്യമുണ്ട്. മനുഷ്യരാശിയുടെ മനസ്സാക്ഷിയിലെ ഒരു നിമിഷം എന്നാണ് ഗാന്ധിജിയെക്കുറിച്ചുള്ള അനത്തോൾ ഫ്രാൻസിന്റെ പ്രശസ്തമായ വാചകം. ആധുനിക മനുഷ്യന്റെ എല്ലാ പ്രശ്നങ്ങൾക്കുമുള്ള ഉത്തരം ഗാന്ധിജിയിലുണ്ട്. പരിചയപ്പെടുന്തോറും മിഴിവേറി വരുന്ന സിദ്ധാന്തമാണ് ഗാന്ധിജിയുടേത്.

**"എത്ര മിഴികൾ കൊണ്ടു കാൺകിലും കാഴ്ചകൾ-**
**ക്കപ്പുറം നിൽക്കുന്നു ഗാന്ധി**
**എത്രവർണ്ണം മാറിയെഴുതിലുമെഴുത്തുകൾ-**
**ക്കപ്പുറത്തെഴുതുന്നു ഗാന്ധി"**

എന്ന് കവി മധുസൂദനൻനായർ ഗാന്ധിജിയെക്കുറിച്ച് എഴുതിയത് ഗാന്ധിജിയുടെ ദർശനങ്ങളുടെ കാലാതീതമായ പ്രസക്തി തിരിച്ചറിഞ്ഞതുകൊണ്ടാണ്. ആധുനിക പരിസ്ഥിത വിഷമവൃത്തത്തിൽ നിന്നും മനുഷ്യരാശിക്കുള്ള ഏകമോചനം കാലത്തിന്റെ മനോഹരമായ ഒരു നിമിഷത്തിൽനിന്നും ഗാന്ധിജി പ്രസരിപ്പിക്കുന്ന നിതാന്തപ്രകാശം മാത്രമാണ്.

# Trivia time



Demeter, the goddesses of Harvest in Greek mythology has a beautiful daughter named Persephone. Hades, the god of the underworld, desperate for a lover, kidnapped her and made her his bride. As a result, Demeter became depressed and all the crops in earth began to die. Seeing the crisis, God Zues, also the brother of Hades hit a truce. He allowed Demeter to take her daughter half a year, and for the remaining half of the year, she was to be with Hades. The first half of the year, when Demeter reunites with Persephone, we have the summer and spring. In the remaining six months, Persephone stays with Hades in the underworld and Demeter grieves and laments, and then we have autumn and winter. The cycle of seasons is explained as thus in the Greek mythology.

Fidel Castro first introduced this vegetable into Cuba. To bring more land under its cultivation, Castro ordered his officials to collect seeds from Tamil Nadu and Kerala and study its cultivation. Castro once wrote "it is the only plant that has every amino acid. With proper planting and management, its green leaf production can exceed 300 tonnes per hectare in an year." It's called the Miracle tree or the 'Poor man's crop and rich man's food'. The crop that was so dearest to Castro is none other than Muringa.

Lord Krishna in the form of an old sage challenged the king of Ambalapuzha to a chess game. If the sage won, the prize would be one grain of rice on the first square, two on the second square and so on. Unaware of the extremity of geometric progression, the King agreed. Lord Krishna, of course won the game and when King started placing the grains as per their previous agreement, he was astonished to find that all his kingdom's grains won't be enough to satisfy even half of the chess board. Then Krishna revealed his true form and advised the King to serve Payasam to his devotees as a substitute. Thus was born the legendry Ambalapuzha Palpayasam.

Ramadhanya Charita written by the Kannada poet Kanaka Dasa is a poetic expression of conflicts between rich and poor classes where he uses Ramadhanya Ragi (staple food of poor and high in nutrients) and rice(main food of rich but not as rich in nutrients) to synonymously represent rich and the poor. The story goes like this, once ragi and rice had a conflict on their superiority. They both went before Lord Rama to argue their case. Rama ordered both of them to be put in prison for 6 months. After 6 months, when they were both taken out, rice had rotten but the hardy ragi survived. Rama then blessed Ragi and from that day onwards ragi came to be known as Ramadhanya

The national gene bank of our country is NBPGR. Everyone knows it, but how many of you have heard about a global gene bank, the ultimate repository of every crop gene. Well, it's located in a place called Svalbard in Norway. Designed to withstand earthquakes and nuclear bombs, this vault boasts of about 9lakh samples of seeds, all preserved in permafrost conditions. The alternate name of this vault is rightly coined as "The doomsday vault", hinting that if a doomsday in future destroys all but some of the mankind, the remaining can restart agriculture and civilization from here. Interesting..Is it not?

The first Kerala produce to get a GI tag was Pokkali rice. Following which Vazhakulam Pineapple, Wayanadan rice varieties like Gandhakasala and Jeerakashala, Tirur Betel vine, Central Travancore Jaggery and Chengalikodan Nendran also obtained the tag. The latest to join the list is the world renowned Nilambur Teak. It's so famous that the Rolls Royce's Ghost series luxury cars which costs about two to three crores, imports teaks from Nilambur to furnish its interior.

Biocon, India's largest pharma company founded by Kiran Mazumdar Shah in 1978, started out in a rented garage with just two employees with an initial corpus of 10,000 rupees. Although now a pharmaceutical giant, their maiden product was papain which is extracted from the Papaya fruit to prevent beer from turning hazy.



# ഹോർട്ടിക്കെന്താ കൊമ്പുണ്ടോ?

**ഇവന്മാർക്കൊക്കെ ഈ ഹോർട്ടി എന്ന് പറയുമ്പോൾ എന്താണിത്ര ആവേശം? വല്ല ബാധ കയറിയതുപോലാണല്ലോ കാട്ടിക്കൂട്ടുന്നത്. ഒരു ഹോർട്ടി... വേറാരും കോളേജിൽ പഠിക്കാത്തതുപോലെ**

ജീവനില്ലാത്ത ഇഷ്ടികകൾ കൊണ്ട് നിർമ്മിച്ച പ്രൗഢഗംഭീരമല്ലാത്തതും, കണ്ണഞ്ചിപ്പിക്കുന്ന നിറങ്ങളൊന്നുമില്ലാതെ മങ്ങിയ ചുവരുകളുമുള്ള ഒരു കെട്ടിടത്തെ സ്വന്തം ജീവനേക്കാളേറെ സ്നേഹിക്കുവാനും അതിലേറെ ഹൃദയത്തോട് ചേർത്തു നിർത്താനും കഴിയുമോ? തിരക്കുകളില്ലാതെയൊഴിഞ്ഞുനിന്ന വരാന്തയ്ക്ക് ഒരു പുഴയുടെ തീരമെന്ന പോലെ നമ്മിൽ അനിർവചനീയമായ അനുഭൂതി പകരുവാനാകുമോ? തന്റെ ചുവരുകളിൽ പ്രതിധ്വനിച്ച 'ഏട്ടാ'... 'ചേച്ചീ'... എന്നുള്ള വിളികൾക്ക് സ്നേഹത്തിന്റെയും അതിലുപരി പരിരക്ഷയുടേയും ഏറ്റവും നിസ്വാർത്ഥമായ മുഖങ്ങൾ നൽകുവാൻ ഒരു വിദ്യാലയത്തിനാകുമോ? ഒരേ ചില്ലയിൽ ഒന്നിച്ചിരുന്നു പിരിഞ്ഞവർ ലോകത്തിന്റെ ഏതു കോണിൽ ചേക്കേറിയെന്നാലും ഭൂമിയിലെ സ്വർഗമെന്നും ഒരിടമാണെന്ന് പറയാറുണ്ടോ? വികാരത്തിനും വിചാരത്തിനും അപ്പുറം ജീവന്റെ ജീവനായി മാറാൻ കേവലമൊരു സ്ഥാപനത്തിനാകുമോ? ഇതിനെല്ലാം ഉത്തരം ഞങ്ങൾക്കു പറയാനാകും... തുറന്ന ആകാശത്തിന്റെ ഉയരങ്ങൾ തേടാൻ ഞങ്ങൾക്ക് ചിറകുകൾ തന്നത് ഈ പ്രിയ കലാലയമാണ്... കേളേജ് ഓഫ് ഹോർട്ടിക്കൾച്ചർ .... ഞങ്ങളുടെ സ്വന്തം ഹോർട്ടി.

"ഹോർട്ടിക്കെന്താ കൊമ്പുണ്ടോ? ഇവന്മാർക്കൊക്കെ ഈ ഹോർട്ടി എന്ന് പറയുമ്പോൾ എന്താണിത്ര ആവേശം? വല്ല ബാധ കയറിയതുപോലാണല്ലോ കാട്ടിക്കൂട്ടുന്നത്. ഒരു ഹോർട്ടി... വേറാരും കോളേജിൽ പഠിക്കാത്തതുപോലെ." ഹോർട്ടിയിൽ പഠിച്ച ഏതൊരാളും ഒരുപാട് വട്ടം കേട്ട ചോദ്യങ്ങളാവും ഇവ. അതെന്താണിങ്ങനെ? ഈ ചോദ്യങ്ങൾക്കുത്തരം അവർ തന്നെ പറയണം. പ്രതിനിധികൾ, കാലഘട്ടത്തിന്റെ പ്രതിനിധികൾ. ആ പറച്ചിൽ അവരുടെ മാത്രം ശബ്ദമല്ല. ഹോർട്ടിയെ തൊട്ടും തലോടിയും ഓമനിച്ചും പ്രണയിച്ചും കടന്നുപോയ തലമുറകളുടെ ശബ്ദമാണ്. അങ്ങനെ ചിന്തിച്ചപ്പോൾ ഒരാഗ്രഹം. ഇന്നലകളിലെ ഹോർട്ടിയെ അറിയണം. എന്തു ചെയ്യും?

ഇന്നലകളിലിവിടെ ജീവിച്ചിരുന്നവരോട് ചോദിക്കണം, എന്തായിരുന്നു നിങ്ങൾക്ക് ഹോർട്ടി എന്ന്....

ഇനി അവർ എഴുതി തുടങ്ങട്ടെ...

എഴുതി അയച്ചു തരട്ടെ.

അവർക്കുവേണ്ടി സംസാരിക്കുന്ന കത്തുകൾ...

അതിലൂടെ കേൾക്കാനൊരുപാടാഗ്രഹിച്ച ആ കഥയും...



**ഒർമ്മകളിലെ ഹോർട്ടി**

ജീവിതത്തിലെ തിരക്കു പിടിച്ച മറ്റൊരു യാത്രയുടെ ഒരുക്കങ്ങളിലൂടെ മുമ്പോട്ട് പോയിക്കൊണ്ടിരിക്കുമ്പോഴാണ് പ്രിയ സുഹൃത്ത് ജോൺകുട്ടിയുടെ അപ്രതീക്ഷിതമായ ഫോൺ വന്നത്. 20 വർഷങ്ങൾ പിന്നോട്ട് ഓർമ്മകളിലെ ഹോർട്ടി ക്യാംപസിലേക്കുള്ള യാത്ര അങ്ങനെയാണ് ആരംഭിച്ചത്.

1998 സെപ്റ്റംബറിലെ ഒരു പ്രഭാതത്തിൽ മെഡിസിൻ കിട്ടാത്തതിന്റെ നഷ്ടബോധവും പേറി തോട്ടപടിയിൽ നിന്ന് അഗ്രിക്കൾച്ചർ യൂണിവേഴ്സിറ്റിയുടെ മനോഹര കവാടവും കടന്ന് ക്യാംപസിലൂടെ നടന്ന് കയറിയപ്പോൾ ഒരിക്കൽ പോലും ജീവിതത്തെ ഇത്രയധികം സ്വാധീനിച്ച നിമിഷങ്ങൾ ഈ ക്യാംപസ് സമ്മാനിക്കും എന്ന് വിചാരിച്ചിരുന്നില്ല.

വെറ്ററിനറിയും, ഫിഷറീസും, ഫോറസ്ട്രിയും, സി & ബിയും അഗ്രിയുമെല്ലാം ഒന്നിച്ചുണ്ടായിരുന്ന ഒരൊറ്റ യൂണിവേഴ്സിറ്റി. അവിടെ ഹോർട്ടിക്കാരുടെ സ്വന്തമായിരുന്നു സെൻട്രൽ ലൈബ്രറിയും, സെൻട്രൽ ഓഡിറ്റോറിയവും എല്ലാം.

സൽക്കാരയോട് തൊട്ടുരുമ്മി കിടന്ന നീണ്ട ലൈബ്രറിക്കും, സെമിനാർ ഹാളിനും, ക്ലാസ് മുറികൾക്കും, ലാബുകൾക്കും, കപ്പപ്ലോട്ടിനും, വെജിറ്റബിൾ പ്ലോട്ടിനുമെല്ലാം അവരുടേതായ ഒട്ടനവധി കഥകൾ പറയാനുണ്ടാവുമെങ്കിലും എന്റെ താൽപര്യം മറ്റ് അനുബന്ധ മേഖലകളിലായിരുന്നതിനാലും, ഒരു ശരാശരിയിലും താഴ്ന്ന വിദ്യാർത്ഥി ആയിരുന്നതിനാലും എനിക്ക് ഓർമ്മയിൽ തങ്ങി നിൽക്കുന്ന നിമിഷങ്ങൾ സമ്മാനിച്ചത് വിദ്യാഭ്യാസേതര പ്രവർത്തികളും കൂട്ടുകെട്ടുകളുമായിരുന്നു.

സൽക്കാരയില്ലാത്ത ഹോർട്ടി നടുപേജില്ലാത്ത 'നാന' പോലെയാണ് എന്ന് അന്നു പറഞ്ഞുനടന്നിരുന്നു. കുറച്ചുകൂടെ സഭ്യമായ ഭാഷയിൽ പറഞ്ഞാൽ ഹോർട്ടിയിലെ യുവത്വത്തിന്റെ ഹൃദയമായിരുന്നു സൽക്കാര. ഹോർട്ടിക്കൾച്ചർ കോളേജിലെ വിദ്യാർത്ഥി ജീവിതത്തെ മാറ്റിമറിച്ച പല തീരുമാനങ്ങളുടേയും തുടക്കമിട്ടത് ഇരുണ്ട വെളിച്ചത്തിൽ സൽക്കാരയിലെ തുരുമ്പുപിടിച്ച മേശകൾക്കു ചുറ്റും നടന്നിരുന്ന കട്ടൻകാപ്പി ചർച്ചകൾ ആയിരുന്നു.

ഇന്ന് കാണുന്നതിൽ നിന്നും തീർത്തും വ്യത്യസ്തമായ വിജയേട്ടന്റെ സൽക്കാര സുഖമുള്ള ഒരു ഓർമ്മയാണ്. പുട്ടുണ്ട് കടലയില്ല, ചായയുണ്ട് പഞ്ചസാരയില്ല എന്നിവ വിജയേട്ടന്റെ സ്ഥിരം ഡയലോഗുകളായിരുന്നു. ഉറപ്പായും കിട്ടിയിരുന്ന ഐറ്റം പാർലെ-ജി ബിസ്ക്കറ്റ് ആയിരുന്നു! പൊട്ടിപ്പൊളിഞ്ഞ 4-5 മേശകളും, അതിനു ചുറ്റും ഇരുമ്പു കസേരകളും - അതായിരുന്നു ഞങ്ങളുടെ സൽക്കാര.

സൽക്കാര കഴിഞ്ഞാൽ മറക്കാനാവാത്ത മറ്റൊരിടം മറിഞ്ഞു വീഴാറായ കുടക്കീഴായിരുന്നു. മന്ദമാരുതന്റെ തഴുകലേറ്റ് കുടക്കീഴിലിരുന്ന് ഇടനാഴിയിലൂടെ മിന്നിമറയുന്ന വർണ്ണകാഴ്ചകൾ ആസ്വദിക്കുന്നത് മറ്റൊരു ഹരമായിരുന്നു. (കുടക്കീഴിലിരിക്കുന്ന ആൺകുട്ടികളെ വായ്നോക്കാനായി ഒരു കാര്യവുമില്ലെങ്കിലും ഇടനാഴിയിലൂടെ ഉലാത്തുന്നത് പെൺകുട്ടികൾക്കും ഒരു രസമായിരുന്നു എന്നാണ് പറഞ്ഞ് കേട്ടിട്ടുള്ളത്).

വാട്ട്സ് ആപ്പും, ഫേസ്ബുക്കും, ഇൻസ്റ്റാഗ്രാമും ഒന്നും പിറവിയെടുത്തിട്ടില്ലാതിരുന്ന അന്നത്തെ ഏറ്റവും പ്രചാരത്തിലുള്ള നവമാധ്യമങ്ങൾ ഇ-മെയിലും പിന്നീട് വരികയും വന്ന പോലെ പോവുകയും ചെയ്ത ഓർക്കൂട്ടുമായിരുന്നു. ഇതിനെല്ലാം സൗകര്യമൊരുക്കിയതാകട്ടെ കംപ്യൂട്ടർ ക്ലബ്ബും.

1998-99 കളിലാണ് രണ്ട് കമ്പ്യൂട്ടറുകൾ മാത്രം മുതൽക്കൂട്ടാക്കി മെൻസ് ഹോസ്റ്റലിൽ ഒരു കമ്പ്യൂട്ടർ ക്ലബ് തുടങ്ങുന്നത്. കമ്പ്യൂട്ടറുകളെ സിനിമയിൽ മാത്രം കണ്ടിരുന്ന ആ കാലത്ത്, വിദ്യാർത്ഥികളുടെ ഇത്തരമൊരു ആശയത്തിന്റെ പ്രസക്തി ഉൾക്കൊണ്ട് ഇത് നടത്തിയെടുക്കുന്നതിന് അന്നത്തെ അസിസ്റ്റന്റ് വാർഡൻ ഞങ്ങളോടൊപ്പമുണ്ടായിരുന്നു.

കമ്പ്യൂട്ടർ പഠനത്തിന്റെ ഉപകാരങ്ങളും, സാധ്യതകളും എല്ലാവരിലും എത്തിക്കുന്നതിനായി ഹോസ്റ്റലിന്റെ മാതൃകയിൽ വിപുലമായ രീതിയിൽ തന്നെ കോളേജിലും ഒരു കമ്പ്യൂട്ടർ ക്ലബ്ബ് തുടങ്ങി. ഹോർട്ടിക്കൾച്ചർ ഡിപ്പാർട്ട്മെന്റിന്റെ കീഴിലുണ്ടായിരുന്ന ക്ലാസ്മുറിയെ 'സ്റ്റുഡന്റ്സ് കമ്പ്യൂട്ടർ ക്ലബ്ബ് ' എന്ന രീതിയിൽ സജ്ജമാക്കിയതിൽ അന്ന് ഇൻസ്ട്രമെന്റേഷൻ വിഭാഗത്തിലുണ്ടായിരുന്ന മാധവൻ നായർ സാർ വളരെയധികം സഹായിച്ചിരുന്നു. അന്ന് പി. ജി. വിദ്യാർത്ഥിയായിരുന്ന സുബ്നു ചേട്ടന്റെ പ്രയത്നം ഒന്നുകൊണ്ട് മാത്രമാണ് ഇന്നീ കാണുന്ന രീതിയിലുള്ള നൂതന സാങ്കേതിക വിദ്യയോടുകൂടിയ കമ്പ്യൂട്ടർ ക്ലബ്ബ് ഇവിടെ സാധ്യമായത്.

കേവലം പത്ത് കമ്പ്യൂട്ടറുകൾ കൊണ്ട് ഒരു ക്ലാസ് മുറിയിൽ ആരംഭിച്ച ആ ക്ലബ്ബിന്ന് 40 ൽ അധികം ഇന്റർനെറ്റ് സൗകര്യമുള്ള കമ്പ്യൂട്ടറുകളുമായി മുഴുവൻ സമയം ശീതീകരിച്ച. ഏവരും അസൂയയോടെ നോക്കികാണുന്ന ഹോർട്ടിയുടെ സ്വകാര്യ അഹങ്കാരമായി മാറി എന്നറിയുന്നതിൽ അതിയായ സന്തോഷമുണ്ട്.

ഇന്റർനെറ്റിന്റെ മായിക പ്രപഞ്ചത്തിലേക്ക് പിച്ചവെച്ച കാലത്ത് കൂടെ കൂട്ടിയത് യൂഡോറ മെയിലിനെയും റെഡിഫ് മെയിലിനെയും ആയിരുന്നു. ഒരോർമ്മക്കായി ഇന്നും റെഡിഫ് മെയിലിനെ കൂടെക്കൊണ്ടുപോകുന്നു. ഫ്ലിപ്പ്കാർട്ടും, ആമസോണും, കേട്ടുകേൾവി പോലുമില്ലാതിരുന്ന അന്ന് റെഡിഫ് ഷോപ്പിങ്ങിലൂടെ കമ്പ്യൂട്ടർ ക്ലബ്ബിൽ വച്ച് വാങ്ങിയ ഷർട്ട് ഇന്നും സൂക്ഷിച്ചുപോരുന്നു.

അന്നും രാഷ്ട്രീയം അഗ്രികൾച്ചർ യൂണിവേഴ്സിറ്റിയിലെയും, പ്രത്യേകിച്ച് ഹോർട്ടിയിലെയും ഒരു അവിഭാജ്യ

ഘടകമായിരുന്നു. രണ്ടു കെട്ടിടങ്ങളെയും ബന്ധിപ്പിച്ചിരുന്ന ഇടനാഴികളിലൂടെ എട്ടു ദിക്കും പൊട്ടുമാറുച്ചത്തിൽ വിളിച്ച മുദ്രാവാക്യങ്ങളെ കുറിച്ചോർക്കുമ്പോൾ രോമകൂപങ്ങൾ ഇന്നും എഴുന്നേറ്റ് നിൽക്കും.

സെൻട്രൽ ഓഡിറ്റോറിയത്തിൽ നടത്തിയിരുന്ന ഹോസ്റ്റൽ ഡേയും, കോളേജ് ഡേയും, കരോക്കെ ഗാനമേളയും എല്ലാം നൽകിയത് ഒരിക്കലും വിസ്മരിക്കാനാകാത്ത അനുഭൂതികളായിരുന്നു. ചങ്കൂറ്റം കുറച്ച് കുറവായിരുന്നതിനാൽ കരോക്കെക്കൊത്ത് ഒരു പാട്ടു പാടണം എന്ന മോഹം ഇന്നും മോഹമായിതന്നെ അവശേഷിക്കുന്നു.

മന്ദാരപ്പൂക്കൾ കൊലുസണിയിച്ച സുന്ദരിയായ ഹോർട്ടി ക്യാംപസിലെ ഏറ്റവും റൊമാന്റിക്ക് സ്പോട്ടായിരുന്നു ഡിവിഡിവി മരത്തണലുകൾ. ജീവിതത്തിലൊരിക്കൽ പോലും ഇത്രയും പ്രണയാതുരമായ മറ്റൊരു സ്ഥലം കാണാൻ കഴിഞ്ഞിട്ടില്ലെന്നതാണ് സത്യം. പച്ചപരവതാനി വിരിച്ച പുൽത്തകിടികളെ സാക്ഷിയാക്കി എത്രയെത്ര ഹൃദയങ്ങളാണ് ഈ മരച്ചുവടുകളിൽ കൈമാറിയിട്ടുണ്ടാവുക. അതിന്നും അങ്ങനെതന്നെയാവും എന്നു ഞാൻ വിശ്വസിക്കുന്നു.

എല്ലാ ക്യാംപസുകളിലെയും മൂത്ത കോഴികൾ ഒത്തുചേർന്നിരുന്ന ഇടത്താവളമായിരുന്നു കലുങ്ക്. സീനിയോറിറ്റിക്കനുസരിച്ച് കലുങ്കിലെ സ്ഥാനം ഓരോ ബാച്ചുകാരും കൈക്കലാക്കി പോന്നു. സഹോദരിമാരെല്ലാം കൂടണഞ്ഞ ശേഷം മൂസാക്കയുടെ കടയിൽ നിന്ന് ഒരു ചായയും കുടിച്ച് മെൻസ് ഹോസ്റ്റലിലേക്ക് നീട്ടി ഒരു നടത്തം നടക്കുമ്പോൾ ഫസ്റ്റ് ടേബിളും, ഭക്ഷണവും, വിളമ്പിതരാനായി ജോസേട്ടനും ഷാജിയുമെല്ലാം കാത്തിരിക്കുന്നുണ്ടാവും.

നീണ്ട നാലുവർഷത്തിൽ മറക്കാനാവാത്ത ഒട്ടനവധി ഓർമ്മകൾ സമ്മാനിച്ച മറ്റു സഹപാഠികളെയും അധ്യാപകരെയും മറന്നിട്ടല്ല, അവരെക്കുറിച്ചെഴുതാൻ സമയവും, സ്ഥലവും മതിയാവാതെ വരും എന്നതിനാൽ അത് മറ്റൊരു സന്ദർഭത്തിലേക്ക് മാറ്റിവക്കുന്നു. എന്റെ ബാച്ചിൽ ഇന്ന് ഞങ്ങളോടൊപ്പം ഇല്ലാത്ത കവിതയെയും, സന്ദീപിനെയും വേദനയോടെ സ്മരിക്കുന്നു.

B.Sc. അഗ്രികൾച്ചർ എന്ന പ്രോഗ്രാം ഒരുപക്ഷെ ഒരു മാസ്റ്റേർസ് പ്രോഗ്രാമിനേക്കാൾ മികച്ച ഒന്നായി ഞാൻ വിശ്വസിക്കുന്നു. ജീവിതത്തിലെ ആദ്യ മാനേജ്മെന്റ് പാഠങ്ങൾ പഠിച്ചത് മെസ്സ് സെക്രട്ടറിയായിരുന്നപ്പോഴായിരുന്നു. ജീവിതലക്ഷ്യങ്ങൾ എത്തിപ്പിടിക്കാനും, ഒപ്പം ഒരു നല്ല മനുഷ്യനാകാനും നിങ്ങൾക്ക് കഴിയട്ടെ എന്ന് പ്രാർത്ഥിക്കുന്നു. ഒപ്പം ഒരിക്കലും മറക്കാത്ത ഒരുപിടി ഓർമ്മകളും ഈ കലാലയ ജീവിതം നിങ്ങൾക്ക് സമ്മാനിക്കട്ടെ എന്ന് ആശംസിക്കുന്നു.

ഓർമ്മകളുടെ വാതിൽ തുറന്ന് 20 വർഷത്തോളം പിന്നിലേക്ക് സഞ്ചരിക്കാൻ അവസരം നൽകിയതിന് നന്ദി പറയുന്നു. ഒപ്പം ഇതോർത്തെടുക്കാനും, എഴുത്തിലെ തെറ്റുകൾ തിരുത്താനും എന്നെ സഹായിച്ച എന്റെ ജീവിത പങ്കാളിക്കും നന്ദിപറഞ്ഞുകൊണ്ട് നിർത്തട്ടെ.

സ്നേഹപൂർവ്വം....

5-12-2017

**എന്റെ ഹോർട്ടി**

'ഹോർട്ടി' എന്നത് അവിടെ നിന്ന് പഠിച്ചിറങ്ങിയവർക്ക് ഒരു പേരുമാത്രം അല്ല, അത് ഒരു വികാരമാണ്. അത്രമാത്രം ഒരാളുടെ വ്യക്തിത്വവികസനത്തിൽ ഹോർട്ടിയുടെ സ്വാധീനമുണ്ട് എന്ന് വിശ്വസിക്കുന്ന ആളാണ് ഞാൻ. 2004 നവംബർ 16 ന് അവിടെ പ്രവേശിച്ച് 2008 നവംബർ 22 ന് പടിയിറങ്ങുന്നതുവരെ നമ്മുടെ കോളേജ് സമ്മാനിച്ച ചില ഓർമ്മകൾ ഇവിടെ പങ്കുവെക്കട്ടെ.

ഒന്നാം വർഷ ക്ലാസ് തുടങ്ങി ആദ്യ രണ്ടാഴ്ച ടീച്ചേഴ്സിന്റെ അകമ്പടിയോടെ ജീപ്പ് യാത്ര! റാഗിങ്ങിൽ നിന്ന് സംരക്ഷണം കിട്ടാനായിരുന്നത്രേ. അന്ന് ഹോസ്റ്റലിലെ മെസ്സ് ജീവനക്കാർ സമരത്തിൽ ആയിരുന്നു. ഏകദേശം മൂന്ന് മാസത്തോളം ഭക്ഷണം യൂണിവേഴ്സിറ്റി കാന്റീനിൽ നിന്നും, മണ്ണുത്തിയിൽ നിന്നും ആയിരുന്നു. രണ്ടാഴ്ച കഴിഞ്ഞായിരുന്നു "ഫ്രഷേഴ്സ് ഡേ". അത് വളരെ വ്യത്യസ്തമായ ഒരു അനുഭവമായിരുന്നു. ക്ലാസിലെ പെൺകുട്ടികളെ തിരിച്ചറിയാൻ പറ്റാത്തവിധം മെയ്ക്കപ്പ് ചെയ്തിരുന്നു. ഫ്രഷേഴ്സ് ഡേയ്ക്ക് ശേഷമാണ് ഹോസ്റ്റലിൽ സീനിയേഴ്സിന്റെ സ്നേഹം മനസിലായത്. ഏകദേശം രണ്ട് മാസത്തോളം നല്ല രസമായിരുന്നു. ശരിക്കും 'റാഗിങ്' എന്ന പദത്തിനോട് എനിക്ക് യോജിപ്പില്ല. ഹോർട്ടിയിൽ ഒരിക്കലും റാഗിംങ് നടന്നിട്ടില്ല. പ്ലസ് ടുവിന്റെ കുട്ടിത്തവുമായി വന്ന ഞങ്ങളെ സീനിയേഴ്സ് ഒന്നു സ്മാർട്ട് ആക്കിയെടുത്തു എന്നതാണ് സത്യം. സീനിയേഴ്സും ജൂനിയേഴ്സും തമ്മിലുള്ള സുദൃഢമായ സുഹൃത്-ബന്ധത്തിന്റെ പ്രധാന കാരണവും ഇതുതന്നെയാണ്.

വൈകുന്നേരത്തെ ക്രിക്കറ്റ് കളിയാണ് മറ്റൊരു ഓർമ്മ. രാവിലെ ഹോസ്റ്റലിൽനിന്ന് കോളേജിലേക്ക് പോകുന്നതു തന്നെ ബാറ്റ്, ബോൾ, സ്റ്റംപ് എന്നിവ എടുത്താണ്. വൈകുന്നേരം ക്ലാസ് കഴിഞ്ഞയുടൻ ഗ്രൗണ്ടിലേക്ക്. കളി കഴിഞ്ഞ് കോളേജ് ബസ്സിൽ രാത്രിഭക്ഷണത്തിനായി മണ്ണുത്തിയിലേക്ക് - ഇതായിരുന്നു ആദ്യ സെമസ്റ്ററിലെ ദിനചര്യ.

രണ്ടാം സെമസ്റ്റർ മുതലാണ് സ്റ്റുഡന്റ്സ് യൂണിയൻ പരിപാടികളിൽ സീനിയേഴ്സ് ഉത്തരവാദിത്തങ്ങൾ തന്നു

തുടങ്ങിയത്. അക്കാലത്ത് യൂണിയൻ പ്രസിഡന്റും, സെക്രട്ടറിയും ആയിരുന്ന 2001 ബാച്ചിലെ വിനോദേട്ടനും, നീദനോജേട്ടനും പരിപാടികൾ ആസൂത്രണം ചെയ്യുന്നത് ഒരു വല്ലാത്ത കാഴ്ചയായിരുന്നു. പുതുവത്സരാഘോഷം, ഓണം, ക്രിസ്മസ് എല്ലാം ആഘോഷങ്ങൾ തന്നെയായിരുന്നു. കൃത്യമായി പ്ലാനിംഗ്, അത് നടപ്പിലാക്കാൻ ജോലി വിഭജിക്കൽ എന്നിവ അവരുടെ രീതികളായിരുന്നു.

ഇന്റർക്ലാസ്, ഇന്റർ കോളേജ് ആർട്ട്സ് - ഒരിക്കലും മറക്കാൻ പറ്റാത്ത ഓർമ്മകളാണ്. രാപ്പകൽ വിശ്രമമില്ലാത്ത ഓട്ടം, പ്രാക്ടീസ്, ഇതെല്ലാം കഴിഞ്ഞ് ഉറങ്ങാൻ കിട്ടുന്നത് കുറച്ച് സമയം. അക്കാലത്ത് എല്ലാ പരിപാടികളും നടന്നിരുന്നത് സെൻട്രൽ ഓഡിറ്റോറിയത്തിൽ ആയിരുന്നു. അത്രയും വലിയ ഒരു സ്റ്റേജ്, സൗകര്യങ്ങൾ എന്നിവ ഒരു ഭാഗ്യം തന്നെയാണ്. ആർട്ട്സ്, യൂണിയൻ ഉദ്ഘാടനം, ഫിലിം ഫെസ്റ്റിവൽ അങ്ങനെ എത്ര പരിപാടികൾക്ക് ആ വേദി സാക്ഷിയായിട്ടുണ്ട്.

2008 ഓടുകൂടിയാണ് ഇന്ന് കാണുന്ന രീതിയിൽ ഉത്തര ഉടുത്തൊരുങ്ങി സുന്ദരിയായത്. അതുവരെ ചെറിയ പരിപാടികൾക്കുവരെ CA യെ ആശ്രയിക്കേണ്ടിയിരുന്നു. നേരം ഇരുട്ടിയാൽ quadrangle ൽ വെച്ച് പരിപാടികൾ നടത്തുന്നത് പ്രായോഗികമായിരുന്നില്ല. ഉത്തര പൂർണ സജ്ജയായതോടുകൂടി ഈ പ്രശ്നങ്ങൾക്കെല്ലാം ശാശ്വത പരിഹാരമായി. പിന്നീടങ്ങോട്ട് ഹോർട്ടിയുടെ ആഘോഷരാവുകൾക്ക് അവൾ മാത്രമായി സാക്ഷി - ഉത്തര.

ഇതിനേക്കാൾ ബുദ്ധിമുട്ടായിരുന്നു ഇന്റർകോളേജ് ആർട്ട്സ് മത്സരങ്ങൾ. യൂണിവേഴ്സിറ്റി യൂണിയൻ എസ്.എഫ്.ഐ. (വെറ്ററിനറി എന്നും പറയാം) ഭരിക്കുന്ന കാലം. യൂണിവേഴ്സിറ്റിയിലെ 10 ൽ 8 കോളേജിലും ഭരണം അവർക്ക്. നിരവധി പ്രതിസന്ധികളുണ്ടായി. പക്ഷേ അതിനെയെല്ലാം അതിജീവിച്ച് എന്നും ഹോർട്ടി രണ്ടാം സ്ഥാനം കൈക്കലാക്കിയിരുന്നു. ഏകദേശം ഹോളിവുഡ് സിനിമ '300' ലെ അവസ്ഥയായിരുന്നു - നമ്മൾ കുറച്ചുപേരും, അവർ 600-800 പേരും. അവിടെയും യാതൊരു കൂസലുമില്ലാതെ മുദ്രാവാക്യം വിളിച്ചത് ഇന്നും ഓർക്കുന്നു.

സമരങ്ങൾ - ആവശ്യങ്ങൾ നേടിയെടുക്കാൻ എന്നും നമ്മൾ അവലംബിച്ചിരുന്ന മാർഗ്ഗം. തൊണ്ട പൊട്ടുന്ന ഉച്ചത്തിൽ മുദ്രാവാക്യം വിളിക്കുന്ന ചിലർ എല്ലാ ബാച്ചിലും ഉണ്ടായിരുന്നു. ആദ്യം ഓർമ വരുന്നത് ഒരു പഴയ അസോസിയേറ്റ് ഡീനിന് എതിരെ നടത്തിയ സമരമാണ്. അന്ന് ക്ലാസ് മുറികളുടെ അവസ്ഥ ദയനീയമായിരുന്നു. മഴക്കാലത്ത് ചോർച്ച, കേടായ വാട്ടർ കൂളറുകൾ, തുരമ്പിച്ച കസേരകൾ ഇതൊക്കെയായിരുന്നു അവസ്ഥ. അധ്യാപകരുടെയും വിദ്യാർത്ഥികളുടെയും ശക്തമായ എതിർപ്പിനെ തുടർന്ന് അദ്ദേഹത്തിന് രാജിവെക്കേണ്ടി വന്നു. അതിനു ശേഷം അസോസിയേറ്റ് ഡീൻ ആയ രാജീവൻ സാറാണ് കോളേജ് നവീകരണത്തിന് തുടക്കമിട്ടത്. മോഡൽ ക്ലാസ് റൂമുകൾ, ലാൻഡ് സ്കേപ്പിംഗ് ചെയ്ത കാമ്പസ്, ബാങ്കുകളെ വെല്ലുന്ന അഡ്മിനിസ്ട്രേഷൻ ഓഫീസ് എന്നിവ അദ്ദേഹത്തിന്റെ നേതൃത്വത്തിൽ വികസിപ്പിച്ചെടുത്തതാണ്. ഇതുകൂടാതെ, എടുത്തുപറയേണ്ട ഒന്നുണ്ട് - സൽക്കാര. പഴയ സൽക്കാരയുടെ മുഖം മാറി. ഒരുപക്ഷേ തിരിച്ചറിയാനാകാത്തത്രയും. നാലു മേശകൾക്കുചുറ്റും കസേരകളിട്ടിരുന്നിടത്ത് ഇന്നാരെയും അതിശയിപ്പിക്കുന്ന തലത്തിലേക്ക് സൽക്കാര വളർന്നു.

ഞങ്ങളുടെ ഭാഗ്യം അതായിരുന്നു ഹോർട്ടിയുടെ പഴമയും പുതുമയും രണ്ടും ഞങ്ങൾ കണ്ടിട്ടുണ്ട്.

രണ്ട് ജനറൽ കൗൺസിൽ ഇലക്ഷനുകൾ ആ സമയത്ത് ഉണ്ടായിട്ടുണ്ട്. ആദ്യത്തേതിൽ 2002 ബാച്ചിലെ ഗഫൂർക്കായായിരുന്നു നമ്മുടെ സ്ഥാനാർത്ഥി. പ്രചരണവും, രാത്രിയിലെ പോസ്റ്റർ ഒട്ടിക്കലുമൊക്കെ രസമുള്ള ഓർമകളാണ്. ആറടി ഉയരമുള്ള എനിക്കും, സതീശേട്ടനും (2002 ബാച്ച്) ഒരു പ്രത്യേക ചുമതലയുണ്ടായിരുന്നു - ഏറ്റവും ഉയരത്തിൽ പോസ്റ്റർ ഒട്ടിക്കണം (എതിരാളികൾ വലിച്ചുകീറാൻ സാധ്യതയുണ്ടായിരുന്നു). സതീശേട്ടന്റെ പുറത്തുകയറി തോളിൽ ചവിട്ടിയാണ് ഞാൻ പോസ്റ്റർ ഒട്ടിച്ചിരുന്നത് (12 -15 അടി ഉയരം എത്തുമായിരുന്നു). പത്തിൽ രണ്ട് കോളേജിൽ മാത്രം ഭരണമുണ്ടായിട്ടും ഗഫൂർക്ക എങ്ങനെ ജയിച്ചു എന്നത് എതിരാളികൾക്ക് അത്ഭുതമായിരുന്നു. ആ അത്ഭുതത്തിന്റെ തുടർച്ചയായി എല്ലാവരെയും ഞെട്ടിച്ചുകൊണ്ട് ഒരു താരോദയം കൂടി ജി.സി.യിലേക്ക് - അരുൺ എസ്. പിന്നീട് ഒരുപാട് വിപ്ലവാത്മകമായ മാറ്റങ്ങൾക്ക് കാർഷിക സർവ്വകലാശാല സാക്ഷ്യം വഹിച്ചു.

തോട്ടപ്പടിയിലെ അമ്പാടി ഹോട്ടലും, മൂസാക്കാന്റെ ഹോട്ടലും മറക്കാൻ പറ്റാത്ത ഓർമ്മകളാണ്. അമ്പാടിയിലെ ഉച്ചഭക്ഷണത്തിന്റെ രുചി ഇപ്പോഴും നാവിലുണ്ട്. 'ഉസ്താദ് ഹോട്ടൽ' സിനിമയിൽ പറയുന്നതുപോലെ അവർ നമ്മുടെ വയറിനോടൊപ്പം മനസ്സും നിറച്ചിരുന്നു.

ഒരിക്കലും തിരിച്ചുകിട്ടാത്ത, മനോഹരമായ ജീവിതമാണ് ഹോർട്ടി ഞങ്ങൾക്ക് വെച്ചുനീട്ടിയത്. കോളേജ് പഠിപ്പിച്ച പാഠങ്ങൾ (കാർഷിക മേഖലയിലേയും വ്യക്തിജീവിതത്തിലേയും) എന്നും ജീവിതത്തിൽ വഴികാട്ടിയായി ഉണ്ടാകും. എല്ലാത്തിനുമുപരിയായി ജീവിതകാലം മുഴുവനുമുള്ള ഒരു പിടി സുഹൃത്-ബന്ധങ്ങൾ സമ്മാനിച്ചാണ് ആ കലാലയ ജീവിതം അവസാനിച്ചത്.

സ്നേഹപൂർവ്വം....

2008

കേരള കാർഷിക സർവ്വകലാശാലയുൾപ്പെടെയുള്ള സർവ്വകലാശാലകളിലെ വിദ്യാർത്ഥി യൂണിയനുകളിൽ നിന്നും ഹോർട്ടികോസിനെ വ്യത്യസ്തമാക്കുന്നത് KSU ൽ ഒന്നായിരിക്കുന്ന കർമ്മനിരതരായ വിദ്യാർത്ഥികളും, പ്രതിജ്ഞാബദ്ധരായി സ്വന്തം കടമകൾ നിറവേറ്റുകയും അവകാശങ്ങൾ നേടിയെടുക്കുകയും ചെയ്യുന്ന ശക്തവും ആർജ്ജവമുള്ളതുമായ വിദ്യാർത്ഥി യൂണിയനുമാണ്.

ഹോർട്ടികോസിൽ ഞാനേറെ ഇഷ്ടപ്പെടുന്നത് അഭിപ്രായ സ്വാതന്ത്ര്യവും വിദ്യാർത്ഥി ഐക്യവുമാണ്. മറ്റ് കോളേജിലെ വിദ്യാർത്ഥികൾ ഭയത്തിനും ഭീഷണിക്കും വിധേയമായി പാർട്ടി ക്ലാസ്സിനും ജാഥകൾക്കും പോകാൻ നിർബന്ധിതരാകുമ്പോൾ, ആരെയും ഭയക്കാതെ വ്യക്തിസ്വാതന്ത്ര്യത്തിനു വിലനൽകുന്നതായിരുന്നു ഹോർട്ടിയുടെ വിദ്യാർത്ഥി യൂണിയൻ പ്രവർത്തനങ്ങൾ.

ജാതി-ലിംഗ-രാഷ്ട്രീയ നിലപാടുകൾക്കതീതമായി ഹോർട്ടികോസിൽ എല്ലാ വിദ്യാർത്ഥികൾക്കും ഒരേ മനസ്സും ഒരേ വികാരവുമാണ്. അതിനാൽ സംഘർഷങ്ങളില്ലാത്ത പഠനാന്തരീക്ഷവും, മാതൃകാപരമായ സീനിയർ-ജൂനിയർ ബന്ധവും ഹോർട്ടികോസിന്റെ മുഖമുദ്രയായി നിലനിൽക്കുന്നു.

ഹോർട്ടികോസിന്റെ മറ്റൊരു അദ്വതീയമായ മൂല്യം അവകാശങ്ങൾ നേടിയെടുക്കുന്നതിലെ ഊർജ്ജസ്വലതയും മികവുമാണ്. KAU ൽ വന്നതിനുശേഷം ഞാൻ പങ്കെടുത്ത ആദ്യ വിദ്യാർത്ഥി സമരം സീറ്റ് വർദ്ധനയ്ക്ക് എതിരെയുള്ള സമരമായിരുന്നു. അധ്യാപക തസ്തികകൾ നഷ്ടപ്പെടാതിരിക്കാനും വോട്ടുബാങ്ക് പടുത്തുയർത്താനും വേണ്ടി മറ്റ് കോളേജിലെ വിദ്യാർത്ഥികൾ സീറ്റ് വർദ്ധനയെ പിന്തുണച്ചപ്പോൾ രാഷ്ട്രീയ മുതലെടുപ്പിന് വശപ്പെടാതെ, തൊഴിലില്ലായ്മയെ വിളിച്ചുവരുത്തുന്നതിനെ എതിർത്തുകൊണ്ട് ഒരു സീറ്റു പോലും ഹോർട്ടികൾച്ചർ കോളേജിൽ വർദ്ധിപ്പിക്കാൻ അനുവദിച്ചില്ല. ഈ സമരതീക്ഷ്ണതയാൽ പല നേട്ടങ്ങളും ഹോർട്ടികോസിന് ലഭിച്ചു. വാസയോഗ്യമല്ലാതിരുന്ന ഹോസ്റ്റലുകളുടെ സ്ഥാനത്ത് അസൂയാവഹമായ സൗകര്യങ്ങളോടുകൂടി മെൻസ് ഹോസ്റ്റലും ലേഡീസ് ഹോസ്റ്റലും പുനർനിർമ്മിച്ചത് UDF ഭരണകാലത്തെ കൃഷിമന്ത്രിയെ തന്നെ സമരമുഖത്തേക്ക് നമ്മൾ കൂട്ടിക്കൊണ്ടുവന്നതുകൊണ്ടാണ്.

RAWE ഫണ്ട് 50 ൽ നിന്ന് 250 രൂപയാക്കി ഉയർത്തുകയെന്ന ആവശ്യം പരിഗണിക്കപ്പെട്ടുവെങ്കിലും അത് വിവിധ സർക്കാരുകളുടെ മേശപ്പുറത്ത് ചുവപ്പുനാടയിൽ കുരുങ്ങിക്കിടന്നപ്പോൾ ഹോർട്ടി നയിച്ച സമരങ്ങളുടെ ഫലമായി അന്നത്തെ മുഖ്യമന്ത്രി ശ്രീ. ഉമ്മൻചാണ്ടിയുടെ ഓഫീസ് ഇടപെട്ടാണ് അത് ലഭ്യമാക്കിയത്. Soil analyst / Chemist, Soil Conservation Officer തുടങ്ങി വിവിധ തസ്തികകളിൽ മറ്റ് ബിരുദക്കാരെ പരിഗണിക്കുന്നതിന് സർവ്വകലാശാല മൂകസാക്ഷിയായപ്പോൾ അത്തരം പ്രവണതകളെ മറ്റ് കോളേജിലെ അഗ്രി വിദ്യാർത്ഥികളുടെ സഹകരണമില്ലാതിരുന്നിട്ടും നഖശിഖാന്തം എതിർത്തതും, അതിൽ വിജയിച്ചതും ഹോർട്ടിയുടെ ഒറ്റയാൻ പോരാട്ടത്തിലൂടെയാണ്.

PG സ്റ്റൈപ്പന്റ് സമയബന്ധിതമായി വിദ്യാർത്ഥികൾക്ക് ലഭിക്കുന്നതിന് മുൻകൈ എടുത്തതും, എന്തിനേറെ മുൻവർഷങ്ങളിലെപോലെ വിലപ്പെട്ട ഒരു വർഷം നഷ്ടപ്പെടാതെ നാലു വർഷത്തിനുള്ളിൽ തന്നെ ഡിഗ്രി കോഴ്സ് പൂർത്തിയാക്കുന്നതിന് Academic Calender Synchronisation നു നിർദ്ദേശം വച്ചതും, അതിന് ചുക്കാൻ പിടിച്ചതും നമ്മുടെ ജനറൽ കൗൺസിൽ, അക്കാദമിക് കൗൺസിൽ അംഗങ്ങളുമാണ്.

ഇത്തരം സമരങ്ങളിലൂടെ സ്പഷ്ടമായ ഒരു സത്യം കൂടിയുണ്ട്. കാർഷിക ബിരുദധാരികളുടെ ആവശ്യങ്ങൾ നേടിയെടുക്കുന്നതിലും, അവർക്ക് നേരെയുള്ള തൊഴിൽ നിഷേധങ്ങൾക്കും, സർവ്വകലാശാലയുടെ വിദ്യാർത്ഥി വിരുദ്ധ നിലപാടുകൾക്കുമെതിരെ സ്വന്തം പഠനവും, പരീക്ഷകളും പോലും മറന്ന് പ്രതികരിക്കുന്നതിലും ഹോർട്ടികോസ് തനിച്ചാണ്. ഹോർട്ടികോസ് മാത്രമേ ഉണ്ടാവുകയുമുള്ളൂ. ഒന്നോർക്കുക, ഈ നാലു വർഷങ്ങളിൽ അവകാശങ്ങൾ നേടിയെടുക്കുന്നതിന് നിങ്ങൾക്ക് കൈവരുന്ന ശക്തി പിന്നീടൊരിക്കലും ലഭിക്കില്ല. ഈ നാലു വർഷങ്ങളിൽ നിങ്ങളെടുക്കുന്ന തെറ്റായ നിലപാടുകളും, വിട്ടുവീഴ്ചകളും നാളെ നിങ്ങളുടെ തന്നെ തൊഴിലില്ലായ്മയ്ക്ക് കാരണമായേക്കാം. അതിനാൽ, സാമൂഹ്യബോധമുള്ള പ്രതിഭാധനരായ ഉത്തമ വിദ്യാർത്ഥികളെ വാർത്തെടുക്കുന്നതിന് ഒരു മനസ്സായി നമുക്ക് അണിചേരാം.

സ്നേഹപൂർവ്വം....

3-12-2017

---

2013

നാം അനുഭവിക്കാത്ത ജീവിതങ്ങളെല്ലാം നമുക്ക് വെറും കെട്ടുകഥകൾ മാത്രമാണെന്ന് പറയുന്നതുപോലെ ഹോർട്ടിയെന്നത് ഇവിടെ ജീവിച്ചവർക്കും അവൾക്ക് ജീവൻ കൊടുത്തവർക്കും മാത്രമറിയുന്ന കഥയാണ്. ലഹരിയായി സിരകളിലേക്ക് പടർന്നു കയറിയപ്പോൾ ഹോർട്ടിയെന്ന വാക്കിന് ആയിരം മുഖങ്ങളായിരുന്നു. സ്നേഹം സമ്മാനിച്ച അമ്മയുടെ, ഒരു കരുതലായി കാവൽ നിന്ന അച്ഛന്റെ, കുന്നോളം കുസൃതിത്തരത്തിന് കൂട്ടുനിന്ന സഹോദരിയുടെ, കൈപിടിച്ചു മുന്നിൽ നടന്ന ജ്യേഷ്ഠന്റെ, സൊറ പറഞ്ഞ് ഒപ്പം നടന്ന കൂട്ടുകാരന്റെ, പിണക്കങ്ങളിലും ഇണക്കങ്ങളുടെ മധുരം പകർന്ന കൂട്ടുകാരിയുടെ, ഹൃദയത്തെ തൊട്ടുണർത്തിയ പ്രണയത്തിന്റെ ... അങ്ങനെയങ്ങനെ ...

വന്നുകയറി ഏതാനും ദിവസങ്ങളുടെ പരിചയക്കുറവും ചെറിയ പിണക്കങ്ങളും മാറുന്നതോടെ, നമ്മൾ അറിയാതെ

1-12-2017

ഹോർട്ടികോസ് എന്ന വികാരത്തിന് കീഴ്പ്പെട്ട് പോവുകയാണ്. ഇവിടെയുള്ള system മാറണം എന്നാഗ്രഹിക്കുന്ന ആളുകൾ വരെ യഥാർത്ഥ ഹോർട്ടിയെ അറിയുമ്പോൾ അത് തന്നെയാണ് ശരി എന്ന സത്യം മനസ്സിലാക്കുന്നു. ഇനി മനസിലാക്കാത്തവരുണ്ടെങ്കിൽ , ഒന്നുകിൽ അവർ അഭിനയിക്കുകയാണ്, അല്ലെങ്കിൽ അവർ ഹോർട്ടിയെക്കുറിച്ച് ഒന്നുമറിയാത്തവരാണ്. എതിരഭിപ്രായമുള്ളവർക്ക് എന്തുവേണമെങ്കിലും പറയാം, ചിന്തിക്കാം. പക്ഷെ, ഞാൻ എഴുതുന്നത് എന്റെ ഹോർട്ടിയെക്കുറിച്ചാണ്. ഇത് എന്റെ എഴുത്താണ്. എന്റെ കണ്ണിലൂടെ ഞാൻ കണ്ടത് എന്റെ പേനതുമ്പിലൂടെ നിങ്ങൾ കാണുമ്പോൾ നിങ്ങൾക്കെന്തുതന്നെ തോന്നിയാലും അതെന്റെ വിഷയമല്ല.

